
പരിഭവങ്ങളില്ലാത്ത പകയില്ലാത്ത



# എന്റെ ജീവിതാനുഭവങ്ങൾ

ഡോ. എൻ. ഗോപാലകൃഷ്ണൻ

INDIAN INSTITUTE OF SCIENTIFIC HERITAGE
Thiruvananthapuram - 695 018

Heritage Publication Series - 100

Scanned with CamScanner

പരിഭവമില്ലാത്ത പകയില്ലാത്ത

# എന്റെ ജീവിതാനുഭവങ്ങൾ

**ഡോ. എൻ. ഗോപാലകൃഷ്ണൻ**
M.A., M.Sc., Ph.D., D.Litt.

**INDIAN INSTITUTE OF SCIENTIFIC HERITAGE**
**Thiruvananthapuram - 695 018**

**Heritage Publication Series - 100**

Scanned with CamScanner

## എന്റെ പ്രിയ അദ്ധ്യാപകന്റെ കത്ത്

തിരുവനന്തപുരം
26-8-09

പ്രിയപ്പെട്ട ഡോക്ടർ എൻ. ഗോപാലകൃഷ്ണൻ,

അങ്ങയുടെ ജീവചരിത്രത്തിന് കൊടുത്തിരിക്കുന്ന പേര് എന്റെ ജീവിതാനുഭവങ്ങൾ പുസ്തകത്തിന്റെ ഓരോ വരിയിലൂടെയും താങ്കൾ തികച്ചും അന്വർത്ഥമാക്കിയിരിക്കുന്നു. മുഴുവനുമായി വായിച്ചു. പല ഭാഗങ്ങളും പലതവണ വായിച്ചു. കണ്ണീരും സന്തോഷവുമായി മണിക്കൂറുകൾ ചിലവഴിച്ചു. 25 +25 വർഷത്തെ കാര്യങ്ങളെ ആയിട്ടുള്ളു. ചൈതന്യസമ്പൂർണ്ണമായ അനേകമനേകം സംവത്സരങ്ങളും അവസരങ്ങളും ഇനി വരുവാൻ പോകുന്നതേയുള്ളു. ആയസ്സും ആരോഗ്യവും ജഗദീശ്വരൻ നൽകട്ടെ. നന്മകൾക്കായി പ്രാർത്ഥിച്ചുകൊണ്ട്

സി.പി. അരവിന്ദാക്ഷൻ.

# എന്റെ ജീവിതാനുഭവങ്ങൾ


**Dr. N. Gopalakrishnan**
M.Sc (Pharm), M.Sc (Chem), M.A. (Soc), Ph.D. (Chem); D.Litt
Scientist & Director, Indian Institute of Scientific Heritage



Published by

**Indian Institute of Scientific Heritage**
Ushus Estate Road, Pappanamcode
Trivandrum-695018
0471-2490149, www.iish.org

15th August - 2009 - 1st Edition
01st January - 2010 - 2nd Edition
26th January - 2010 - 3rd Edition

**Rs. 150/-**

*Printed at:*

Sree Printers (DTP, Offset & Screenprinting)
Ind. Estate, Pappanamcode, TVM - 19
Ph. 0471-2490135



Scanned with CamScanner

# സമർപ്പണം

ജന്മം നൽകി വളർത്തി വലുതാക്കിയ മാതാപിതാക്കൾക്കും
അറിവും അനുഭവങ്ങളും നൽകി ഉയർത്തിയ അദ്ധ്യാപകർക്കും
അഭിമാനിക്കാനുള്ള ജ്ഞാനവിജ്ഞാനം നൽകിയ ഋഷീശ്വരന്മാർക്കും
ആഹ്ളാദിക്കാനുള്ള പൈതൃകം നൽകിയ പവിത്ര ഭാരതമാതാവിനും
ജ്ഞാനസാഗരത്തിന്റെ ദർശനസൗഭാഗ്യം നൽകിയ ഗുരുക്കന്മാർക്കും
പ്രവർത്തിക്കാൻ ആവേശം നൽകി അനുഗ്രഹിച്ച സഹപ്രവർത്തകർക്കും
വിമർശിച്ചും മാർഗനിർദ്ദേശം നൽകിയും സഹായിച്ച ബന്ധുക്കൾക്കും
അനുമോദിച്ചും അനുഗ്രഹിച്ചും ആവേശം നൽകിയ കർമ്മയോഗികൾക്കും
മുമ്പോട്ടുള്ള ജീവിതയാത്രയിൽ കൂടെയുണ്ടായിരുന്ന കുടുംബാംഗങ്ങൾക്കും
ചിന്താധാരകൾ കാതോർത്ത് സ്വീകരിച്ച് ആശീർവദിച്ച നാട്ടുകാർക്കും
നൽകിയ സന്ദേശങ്ങൾ ജനങ്ങളിലെത്തിച്ച പത്രമാധ്യമ പ്രവർത്തകർക്കും
കർമ്മനിരതനാകാൻ ജന്മവും അവസരവും നൽകിയ ജഗദീശ്വരനും

ഇനിയുമൊരു നൂറുജന്മമുണ്ടെങ്കിൽ അതെല്ലാം പരമപവിത്രമായ
ഭാരതത്തിൽ തന്നെ നൽകേണമേ എന്നു പ്രാർത്ഥിച്ചുകൊണ്ട്
നിറഞ്ഞ ഹൃദയത്തോടെ ഗോപാലകൃഷ്ണന്റെ

പ്രണാമം പ്രണാമം പ്രണാമം

15 ആഗസ്റ്റ് 2009 — ഡോ. എൻ. ഗോപാലകൃഷ്ണൻ

Scanned with CamScanner

# ഒന്നാം ഭാഗം

## എന്റെ ജനനം

1955 ജൂൺ മാസം 10-ാം തീയതി വെള്ളിയാഴ്ച, ഇടവമാസം കൃഷ്ണപക്ഷത്തിലെ തിരുവോണം നക്ഷത്രം, രാവിലെ 7 മണി 2 മിനിറ്റ്. തൃപ്പൂണിത്തുറ ലായം റോഡിലുള്ള ശ്രീനിവാസിലെ ചെറിയ മുറിയിൽ ജനിച്ചുവീണപ്പോൾ ഞാൻ കരഞ്ഞില്ലായിരുന്നു എന്ന് അമ്മ പറയുന്നതു കേട്ടിട്ടുണ്ട്.

ജ്യോതിഷന്മാരുടെ കണക്കുപ്രകാരം ലഗ്നാധിപനായ ബുധൻ ലഗ്നത്തിൽ (മിഥുനം രാശിയിൽ) നിൽക്കുന്നു. ലഗ്നാധിപന് നാലാം ഭാവാധിപത്യമുണ്ട്. 6, 11 ഭാവാധിപതിയായ ചൊവ്വ ലഗ്നാധിപനോട് ചേർന്ന് ലഗ്നത്തിൽ മിഥുനം രാശിയിൽ സ്ഥിതി ചെയ്യുന്നു. രണ്ടാം ഭാവത്തിൽ 7,10 ഭാവാധിപനായ ഗുരു കർക്കിടകം രാശിയിൽ ഉച്ച നായി സ്ഥിതിയുണ്ട്. മൂന്നാം ഭാവാധിപനായ സൂര്യൻ 12 ൽ ഇടവം രാശിയിലും, 5,12 ഭാവാധിപനായ ശുക്രൻ 12 ൽ സ്വക്ഷേത്രമായ ഇട വത്തിൽ സൂര്യനോടൊപ്പവും നിൽക്കുമ്പോൾ 2-ാം ഭാവാധിപനായ ചന്ദ്രൻ മൃത്യുഭാവത്തിൽ (8-ാം ഭാവത്തിൽ) മകരം രാശിയിലും വസി ക്കുന്നു എന്നു കാണുന്നു.

ലഗ്നം മിഥുനത്തിലായതുകൊണ്ടോ എന്തോ അറിഞ്ഞുകൂടാ, എന്റെ ഔദ്യോഗിക ജന്മദിനമാകട്ടെ മറ്റൊന്നാണ് 1955 നവംബർ 20 ന് (മിഥുനക്കാർക്ക് എല്ലാം രണ്ടുണ്ടാകാം) അനുഭവിച്ച സുഖദുഃഖങ്ങ ളും, ആസ്വദിച്ചതും ഇനി അനുഭവിക്കാനിരിക്കുന്നതുമെല്ലാം ഇതിന്റെ യൊക്കെ അടിസ്ഥാനത്തിലാണോ എന്നുമറിഞ്ഞുകൂടാ.

അച്ഛന്റെയച്ഛൻ, മുത്തച്ഛൻ വൈപ്പിൻ മുനമ്പം ദ്വീപിൽ കുഴുപ്പി ള്ളിയെന്ന ഗ്രാമത്തിൽ, മംഗലാപുരത്തു നിന്നു വന്ന് കുടിയേറിപ്പാർത്തു. കുഴുപ്പിള്ളി ശിവക്ഷേത്രത്തിലെ പൂജാരിയായിരുന്നു. അദ്ദേഹത്തിന്റെ പ്രധാന ഹോബി പാവപ്പെട്ടവർക്ക് ഭക്ഷണം കൊടുക്കുകയാണ് എന്ന് കേട്ടിട്ടുണ്ട്. അച്ഛന്റെയമ്മ എറണാകുളം കുമ്പളം ഗ്രാമവാസിയുമാ യിരുന്നു. എന്റെ അച്ഛൻ ശ്രീ നാരായണൻ എമ്പ്രാന്തിരി രണ്ടാം ക്ലാസു വരെ കുഴുപ്പിള്ളി മിഷൻ സ്കൂളിൽ പഠിച്ചുവത്രെ. അദ്ദേഹം ജീവിത ത്തിൽ ദുഃഖം മാത്രം അനുഭവിച്ച ഒരു പൂജാരിയും, ശാന്തിക്കാരനും, പാചകക്കാരനുമെല്ലാമായിരുന്നു.

എന്റെ അമ്മ, കൊച്ചിരാജവംശത്തിന്റെ വിഷവൈദ്യനായിരുന്ന ശ്രീ കേശവൻ എമ്പ്രാന്തിരിയുടെ മകൾ സത്യഭാമ. ചികിത്സക്ക് ആചാ രപ്രകാരം ഒരൊറ്റ പൈസ വാങ്ങിക്കാത്തതിനാൽ ദാരിദ്ര്യം അനുഭ വിക്കാനുള്ള ഇത്രയും യോഗം. വിരളമായി ചിലർക്കേ ഉണ്ടാകാൻ



Scanned with CamScanner

സാധ്യതയുള്ളൂ. അമ്മയുടെ കുടുംബത്തിലെ ആർക്കും പ്രൈമറി ക്ലാസിനപ്പുറം വിദ്യാഭ്യാസമുണ്ടായിട്ടില്ല. പെൺമക്കൾ സ്കൂളിലെ പടിയും ചവിട്ടിയിട്ടില്ല.

അച്ഛന് ഒരു ജ്യേഷ്ഠസഹോദരനും എനിക്കു കാണുവാൻ യോഗമുണ്ടായിരുന്ന കാലത്തു ജീവിച്ചിരുന്ന മൂന്നു സഹോദരിമാരുമുണ്ടായിരുന്നു. ക്ഷേത്രപ്രവേശന വിളംബരത്തോടെ അച്ഛനും അച്ഛന്റെ ജ്യേഷ്ഠൻ (വലിയച്ഛനും) അമ്പലത്തിലെ ശാന്തിപ്പണി അവസാനിപ്പിച്ചു. വലിയച്ഛനും അച്ഛന്റെ സഹോദരിമാർക്കും എന്നെ വളരെ ഇഷ്ടമായിരുന്നു. അതിനു കാരണമാകട്ടെ മരണശയ്യവരെയെത്തിയ എന്റെ മുത്തശ്ശിയുടെ രോഗം മാറിയത് ഞാൻ ജനിച്ചതു മുതൽക്കാണത്രെ.

അമ്മയുടെ കുടുംബത്തിൽ 9 മക്കളാണുണ്ടായിരുന്നത്. ഒരു മകൻ കവിയായിരുന്നു. വലിയ വിദ്യാഭ്യാസമൊന്നുമില്ലെങ്കിലും സ്വന്തം മാതാപിതാക്കളെക്കുറിച്ചും മറ്റു പല വിഷയങ്ങളിലും ധാരാളം കവിതകളെഴുതുമായിരുന്നുവത്രെ. എന്റെ അമ്മയുടെ സഹോദരന്മാരിൽ കവിയായ അമ്മാവൻ എഴുതിയ കവിത അമ്മ ചൊല്ലുന്നത് കേട്ടിട്ടുണ്ട്.

പ്രഭാത സൂര്യനും പ്രഭായില്ലാതപ്പോൾ
നവ ശിശുക്കളെ ജനനിയിങ്കലും
തവ ഭാരമെല്ലാം ജഗൽ പിതാവിലും
കനിഞ്ഞു ഹാ താതൻ ദിവംഗതനായി.

ദാരിദ്ര്യത്തിൽ ജീവിച്ച കുടുംബമായിരുന്നു അമ്മയുടേത്. അമ്മയുടെ സഹോദരീ സഹോദരന്മാർ ജീവിതത്തിലും മരണത്തിനു മുമ്പും മരിക്കുന്ന വേളയിലും അനുഭവിച്ച ദുഃഖത്തിന്റെ അളവ് ഓർമ്മയിൽ നിന്നെടുത്തു പറഞ്ഞാൽ പോലും എനിക്ക് താങ്ങാൻ സാധ്യമല്ല. എന്റെ അമ്മയും വേദന മാത്രം അനുഭവിച്ചും കണ്ണുനീരോടെയുമാണ് ജീവിച്ചതും മരിച്ചതും. വിശ്വാസമോ അന്ധവിശ്വാസമോ നിലനിൽക്കുന്നുവത്രെ വിഷവൈദ്യന്റെ കുടുംബം അന്യം നിന്നു പോകുമെന്ന്. അതു ശരിയോ തെറ്റോ എന്നൊന്നും അറിഞ്ഞുകൂടാ. എന്റെ അമ്മയുടെ മാതാപിതാക്കൾ അനുഭവിച്ച ദുഃഖവും വേദനകളും അനന്തമായിരുന്നുവത്രെ. എന്റെ അമ്മയുടെ സഹോദരിമാരുടെയെല്ലാം വിവാഹവും വിവാഹജീവിതവും അതിദാരുണമായിട്ടുള്ളതായിരുന്നു എന്നു ഞാൻ കണ്ടിട്ടുണ്ട്. കാൻസർ വന്നും, അനാഥരെ പോലെയും, കുടുംബപ്രശ്നങ്ങളനുഭവിച്ചും, അവരുടെ മക്കളുടെ പ്രശ്നങ്ങൾകൊണ്ടുമൊക്കെ അനുഭവിച്ചതെല്ലാം വിവരണാതീതമായിരുന്നുവെങ്കിലും എന്റെ അമ്മ മക്കൾക്കുവേണ്ടി മാത്രം ജീവിച്ചു. എല്ലാം മക്കൾക്കായി സമർപ്പിച്ച



Scanned with CamScanner

ജീവിതത്തിന്റെ ചരിത്രമായിരുന്നു എന്റെ മാതാപിതാക്കളുടേതെന്ന് എത്ര പ്രാവശ്യമെഴുതിയാലും ആ കടപ്പാട് തീരില്ല.

എന്റെ അമ്മയ്ക്ക് ജീവിച്ചിരുപ്പുള്ള ആറ് മക്കളുണ്ട്. ആദ്യത്തെ മൂന്നുപേർ ജനിച്ച ഉടനെ ഇഹലോകവാസം വെടിഞ്ഞു. അമ്മയുടെ മാതാപിതാക്കളുടെ വേദനകൾ അടുത്ത തലമുറയ്ക്ക് പകർന്നതു പോലെയനുഭവിക്കേണ്ടി വന്നു എന്റെയമ്മയ്ക്ക്, ഞങ്ങൾക്ക് ജന്മം നൽകാൻ സാധിച്ചത് അനവധി പൂജാകർമ്മങ്ങളും മന്ത്രജപവും നടത്തിയിട്ടാണെന്നും പറയുന്നതു കേട്ടിട്ടുണ്ട്.

എന്റെ ജനനം തൃപ്പൂണിത്തുറയിലെ വീട്ടിലായിരുന്നു. ഇന്നു ജീവിച്ചിരിപ്പുള്ളതിൽ ഞാൻ മധ്യമനായി വരുന്നു. എനിക്ക് രണ്ട് ജ്യേഷ്ഠന്മാർ ശ്രീനിവാസനും ശ്രീ വാസുദേവനും, സഹോദരി ശ്രീമതി വനജയും രണ്ടനുജന്മാർ ശ്രീ ബാലചന്ദ്രനും ശ്രീ രാജഗോപാലനും ഉണ്ട്. എല്ലാവരും ഭാരതീയ പൈതൃക പ്രചരണവുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധമുള്ള സംഘടനകളിലും കർമ്മങ്ങളിലും വ്യാപൃതരാണ്. അവരവരുടെ ഉപജീവനമാർഗ്ഗാന്വേഷണത്തിനുള്ള തൊഴിലിനു ശേഷമുള്ള സമയം രാഷ്ട്രത്തിനായി എന്റെ സഹോദരന്മാരും സമർപ്പിക്കുന്നു, എന്നതിൽ വളരെ സന്തോഷവും ചാരിതാർത്ഥ്യവും എനിക്ക് തോന്നാറുണ്ട്.

എന്റെ ജനനത്തോടെ, വീട്ടിൽ കുറെ കൃഷിയുള്ള വയൽ വാങ്ങിക്കുകയും ഐശ്വര്യമുണ്ടാകുകയും ചെയ്തു എന്നു പറഞ്ഞു കേട്ടിട്ടുണ്ട്. ഈ ഐശ്വര്യത്തിനു കാരണം ഞാനാകാനിടയില്ല എങ്കിലും കാര്യമായ സാമ്പത്തിക പ്രശ്നങ്ങളിൽ ജീവിതത്തിന്റെ ഏറിയ പങ്കും ചിലവഴിച്ച എന്റെ മാതാപിതാക്കൾക്ക് ഒരു പക്ഷേ കിട്ടിയ ചെറിയ ആശ്വാസം ഐശ്വര്യമായി തോന്നിയതാകാനേ സാദ്ധ്യതയുള്ളൂ എന്നു ഞാൻ വിശ്വസിക്കുന്നു. വളരെക്കുറച്ചു മാത്രം കളിച്ചും, ചിരിച്ചും, തമാശകൾ കാണിച്ചും ഞാൻ വളർന്നുവെങ്കിലും പലരും വെറുക്കുന്ന ഒരു സ്വഭാവം എനിക്കുണ്ടായിരുന്നു. പെട്ടെന്നു കരയുക. ചെറിയ ദുഃഖം പോലും എനിക്ക് സഹിക്കാനാകില്ലായിരുന്നു. കരച്ചിൽ വന്നാൽ പിന്നെ കുറേ നേരത്തേക്ക് അടക്കാൻ പറ്റാത്ത കണ്ണുനീരായിരിക്കും. ഉച്ചയുറക്കം കഴിഞ്ഞ് ഉണർന്നാൽ കുറേ സമയത്തേയ്ക്കുള്ള കരച്ചിൽ എന്നെ കളിയാക്കുകയും വെറുക്കുകയും ചെയ്യാൻ കാരണമായിരുന്നിരിക്കാം. മുത്തശ്ശിയുടെ കൂടെ റിക്ഷാവണ്ടിയിൽ പോകാറുള്ളപ്പോൾ വണ്ടിയിൽ താഴെയിരുന്നായിരുന്നു എന്റെ യാത്ര. അത് ഏറ്റവും സന്തോഷമുള്ളതായിരുന്നു എനിക്ക്. 4-ാം വയസ്സിൽ എഴുത്തിനിരുത്തിയപ്പോൾ ആചാര്യൻ പറഞ്ഞുവത്രെ "നല്ലവണ്ണം പഠിക്കും



Scanned with CamScanner

മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യു"മെന്ന്. ഇത് എന്റെ അച്ഛൻ പറഞ്ഞു കേട്ടിട്ടുള്ളതാണ്.

## എന്റെ പ്രൈമറി സ്കൂൾ ജീവിതഘട്ടം

എന്റെ വീടിന്റെ കിഴക്ക് പകുതി ഭാഗം തൃപ്പൂണിത്തുറ രജിസ്ട്രാർ ഓഫീസാണ്. അനവധികാലം കാടും പടർപ്പും പിടിച്ചു വൃത്തികെട്ട പ്രവർത്തനങ്ങളെല്ലാം നടത്തുന്നവരുടെ ആവാസകേന്ദ്രമായിരുന്നു അത്. കൂമനും, കാലൻ കോഴികളും നിരന്തരം ശബ്ദിക്കുന്ന ഏക ദേശം ഒരേക്കർ വിസ്തൃതിയും, കുളവും, വൻ മരങ്ങളും, കുറ്റിക്കാടും നിറഞ്ഞ അനാഥമായ സർക്കാർ സ്ഥലത്തിന്റെ ചിത്രം അടുത്തകാലത്ത് സിവിൽ സ്റ്റേഷനാകുന്നതുവരെ ഭയാനകമായിരുന്നു.

കിഴക്കു ദിക്കിൽ രണ്ടാമത്തേത് തൃപ്പൂണിത്തുറ ഗവ. ഗേൾസ് ഹൈസ്കൂളാണ്. സായം സന്ധ്യ കഴിഞ്ഞാൽ എല്ലാ ആഭാസത്തരങ്ങളും നടക്കുന്ന സ്ഥലത്ത് ഒരു ലോവർ പ്രൈമറി സ്കൂളുണ്ട്. തൃപ്പൂണിത്തുറ ഗവ. ഗേൾസ് ഹൈസ്കൂളിനോടു ചേർന്ന ആ ലോവർ പ്രൈമറി സ്കൂളിലാണ് എന്നെ പ്രൈമറി വിദ്യാഭ്യാസത്തിന് ചേർത്തത്.

എന്റെ സഹോദരി വനജയാണ് എന്നെ സ്കൂളിൽ ചേർക്കാനായി കൊണ്ടു പോയത്. വള്ളിനിക്കറും ഷർട്ടുമായി ഞാൻ പോയതോർക്കുന്നു. അവിടത്തെ വയസ്സൻ പ്യൂണിനോടു സഹോദരി എന്റെ പേരു പറഞ്ഞു സ്കൂളിൽ ചേർത്തു. 'ബാലകൃഷ്ണൻ' എന്നാണ് പേര് പറഞ്ഞുകൊടുത്തത്. പ്യൂൺ പറഞ്ഞു "എന്റെ മകന്റെ പേര് ഗോപാലകൃഷ്ണൻ എന്നാണ്. ഇയാള് വലിയവനാകുമ്പോൾ ബാലകൃഷ്ണൻ എന്ന പേര് ചേരില്ല. ഗോപാലകൃഷ്ണൻ എന്ന പേരാണ് നല്ലത് അതു മതി." മൂന്നാം ക്ലാസിൽ പഠിച്ചിരുന്ന എന്റെ ചേച്ചിക്ക് അയാൾ പറഞ്ഞതൊന്നും മനസ്സിലായിട്ടുണ്ടാകാനിടയില്ല. അവർ തലകുലുക്കി സമ്മതിച്ചു. അന്നുമുതൽ എന്റെ ഔദ്യോഗിക പേര് ഗോപാലകൃഷ്ണൻ എന്നായി.

അച്ഛൻ ഇടയ്ക്ക് പൂജയ്ക്ക് പോകുമ്പോൾ ലഭിക്കുന്ന ദക്ഷിണയും, പാലും, തെങ്ങോലയിൽ നിന്ന് ഈർക്കിൽ എടുത്ത് അടുക്കി ചൂലുണ്ടാക്കി വിറ്റു കിട്ടുന്ന പൈസയും (അമ്മയുടെ പങ്ക്) ചേർന്നാണ് ആറുമക്കളുടെ ആവശ്യങ്ങൾ ഇക്കാലത്ത് നിറവേറ്റിയത്. അച്ഛന്റെ ഓഹരിയായി മുത്തശ്ശനിൽ നിന്ന് ലഭിച്ചിട്ടുള്ള ഒരേക്കർ ഭൂമി, കുഴുപ്പിള്ളി കുഗ്രാമത്തിലുള്ളതിൽ നിന്നു ലഭിക്കുന്ന നാളികേരത്തിന്റെ വിലയിൽ നിന്നും പറമ്പുകിളയ്ക്കാനുമെല്ലാമുള്ള ചിലവു കഴിച്ച് വലിയച്ഛൻ തരുന്ന ഒരു ചെറിയ തുകയും എന്റെ വീട്ടിൽ പട്ടിണിയിലേയ്ക്കു വീഴാതെ രക്ഷപ്പെടാൻ സഹായമായിരുന്നു. വർഷത്തിൽ ഒരു ഷർട്ടും



Scanned with CamScanner

ഒരു ട്രൗസറും മാത്രം എല്ലാ മക്കൾക്കും ലഭിച്ചിരുന്നു. സഹോദരിക്ക് ഒരു പാവാടയും ഒരു ബ്ലൗസും. ഇതിനപ്പുറം ഭാരം ചുമക്കാൻ അച്ഛന് അസാധ്യമായിരുന്നു. വിവാഹസദ്യക്കും മറ്റും പോകുമ്പോൾ സമുദായത്തിൽ പതിവുള്ള ദക്ഷിണ 10 പൈസയും ചിലപ്പോൾ ലഭിക്കുന്ന 25 പൈസയും ഞങ്ങൾ ശേഖരിച്ചുവെയ്ക്കും. സ്കൂൾ വർഷാരംഭത്തിൽ കുടമേടിക്കാനും ചിലപ്പോൾ പുസ്തകത്തിനും അതുപകരിക്കാറുണ്ട്.

## സ്കൂൾ ജീവിതം

1960 ൽ ആണ് എന്നെ സ്കൂളിൽ ചേർത്തത്. ഒരു തടിച്ചു കറുത്ത ടീച്ചറുടെ അടുത്താണ് ആദ്യം പോയത്. ടീച്ചർക്ക് നൽകാനായി ഒരു കൈതപ്പൂവിന്റെ ഇതളും എന്റെ കയ്യിൽ അമ്മ തന്നയച്ചു. ഇതു കൊടുത്താൽ ടീച്ചർക്കു (അന്നു വിദ്യാർത്ഥികൾ ടീച്ചറെ വിളിച്ചിരുന്നത് മേൻററം എന്നായിരുന്നു.) എന്നെ കാര്യമായി ഇഷ്ടപ്പെടുമെന്നു പറഞ്ഞായിരുന്നു ആ പൂവ് തന്നയച്ചത്. അവരുടെ പേര് ഭസ്മതി. ഭസ്മതിയാണെന്റെ കരച്ചിൽ നിർത്തിച്ച് ഒന്നാം ക്ലാസിൽ കയറ്റിയിരുത്തിയത്. ഓലപ്പുരയായിരുന്നു ക്ലാസുമുറികൾ. തൃപ്പൂണിത്തുറ ഗവ. ഗേൾസ് ഹൈസ്കൂളിൽ മഴക്കാലത്ത് കുളമായിത്തീരുന്ന അവസ്ഥയിലുള്ള ഗ്രൗണ്ടിലൂടെ ഭയന്നു വിറച്ച് ക്ലാസ്സ് മുറികളിൽ കയറിയാലും ക്ലാസ്സുമുറികൾ ചോർച്ചയുള്ളതിനാൽ നനഞ്ഞുകൊണ്ടേയിരിക്കുമായിരുന്നു. ഞങ്ങളുടെ ക്ലാസ്സ് നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ ആ ഓലഷെഡ് ഒരിക്കൽ കാറ്റത്തു വീഴുന്നത്, അകത്തിരുന്നു ഞങ്ങൾ ഭയത്തോടെ കണ്ടത് ഓർക്കുന്നുണ്ട്.

ക്ലാസ്സ് മുറിക്കടുത്തുള്ള പുളിമരത്തിൽ യക്ഷിയുണ്ടെന്ന് പ്രചരിപ്പിക്കുന്നത് കുട്ടികളെ നിയന്ത്രിക്കാനായിരുന്നു എന്ന് അന്ന് മനസ്സിലായിരുന്നില്ല. ഒന്നാം ക്ലാസിൽ ഭസ്മതി ടീച്ചറിന് എന്നെ നല്ല ഇഷ്ടമായിരുന്നതിനാൽ സ്കൂളിലേയ്ക്ക് പോകുന്നത് എനിക്കിഷ്ടമായിരുന്നു. കുറച്ചു ദിവസങ്ങൾ കഴിഞ്ഞ് ഞാനറിഞ്ഞു ആ ടീച്ചർ മരിച്ചുപോയെന്ന്.

രണ്ടാം ക്ലാസ്സിൽ എന്നെ പഠിപ്പിച്ചത് ഹെലൻ എന്ന ടീച്ചറായിരുന്നു. ചിരിക്കാതെ ക്ലാസ്സെടുക്കുന്ന ടീച്ചറുടെ ക്ലാസിൽ നിന്ന് എന്റെ പടിഞ്ഞാറെ വീട്ടിലുള്ള സരസ്വതി എന്നു പേരുള്ള ടീച്ചറിന്റെ ക്ലാസ്സിലേക്കു ചിലപ്പോൾ പോകേണ്ടി വരാറുണ്ട്. സരസ്വതി മേന്റം എന്നാണവരെ ഞങ്ങളെല്ലാവരും വിളിക്കുക. അവർ എന്നെ കളിയാക്കുകയും അവഹേളിക്കുകയും ചെയ്തത് വേദനയോടെ മാത്രമേ ഞാൻ ഇന്നും ഓർമ്മിക്കാറുള്ളൂ. എത്രത്തോളം ഒരു വിദ്യാർത്ഥിയിൽ അപ



Scanned with CamScanner

കർഷതാ ബോധമുണ്ടാക്കാൻ സാധിക്കുമോ അത്രയ്ക്കും മോശമായി പെരുമാറിയിട്ടുള്ള അവരെ മനസ്സാ പലപ്രാവശ്യം ശപിച്ചിട്ടുണ്ട്. എന്റെ അനുജന്മാരെയും അവർ വേദനിപ്പിക്കാറുണ്ടായിരുന്നു. എന്നാൽ എന്റെയച്ഛനെ ബഹുമാനമുള്ളതു പോലെയാണവർ അഭിനയിക്കാറു ള്ളത്. അതുകൊണ്ട് ഈ ടീച്ചറിന്റെ മോശമായ പെരുമാറ്റത്തെക്കു റിച്ച് അച്ഛനോട് വേവലാതിപ്പെട്ടാലും അച്ഛനത് വിശ്വസിക്കില്ല.

ഇവരോടൊപ്പം നാലാംക്ലാസിൽ പഠിപ്പിച്ചിരുന്ന തടിച്ച ശരീര മുള്ള ഒരു ടീച്ചർ കൂടിയുണ്ട്. അവരെ ഞങ്ങളെല്ലാവരും വിളിച്ചിരു ന്നത് തടിച്ചി സരസ്വതി മേന്റം എന്നായിരുന്നു. ഇവർ കൂടാതെ പാട്ടു പഠിപ്പിക്കാനും ഇടയ്ക്കിടക്ക് 3-ാം ക്ലാസിൽ പഠിപ്പിക്കാനുമുള്ള ഒരു സുന്ദരിയായ ടീച്ചറുമുണ്ടായിരുന്നു. ജനറൽ ആശുപത്രിയിലെ കോംപൗണ്ടറായ സി.പി. സ്വാമിയുടെ ഭാര്യയാണവർ. അവർ അറിയ പ്പെട്ടിരുന്നത് പാട്ടുമേന്റം എന്നായിരുന്നു. ഇവർ മൂന്നുപേരും എന്റെ അച്ഛന്റെ പരിചയക്കാരായിരുന്നുവെങ്കിലും ഈ സ്കൂളിൽ പഠിക്കുന്ന വേളയിൽ ഞാനും പിന്നീട് എന്റെ അനുജന്മാരും ഈ മൂന്നു സ്ത്രീകൾ കാരണം അനുഭവിക്കേണ്ടി വന്ന അവഹേളനത്തിന്റെ കയ്പ് ഞങ്ങ ളുടെ മനസ്സിൽ ഇന്നും പുകയാറുണ്ട്.

കാലം കുറേ കഴിഞ്ഞിട്ടും കോളേജിൽ പഠിക്കുന്ന കാലത്ത് പോലും ഈ മൂന്ന് ടീച്ചേഴ്സിനെയും കാണുമ്പോൾ അറപ്പും വെറുപ്പും തോന്നാറുണ്ട്. അവരെ ബഹുമാനിക്കുകയോ വന്ദിക്കുകയോ പോലും ഞങ്ങൾ ചെയ്യാറില്ല. ഒരു ചെറിയ കാര്യത്തിനു പോലും ചൂരൽ പ്രയോഗം ഇവർക്ക് ഒരു ഹരമായിരുന്നതായി എനിക്ക് തോന്നിയി ട്ടുണ്ട്. മെലിഞ്ഞ് എല്ലുന്തിയ ശരീരമായിരുന്നു എന്റേത്. അതുതന്നെ യായിരിക്കാം ഇവർ എന്നെ അവഹേളിക്കാൻ കാരണമായത്.

കുറേ വർഷത്തേയ്ക്ക് ഉപയോഗിക്കാൻ പാകത്തിനാണ് എനിക്കും അനുജന്മാർക്കും അച്ഛൻ നിക്കർ തയ്പിക്കാറുള്ളത്. അത് ഇന്നത്തെ ബർമൂഡമാതിരിയിരിക്കും. എന്നെ കളിയാക്കാൻ ഈ മൂന്നുടീച്ചേഴ്സിനും ഈ ട്രൗസറും ഷർട്ടുമായിരുന്നു ആരംഭ വിഷ യം. ഇതേ കാരണത്താൽ എല്ലാവരുടേയും മുന്നിൽ വെച്ച് എന്റെ രണ്ടു ജ്യേഷ്ഠൻമാരും എന്നെ കളിയാക്കി ചിരിക്കുമ്പോൾ ആശ്വസി പ്പിക്കാൻ എന്റെ സഹോദരിമാത്രമാണുണ്ടായിരുന്നതും. എന്റെ ഇടയ് ക്കുള്ള കരച്ചിലും ലജ്ജാപ്രകൃതവും, പ്രത്യേക വേഷവും ശരീരപ്രകൃ തിയും, വലിയ കണ്ണുകളും എന്നെ കളിയാക്കാൻ പലരും ലക്ഷണമാ ക്കിയിരുന്നു. എന്റെ കരയുന്ന പ്രകൃതിയും അനുജന്മാരുടെ സ്വഭാ വവും താരതമ്യം ചെയ്തായിരുന്നു അച്ഛൻ എന്നെ ദേഷ്യപ്പെട്ടിരുന്ന



Scanned with CamScanner

ത്. എന്റെ കുട്ടിക്കാലത്തെ ജീവിതത്തിൽ ഇത്തരത്തിൽ അനുഭവിക്കേണ്ടി വന്നതെല്ലാം നാലുദശാബ്ദങ്ങൾക്കു ശേഷവും മനസ്സിലുണ്ട്. ഇതിന്റെ വേദനകൾ മനസ്സിൽ സൂക്ഷിച്ചുകൊണ്ട് ഞാൻ മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും ഇന്ന് ക്ലാസുകളെടുക്കുമ്പോൾ പ്രത്യേകം ഓർമ്മിപ്പിക്കാറുണ്ട്; "ചൊട്ടയിലെ അനുഭവങ്ങൾ ചുടല വരെയെന്നതാണ് സത്യം. അതാണ് ജീവിതസന്ദേശവും" എന്ന്. അതുകൊണ്ട് മക്കൾ നന്നാവാനാണ് എന്നു പറഞ്ഞുകൊണ്ടാണെങ്കിൽ പോലും അവരെ അവഹേളിക്കുകയോ അപമാനിക്കുകയോ ചെയ്യരുത്. കുട്ടികളല്ലേ ഇതൊന്നും അവരോർമ്മിക്കില്ല എന്ന വാദവും ശരിയല്ല. തെളിഞ്ഞ മനസ്സിലും മസ്തിഷ്കത്തിലും ഒരിക്കൽ പതിയുന്നതൊന്നും തേഞ്ഞുമാഞ്ഞു പോകില്ല. കാലം കഴിയുമ്പോൾ ദേഷ്യവും പകയും തോന്നുമ്പോൾ ആദ്യം പുറത്തുവരുന്നതെല്ലാം ജീവിതത്തിൽ ആദ്യം അനുഭവിച്ച വേദനകളായിരിക്കും.

മാതാപിതാക്കൾക്കും, അദ്ധ്യാപകർക്കുമായി ഈ അടുത്തകാലത്ത് ഇൻസ്റ്റിറ്റ്യൂട്ട് (IISH) പ്രസിദ്ധീകരിച്ചിട്ടുള്ള ബ്രോഷറുകളും ചെറുപുസ്തകങ്ങളും സിഡികളുമെല്ലാം എഴുതുമ്പോഴും പ്രഭാഷണങ്ങളിലൂടെ ബാല്യകാലത്തെ അനുമോദനങ്ങളെക്കുറിച്ചും വിമർശനങ്ങളെക്കുറിച്ചും വിവരിക്കുമ്പോഴുമെല്ലാം ഞാൻ എന്നെയും, എന്റെ അനുഭവങ്ങളും തന്നെയുമായിരുന്നു ജീവിതസന്ദേശമായി പറഞ്ഞിരുന്നത്.

**അപകർഷതാബോധം നിറയുന്ന ജീവിതം**

3-ാം ക്ലാസ് വിദ്യാർത്ഥിയായിരുന്നകാലത്ത് എന്റെ കൈയ്യിലും തലയിലുമെല്ലാം ചൊറി നിറഞ്ഞിരുന്നു. ആയുർവേദചികിത്സയാണ് പതിവ് എന്നതിനാൽ ആ ചൊറിയുള്ള ശരീരവുമായി മാസങ്ങളോളം ക്ലാസ്സിൽ കയറിയിരിക്കുമ്പോൾ എന്നെ ഇഷ്ടമില്ലാത്ത അദ്ധ്യാപികമാർ മറ്റു കുട്ടികളെ മാറ്റിയിരുത്തി എന്നെ തൊടരുതെന്നു പറഞ്ഞു പേടിപ്പിക്കും, എന്റെ ചെറിയ മനസ്സിൽ ഇതെല്ലാം അപകർഷത നിറച്ചു.

നാലാം ക്ലാസ്സായപ്പോൾ എന്റെ ഉപനയനം നടന്നു. അതിനുശേഷം കുറേ മന്ത്രങ്ങൾ പഠിക്കാൻ സാധിച്ചു. തൃപ്പൂണിത്തുറയിൽ വീടിനടുത്തുള്ള ചക്കംകുളങ്ങര ക്ഷേത്രത്തിൽ സഹായിയായും, കീഴ്ശാന്തിയായും ജോലിക്കു പോകുമായിരുന്നു, ഒരു ദിവസം 50 പൈസ ശമ്പളവും ലഭിച്ചിരുന്നു. മൂന്നാം ക്ലാസ്സു മുതൽ പ്രീഡിഗ്രി ക്ലാസ്സു വരെ അടുത്തുള്ള അഞ്ചാറു വീടുകളിൽ രാവിലേയും വൈകുന്നേരവും പാല് എത്തിച്ചുകൊടുക്കണം. അടുത്ത വീട്ടിലെ പ്രൊഫ.കേരളവർമ്മയും അതിന്റെയടുത്ത വീട്ടിലെ ശ്രീ. എം.ജി. എ. പണിക്കരും ഈ ജോലിയെടുത്തുള്ള ജീവിതത്തെ അഭിനന്ദിക്കുമാ



Scanned with CamScanner

യിരുന്നു. പക്ഷേ മറ്റെല്ലാവർക്കും ഞാനൊരു പാൽക്കാരൻ കുട്ടിയായിരുന്നു. പാലു മോശമാകുമ്പോൾ അതു വാങ്ങിക്കുന്ന വീട്ടുകാരുടെ ദേഷ്യം കാണാനും കേൾക്കാനും എനിക്കായിരുന്നു വിധി. അതെല്ലാം അച്ഛനോടു പറഞ്ഞാൽ സാരമില്ലെന്ന് പറയും.

എന്നെ വേനലവധിക്ക് കുഴുപ്പിള്ളിയിലെ തറവാട്ടിലേയ്ക്ക് കൊണ്ടുപോകുന്നത് വലിയച്ഛനാണ്. എറണാകുളം ബോട്ട് ജട്ടിയിൽ നിന്നും ബോട്ടിൽ കയറി കോട്ടപ്പുറത്തേയ്ക്കു പോകുന്ന വഴി കുഴുപ്പിള്ളിയിൽ ഇറക്കും. കാലം കുറെ കഴിഞ്ഞപ്പോൾ ഹൈക്കോടതി ജട്ടിയിൽ നിന്നും മുരുക്കുംപാടത്തേയ്ക്ക് ബോട്ടിലും അവിടെ നിന്നും കുഴുപ്പിള്ളിയിലേയ്ക്ക് ബസ്സിലും പോകുമായിരുന്നു. ചെറുപ്പത്തിലുള്ള ഈ യാത്ര അനുഭവങ്ങളുടെ ഒരു ഭണ്ഡാരമാണ് തുറന്നുതന്നത്. വലിയച്ഛനും അമ്മായിയും മറ്റൊരിടത്തുനിന്നും ലഭിക്കാത്ത സ്നേഹമാണ് എനിക്ക് നൽകിയിരുന്നത്. കുഴുപ്പിള്ളിയിലുള്ള അയൽപക്കത്തുകാരെല്ലാം വന്ന് കുറേയേറെ കാര്യങ്ങൾ പറഞ്ഞുതരും. അവരുടെയെല്ലാം പേരുകളും വൈപ്പിൻകരയിലെ സംഭാഷണശൈലിയും ഇന്നും മനസ്സിൽ മായാതെ നിലനിൽക്കുന്നു.

വല്ല്യച്ഛന്റെ പറമ്പിൽ ധാരാളം കുടിയാന്മാർ ഉണ്ടായിരുന്നതിനാൽ ഒരു ജന്മിയുടെ സ്വഭാവമായിരുന്നു വല്ല്യച്ഛന്. മകനാകട്ടെ ഒന്നാംകിട കമ്മ്യൂണിസ്റ്റുകാരനും. മാർക്സിസ്റ്റു പാർട്ടിയിലെ ശ്രീ. ടി. കെ. രാമകൃഷ്ണന്റേയും ശ്രീ. വിശ്വനാഥമേനോന്റെയും സഹപാഠിയുമായിരുന്നു. ചെറായി സ്കൂളിൽ അദ്ധ്യാപകനായിരുന്നതിനാൽ ജീവിതാനുഭവങ്ങൾ പലതും പങ്കുവെച്ചു നൽകിയിരുന്നു. മൂന്നാംക്ലാസ്സ് വിദ്യാർത്ഥിയായിരുന്ന കാലത്ത് കൈയ്യിലും തലയിലുമുണ്ടായിരുന്ന ചൊറി കണ്ണിനേയും ബാധിച്ചതിനാൽ ഏകദേശം 15 വർഷക്കാലം ഞാനൊരു നേത്രരോഗി കൂടിയായിരുന്നു. ബൾബിന്റെ വെളിച്ചത്തിൽ രാത്രി കണ്ണിൽ ചൊറിച്ചിലും ധാരയായി കണ്ണുനീർ പ്രവാഹവുമുണ്ടാകും. അച്ഛൻ ചിലപ്പോൾ മൂന്നു രൂപ തന്നാൽ എറണാകുളത്ത് ബോട്ടുജെട്ടിക്കടുത്തുള്ള ഡോ. പുത്തുരാന്റെ ആശുപത്രിയിൽപോയി കണ്ണുകഴുകി മരുന്നുവെച്ച് തിരിച്ചുവരും. എന്റെ അമ്മയും ആജീവനാന്തം ഒരു നേത്രരോഗിയായിരുന്നു. എന്റെ രോഗത്തിന് ശാശ്വതശമനം ഉണ്ടായത് 22-ാം വയസ്സിനു ശേഷമായിരുന്നു. മറ്റുള്ളവരുടെ മുന്നിൽ ഒരു നേത്ര രോഗിയായി, കണ്ണിൽ നിന്നു വെള്ളമൊലിച്ചുകൊണ്ടിരുന്ന എന്നെ ഞാൻ തന്നെ ചിലപ്പോൾ വെറുക്കുന്നുണ്ടായിരുന്നു. തുണികൊണ്ട് കണ്ണുകെട്ടിയുറങ്ങുന്നത് വീട്ടിൽവരുന്ന ചില ബന്ധുക്കൾക്കും ജ്യേഷ്ഠന്മാരുടെ കൂട്ടുകാർക്കും തമാശ പറ

യാൻ ഒരു കാരണവും കൂടിയായി. കണ്ണിന്റെ രോഗം സഹിക്കാവുന്ന തിലപ്പുറത്തേയ്ക്കു പോകുമ്പോൾ ഞാൻ കരയും. അപ്പോൾ അച്ഛൻ ഒരു ഓയിന്റ്മെന്റ് കൊണ്ടുവരും. അതു പുരട്ടി കുറച്ചു ദിവസം കഴിഞ്ഞാൽ പിന്നേയും അതേ അവസ്ഥ. ഓയിന്റ്മെന്റ് കുറച്ചു ദിവസത്തേയ്ക്ക് രോഗശമനമുണ്ടാക്കും.

മറ്റേതെങ്കിലും വീട്ടിലേയ്ക്ക് യാത്ര പോകാൻ എനിക്കു ഭയമായിരുന്നു. കാരണം രാത്രിയിൽ ചുവന്നു കലങ്ങിയ ചൊറിയുന്ന കണ്ണു കാണുമ്പോൾ അവർക്ക് വിഷമവും ദയയും തോന്നും. എന്റെ വീട്ടിൽ ഞാൻ കിടന്നുറങ്ങുന്നത് ഒരു തോർത്ത് കണ്ണിൽ കെട്ടിയായിരുന്നു.

ഒരു സാധാരണ വിദ്യാർത്ഥിയായിരുന്ന എനിക്ക് ക്ലാസിൽ ഉയർന്ന മാർക്കുവാങ്ങുക എന്നത് ചിന്തിക്കാനേ സാധിക്കുമായിരുന്നില്ല. മൂന്നാം ക്ലാസിൽ ഗണിതത്തിന് 30 മാർക്കാണ് ലഭിച്ചത്. റിസൾട്ട് വന്നപ്പോൾ ജയിച്ചവരുടെ ലിസ്റ്റിൽ എന്റെ പേരില്ലായിരുന്നു. അമ്മയുടെ ഉപദേശപ്രകാരം ചക്കംകുളങ്ങര ക്ഷേത്രത്തിൽ നിത്യവും ദർശനംനടത്തി, അവസാനം സ്കൂൾതുറന്നപ്പോൾ ജയിച്ചവരുടെലിസ്റ്റിൽ എന്റെ പേരുമുണ്ടായിരുന്നു. എന്നെ പഠിപ്പിച്ച ഒരു ടീച്ചർ പറയുമായിരുന്നു "ഞങ്ങൾ തോൽപ്പിച്ച ഗോപാലകൃഷ്ണനെ ദൈവം ജയിപ്പിച്ചു". നിത്യവും ക്ഷേത്രത്തിൽ പുഷ്പം കൊടുത്ത് ജയിച്ച ഞാൻ 3-ാം ക്ലാസ്സിൽ തോറ്റിരുന്നു എങ്കിൽ ഇന്നത്തെ എന്റെ ജീവിതം എന്താകുമായിരുന്നു എന്ന് എനിക്ക് ചിന്തിക്കാനേ സാധിക്കില്ല.

ദാരിദ്ര്യത്തിന്റെ ചുറ്റുപാടിൽ വളരുന്ന കുട്ടികൾക്ക് പലതും കേട്ടും കണ്ടും അനുഭവിച്ചും തഴക്കവും പഴക്കവുമുണ്ടാകാറുണ്ട്. പക്ഷേ ജന്മനാൽ പെട്ടെന്നു ദുഃഖിക്കുകയും കരയുകയും ചെയ്യുന്ന എനിക്ക് അതൊന്നും സഹിക്കുവാനുള്ള ശക്തി ദൈവം അന്നു തന്നതുമില്ല. കൂടാതെ ബ്രാഹ്മണനായി ജനിച്ചതുകൊണ്ട് സമൂഹത്തിൽ അന്ധവിശ്വാസത്തിന്റേയും ദുരാചാരത്തിന്റേയും പ്രതീകവുമായിരുന്നു. അതുകൊണ്ട് പലപ്പോഴും അമ്മയുടെ മടിയിൽകിടന്ന് സ്കൂളിലെ ദുഃഖാനുഭവങ്ങൾ ചേച്ചിയോടും അമ്മയോടും പറയുമായിരുന്നു. ലോവർ പ്രൈമറി സ്കൂളിലെ വൈതരണി നരകം കഴിഞ്ഞതും ജാതകത്തിലെ ദശമാറിയതുപോലുള്ള അനുഭവമായിരുന്നു.

**എന്റെ അപ്പർ പ്രൈമറി സ്കൂൾജീവിത കാലഘട്ടം**

അച്ഛൻ കൊച്ചു പടിഞ്ഞാറെ കോവിലകത്തെ പാചകക്കാരനായി. പതിനഞ്ചുരൂപ ശമ്പളത്തിനാണ് ജോലി ചെയ്തിരുന്നത്. അമ്മയ്ക്കാണെങ്കിൽ അച്ഛൻ കൊണ്ടുവരുന്നതെന്തായാലും അതു മക്കൾക്ക് വീതിച്ചുനൽകാനുള്ള കെൽപുമാത്രമേയുണ്ടായിരന്നുള്ളൂ. ജ്യേഷ്ഠ

ന്മാർ വിവാഹസദ്യകൾക്ക് വിളമ്പിക്കൊടുക്കാൻ പോകുമായിരുന്നു. ഒന്നര രൂപ ഒരു ദിവസം എന്ന കണക്കിൽ വിളമ്പുള്ള ദിവസങ്ങളിൽ ലഭിക്കും. കുറേയെല്ലാം പൊക്ക (ഉയരം) മുണ്ടായിരുന്നതു കൊണ്ട് മെലിഞ്ഞു ശോഷിച്ച ശരീരമാണെങ്കിലും ഞാനും അവരുടെ കൂടെ വിളമ്പാൻ പോയിത്തുടങ്ങി. തൃപ്പൂണിത്തുറ ചക്കംകുളങ്ങര ക്ഷേത്രത്തിൽ ആവശ്യമുള്ള ദിവസങ്ങളിൽ കീഴ്ശാന്തിക്കാരനായും സഹായിയായും ചേർന്നു. തോർത്തുമുണ്ടുടുത്ത് അമ്പലക്കുളത്തിലെ ദുർഗന്ധം സഹിച്ച് കുളിച്ചുള്ള ശാന്തിപ്പണി മിക്കവാറും ദിവസങ്ങളിൽ ഉണ്ടായിരുന്നു. അമ്പലപ്പറമ്പിൽ കുട്ടികൾ കളിക്കുന്നതു കാണുമ്പോൾ അറിയാതെ മനസ്സതിന് കൊതിക്കുമായിരുന്നു. അച്ഛന്റെ ചിരിച്ച മുഖത്തിനുള്ളിലെ ദുഃഖം കാണാറുള്ളതുകൊണ്ട്, വിളമ്പാനും ശാന്തിക്കും പോകില്ലെന്നു പറയാൻ ഞങ്ങൾ മക്കൾക്കാർക്കും സാദ്ധ്യമല്ലായിരുന്നു. പഠനത്തിൽ എന്റെ ചേച്ചി എന്നെ സഹായിച്ചിരുന്നു. ഒരു പക്ഷേ അമ്മയേക്കാൾ എനിക്ക് ആശ്രയിക്കേണ്ടിവന്നത് ചേച്ചിയെയായിരുന്നു. എന്നെ പലരും ചേട്ടന്മാരും കളിയാക്കുമ്പോളും എനിക്കാശ്രയം ചേച്ചിയായിരുന്നു. വളരെചെറുപ്പത്തിലേ എന്നെ ശുണ്ഠിപിടിപ്പിക്കാൻ കളിയാക്കുന്നവരുടെ മാനസികാവസ്ഥ പിന്നീട് മുൻവിധിയോടെയുള്ള പ്രതികരണങ്ങളായിക്കഴിഞ്ഞിരുന്നു.

എന്റെ ഈ മാനസികാവസ്ഥയിൽ നിന്ന് ഞാൻ മാറിയത് തൃപ്പൂണിത്തുറ ആർ എൽ വി അപ്പർ പ്രൈമറിയിലേയ്ക്ക് മാറിയപ്പോളായിരുന്നു.

**ആർ എൽ വിയിലെ ചൈതന്യവത്തായ അന്തരീക്ഷത്തിലേയ്ക്ക്**

അഞ്ചാംക്ലാസ്സിൽ അഡ്മിഷനുപോയത് എന്റെ ജ്യേഷ്ഠന്റെ കൈപിടിച്ചായിരുന്നു. സ്കൂളിനടുത്തെത്തിയപ്പോൾ റോഡിൽനിന്ന് ജ്യേഷ്ഠൻ കൈചൂണ്ടിക്കാണിച്ചു പറഞ്ഞു "അതാ നിന്റെ സ്കൂള്. നേരെ പോയി അവിടെ ചേർന്നോ... അവിടെ ഹെഡ്മാസ്റ്ററുണ്ടാകും. ഒറ്റയ്ക്കാ വന്നത് എന്നു പറഞ്ഞാൽ മതി... ഞാൻ പോകുകയാണ്,..." ജീവിതപരിചയത്തിന്റെ ഏഴയൽപക്കത്തെത്താത്തവനായ ഞാൻ വിറച്ചുവിറച്ച് ആർ. എൽ. വി സ്കൂളിന്റെ ഗേറ്റിനുള്ളിൽ കയറിയപ്പോൾത്തന്നെ കരയാൻ തുടങ്ങിയിരുന്നു. കരഞ്ഞുകൊണ്ടു കയറിയ എന്നെ സ്നേഹത്തിന്റേയും അനുകമ്പയുടേയും കണ്ണുകളുമായി അദ്ധ്യാപികമാർ നോക്കുന്നകാഴ്ച ഇന്നും മനസ്സിൽ തങ്ങിനിൽക്കുന്നു. കയ്യിലെന്നും ചൂരലും കൊണ്ടു നടക്കുന്ന അവിടത്തെ ഹെഡ്മാസ്റ്റർ ശ്രീ. അരവിന്ദാക്ഷൻമാഷുടെ തീഷ്ണമായമുഖം എന്നെ കണ്ടപ്പോൾ ശാന്തമാകുന്നതു ഞാൻ കണ്ടു. പരുപരുത്ത ശബ്ദത്തിന്റെ



Scanned with CamScanner

തീക്ഷ്ണതയില്ലാതെ ഉറക്കെ മാഷ് ചോദിച്ചു. "എന്തിനാടോ കരയുന്നേ? ഞാൻ തന്നെ തല്ലിയില്ലല്ലോ?"

ദുഃഖവും ഭയവും കൊണ്ടു ശക്തി നഷ്ടപ്പെട്ട് വിറച്ചിരുന്ന എനിക്ക് ഒരക്ഷരംപോലും പറയാൻ സാധിച്ചില്ല. എല്ലാ പേപ്പറുകളും മാഷിന്റെ നേരെ നീട്ടി. അതെടുത്തു നോക്കി മാഷ് ചോദിച്ചു. "അച്ഛനും അമ്മയുമാരുമില്ലേടോ തനിക്ക്?" ഞാനൊന്നും പറഞ്ഞില്ല. വിറച്ചു നിന്ന എന്റെ തോളത്തു തട്ടിക്കൊണ്ട് മാഷ് പറഞ്ഞു. "മിടുക്കൻ ഒറ്റക്കു വന്നല്ലോ... അങ്ങനെ വേണം കുട്ടികളായാൽ..."

എല്ലാവരും വിറച്ചിരുന്ന, എല്ലാവരേയും വിറപ്പിച്ചിരുന്ന ശ്രീ. അരവിന്ദാക്ഷൻമാഷുടെ ചിരിക്കുന്നമുഖം എന്നെ അത്ഭുതപ്പെടുത്തി. ലോവർപ്രൈമറിയിൽ ഞങ്ങളുടെ ഹെഡ്മാസ്റ്ററായിരുന്ന ഗോപാലൻ മാഷ് ചിരിക്കുന്നതു കണ്ടിട്ടില്ല. അതുകൊണ്ട് മാഷായാൽ ചിരിക്കരുതെന്ന് പോലും ധരിച്ചിരുന്ന എനിക്ക് ശ്രീ. അരവിന്ദാക്ഷൻമാഷുടെ ചിരിയും മുഖത്തെ സന്തോഷവും ആകർഷകമായിത്തോന്നി. കാലം കുറെകഴിഞ്ഞ് ഞാൻ കോളേജിൽ പഠിക്കുന്ന കാലത്ത് അരവിന്ദാക്ഷൻ മാഷ് തൃപ്പൂണിത്തുറ ഗവ. ബോയ്സ് ഹൈസ്കൂളിലെ ഹെഡ്മാസ്റ്ററായിരുന്നു. അന്ന് തൃപ്പൂണിത്തുറ ഗവ. ബോയ്സ് ഹൈസ്കൂൾ റൗഡികളുടേയും ഗുണ്ടകളുടേയും ആവാസകേന്ദ്രമായിരുന്നു. വിദ്യാർത്ഥികളുടെ പെരുമാറ്റം നീചവും നിന്ദ്യവുമായിരുന്നു. അന്ന് അദ്ധ്യാപക രക്ഷാകർതൃയോഗത്തിന്റെ ഉത്തരവാദിത്വം ഞാനേറ്റെടുത്തപ്പോൾ ഞാനും മാഷും തമ്മിൽ കൈകോർത്ത് ഗവ. ബോയ്സ് ഹൈസ്കൂളിലെ റൗഡിത്തരങ്ങളും എല്ലാം തടഞ്ഞ്, നല്ല ഒരു വിദ്യാലയമാക്കാൻ ശ്രമിച്ചത് വിജയിക്കുകയുണ്ടായി. അപ്പർ പ്രൈമറിയിലാരംഭിച്ച ഈ ബന്ധം പതിറ്റാണ്ടുകൾ നിലനിന്നിരുന്നു.

അരവിന്ദാക്ഷൻമാഷ് എന്നെ വിളിച്ച് അടുത്തു നിർത്തി ഓരോന്നും ചോദിച്ചു. കുറേ സന്തോഷവും ആശ്വാസവും തോന്നി. പ്യൂണിനെവിളിച്ച് അഞ്ചാംക്ലാസ്സിൽ കൊണ്ടുപോയി ഇരുത്താൻ നിർദ്ദേശിച്ചു. തികച്ചും പുതിയ അദ്ധ്യാപികമാർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ എല്ലാവരുടേയും മുഖത്ത് ചിരിയുണ്ടായിരുന്നു. അഞ്ചാം ക്ലാസിലെ ഭാനുമതി ടീച്ചർ ക്ലാസ്സിൽ വന്നതും ഇടിവെട്ടുന്ന പോലെയുള്ള ശബ്ദത്തിൽ ക്ലാസ്സാരംഭിച്ചു. ദേഷ്യത്തിന്റെ പാരമ്യത്തിലെത്താൻ ഏതാനും നിമിഷങ്ങൾകൊണ്ടു സാധിക്കുന്ന ടീച്ചർക്ക് സ്നേഹത്തിന്റെ നിറകുടമായ ഒരു മനസ്സും ഹൃദയവുമുണ്ടായിരുന്നു. വളരെ വേഗത്തിൽ സംസാരിച്ചിരുന്ന ടീച്ചർ എല്ലാ വിദ്യാർത്ഥികൾക്കും ഒരു പേടിസ്വപ്നമായിരുന്നുവെങ്കിലും സ്നേഹത്തിന്റെ തലോടലും



Scanned with CamScanner

അതോടൊപ്പമുണ്ടായിരുന്നു. ദേഷ്യപ്പെടുന്നതിന്റെ അടുത്ത നിമിഷം ചിരിക്കും ചിരിപ്പിക്കും. ഏതൊരു താഴ്ചക്കും ഒരു ഉയർച്ചയുണ്ടെന്നു പറയാറുള്ളതുപോലെ തോന്നുന്ന അനുഭവങ്ങളായിരുന്നു ആർ.എൽ. വിയിലെ മൂന്നു വർഷത്തിന്റെ ആരംഭമായ അഞ്ചാം ക്ലാസ്സിൽ എനിക്കു ലഭിച്ചത്. നാലാം ക്ലാസ് വരെയുള്ള വേദനകളുടെ നേർ വിപരീതമായിരുന്നു അഞ്ചാം ക്ലാസിലെ അനുഭവങ്ങൾ. ഈ സ്കൂൾ ഒരു വീടുപോലെയായിരുന്നു. അദ്ധ്യാപികമാരാകട്ടെ അമ്മമാരെപോലെയും. ഓരോ അദ്ധ്യാപികയുടെയും അദ്ധ്യാപകന്റേയും ചിരിക്കുന്ന ലളിതവും സ്നേഹസമൃദ്ധവുമായ മുഖം എന്നുമെന്നും എന്റെ മനസ്സിൽ തങ്ങിനിൽക്കുക തന്നെ ചെയ്തിരുന്നു. പ്രത്യേകിച്ചും ചെറിയപ്രകാശംപോലും ആഹ്ളാദം നൽകുന്നതുപോലെയായിരുന്നു ആർ എൽ വി സ്കൂളിലെ അനുഭവം. വിട്ടിൽ നിന്ന് രണ്ടു കിലോമീറ്റർ നടന്നുചെന്ന് ക്ലാസ്സിലിരിക്കുമ്പോഴും കളിക്കാനും സ്നേഹിക്കാനും ആരെങ്കിലുമുണ്ടെന്ന തോന്നലുണ്ടായിരുന്നു. ആറാം ക്ലാസ്സിലേയും ഏഴാം ക്ലാസ്സിലേയും അദ്ധ്യാപികമാരായിരുന്ന തങ്കമ്മ, മീനാക്ഷി, കർത്ത്യായനി, ഇവർക്ക് എന്നെ ജീവനുതുല്യം സ്നേഹമായിരുന്നു, എന്നെനിക്ക് തോന്നിയിരുന്നു. എപ്പോഴെങ്കിലും ക്ലാസിൽ തളർന്നിരുന്നാൽ ഭാനുമതി ടീച്ചർ ചോദിക്കും. “എന്താടോ ഗോപാലകൃഷ്ണാ തനിക്കൊരു അസ്കിത?” പഠിത്തത്തിൽ ഞാൻ കുറച്ചെങ്കിലും വളർന്നു തുടങ്ങിയതും, സ്കോളർഷിപ്പൊന്നും കിട്ടിയില്ലെങ്കിലും സ്കോളർഷിപ്പ് പരീക്ഷയെഴുതാൻ എന്നെ നിർബന്ധിച്ചതും ഇവിടത്തെ അദ്ധ്യാപകരായിരുന്നു.

സ്പോർട്സിൽ ഒരു താൽപര്യവും അന്നും ഇന്നും ഇല്ലാതിരുന്ന എന്നെ പലകളികളിലും, കലകളിലും പങ്കെടുപ്പിക്കുവാൻ ഇവർ നിർബന്ധിക്കുമായിരുന്നു. ഓരോ വിദ്യാർത്ഥിയുടേയും ജീവിതത്തിൽ സ്കൂൾ അദ്ധ്യാപകർ ചെലുത്തുന്നസ്വാധീനം അളക്കാൻ പറ്റുന്നതിലപ്പുറത്താണെന്ന്, പുറകോട്ടു ചിന്തിക്കുമ്പോൾ ഈ അനുഭവത്തിന്റെ വെളിച്ചത്തിൽ എനിക്കിന്നു മനസ്സിലാകുന്നു. സംസ്കൃതാദ്ധ്യാപകനായ ഭാവ മാഷ് ഇടയ്ക്കിടക്കെന്നെ വിളിച്ച് ഉപദേശിക്കും; നന്നാവണം; വലിയവനാകണം, സംസ്കൃതം പഠിക്കണം എന്നെല്ലാം. ഇദ്ദേഹത്തിന്റെ വരികളെല്ലാം ജീവിതത്തിലെല്ലായിടത്തും എന്നെ കാര്യമായിസ്വാധീനിച്ചിട്ടുണ്ട്.

എല്ലാ വ്യാഴാഴ്ചദിവസങ്ങളിലും അവസാനത്തെപിരിയഡ് മീറ്റിങ്ങാണ് പതിവ്. അതാതു ക്ലാസിലെ വിദ്യാർത്ഥികളുടെ ഉത്തരവാദിത്വമാണ് മീറ്റിങ്ങ് (സെമിനാർ) നടത്തുക എന്നത്. ഒരദ്ധ്യാപകനെ



Scanned with CamScanner

അദ്ധ്യക്ഷനായി ഇരുത്തി, സ്വാഗതം, പ്രാർത്ഥന, പാട്ട്, മോണോആക്ട്, മിമിക്രി, അദ്ധ്യക്ഷപ്രസംഗം, നന്ദിപ്രകടനം.... ഇവയെല്ലാം സ്വതസിദ്ധമായ രീതിയിൽ അവതരിപ്പിക്കണം. നന്ദിപ്രകടനത്തിനുമുമ്പ് അദ്ധ്യക്ഷൻ വിദ്യാർത്ഥികളുടെ കുറവു ചൂണ്ടിക്കാണിച്ച് അഭിനന്ദിക്കും. ഇന്നത്തെ ടി വി യിലെ റിയാലിറ്റിഷോ പോലെയായിരുന്നു അത്. ഈ സെമിനാറുകൾ അദ്ധ്യയനത്തിന്റെ ഭാഗമായിട്ടായിരുന്നു ഞങ്ങൾക്കെന്നും അനുഭവപ്പെട്ടിരുന്നത് അതൊരു ഭാരമായിരുന്നില്ല. മീറ്റിങ്ങിൽ, ചിലപ്പോൾ പ്രസംഗിക്കാൻ എന്നോടുപറയുമായിരുന്നു. ഒരിക്കൽ സെമിനാറിൽ ഞാനൊരു പാട്ടുപാടുകയുണ്ടായി, വിദ്യാർത്ഥികൾ കൂവി. അതെല്ലാം കേട്ടുകൊണ്ടു നിർത്താതെപാടിയ എന്നെ ഭാവ മാഷ് അഭിനന്ദിച്ചു. പിന്നെ മറ്റു ക്ലാസ്സിലെ അദ്ധ്യാപകരും. വിദ്യാർത്ഥികൾ കൂവിയിട്ടും പേടിക്കാതെ പാടിയതിനായിരുന്നു അഭിനന്ദനം. പാട്ടു നന്നായിരുന്നില്ല. വിദ്യാർത്ഥികളുടെ മനസ്സ് അറിഞ്ഞുകൊണ്ട് അനുമോദിക്കാനും അദ്ധ്യാപകർക്കു സാധിക്കണം. അതായിരുന്നു അവിടത്തെ അദ്ധ്യാപകരുടെ വാക്കുകളിലും ഔദ്യോഗിക കൃത്യനിർവഹണത്തിലും നിഴലിച്ചിരുന്നത്.

ശിവശങ്കരൻ, കൃഷ്ണകുമാർ, വേണുഗോപാൽ, നാരായണൻകുട്ടി തുടങ്ങിയവർ നല്ല സുഹൃത്ബന്ധമെന്താണെന്ന് എന്നെ പഠിപ്പിച്ചു. ചിരിച്ചും കളിച്ചും പഠിച്ചും അഞ്ചാം ക്ളാസ്സു കഴിഞ്ഞ് ആറിലെത്തിയത്, ഒരമ്മയുടെ എല്ലാ സ്നേഹവും തന്ന മീനാക്ഷി ടീച്ചറുടെ ക്ലാസിലേക്കായിരുന്നു. കുട്ടികളില്ലാതിരുന്ന അവരെ ഭർതൃഗൃഹത്തിൽ ഉള്ളവർ വേദനിപ്പിക്കുന്നുണ്ടായിരുന്നു. അവരുടെ വൃദ്ധരും രോഗികളുമായ മാതാപിതാക്കൾക്ക് മണിഓർഡർ അയക്കുന്നത് ഞാനായിരുന്നു. അതെനിക്കൊരഭിമാനമായിരുന്നു. ഓരോ പ്രാവശ്യവും മണിയോർഡർ അയക്കാൻ പോയി വരുമ്പോഴും ഞാൻ ബിസ്ക്കറ്റ് വാങ്ങിക്കണമെന്നു അവർക്ക് നിർബന്ധമായിരുന്നു. എല്ലാ കാര്യങ്ങളും ചോദിച്ചറിഞ്ഞ് എല്ലാ വിദ്യാർത്ഥികളേയും പ്രോത്സാഹിപ്പിക്കുന്ന ഒരു ദേവതയായി ഞങ്ങൾക്കെല്ലാവർക്കും അവരുടെ പെരുമാറ്റം അനുഭവപ്പെട്ടിരുന്നു.

ഒരു ദിവസം ക്ലാസ്സ് നടന്നുകൊണ്ടിരിക്കുമ്പോൾ വിയർത്തു കുളിച്ച് തലകറങ്ങി വീണ ഞാൻ 'എനിക്കു സുഖമില്ല ടീച്ചർ' എന്ന് പറഞ്ഞ് എഴുന്നേറ്റുനിൽക്കാൻശ്രമിച്ചപ്പോൾ ഓടിവന്ന് ഒരു മകനെ ശുശ്രൂഷിക്കുന്ന സ്നേഹവാത്സല്യങ്ങളോടെ അവർ എന്നെ പരിചരിച്ചു. ടീച്ചറുടെ അന്നത്തെ മുഖം ഇന്നും മനസ്സിൽ നിറഞ്ഞുനിൽക്കുന്നു. അദ്ധ്യാപകവൃത്തിയുടെ മഹത്വം ഞാനാവർത്തിച്ചറിഞ്ഞുകൊ



Scanned with CamScanner

ണ്ടേയിരുന്നു. മീനാക്ഷി ടീച്ചർ പഠിപ്പിക്കുന്ന രീതിയും അതു കുട്ടികൾക്കു മനസ്സിലാകുന്നു എന്ന് ഉറപ്പുവരുത്തുന്നതും, വളരെ വിരളമായി മാത്രം ശാസിക്കുന്നതുമെല്ലാം ഒരു മാതൃകാ അദ്ധ്യാപികയുടെ ശൈലിയിലായിരുന്നു. തമിഴിന്റെചുവയുള്ള മലയാളത്തിൽ സംസാരിക്കുന്ന ടീച്ചറുടെ വാക്കുകൾ സ്പഷ്ടമായിരുന്നു. അന്ന് ചോദ്യങ്ങൾക്കുത്തരം പറയുന്നവർക്ക് ബെഞ്ചിൽ പ്ലേസുണ്ടായിരുന്നു. എല്ലാ ചോദ്യങ്ങൾക്കും ഉത്തരംനൽകിയവർ, നല്ലമാർക്കു വാങ്ങിക്കുന്നവർ, അനുസരണയുള്ളവർ, എല്ലാവരും ഒന്നാമത്തെ ബഞ്ചിലുണ്ടാകും. സ്ഥാനം സ്ഥിരമല്ല, എപ്പോൾ വേണമെങ്കിലും ഒന്നാംസ്ഥാനം പോകാം, മാർക്കു കുറഞ്ഞാലും ഉത്തരംപറഞ്ഞില്ലെങ്കിലും പുറകോട്ടുപോകും. എല്ലാ വിദ്യാർത്ഥികളേയും അനുമോദിക്കുക , അഭിനന്ദിക്കുക, ശാന്തമായി അവർ പറയുന്നതു കേൾക്കുക, വിദ്യാർത്ഥികൾ തമ്മിൽ വഴക്കിടുമ്പോഴും അവരോട് സംസാരിച്ച് മിനിറ്റുകൾക്കകം അവരിലൊരാളായി മാറുക ഇതെല്ലാം കുടുംബജീവിതത്തിലെ ദുഃഖം തളംകെട്ടിനിൽക്കുന്ന മീനാക്ഷി ടീച്ചറുടെ പ്രത്യേകതയായിരുന്നു.

ആറാം ക്ലാസ്സിൽ ഞങ്ങളെ ഇംഗ്ലീഷു പഠിപ്പിച്ചിരുന്നത് തറവാട്ടമ്മയെപ്പോലെയുള്ള കാർത്ത്യായനിടീച്ചറായിരുന്നു. വിദ്യാർത്ഥികളെ ഇഷ്ടപ്പെടാൻ മാത്രമറിയാവുന്ന ടീച്ചർ, നല്ല ചൂടിൽ, സാരിത്തുമ്പുകൊണ്ട്വീശി ഇരിക്കുന്നകാഴ്ച കണ്ട്, ഞങ്ങളെല്ലാവരും ചേർന്ന് ഒരു രാമച്ച വിശറി ഒന്നേകാൽ രൂപയ്ക്കു വാങ്ങി ടീച്ചറിന് നൽകി. മറ്റെല്ലാ ക്ലാസ്സിലെ വിദ്യാർത്ഥികളോടും. ടീച്ചർ ഈകാര്യംപറഞ്ഞ് മാസങ്ങളോളം ഞങ്ങളെ അഭിനന്ദിക്കുമായിരുന്നു. ഏതു ചെറിയകാര്യത്തിലും നന്മകണ്ടെത്തണമെന്നും അതിന്റെ പുറകിലുള്ള മനസ്സിന്റെ മഹത്വമാണ് സ്മരണയിലുണ്ടായിരിക്കേണ്ടതെന്നും ടീച്ചർ ഞങ്ങളെ ഓർമ്മിപ്പിക്കുമായിരുന്നു.

### എറണാകുളത്തെ ശാന്തിക്കാരനായി

ഈ കാലത്ത് (6-ാം ക്ലാസിൽ പഠിക്കുന്ന കാലത്ത്) എനിക്ക് എറണാകുളംനോർത്തിലുള്ള പരമാരക്ഷേത്രത്തിൽ സ്ഥിരം കീഴ്ശാന്തിയായി ജോലിയും ലഭിച്ചു. എല്ലാ ദിവസവും രാവിലെ നാലുമണിക്കുണർന്ന്, കുളിച്ച് എട്ടര മണിവരെയുള്ള ശാന്തിപ്പണി കഴിഞ്ഞ് തൃപ്പൂണിത്തുറ ആർ എൽ വിയിലെത്തണം. നഗരത്തിന്റെതിരക്കിനിടിയിലൂടെ പതിവായിപോകുന്ന ബസ്സുകളിൽ 15 പൈസ 'വിദ്യാർത്ഥി ടിക്കറ്റ്' വാങ്ങി യാത്രചെയ്യുന്ന എന്നെക്കാണുമ്പോൾ ബസ്സിലെ കണ്ടക്ടർമാർ പറയും, "എറണാകുളത്തൊന്നും സ്കൂളില്ലാത്തതുകൊണ്ടാ ഇവൻ തൃപ്പൂണിത്തുറയിൽ ചെന്ന് പഠിക്കുന്നത"... വൈകുന്നേരം സ്കൂൾ

വിട്ട് വീട്ടിൽ വന്ന് ഭക്ഷണം കഴിക്കാനോ കളിക്കാനോ സമയമില്ലാത്ത തിനാൽ നേരെ സ്കൂളിൽ നിന്ന് എറണാകുളംനോർത്തിലെ പരമാര അമ്പലത്തിലേക്കാണ് യാത്ര. രാവിലെ അവിടത്തെ മേൽശാന്തി കുറച്ചു മോഡേൺ ബ്രെഡ് പ്രഭാത ഭക്ഷണമായിത്തരും. അത് കട്ടൻകാപ്പി യിൽ മുക്കിക്കഴിക്കും. വൈകുന്നേരം എറണാകുളം നോർത്തിലുള്ള മോഡേൺകഫേയിൽനിന്ന് ഒരുദോശയും. രാത്രി അമ്പലത്തിലെ നിവേദ്യച്ചോറും കുറച്ചുമോരും എരിവിന് കുറച്ചുനാരങ്ങാക്കറിയും ഉണ്ടാകും. അവിടത്തെ ശാന്തിക്കാരൻ മാനസികപ്രശ്നമുള്ള വ്യക്തി യായിരുന്നതിനാൽ തന്നത് തിന്നുകയല്ലാതെ നിവൃത്തിയില്ല. എന്തെ ങ്കിലും ചോദിച്ചാൽ ഒലിവർടിസ്റ്റിന് അനുഭവിക്കേണ്ടിവന്നതുപോലെ യാകുമോ എന്ന ഭയമായിരുന്നു. ചിലദിവസം ഹോട്ടലിൽ നിന്ന് ഭക്ഷണംകഴിക്കാനും രണ്ടുമൂന്നുമാസത്തിലൊരിക്കൽ ഒരു സിനിമ കാണാനും അദ്ദേഹം അനുവദിക്കുമായിരുന്നു. എറണാകുളത്തെ ചില തിയറ്ററുകളിൽ പോകാൻ അന്നാണ് അവസരം ലഭിച്ചത്.

എന്റെ സ്മരണയിൽ മായാതെ കിടക്കുന്ന അനുഭവങ്ങളിലൊന്ന് അവിടെ വെച്ചായിരുന്നു. ചെറുപ്പത്തിൽ തോന്നിയ അനാഥത്വം കൊണ്ടായിരിക്കാം ഇന്നും മനസ്സിലത് മായാതെ കിടക്കുന്നത്. വീട്ടിലെ മാവിൽ നിന്ന് മാങ്ങ പറിക്കാൻകയറിയ ഞാൻ മാവിൽനിന്ന് താഴെവീണു. കാലിൽ നല്ല മുറിവുണ്ടായിരുന്നു. അതുമായിട്ടായിരുന്നു എറണാകുളം പരമാരക്ഷേത്രത്തിൽ ശാന്തിക്കുപോയത്. വേനലവധി യായിരുന്നതിനാൽ ഇടയ്ക്ക് തൃപ്പൂണിത്തുറ വീട്ടിലേക്കുള്ള യാത്ര യില്ല. ഒന്നോ രണ്ടോ ആഴ്ച കൂടുമ്പോൾമാത്രമായിരുന്നു അവധി ക്കാലത്ത് വീട്ടിലേക്കുള്ള യാത്ര. ബാക്കിസമയം ക്ഷേത്ര ത്തിൽത്തന്നെ. കാലിലെമുറിവ് ശക്തമായി പഴുത്തു. പലപ്രാവശ്യം വീട്ടിലറിയിച്ചിട്ടും ആരും വന്നില്ല. കാൽ മുഴുവനും നീരുവന്നുവീർത്തു. കാലനക്കാനോ നടക്കാനോ സാധിക്കാത്ത അവസ്ഥ. രണ്ടുമൂന്നുദിവസം ഈ വേദന 12-ാം വയസ്സിൽ അനുഭവിച്ച എന്നെ, ക്ഷേത്രത്തിൽ തൊഴാൻവരുന്നവരെല്ലാം സഹതാപത്തോടെ നോക്കി കാര്യങ്ങളന്വേഷിച്ചുപോകുമായിരുന്നു. അന്നെന്റെ കൗമാരമനസ്സിൽ തോന്നി; ആർക്കും വേണ്ടാത്ത ജന്മമാണോ എന്റേതെന്ന്. ഇന്നും ആ അനുഭവം മനസ്സിൽ എവിടെയെല്ലാമോ അടിഞ്ഞുകൂടിക്കിടക്കുന്നു. വേണ്ടതിന്റേയും വേണ്ടാത്തതിന്റേയുംകൂടെ, ഇതുമുണ്ട്.

കാലചക്രം തിരിഞ്ഞുകൊണ്ടിരുന്നു. ആർ എൽ വി യിൽ ഏഴാം ക്ലാസിലായി. ചിരിക്കാനും സന്തോഷത്തോടെ സംസാരിക്കാനും മാത്ര മറിയാവുന്ന തങ്കമ്മടീച്ചറിന്റെ ക്ലാസിലായിരുന്നു അത്. ആ മുഖം ഇന്നും



Scanned with CamScanner

മായാതെ മനസ്സിൽ നിൽക്കുന്നു. അനവധികാലം തങ്കമ്മടീച്ചറേയും ഭാനുമതിടീച്ചറേയും കാണാൻ ഞാൻ പോകുമായിരുന്നു. എല്ലാ കാര്യത്തിലും എല്ലാകുട്ടികളേയും പ്രോത്സാഹിപ്പിച്ചിരുന്ന തങ്കമ്മടീച്ചറുടെ വാക്കുകളിൽ സ്നേഹം മാത്രമായിരുന്നു നിറഞ്ഞുനിന്നത്. വിദ്യാർത്ഥികളുടെ നിലവാരത്തിലേക്കിറങ്ങിവന്ന് ടീച്ചറൊരിക്കൽചോദിച്ചു 'ഗോപാലകൃഷ്ണന്റെ ഡോക്ടറെവിടെ?' എന്താണെന്നെനിക്കു മനസ്സിലായില്ല. കുറേക്കഴിഞ്ഞ്, എന്റെകയ്യിലുണ്ടായിരുന്ന 'ഡോക്ടർ' എന്ന പേന നഷ്ടപ്പെട്ടത് ടീച്ചർക്കുകിട്ടിയത്, എന്റെകയ്യിൽ കൊണ്ട് വന്നു തന്നു. ഞാൻ പറഞ്ഞു "ഇതൊന്നേ എന്റെ സ്വന്തമായിട്ടുള്ളൂ, ഞാൻ പാവമാണ് ടീച്ചറെ" എന്ന്. അതു ടീച്ചറിന് ഒരു ഷോക്ക് പോലെയായി. അന്ന് എന്നെവിളിച്ച് വീട്ടിലെ കാര്യങ്ങളും എറണാകുളത്തെ ശാന്തിയുമെല്ലാം ടീച്ചർ ചോദിച്ചറിഞ്ഞു. അടുത്ത ആഴ്ച എനിക്ക് കുറേ പുസ്തകങ്ങൾ വാങ്ങിത്തന്നു. ഒരു മാസം കഴിഞ്ഞ് ഒരു ഷർട്ടും വാങ്ങിത്തന്നു. എന്റെ ചെറിയഫീസ് ടീച്ചർ സ്വയം അടയ്ക്കാൻ തുടങ്ങി.

ഒരിക്കൽ, ടീച്ചർ എന്നോട് പാലക്കാട് മലമ്പുഴഅണക്കെട്ട് കാണാൻ വരണമെന്നു പറഞ്ഞു. എസ്കർഷനുള്ള കാശ് തരാൻ അച്ഛൻ വിസമ്മതിച്ചു. ടീച്ചർ എന്റെ വീട്ടിൽവന്ന് അച്ഛനോട് കാര്യങ്ങൾ പറഞ്ഞു. അച്ഛൻ പറഞ്ഞു "എനിക്ക് ആറു കുട്ടികളുടെ കാര്യംനോക്കണം. അവന്റെകയ്യിൽ പൈസയുണ്ടെങ്കിൽ പൊക്കോട്ടെ". ടീച്ചർ പറഞ്ഞു "ഗോപാലകൃഷ്ണനെ എസ്കർഷനു ഞാൻ കൊണ്ടു പോയിക്കൊള്ളാം. അനുവദിച്ചാൽ മതി". അച്ഛൻ അനുവദിച്ചു. ടീച്ചർ പോയതിനുശേഷം അച്ഛനെന്നോടു പറഞ്ഞു. "തീകത്തിക്കാനുള്ള വിറക് ഇറക്കിവെച്ചത് എല്ലാം ചെറുതാക്കി മുറിച്ചിട്ട്, പത്തു രൂപയും കൊണ്ട് എസ്കർഷനു പൊക്കോ." മൂന്നു നാലു ദിവസം കൊണ്ട് വിറകു കീറിയിട്ട് പത്തുരൂപയുംകൊണ്ട് മലമ്പുഴ സന്ദർശിച്ചു. കഠിനാധ്വാനത്തിലൂടെ കിട്ടിയ പത്തുരൂപകൊണ്ടുള്ള യാത്ര എനിക്ക് അവിസ്മരണീയമായി ലോകത്തിലെവിടെയെല്ലാം യാത്ര ചെയ്തിട്ടുണ്ടെങ്കിലും ഏഴാംക്ലാസ്സിലെ എന്റെ മലമ്പുഴയാത്ര മനസ്സിൽ നിൽക്കുന്നു. ട്രാൻസ്പോർട്ട്ബസ്സിൽ മലമ്പുഴയിൽ പോയതും അവിടെ ഓടിചാടി നടന്നതും കുട്ടികളെല്ലാം ഐസ്ക്രീംവാങ്ങിക്കഴിച്ചപ്പോൾ ടീച്ചർ രണ്ടെണ്ണംവാങ്ങി ഒരെണ്ണം എനിക്കുതന്നതും എല്ലാം ഒരു സിനിമയിലെന്നപോലെ മനസ്സിൽ വിരിയുന്നു. പിന്നീട് എറണാകുളത്തെ പരമാര ക്ഷേത്രത്തിൽ നിന്നു ലഭിക്കുന്ന ശമ്പളത്തിന്റെ ഒരംശം ഞാൻ സ്കൂളിലെ ചെറിയ ഫീസുകൊടുക്കാനും, ബസ് യാത്ര



Scanned with CamScanner

ക്കും, ഇടക്ക് ഹോട്ടലിൽ നിന്ന് ഭക്ഷണം കഴിക്കാനുമായി ഉപയോഗിക്കുമായിരുന്നു. ഏഴാം ക്ലാസിൽ പഠിക്കുമ്പോൾ സ്കൂൾ വാർഷികത്തിന് ഒരു കുട്ടിയുടെ കഥാപ്രസംഗമുണ്ടായിരുന്നു. അമ്മ പട്ടിണി കിടന്ന് മരിച്ചതും ആ അമ്മയുടെ ശരീരത്തിനടുത്ത് കൊച്ചുമകൾ വിങ്ങിപ്പൊട്ടിക്കരയുന്നതും നാട്ടുകാർ വന്ന് അമ്മയുടെ ജഡം ചിതയിൽ വെച്ച് ദഹിപ്പിക്കുന്നതും, അമ്മയുടെ ചിത കത്തിയ സ്ഥലത്തിരുന്നു വിങ്ങിപ്പൊട്ടി മകൾ (കുട്ടി) കരയുന്നതുമായിരുന്നു കഥാപ്രസംഗത്തിലെ കഥ. കഥാപ്രസംഗം കഴിഞ്ഞപ്പോൾ ഞാൻ ബഞ്ചിലിരുന്ന് ഉറക്കെക്കരയുകയായിരുന്നു. അദ്ധ്യാപികമാർ അത്ഭുതപ്പെട്ടു. അവർ എന്റെ അടുത്തു വന്ന് തലോടി എന്നെ ആശ്വസിപ്പിച്ചു. ആ കുട്ടി അമ്മയുടെ ചിതക്കരുകിലിരുന്നു കരയുന്നത്, ഞാനാണ് കരയുന്നതെന്നാണ് എനിക്കു തോന്നിയത്. ഹൃദയത്തിന്റെ ഉള്ളിൽ സ്പർശിച്ച വേദനയുടെ കഥയായിരുന്നു അത്.

ആർ എൽ വി യിലെ മൂന്നു വർഷത്തെ സ്കൂൾ ജീവിതത്തിന്റെ അടിസ്ഥാനത്തിലാണ്, ഞാൻ ഇന്ന് വിദ്യാർത്ഥികൾക്ക് മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ നന്മ നിറഞ്ഞ അനുഭവങ്ങൾ കോർത്തിണക്കി ക്ലാസുകളെടുക്കാറുള്ളത്. ആ സ്കൂളിലെ ജീവിതത്തിൽ ഒരു ചെറിയ ദുഃഖം മാത്രം എനിക്കുണ്ടായിരുന്നു. എത്രയെല്ലാം ശ്രമിച്ചാലും, കഠിനാധ്വാനം ചെയ്താലും ഒന്നിലും ഒന്നാമനാകാൻ എനിക്കു സാധിച്ചിരുന്നില്ല. കുറേ സമയത്തേക്കെങ്കിലും എന്നെ ഈ തളർച്ച ബാധിക്കുമായിരുന്നു.

ആർ എൽ വി യിൽ ക്രാഫ്റ്റ് പഠിപ്പിച്ചിരുന്ന അദ്ധ്യാപകൻ ഒരിക്കലെന്നോടു പറയുകയുണ്ടായി. "തനിക്ക് പോയി പാട്ടു പഠിച്ചുകൂടെ?" എന്ന്. സംഗീതത്തിൽ എന്റെ വീട്ടിലുള്ളവർക്കാർക്കും അൽപം പോലും അഭിരുചിയില്ലായിരുന്നതിനാൽ എന്റെ ശബ്ദം അതിനൊരിക്കലും ചേർന്നതല്ലെന്ന് അറിയാമായിരുന്നതുകൊണ്ട് അന്ന് ഞാൻ പറഞ്ഞു. "ദൈവം പറഞ്ഞാലും പാട്ടു പഠിക്കാൻ ഞാൻ പോകില്ല"... കുറേ ദിവസം കഴിഞ്ഞപ്പോൾ എന്റെ ചേട്ടൻ, എന്നെ പാട്ടുപഠിക്കാൻ നിർബന്ധിച്ചു. ക്രാഫ്റ്റ് മാഷോട് ചെയ്ത പ്രതിജ്ഞ മറന്ന് ക്രാഫ്റ്റിനു പകരം 'മ്യൂസിക്' പഠിക്കാൻ രണ്ടു മൂന്നു ദിവസത്തേക്ക് ഞാൻ പോയി. എന്റെ ശബ്ദം പാട്ടിന് ഒട്ടും ചേർന്നതല്ലെന്ന് പാട്ടുടീച്ചർ പറഞ്ഞപ്പോൾ, തിരിച്ച് ക്രാഫ്റ്റിനു തന്നെ പോകേണ്ടി വന്നു. എന്റെ കൂടെ പാട്ടുപഠിക്കാനുണ്ടായിരുന്നത് ജോയിയും, ശിവശങ്കരനുമായിരുന്നു. സംഗീതം എന്ന വിദ്യയുടെ ഒരു ചെറിയ ഭാഗം പോലും എനിക്കറിഞ്ഞുകൂടാ (അന്നും ഇന്നും) എന്നതാണ് സത്യം. എന്നെ വേദനി



Scanned with CamScanner

പ്പിക്കാതെതന്നെ ആർ എൽ വി യിലെ പാട്ടു ടീച്ചർ അതെന്നെ ബോധ്യപ്പെടുത്തി "ഗോപാലകൃഷ്ണന് പാട്ടുശരിയാവില്ല. ക്രാഫ്റ്റു തന്നെ മതി." ഞങ്ങളെ ക്രാഫ്റ്റു പഠിപ്പിച്ച മാഷുടെ പേര് ഇന്നും ഞങ്ങൾക്കറിയില്ലെങ്കിലും, അദ്ദേഹം കുറേക്കാലം എന്നെ കളിയാക്കുമായിരുന്നു.. "ദൈവം പറഞ്ഞാലും അനുസരിക്കാത്തവൻ ചേട്ടൻ പറഞ്ഞതനുസരിച്ചതുകൊണ്ട് ദൈവത്തിനു ദേഷ്യം വന്നിട്ടാണ് (പാടാനുള്ള) ശബ്ദം മോശമാക്കിയത്" എന്ന്.

ആർ എൽ വി യിൽ പഠിക്കുന്ന കാലത്ത് ഭാരത പാക്കിസ്ഥാൻ യുദ്ധമുണ്ടായപ്പോൾ അതിനായി സ്കൂളിൽ സംഭാവന പിരിക്കുന്നതിൽ ഞങ്ങളെല്ലാവരും പൂർണമായും പങ്കെടുത്തു. പച്ചക്കറി മുതൽ കൈവള വരെ, വിദ്യാർത്ഥികൾ സംഭാവന ചെയ്തത്, എല്ലാ ദിവസവും വൈകുന്നേരം കുട്ടികൾക്കായി ലേലം ചെയ്യുമായിരുന്നു. പലതിനും അഞ്ചു പൈസ മുതൽ ഒരു രൂപ വരെ ലഭിക്കുന്നത് യുദ്ധനിധിയിലേക്ക് കൊടുക്കുന്നതിലൂടെ തോന്നിയ ദേശീയ വികാരം ഞങ്ങളിൽ കാര്യമായ സ്വാധീനമുണ്ടാക്കിയിരുന്നു.

ആർ എൽ വി യിൽ നിന്നും പഠനം കഴിഞ്ഞു പുറത്തിറങ്ങിയപ്പോൾ ആത്മവിശ്വാസവും സന്തോഷവുമുള്ള ഒരു മനുഷ്യബാലനായിത്തീർന്നിരുന്നു ഞാൻ. അവിടത്തെ ക്ലാസുമുറികൾക്കും, മരങ്ങൾക്കും, ഗ്രൗണ്ടിനും എന്നെയോർമയുണ്ടാകും. കലാമണ്ഡലം കൃഷ്ണൻനായരുടെ നേതൃത്വത്തിൽ അവിടെ കഥകളി പഠിപ്പിച്ചിരുന്നത് ഞാൻ കണ്ടു നിൽക്കാറുമുണ്ട്. ചവിട്ടിത്തിരുമ്മലും, ചുട്ടികുത്തലും, തിമർത്ത് ആടലും, പാടലും എല്ലാം ആർ എൽ വി എന്ന കലാകേന്ദ്രത്തിന്റെ ഭാഗമായി ഞങ്ങൾ കണ്ടാസ്വദിച്ചിരുന്നു. അവിടെയുള്ള ഡ്രോയിംഗ് സ്കൂളും ഓർമ്മയിൽ നിൽക്കുന്നു. സ്കൂളിനോട് ചേർന്നുള്ള തൃപ്പൂണിത്തുറ ഗവ. ആശുപത്രിയുടെ മോർച്ചറി ഞങ്ങൾ ഭയത്തോടെ നോക്കുമായിരുന്നു. ഇതെല്ലാമുള്ള സ്കൂളിൽ മൂന്നു വർഷം പഠിച്ചിറങ്ങിയത് തൃപ്പൂണിത്തുറ ഗവ. ബോയ്സ് ഹൈസ്കൂളിലേക്കായിരുന്നു. ഏഴാം ക്ലാസിലും വളരെ ഉയർന്ന മാർക്കൊന്നും എനിക്ക് ലഭിച്ചിരുന്നില്ല. ഞാനൊരു ശരാശരി വിദ്യാർത്ഥി മാത്രമായിരുന്നു.

**എന്റെ ഹൈസ്കൂൾ ജീവിതം**

തൃപ്പൂണിത്തുറ ഗവ. ബോയ്സ് ഹൈസ്കൂളിൽ ഒരു സാധാരണ വിദ്യാർത്ഥിയായിട്ടായിരുന്നു എന്റെ ഹൈസ്കൂൾ ജീവിതം ആരംഭിച്ചത്. അറിയപ്പെടുന്ന റൗഡി സ്കൂളായിരുന്നു എങ്കിലും പ്രഗത്ഭരായ മാതൃകാ അദ്ധ്യാപകർ അവിടെ ധാരാളമുണ്ടായിരുന്നു. എല്ലാ



Scanned with CamScanner

അദ്ധ്യാപകർക്കും അദ്ധ്യാപികമാർക്കും ഇരട്ടപേരുമുണ്ടായിരുന്നു. ഇവർക്ക് പ്രാഗത്ഭ്യം പ്രദർശിപ്പിക്കാനുള്ള അവസരം ഒരു ക്ലാസിലും ഉണ്ടായിരുന്നില്ല. കാരണം, ക്ലാസുകളിലെല്ലാം വിദ്യാർത്ഥികളുടെ പെരുമാറ്റം വളരെ താഴ്ന്ന നിലവാരത്തിലായിരുന്നു. അവിടെ ലഭ്യമായ ബഞ്ച്-ഡസ്കുകളിൽ മുക്കാൽ ഭാഗവും വിദ്യാർത്ഥികൾ തല്ലിപ്പൊളിച്ച് മുറികളിൽ അടുക്കി വെക്കുകയാണ് പതിവ്. എട്ടാം ക്ലാസിൽ എന്നെ ഏറ്റവും ഇഷ്ടപ്പെട്ടിരുന്നത് ശ്രീ ഔസേഫ് മാഷായിരുന്നു. ക്ലാസെടുക്കുമ്പോൾ വായിൽ നിന്ന് തുപ്പൽ ധാരാളം തെറിക്കുന്ന അദ്ധ്യാപകനെ ഇന്നും, ഞാൻ പ്രഭാഷണം നടത്തുന്ന വേളയിൽ സ്മരിക്കാറുണ്ട്. അദ്ദേഹത്തിന്റെ പത്നി ശ്രീമതി മേഴ്സി ടീച്ചർ എന്നെ കെമിസ്ട്രി പഠിപ്പിച്ചിരുന്നു. അവരാണെന്നിൽ കെമിസ്ട്രി എന്ന വിഷയത്തോട് കുറച്ചെങ്കിലും താൽപര്യമുണ്ടാക്കിയത്. ഇവരുടെ വീട്ടിലേക്ക് എന്നെ ക്ഷണിക്കുമായിരുന്നു. നല്ല രീതിയിൽ ആത്മാർത്ഥമായി ക്ലാസെടുക്കാൻ സാധിക്കാത്തതിന്റെ വേദന അവരും മറ്റദ്ധ്യാപികമാരും അവിടെവെച്ച് പങ്കുവെക്കാറുണ്ട്. ഈ സ്കൂളിൽ എട്ടാം ക്ലാസു മുതൽ ഇംഗ്ലീഷ് മീഡിയം ഉണ്ടായിരുന്നതിനാൽ പഠിക്കാൻ സാമർത്ഥ്യമുള്ള വിദ്യാർത്ഥികളെല്ലാം ഇംഗ്ലീഷ് മീഡിയമാണ് തെരഞ്ഞെടുക്കാറുള്ളത്. അവരെപ്പോലെ ആകാൻ സാധിക്കാത്തതിൽ എനിക്ക് ദുഃഖവും തോന്നാറുണ്ടായിരുന്നു. ഞാൻ മലയാളം മീഡിയത്തിലായിരുന്നു. ഹൈസ്കൂൾ തലത്തിൽ എന്നേക്കാളും പഠിക്കാൻ മിടുക്കന്മാരായ ധാരാളം വിദ്യാർത്ഥികളുണ്ടായിരുന്നു. എത്രയെല്ലാം ശ്രമിച്ചാലും മുൻ നിരയിലെത്താൻ എനിക്കു സാധിച്ചിട്ടില്ല. എട്ടാം ക്ലാസിൽ എന്നെ ഏറ്റവും അധികം സ്വാധീനിച്ചത് മലയാളം രണ്ടാം ഭാഗം പഠിപ്പിച്ചിരുന്ന അരവിന്ദാക്ഷൻ മാഷായിരുന്നു. ആൽബർട്ട് ഐൻസ്റ്റീന്റെ ജീവചരിത്രമായിരുന്നു, മലയാളം നോൺ ഡീറ്റെയ്ൽഡായി പഠിക്കേണ്ടിയിരുന്നത്. ഐൻസ്റ്റീന്റെ ജീവചരിത്രസംഭവങ്ങൾ പലതും ഇന്നും മനസ്സിൽ തങ്ങിനിൽക്കുന്നത്, അരവിന്ദാക്ഷൻ സാറിന്റെ വിവരണത്തിലൂടെയാണ്. സ്കൂളിലെ പൊതുപ്രവർത്തനങ്ങളിൽ പങ്കെടുക്കാനും സ്കൂളിന് ഒരു സ്റ്റേജുണ്ടാക്കാനുമായി കാശു പിരിക്കാനും കരിങ്കൽ പണിയിൽ സഹായിക്കാനും മണ്ണുചുമക്കാനും അദ്ധ്യാപകരുടെ നേതൃത്വത്തിൽ ഞങ്ങൾ പരിശ്രമിച്ചിട്ടുണ്ട്. ഇന്നും തൃപ്പൂണിത്തുറക്ക് പോകുമ്പോൾ അരവിന്ദാക്ഷൻ സാറിനെ കാണാറുണ്ട്. അദ്ദേഹത്തിന്റെ മകളെ ഔവർ ട്യൂട്ടോറിയൽ കോളേജിൽ പഠിപ്പിക്കാനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടുണ്ട് എന്നത് കൃതജ്ഞതയോടെ ഞങ്ങൾ രണ്ടുപേരും സ്മരിക്കാറുണ്ട്. കൂടുതൽ പഠിക്കണമെന്നും



Scanned with CamScanner

നല്ല മാർക്ക് വാങ്ങിക്കണമെന്നുമെല്ലാം എനിക്ക് തോന്നിത്തുടങ്ങിയത്, എട്ടാം ക്ലാസിലായതിനു ശേഷമായിരുന്നു. വ്യക്തമായ ദിശാബോധത്തോടെ എഴുതി പഠിക്കാനും മറ്റും തുടങ്ങിയതും പഠിക്കുന്നതെന്തിനാണെന്ന് മനസ്സിലായിത്തുടങ്ങിയതും ഈ സമയത്തായിരുന്നു.

എറണാകുളത്തെ പരമാരക്ഷേത്രത്തിലെ ശാന്തി പണി വേണ്ടെന്നു വെച്ചു. വിവാഹസദ്യകൾക്ക് ഭക്ഷണം പാകം ചെയ്യാനും വിളമ്പാനുമുള്ള താൽക്കാലിക ജോലിയാണ് കൂടുതൽ ലാഭകരമായിരുന്നത്. എറണാകുളം ടി.ഡി.എം. ഹാളിലും മറ്റു കല്യാണമണ്ഡപങ്ങളിലും പ്രധാന പാചകക്കാരന്റെ ശിഷ്യനായിരിക്കുക, സഹായിക്കുക ഇതാണ് ജോലി! അനുസരണയുള്ളവനായിരുന്നതിനാലും രാത്രി മുഴുവൻ ഉറക്കമില്ലാതെയിരുന്നു പണിയെടുക്കാനുള്ള വിമുഖതയില്ലാത്തതിനാലും കൂടെയുള്ള പാചകക്കാർക്കും എന്നെ ഇഷ്ടമായിരുന്നു. ചില ഇടങ്ങളിൽ അച്ഛനും ജ്യേഷ്ഠന്മാരും കൂടെയുണ്ടാകും. പല പല പാചകക്കാരുടെ കൂടെയും പോയിട്ടുണ്ട്. ഒരു സദ്യയ്ക്ക് 25 രൂപ മുതൽ 50 രൂപ വരെ കൂലി ലഭിക്കുമായിരുന്നു.

വീട്ടിൽ ഭക്ഷണത്തിന് പരിമിതി ഉണ്ടായിരുന്നതുകൊണ്ട് കോവിലകങ്ങളിൽ അച്ഛന്റെ നിർദേശപ്രകാരം ഉച്ചയൂണിന്, അവധി ദിവസങ്ങളിൽ അഞ്ചാം ക്ലാസു പഠിക്കുന്ന കാലം മുതലേ പോകുമായിരുന്നു. അവിടെ രാജകുടുംബാംഗങ്ങളായ തമ്പുരാൻ കുട്ടികളുടെ കൂടെയിരുന്നു, ഊണു കഴിക്കുക എന്നത് മനസ്സിന് എന്നും വേദന തോന്നുന്ന അനുഭവമായിരുന്നു എന്നുപറയാതെ വയ്യ. അതിനനുവാദമുണ്ടായിരുന്നെങ്കിലും അപകർഷതാ ബോധത്തിന്റെ കൊടുമുടിയിലിരുന്നാണ് ഊണു കഴിച്ചിരുന്നത്. പട്ടു വസ്ത്രവും സ്വർണമാലയും സ്വർണവളയുമെല്ലാം അണിഞ്ഞു കൊച്ചിരാജവംശത്തിലെ കുട്ടികളോടൊപ്പം പാചകക്കാരന്റെ മകൻ ഗോപാലകൃഷ്ണൻ ബ്രാഹ്മണനായതുകൊണ്ടു മാത്രം ഇരുന്ന് ഊണു കഴിക്കുക. യോഗ്യത കൊണ്ടല്ലാത്തതിനാൽ ഈ ഭക്ഷണം അപകർഷതയുടെ വേദനയോടെയാണ് കഴിക്കാറുള്ളത്. ഈ തമ്പുരാൻ കുട്ടികളിൽ ചിലർ എന്റെ കൂടെ പ്രൈമറി സ്കൂളിലും അപ്പർ പ്രൈമറിയിലും പഠിക്കുന്നവരോ പഠിച്ചവരോ ആയിരുന്നു. ക്രിക്കറ്റ് ജ്വരം മൂത്ത് ഭ്രാന്തു പിടിക്കുന്നവരും അക്കൂട്ടത്തിലുണ്ടായിരുന്നു. എന്തെല്ലാമാണെങ്കിലും അവരിലാരും എന്നെ വെറുപ്പോടെ നോക്കുകയോ പെരുമാറുകയോ ചെയ്തിട്ടില്ല. അവരുടെ കുലീനത ഇന്നും തൃപ്പൂണിത്തുറയിൽ പോകുമ്പോൾ എനിക്കനുഭവപ്പെടാറുണ്ട്. എന്നെ ചെറുപ്പത്തിലെ അനുമോദിച്ച പല കോവിലകത്തെ തമ്പുരാട്ടിമാരുടേയും വിദ്യാർത്ഥിയായിരിക്കാൻ, മഹാരാജാസ്കോളേജിൽ



Scanned with CamScanner

പഠിച്ചിരുന്ന കാലത്ത് എനിക്ക് ഭാഗ്യമുണ്ടാകുകയും ചെയ്തിട്ടുണ്ട്. അവരുടേയും അവരുടെ കുടുംബാംഗങ്ങളുടെയും പല തലമുറകളിൽപ്പെട്ടവരുടേയും അനുമോദനങ്ങൾക്കും നന്മ നിറഞ്ഞ വാക്കുകൾക്കും വലിയ പാരിതോഷികത്തിന്റെ വിലയായിരുന്നു, അതൊരഭിമാനവുമായിരുന്നു.

രാജകുടുംബാംഗങ്ങളുടെ ഉച്ചയൂണു കഴിഞ്ഞാൽ, പാത്രങ്ങളിൽ ബാക്കി വരുന്ന ഭക്ഷ്യവിഭവങ്ങൾ അടുക്കളയുടെ പുറംവാതിലിലൂടെ വീട്ടിലേക്ക് കൊണ്ടുപോകാനായി അച്ഛൻ എന്റെ കയ്യിൽ തരും. പാറാവുകാരൻ കാണാതെ കുറ്റിച്ചെടികൾക്കിടയിലൂടെ വലിയ ഒരു കുളത്തിന്റെ അരികിലൂടെ പോകുന്നത് ഇന്നും ഭയത്തോടുകൂടിയാണ് ഞാൻ ഓർമ്മിക്കാറുള്ളത്.

സാമ്പത്തീക ഞെരുക്കം ഏറുമ്പോൾ അച്ഛൻ പല വീടുകളിലും പൂജക്കായി പോകും. കൂടെ സഹായിക്കാൻ ഞാനുമുണ്ടാകും. ഒന്നേകാൽ രൂപയാണ് അച്ഛനു ദക്ഷിണ. സഹായിയായി പോകുന്ന എനിക്കൊന്നും ലഭിക്കാറുമില്ല. തൃപ്പൂണിത്തുറയിലെ അനവധി വീടുകളിൽ പൂജക്കുപോകുമ്പോൾ ലഭിക്കുന്ന തുച്ഛമായ തുകയുടെ ഒരു ഭാഗമാണ് വർഷത്തിലൊരിക്കൽ സ്കൂൾ തുറക്കുമ്പോൾ അണിയാനുള്ള ഒരു ട്രൗസറിനും ഒരു ഷർട്ടിനും വേണ്ടി ഉപയോഗിക്കുക. പിന്നെ കല്ല്യാണ സദ്യ വിളമ്പൽ, തൃപ്പൂണിത്തുറ ചക്കം കുളങ്ങരയമ്പലത്തിലെ ശാന്തി പണി, നാണയത്തുട്ടുകളുടെ ശേഖരം ഇതും കൂടിച്ചേരും! ദാരിദ്ര്യത്തിന്റെ പാഠം പഠിക്കുമ്പോഴും കർമ്മത്തിന്റെ മഹത്വവും സ്വപ്രയത്നത്തിലൂടെ ഉയരണമെന്ന പ്രായോഗിക പാഠങ്ങളും പഠിക്കാനവസരം ലഭിച്ചു. ഞങ്ങൾ അഞ്ചുപേരും പാചകത്തിനും, ശാന്തിപ്പണിക്കും, വിളമ്പിനും, പൂജക്കും പോകുമ്പോൾ ലഭിക്കുന്ന കൂലിയും ദക്ഷിണയും അച്ഛന്റെ കയ്യിലാണ് ലഭിക്കുക. അതും കുടുംബചിലവിനായി വിനിയോഗിക്കുകയാണ് പതിവ്. മറ്റൊരു വിധ സാമ്പത്തീക വരയവുമില്ലാത്ത അച്ഛന്, ഒരു മകളെയുള്ളൂവെങ്കിലും അവരെ വിവാഹം കഴിച്ചുകൊടുക്കാനുള്ള നിധിയുണ്ടാക്കേണ്ടതും ഇതിൽ നിന്നായിരുന്നു.

## വലിയച്ഛന്റെ സ്നേഹാനുഭവങ്ങൾ

വലിയച്ഛനും (അച്ഛന്റെ സഹോദരൻ) അമ്മായി (അച്ഛന്റെ സഹോദരി)ക്കും എന്നെ ഏറെ ഇഷ്ടമായിരുന്നു. അവർ, വൈപ്പിൻ മുനമ്പം ദ്വീപിൽ ചെറായിക്കടുത്തുള്ള കുഴുപ്പിള്ളിയിലായിരുന്നതിനാൽ ഇടക്കിടക്ക് അങ്ങോട്ടൊരു യാത്ര പ്രത്യേകിച്ചും വേനലവധിക്ക് പതിവുണ്ടായിരുന്നു എന്നു ഞാൻ എഴുതിയിരുന്നു. ഹൈസ്കൂളിലായതോടെ സ്വയം കുഴുപ്പിള്ളിയിലേക്കു പോകാനുള്ള അനുവാദവും



Scanned with CamScanner

എനിക്കു കിട്ടി. ധനികനായിരുന്നു എങ്കിലും വളരെ ചിലവു ചുരുക്കിയായിരുന്നു വലിയച്ഛന്റെ ജീവിതം. വളരെ ദേഷ്യക്കാരനായിരുന്നെങ്കിലും എന്നെ ഏറെ സ്നേഹിച്ചിരുന്നു. വലിയച്ഛന്റെ മകനും (ഞങ്ങൾ അണ്ണൻ എന്നാണ് വിളിക്കാറുള്ളത്). കുഴുപ്പിള്ളിയിലുണ്ടായിരുന്നു. മലയാളഭാഷയിൽ (MA., M.Ed) ബിരുദമുള്ള അദ്ദേഹം വിഷുക്കൈനീട്ടം നൽകാനും മറ്റു വിശേഷദിവസങ്ങളിലുമെല്ലാം കൊച്ചച്ഛനെ (എന്റെ അച്ഛനെ) കാണുവാൻ വരുക പതിവായിരുന്നു. ഭയഭക്തി ബഹുമാനത്തോടെയാണ് ഞാൻ, എൻ.ജി.കൃഷ്ണൻ എന്നറിയപ്പെടുന്ന അദ്ദേഹത്തെ കണ്ടിരുന്നത്. അദ്ദേഹത്തിന്റ പ്രത്യേകതകളിതെല്ലാമായിരുന്നു; അദ്ധ്യാപകൻ, ചടുലമായ നടത്തം, പ്രസംഗപാഠവം, പൊതുപ്രവർത്തനം, പല കാര്യങ്ങളിലും ചിരിച്ചു കൊണ്ടുള്ള ചർച്ച, എല്ലാ പ്രശ്നങ്ങൾക്കും പരിഹാര നിർദ്ദേശം, എല്ലാ വാക്കുകളിലും പ്രവൃത്തിയിലും ഒളിഞ്ഞുകിടക്കുന്ന ഒരർത്ഥം. ഇതെല്ലാം അദ്ദേഹത്തിൽ നിന്നെപ്പോഴുമുണ്ടാകും. കമ്മ്യൂണിസ്റ്റുകാർ എന്നും എന്തും ചെയ്യുന്നതിലും അഥവാ പറയുന്നതിലും രണ്ടർത്ഥം/രണ്ടു നേട്ടം ഉണ്ടാകും. ഒന്നാമത്തേത് മുകൾപരപ്പിൽ സാധാരണക്കാർക്കു തോന്നുന്നത്. രണ്ടാമത്തേത് യഥാർത്ഥത്തിൽ ആർക്കും കാണാതെ അഗാധതലത്തിൽ ഒളിഞ്ഞുകിടക്കുന്നത്. ഇത് രണ്ടും ഇദ്ദേഹത്തിന്റെ പല വാക്കുകളിലും പ്രവൃത്തിയിലും തെളിഞ്ഞു നിൽക്കുന്നത് എനിക്ക് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുമായിരുന്നു.

കുഴുപ്പിള്ളിയിലെ യാത്രയിൽ എന്നും ആസ്വദിച്ചിരുന്നത് വലിയച്ഛനോടൊപ്പമുള്ള പള്ളത്താംകുളങ്ങര ക്ഷേത്രത്തിലെ സായം സവാരിയാണ്. മുനമ്പത്തു നിന്നും വൈപ്പിനിൽ നിന്നും വരുന്ന ബസ്സുകൾ, ജീവിതാനുഭവങ്ങൾ തിളയ്ക്കുന്ന വളരെ പാവപ്പെട്ടവരായ കുടിയാന്മാരുടെ മുഖഭാവം, സംസാരരീതി, ഇതെല്ലാം കണ്ടും കേട്ടുമറിഞ്ഞു കൊണ്ടിരുന്നു. വലിയച്ഛനോടൊപ്പം തെങ്ങുകയറ്റത്തിന്റെ കണക്കെടുക്കുക, തോടുകൾ നിറഞ്ഞ കുഴുപ്പിള്ളി തറവാട്ടിൽ കവുങ്ങിൻ പാള കൊണ്ട് വഞ്ചിയുണ്ടാക്കി ഓടിക്കുക, ഇതെല്ലാം വളരെ ചെറുപ്പം മുതൽക്കേ ഒരു ഹരമായിരുന്നു. തെങ്ങുകയറ്റത്തൊഴിലാളിയായ കണക്കൻ കൃഷ്ണൻ, കുട്ടിയാന്മാരായ കേശവൻ, സന്നലൻ, കൃഷ്ണൻ, രാമഭായി എന്നിവരെല്ലാം ജീവിത സ്മരണയിൽ സ്നേഹ ബഹുമാനാദികൾ വളരെ ചെറുപ്പത്തിലേ നൽകിയിരുന്നവരായിരുന്നു.

മത്സ്യത്തൊഴിലാളികളും, സാധാരണക്കാരും, പണക്കാരും, പണ്ഡിതരും, പാമരനുമെല്ലാം, പള്ളത്താംകുളങ്ങര ക്ഷേത്ര മൈതാനിയിൽ വൈകുന്നേരം ഒത്തുചേരൽ പതിവായിരുന്നു. അവർ



Scanned with CamScanner

യഥാർത്ഥ ജീവിതം ആസ്വദിക്കുന്നതു കാണാമായിരുന്നു. അക്കൂട്ടത്തിൽ ക്ഷേത്രത്തിലെ കാര്യസ്ഥൻ പാട്ടാളിയും എന്റെ വല്യച്ഛനും പലതും സംസാരിച്ചുകൊണ്ടിരിക്കും. അതിനുശേഷം വല്യച്ഛന്റെ കൈപിടിച്ച് വീട്ടിലേക്കു മടങ്ങുമ്പോൾ ജന്മിയുടെ നിലവെച്ചു പുലർത്തുന്ന വല്യച്ഛനെ പലരും തൊഴുന്നതു കാണാം. അവിടത്തെ അയൽപക്കത്തുകാരനായ കിഴക്കേടൻ ഔസേഫ്, ലാസർ, ചെറിയൻകുട്ടി, രാഘവൻ എന്നിവരെയെല്ലാം കാണുമ്പോഴും, അവർ വലിയച്ഛനുമായി വലിയ കാര്യങ്ങൾ സംസാരിക്കുമ്പോഴുമെല്ലാം, മനസ്സിലാക്കാൻ അസാദ്ധ്യമായ കാര്യങ്ങളായാണ് മനോമണ്ഡലത്തിലൂടെ കടന്നുപോകുക.

പള്ളത്താംകുളങ്ങര ക്ഷേത്ര ഉത്സവത്തിന് പത്തു പതിനഞ്ചു ആനകളുടെയെഴുന്നള്ളിപ്പ് പതിവായിരുന്നു. ഞങ്ങൾ അതു കാണാൻ പോകാറുണ്ട്. ഈ ആനകളെയെല്ലാം വലിയച്ഛന്റെ പറമ്പിലാണ് തളച്ചിടാറുള്ളത്. ആനകളുടെ അടുത്ത് വന്ന് കളിക്കുക എന്ന പതിവുമുണ്ടായിരുന്നു. ഒരു ദിവസം ഒരാനക്ക് മദപ്പാടുപൊട്ടുന്നതിന്റെ തുടക്കമായി ആനക്കാരനെ കുത്തിമലർത്തുന്നതു നേരിൽ അടുത്തു നിന്ന് കണ്ടു. അന്നുമുതൽ എന്റെ ഉപബോധമനസ്സിൽ ആനയെക്കാണുമ്പോളുണ്ടാകുന്ന ഭയം അനിർവചനീയമാണ്. ഇന്നും ഇടക്കിടെ ആന എന്റെയടുത്തേക്ക് ഓടിവരുന്നതായി സ്വപ്നം കണ്ട് ഞാൻ ഭയപ്പെടാറുണ്ട്.

എറണാകുളം ശിവക്ഷേത്രത്തിൽ അച്ഛനും വലിയച്ഛനും ശാന്തിക്കാരായി സമ്പാദിച്ച ധനം വലിയച്ഛൻ ഉപയോഗിച്ച്, ഏക്കറു കണക്കിന് ഭൂമി സ്വന്തമാക്കിയിരുന്നു. കുറേയേറെ കുടിയാന്മാരുടെ മേൽനോട്ടത്തിലായിരുന്നു ഇതെല്ലാം നിലനിന്നിരുന്നത്. ആ പുരയിടങ്ങളിലൂടെ, നടക്കുമ്പോൾ ബാല്യത്തിന്റെ അവസാനത്തിൽ ആസ്വദിക്കാൻ ലഭിക്കുന്ന ദിനങ്ങളായിരുന്നു വേനലവധിയുടെ ചെറിയൊരു ഭാഗം. ശ്രീ അച്ചുതമേനോൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് നടപ്പാക്കിയ ഭൂപരിഷ്കരണം കാരണം വല്യച്ഛന്റെ ഭൂമിയെല്ലാം പല പല കഷണങ്ങളായിത്തീർന്നു. എല്ലാ മുക്കിലും മൂലയിലും കുടിയാന്മാരുണ്ടായിരുന്നതിനാൽ അവർക്കു ഭൂമി വീതിച്ചു നൽകേണ്ടിയും വന്നു. ഭൂമിയെല്ലാം നഷ്ടപ്പെട്ടുവെങ്കിലും വലിയച്ഛൻ ഒരു ജന്മിയെ പോലെ ത്തന്നെയായിരുന്നു.

ഹൈസ്കൂളിലായതിനുശേഷം കുഴുപ്പിള്ളിയിൽ നിന്ന് വൈപ്പിൻ റോഡിലൂടെ ബസ്സിൽ മുരിക്കിൻപാടത്തെ ബോട്ടു ജെട്ടിയിൽ വന്ന്, അവിടെനിന്നും കടത്തു ബോട്ടിൽ എറണാകുളത്തെത്തി, തൃപ്പൂണിത്തുറക്ക് എത്തുക എന്നത് സ്വയം ചെയ്യാമെന്ന ധൈര്യവും ലഭിച്ചു.

**ആത്മവിശ്വാസത്തിലേക്ക്**

തൃപ്പൂണിത്തറ ഗവ. ബോയ്സ് ഹൈസ്കൂളിൽ 9,10 ക്ലാസുകളിൽ പഠിക്കാൻ കുറച്ചൊക്കെ സമർത്ഥനായി മാറിയിരുന്നു. ഹിന്ദി പഠിപ്പിക്കുന്ന ലീല ടീച്ചറും ബയോളജി ക്ലാസെടുക്കുന്ന രാധാടീച്ചറും, ഗണിതമെടുക്കുന്ന ശ്രീനിവാസൻസാറുമെല്ലാം പഠിപ്പിക്കുന്ന രീതി തന്നെ ഹൃദയസ്പർശിയായിരുന്നു. എന്റെ ബന്ധുവായ മറ്റൊരു രാധാ ടീച്ചറും ഗണിതം പഠിപ്പിക്കുവാനുണ്ടായിരുന്നു. ഇടക്കാലത്ത് ഔവർ ട്യൂട്ടോറിയൽ കോളേജിലും, പിന്നീട് കൊച്ചിൻ കോളേജിലും, സ്വന്തം ട്യൂഷൻ സെന്ററിലും ക്ലാസു നടത്തുമ്പോഴെല്ലാം ഈ അദ്ധ്യാപികമാരും അദ്ധ്യാപകരും പഠിപ്പിച്ചിരുന്ന രീതിയിൽ നിന്നു തന്നെ എനിക്ക് വളരെയേറെ പകർത്താനുണ്ടായിരുന്നു.

കബടികളിയും, ഒരൽപം ക്രിക്കറ്റുകളിയും വശമാക്കിയതൊഴികെ കലാകായികമണ്ഡലങ്ങളിൽ ഞാൻ വട്ടപൂജ്യമായിരുന്നു. സ്കൂളിൽ ചിലപ്പോൾ ക്രിക്കറ്റുകളിക്കാറുള്ള ഞാൻ ഒരിക്കലും മൂന്നു റൺസിൽ കൂടുതലെടുത്തിട്ടില്ല. ഒരു കളിയിൽ 47 റൺസെടുത്തതല്ല എന്റെ ടീമിനെ അത്ഭുതപ്പെടുത്തിയത്, (ഒരേ ഒരു ലിനൻ മുണ്ടുമാത്രമുണ്ടായിരുന്ന എനിക്ക്, അതുടുത്ത് ഓടാൻ വിഷമമായിരുന്നു.) ഒരു ബാൾ അടിച്ചതും അത് കുറേ ദൂരം പോകുമെന്നറിഞ്ഞ ഉടനെ അപ്പുറത്തെ ബാറ്റ്സ്മാൻ എന്റെയടുത്തെത്തിക്കഴിഞ്ഞിരുന്നു. അതേ സമയം അഴിഞ്ഞു പോയ ലിനൻമുണ്ട് കയ്യിൽ പിടിച്ചുകൊണ്ട് ഓടിയതായിരുന്നു എല്ലാവരുടേയും ശ്രദ്ധ പിടിച്ചുപറ്റിയത്. എന്തിലെങ്കിലും സർട്ടിഫിക്കറ്റ് നേടണം, മറ്റുള്ളവരുടെ മുന്നിൽ തനിക്കും സ്ഥാനം ലഭിക്കണം എന്ന ആഗ്രഹം ഇക്കാലഘട്ടത്തിൽ മനസ്സിൽ നിറഞ്ഞിരുന്നു. ഒമ്പതാം ക്ലാസിൽ പ്രച്ഛന്ന വേഷമത്സരത്തിന് ഒരു സന്യാസിയായി വേഷമിട്ടു. സംസ്കൃതാദ്ധ്യാപകന്റെ സഹായത്തിൽ ഒരു സംസ്കൃതശ്ലോകമുണ്ടാക്കി. ജായതേ സ്ഖലിതാത്ദുഃഖാത്, നരോ ദുഃഖം വിനാശ്യതേ ന ഹി ത്യജതിസ്ഖലിതം കിന്തു ബാന്ധവീകുരുതേ = (മനുഷ്യൻ തെറ്റുകളിൽ നിന്നും ദുഃഖങ്ങളിൽ നിന്നും ഉത്ഭവിക്കുന്നു. കഴിയുന്നത്രയും ദുഃഖമില്ലാതാക്കാൻ അവൻ ശ്രമിക്കുമ്പോഴും തെറ്റുകളെ സ്വന്തമാക്കാൻ തന്നെയാണ് അവൻ ശ്രമിക്കുന്നത്). ഈ ശ്ലോകം ചൊല്ലിയുള്ള പ്രച്ഛന്നവേഷത്തിന് എനിക്ക് രണ്ടാം സമ്മാനം ലഭിച്ചു.

ഇക്കാലഘട്ടത്തിലായിരുന്നു പാലക്കാട് കോങ്ങാട്ട് നാരായണൻനായരെ നക്സലൈറ്റുകൾ തലവെട്ടിക്കൊന്നത്. നക്സലൈറ്റുകളുടെ കാലഘട്ടമായിരുന്നതിനാൽ അതേ വിഷയത്തിൽ ഒരു നിശ്ച



Scanned with CamScanner

ലദൃശ്യം (ടാബ്ലോ) ഞാൻ അവതരിപ്പിച്ചു. അതിനും രണ്ടാം സമ്മാനം ലഭിച്ചു. എൻ.സി.സിയിൽ കാര്യമായി പങ്കെടുത്തിരുന്നു. ജീവിതത്തിൽ മറ്റു വിദ്യാർഥികളേക്കാൾ കുറച്ചെങ്കിലും ഉയരാൻ സാധിച്ചില്ലെങ്കിലും എൻ സി സി കഴിയുമ്പോൾ ലഭിക്കുന്ന ഉപ്പുമാവും വടയും ഒരു സിദ്ധൗഷധം പോലെയായിരുന്നു. അവയ്ക്ക്, മറക്കാൻ കഴിയാത്ത സ്വാദുമുണ്ടായിരുന്നു.

വേനലവധിക്കും ക്രിസ്മസ് അവധിക്കും എൻ സി സി ക്യാമ്പിന് പോയിരുന്നതും, ഏതെങ്കിലും വിധത്തിൽ കുറേ സർട്ടിഫിക്കറ്റുകളുണ്ടാക്കണം, ഉയരണം എന്ന ഒരു സ്വപ്നം കൊണ്ടു മാത്രമായിരുന്നു. ഇത് ഒരു 'പോസിറ്റീവ് വീക്ഷണത്താലായിരുന്നില്ല' എന്നു തോന്നുന്നു. മറിച്ച് ഒന്നാം ക്ലാസു മുതൽ എന്നിലുണ്ടാക്കിയ തീവ്രമായ അപകർഷതാബോധത്തിന്റെ പ്രതികാരമായിരുന്നു, ഒമ്പതാം ക്ലാസിൽ എനിക്ക് ഓർമ്മിക്കാനായി ഒരു സുഹൃത്തുണ്ടായിരുന്നു; രവിതമ്പുരാൻ കൊച്ചിരാജവംശത്തിന്റെ ശാന്തനായിരുന്ന സന്തതി. എന്നെ വളരെ ഇഷ്ടമായിരുന്നു. കാര്യമായിട്ടൊന്നും സംസാരിക്കാറില്ല, തികഞ്ഞ കുലീനത. രാജകുടുംബത്തിന്റെ മഹത്വം നിറഞ്ഞ രവി എന്റെ മാത്രം കൂട്ടുകാരനായിരിക്കണമെന്നു വരെ എനിക്കു അന്ന് തോന്നിയിരുന്നു. ഇംഗ്ലീഷ് മീഡിയത്തിലും മലയാളം മീഡിയത്തിലും പഠിക്കുന്ന അരഡസനോളം വിദ്യാർത്ഥികൾ അവിടെത്തന്നെ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ മക്കളായിരുന്നുവെങ്കിലും ഒരു പ്രത്യേക പരിഗണനയും അവർക്ക് ആരും നൽകിയിരുന്നില്ല.

ഗവ. ബോയ്സ് ഹൈസ്കൂളിൽ പഠനമാരംഭിച്ച കാലം മുതൽക്ക് കുറേ വർഷത്തേക്ക് എനിക്ക് ഒരു പ്രത്യേക തരത്തിലുള്ള അസുഖം, നേത്രരോഗം കൂടാതെ, ഉണ്ടായിരുന്നു. അൽപസമയം എവിടെയെങ്കിലും നിന്നാൽ ഉടനെ വിയർത്തു കുളിക്കും, കൂടാതെ കാണുന്നതെല്ലാം മഞ്ഞനിറത്തിലാകും, മിനിറ്റുകൾക്കകം തലകറക്കമുണ്ടാകുകയും നിരന്തരം കോട്ടുവാവരുകയും, ഞാൻ വീഴാൻ പോകുകയും ചെയ്യും. വീഴുന്നതിനു മുമ്പ് എവിടെയെങ്കിലും ഇരിക്കും അതിനാൽ വീഴ്ചയിൽ നിന്ന് രക്ഷപ്പെടാറുണ്ട്. തലകറക്കം വരുന്നതിന്റെ മിനിറ്റുകൾക്കു മുമ്പ് തന്നെ ലക്ഷണങ്ങൾ വരാറുള്ളതുകൊണ്ട് വീഴ്ചയിൽ നിന്നു രക്ഷപ്പെടാറുണ്ട്. അതുകൊണ്ട് സ്കൂളിലെ അസംബ്ളിക്ക് ഗ്രൗണ്ടിൽ നിൽക്കുന്നത് എനിക്കു ഭയമായിരുന്നു.

ശാന്തിപണിയും, പൂജയും, കല്യാണസദ്യക്ക് പാചകവുമില്ലാത്ത ദിനങ്ങളിൽ തൃപ്പൂണിത്തുറയിലെ പ്രസിദ്ധമായ പാലസ് ഓവൽഗ്രൗണ്ടിൽ (അന്ന് അതറിയപ്പെട്ടിരുന്നത് ഒട്ടോളിപ്പറമ്പ് എന്നായിരുന്നു)

ക്രിക്കറ്റുകളി പരിശീലിക്കാൻ ചില ദിവസങ്ങളിൽ പോകാറുണ്ട്. പരിശീലനം പ്രധാനമായും പന്തുപെറുക്കലായിരുന്നു. അതു കഴിഞ്ഞ് തിരിച്ചു വരുമ്പോൾ ഞാനെന്തൊക്കെയോ ആയിത്തീരുന്നതായിട്ടു തോന്നാറുണ്ട്. ഏതാനും നിമിഷത്തേക്കു മാത്രം തോന്നിയിരുന്ന ബാല്യകാലത്തിന്റെ മാനസീകാവസ്ഥ മാത്രമായിരുന്നു അത്. കൊച്ചി രാജകുടുംബാംഗങ്ങൾ പ്രഗത്ഭരായ ക്രിക്കറ്റ് കളിക്കാരെക്കുറിച്ച് പറയുകയും, അവരായിത്തീരുന്നതുപോലെ സംസാരിക്കുകയും, കൂട്ടത്തിൽ പലരും വീമ്പടിക്കുകയുമെല്ലാം ചെയ്യുന്നതു കേൾക്കാൻ രസമായിരുന്നു. പക്ഷേ കലയും കളിയും ഏഴയൽവക്കത്തെത്താത്ത എന്റെ സ്വഭാവവും എന്റെ കുടുംബത്തിന്റെ പൈതൃകവും ജീവിതഭാഗമായ എനിക്ക് ക്രിക്കറ്റിൽ എന്തെങ്കിലും ആകാൻ, ഈ ജന്മത്ത്, സാധ്യമല്ല എന്നറിയാമായിരുന്നതിനാൽ വെറുതേയായിരുന്നു ഈ പരിശീലനം.

എന്റെ വീട്ടിലാകട്ടെ വൈകുന്നേരം അമ്മയുടെ പ്രാർത്ഥന 7 മണിയോടെ കഴിഞ്ഞാൽ വീട്ടിൽ പടിഞ്ഞാറെ വരാന്തയിൽ അച്ഛനിരിക്കും അമ്മ വരാന്തയിലൂടെ നടന്ന്, ജീവിതത്തിലെ പ്രതിസന്ധികളെല്ലാം തരണം ചെയ്യേണ്ടതെങ്ങിനെയാണെന്ന് ചർച്ച ചെയ്യും. അച്ഛന്റെ വിധവയായ സഹോദരി ഞങ്ങളുടെ കൂടെയുണ്ടായിരുന്നതിനാൽ അവരുടെ സാമ്പത്തീകഭാരം കൂടി എടുക്കേണ്ടിവരുന്നതിന്റെ ദുഃഖവും പങ്കുവെക്കുമായിരുന്നു. അവർ വന്ന് വർഷങ്ങളൊന്നുരണ്ടു കഴിഞ്ഞപ്പോൾ അച്ഛന്റെ സഹോദരിയും അമ്മയും തമ്മിൽ കാര്യമായി വഴക്കായി. കുടുംബത്തിലെ എല്ലാ ബന്ധങ്ങളും അത് ഉലച്ചു. ഞാൻ വളരെ ചെറുപ്പമായിരുന്ന കാലത്ത് അച്ഛന്റെ അമ്മയും (മുത്തശ്ശി) എന്റെ അമ്മയും തമ്മിൽ അതികഠിനമായി വഴിക്കിട്ടിരുന്നത് കണ്ടിട്ടുണ്ട്. ഇതെല്ലാം അമ്മയെ ജീവിതത്തിന്റെ നിസ്സഹായതയിലെത്തിച്ചു. മരിക്കാൻ വരെ തയ്യാറാകുന്ന ഒരു മാനസികാവസ്ഥയിലേക്ക് കൂടി അമ്മയെ എത്തിച്ചു. ഈ അവസ്ഥ എന്റെ അനുജന്മാരുടേയും ജ്യേഷ്ഠന്മാരുടേയും പഠനത്തെ കാര്യമായി ബാധിച്ചുവെങ്കിലും എന്റെ പഠനത്തെ ബാധിക്കാതിരിക്കാൻ ഞാൻ ഓരോ നിമിഷവും ശ്രദ്ധിച്ചിരുന്നു.

ഇക്കാലഘട്ടത്തിൽതന്നെ കുറേ സമയം വേദമന്ത്രങ്ങൾ പഠിക്കാനായി ഞാൻ ചിലവഴിക്കുമായിരുന്നു. രണ്ടര രൂപ ദക്ഷിണക്കു പകരം കൂടുതൽ മന്ത്രങ്ങൾ ജപിച്ചാൽ മൂന്നു രൂപ ദക്ഷിണ ലഭിക്കുമായിരുന്നു. പല പണ്ഡിതരുടേയും അടുത്ത് നിന്ന് പല പല മന്ത്രങ്ങളും കുറേ തന്ത്രവും, പൂജാവിധികളും അഭ്യസിച്ചു. അവയെല്ലാം ഊണത്തിൽ ചൊല്ലാനായി തെർലക് സ്വാമിയുടെയും കുറെ രാജവംശ തമ്പുരാക്കന്മാരുടേയും വീട്ടിലേക്കു പോകുമായിരുന്നു. ഒരു രൂപ



Scanned with CamScanner

മുതൽ അഞ്ചു രൂപ വരെ അന്നത്തെക്കാലത്ത് ദക്ഷിണ ലഭിക്കുമായിരുന്നു. 8-ാം ക്ലാസു മുതൽക്കാണ് പൂജക്കു പോകുവാനും തുടങ്ങിയത്. ഒന്നരരൂപയായിരുന്നു ദക്ഷിണയായി ലഭിക്കുക. സ്വന്തം താൽപര്യം കൊണ്ടു തന്നെയായിരുന്നു ഇവയെല്ലാം പഠിച്ചതും പ്രയോഗിക്കുന്നതും. അന്നു പഠിച്ച ഏതാണ്ടെല്ലാ മന്ത്രങ്ങളും പൂജാവിധികളും ഇന്ന് എനിക്കു വളരെയേറെ പ്രയോജനപ്പെടാറുണ്ട്.

കാര്യമായിട്ടൊന്നും വിളയാത്ത മണ്ണാണെങ്കിലും വീട്ടിൽ ചീര, ചേമ്പ്, കൂർക്ക, വാഴ എന്നീ കൃഷിയും എനിക്കിഷ്ടമായിരുന്നു. അമ്മയും കൃഷിക്ക് സഹായിക്കാറുണ്ടായിരുന്നു. ജ്യേഷ്ഠൻ ഇതെല്ലാം ചെയ്യിക്കുന്ന ഒരു മാനേജർ പോലെയാണ് പെരുമാറാറുള്ളത്.

**പരാജയത്തിനും വിജയത്തിനുമിടക്ക്**

പത്താം ക്ലാസിലേക്കു കടക്കുന്നതു മുതൽ പഠനത്തിൽ വളരെ കൂടുതലായി ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള ആഗ്രഹം തോന്നിത്തുടങ്ങിയിരുന്നു. മറ്റു കർമ്മഭാരത്തിനിടക്കും പഠിക്കുക എന്നത് ആവശ്യവും ആഗ്രഹവുമായി. മാതാപിതാക്കളും ജ്യേഷ്ഠന്മാരും സൂചിപ്പിച്ചിരുന്നു, "ഈ വീട്ടിൽ പത്താം ക്ലാസിൽ ഫസ്റ്റ് ക്ലാസ് നേടിയവരാരുമില്ല. ഇനിയുണ്ടാകാനും പോകുന്നില്ല. അതിനായി നീയെങ്കിലും ശ്രമിക്കണം." ഈ നിർദ്ദേശം മനസ്സിനെ സ്വാധീനിക്കുന്നുണ്ടായിരുന്നു. പഠിക്കുന്ന കാര്യത്തിൽ സഹോദരിയും എന്നെ കുറെയൊക്കെ പ്രോത്സാഹിപ്പിക്കുമായിരുന്നു. ഞാൻ പത്താം ക്ലാസിലെത്തിയപ്പോഴേക്കും സഹോദരിയുടെ വിവാഹം കഴിഞ്ഞ് അവർ പോകുകയും ചെയ്തിരുന്നു. സ്കൂളിൽ പോകാത്ത അമ്മയും രണ്ടാം ക്ലാസുവരെ മാത്രം പഠിച്ച അച്ഛനും, അനുഗ്രഹിക്കാനും കുറച്ചൊക്കെ സഹായിക്കാനും സാധിക്കുമെന്നല്ലാതെ മറ്റൊന്നും അവർക്കാകുമായിരുന്നില്ല. ജ്യേഷ്ഠന്മാർക്ക് അവരുടേതായ മാർഗവും ക്ഷേത്രങ്ങളിലെ പൂജയും, പാചകവും, അവരുടെ പഠനവും, കൂട്ടുകെട്ടും ഉണ്ടായിരുന്നതിനാൽ കുടുംബാംഗങ്ങളുടെ സഹായത്തോടെ പഠിക്കുക എന്നത് എനിക്ക് സാധ്യമായിരുന്നില്ല. ശരിയായ പഠനത്തിന് മാർഗനിർദേശം നൽകാനും ആരുമില്ലായിരുന്നുവെങ്കിലും ഇടവേളകൾ ലഭിക്കുമ്പോഴെല്ലാം അതിരാവിലെ ഉണർന്ന് രാത്രി വൈകുവോളം വായിച്ച് പഠിക്കുവാൻ തുടങ്ങിയിരുന്നു. പക്ഷേ എന്നും വിജയപ്പട്ടികയിലെ നിലവാരം താഴ്ന്നതായിരുന്നു.

പത്താം ക്ലാസിൽ പഠിക്കുമ്പോഴും (മലയാളം മീഡിയത്തിൽ) എന്നേക്കാൾ പഠിച്ചിരുന്ന രണ്ടുമൂന്നു സഹപാഠികൾ ക്ലാസിലുണ്ടായിരുന്നു. പഠിക്കുന്നതിൽ തരക്കേടില്ലാത്ത നിലവാരം (എന്ന് വീട്ടുകാർക്കു തോന്നിയത്) പുലർത്തിയിരുന്നതിനാൽ ഒരു 'ആഡ്രിയ' വാച്ച് ചേട്ടൻ

വാങ്ങിതന്നപ്പോൾ വളരെ ആഹ്ലാദം തോന്നി. കൂടാതെ ഷർട്ടിന്റേയും മുണ്ടിന്റേയും എണ്ണവും ഒന്നിൽ നിന്ന് മൂന്നു വീതമായി ഉയർന്നു. എറണാകുളത്തെ ടി.ഡി.എം. ഹാളിലെ കല്യാണസദ്യക്കുള്ള വിളമ്പലിന് 3 രൂപയും, ചക്കം കുളങ്ങര ക്ഷേത്ര ശാന്തിക്കു മൂന്നു രൂപയും, ഭക്ഷണം പാചകം ചെയ്യുന്നതിന് സഹായിക്കുന്നതിന് 25 രൂപയിൽ കൂടുതലും ലഭിക്കാൻ തുടങ്ങി. ഞാൻ ഏകദേശം സ്വയം പര്യാപ്തനാവുകയും ചെയ്തു തുടങ്ങി.

പത്താം ക്ലാസിലെത്തിയപ്പോളായിരുന്നു, ആദ്യമായി ചെരിപ്പ് ഉപയോഗിച്ച് തുടങ്ങിയത്. ഏറെ ആഡംബരമായി ആദ്യം തോന്നിയെങ്കിലും വീട്ടിൽ നിന്ന് രണ്ടു കിലോമീറ്റർ ദൂരം രാവിലേയും ഉച്ചയ്ക്കും വൈകുന്നേരവുമുള്ള യാത്രക്ക് ഇത് ഒഴിച്ചുകൂടാൻ വയ്യാത്തതായിരുന്നു.

ആർ എൽ വി സ്കൂളിൽ പഠിക്കുമ്പോഴും ഇതായിരുന്നു ദൂരത്തിന്റെ അവസ്ഥ. ഗവ. ബോയ്സ് ഹൈസ്കൂളിലെത്തുമ്പോൾ നാലു നേരമുള്ള കാൽ നടയാത്ര ജീവിതത്തിന്റെ ഭാഗമായിക്കഴിഞ്ഞിരുന്നു. അതൊരു ദുരിതവും വേദനയുമല്ലാതായി. രാവിലെ ഉണർന്ന് കുളി കഴിഞ്ഞ്, വീടുകളിലേക്ക് പാലെത്തിച്ച്, ചക്കംകുളങ്ങര ക്ഷേത്ര ദർശനം നടത്തി, കുറച്ചുനേരം പഠിച്ച്, സ്കൂളിലേക്കുള്ള നടത്തം, ഉച്ചഭക്ഷണത്തിന് വരവും പോക്കും, അതിനുശേഷം വീണ്ടും ക്ലാസ്, വൈകുന്നേരം, ചിലപ്പോൾ ശാന്തിപ്പണി അല്ലെങ്കിൽ പഠനം, കുറച്ച് കൃഷി, പിന്നെ ഉറക്കം, മുടക്ക ദിവസങ്ങളിൽ വിളമ്പൽ, സദ്യ, പാചകം, എന്നിവയുമൊക്കെയായ ഒരു ഗോസായി ജീവിതമായിരുന്നു. കുളത്തിൽ നിന്ന് പമ്പുചെയ്യുന്ന ഒരു കിർലോസ്കർ പമ്പുവാങ്ങി വീട്ടിൽ ഫിറ്റു ചെയ്തതോടെ പറമ്പു മുഴുവൻ നനക്കേണ്ട ജോലിയും ഞാൻ ചെയ്യേണ്ടതായിവന്നു. അതിന്റെ റിപ്പോർട്ട് ചേട്ടനു കൊടുക്കുകയും വേണം. പരീക്ഷാ വേളകളിൽ ഇതൊരു വലിയ ദുഃഖഭാരമായിരുന്നു. എന്നാലും ചേട്ടനെ പേടിച്ച് അതും ചെയ്യുമായിരുന്നു.

**ദയനീയവിജയങ്ങൾ**

പത്താം ക്ലാസിലെ പരീക്ഷാഫലം വരുന്നതിനു മുമ്പുതന്നെ എല്ലാ ക്ഷേത്രങ്ങളിലും ദർശനം നടത്തിയിട്ടുള്ള പ്രാർത്ഥന, ചോറ്റാനിക്കര ക്ഷേത്രത്തിലേക്ക് നിർമ്മാല്യദർശനത്തിനായി അർദ്ധരാത്രിക്ക് തൃപ്പൂണിത്തുറയിൽ നിന്ന് സഹോദരന്മാരോടൊപ്പമുള്ള കാൽനട യാത്ര, ചോറ്റാനിക്കരയിലെത്തി, ചീഞ്ഞു നാറുന്ന ക്ഷേത്രക്കുളത്തിലൊരു കുളി, പിന്നെ നിർമ്മാല്യദർശനം, അവിടെനിന്നും തിരിച്ചുള്ള കാൽനടയാത്ര തിരുവാങ്കുളത്തെത്തിയാൽ അവിടത്തെ ശിവക്ഷേത്രത്തിലുള്ള അഭിഷേകത്തിന് പങ്കെടുക്കൽ, അതിന്റെ പ്രതിഫലമായി രണ്ടു ഗ്ലാസ് കട്ടൻ



Scanned with CamScanner

കാപ്പി. ഇതായിരുന്നു പുണ്യദർശന കഥ. കോച്ചിവലിക്കുന്ന തണുപ്പത്ത് പ്രഭാതത്തിലുള്ള ഈ കാൽനടയാത്രക്ക് ആവേശം ഈ കട്ടൻ കാപ്പി ലഭിക്കുമെന്നുള്ള ആശ്വാസം മാത്രമായിരുന്നു.

ഇത്രയെല്ലാം ക്ഷേത്രങ്ങളിൽ ദർശനം നടത്തിയിട്ടും പത്തിലെ പരീക്ഷാഫലം വന്നപ്പോൾ എനിക്ക് ഫസ്റ്റ് ക്ലാസുപോലുമുണ്ടായിരുന്നില്ല. പഠിച്ചതും പഠിക്കുന്നതും വേദനയോടെ ചിന്തിക്കുന്നത് ഈ അവസരങ്ങളിലായിരുന്നു. അച്ഛന്റേയും ജ്യേഷ്ഠന്റേയും മുന്നിലെത്തി 'ഫസ്റ്റ് ക്ലാസില്ല' എന്നു പറയാൻ ഞാൻ അനുഭവിച്ചത് ജീവിതത്തിൽ മറക്കാനാകാത്ത വേദനയായിരുന്നു. പരീക്ഷയുടെ ഫലം ജ്യേഷ്ഠനെ അറിയിക്കുന്നതിന് മുമ്പ് ഞാൻ കൃഷി ചെയ്തുണ്ടാക്കിയ അരചാക്ക് ചേമ്പു വിത്ത് ജ്യേഷ്ഠനെ കാണിച്ചു. അതിനു മറുപടിയായി ജ്യേഷ്ഠൻ പറഞ്ഞത് 'ഫസ്റ്റ് ക്ലാസു കിട്ടിയില്ല അല്ലേ' എന്നു മാത്രമായിരുന്നു. "നീ പഠിക്കുന്നതു കണ്ടപ്പോൾ ഞാൻ വിചാരിച്ചത് പത്തു റാങ്കിനുള്ളിൽ ലഭിക്കുമെന്നായിരുന്നു. സാരമില്ല. ഇനിയുള്ള ക്ലാസുകളിൽ ശ്രമിച്ചാൽ മതി." അവജ്ഞയില്ലാതെ പരിഹാസമില്ലാതെ എന്നോട് ജ്യേഷ്ഠൻ പറഞ്ഞു.

ജ്യേഷ്ഠന്റെ എല്ലാ നിർദേശങ്ങളും അനുസരിച്ച് പ്രവർത്തിക്കുന്നത് വലിയ സ്നേഹമോ ബഹുമാനമോ ഇല്ലാത്ത ഭയത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. പ്രതീക്ഷിക്കുന്ന ഫലം ജീവിതത്തിൽ ലഭിക്കാതെ വരുക സാധാരണയായിരുന്നു. ഇതുപോലെയായിരുന്നു പല ചവിട്ടുപടികളും നടന്നു കയറിയത്. മറ്റുള്ളവർ പരിശ്രമിക്കുന്നതിന്റെ പല മടങ്ങ് പ്രയത്നിക്കുമ്പോഴും അവർക്കു ലഭിക്കുന്നതിന്റെ ഒരംശം ഫലം മാത്രം കൊണ്ട് എനിക്കു തൃപ്തിപെടേണ്ടി വരുകയായിരുന്നു. ഒരു പക്ഷേ ഈ അനുഭവങ്ങൾ കാരണം പല കാര്യങ്ങളും ഏറ്റെടുക്കുമ്പോൾ തന്നെ പരാജയബോധമാണ് എന്നെ കീഴടക്കാറുള്ളത്. ഈ അപകർഷതാബോധത്തെ ഇല്ലാതാക്കാൻ ശ്രമിക്കുന്നതിന്റെ ഫലമായിട്ടായിരിക്കാം ഓടുന്ന പട്ടിക്ക് ഒരു മുഴം മുമ്പേ എന്ന രീതിയിൽ ഞാൻ കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കാറുള്ളത്. ഉപബോധമനസിലെ ഈ നഷ്ടബോധങ്ങൾ കാരണം മറ്റുള്ളവരുടെ കൂടെ നടക്കുമ്പോഴും ഞാനറിയാതെ മുന്നിൽ നടക്കാൻ ഇന്നും ഞാനെന്നെ പ്രേരിപ്പിക്കാറുണ്ട്. പലപ്പോഴും ഇത് പലതരത്തിലുള്ള മുൻവിധികളുണ്ടാകാനും കാരണമാകാറുമുണ്ട്.

എത്ര ശ്രമിച്ചാലും രാപ്പകൽ പഠിച്ചാലും, ആത്മീയതയുടെ കൊടുമുടിയിലെത്തിനിന്ന് പ്രാർത്ഥിച്ചാലും എന്റെ കർമ്മഫലം ഇതായിരിക്കുമെന്ന് മനസ് മന്ത്രിക്കുമായിരുന്നു. പ്രിഡിഗ്രിക്കും, ഡിഗ്രിക്കും, പോസ്റ്റ് ഗ്രാജ്വേഷനും, പിഎച്ച്.ഡിക്കും, ഡിലിറ്റിനും, ശാസ്ത്രജ്ഞനെന്ന ജോലി

യിൽ നിന്ന് സ്വയം വിരമിക്കാൻ നിശ്ചയിച്ച ദിവസം വരെയും ഞാൻ അനുഭവിച്ചുകൊണ്ടേയിരുന്നത് ഈ സന്തോഷകരമല്ലാത്ത വിജയം എന്ന പ്രതിഭാസമായിരുന്നു.

## സ്കൂളിൽ നിന്ന് കോളേജിലേക്ക്

ഫസ്റ്റു ക്ലാസില്ലാത്ത വിജയവുമായി ഇനി കോളേജിലെത്തണം. മാർഗനിർദ്ദേശം നൽകാൻ കാര്യമായിട്ടാരുമില്ല. ജ്യേഷ്ഠന്മാർക്ക് വിഷയപരിചയമില്ല. ഡോക്ടറാകണോ എഞ്ചിനീയറാകണോ എന്നൊന്നും ഒരു പിടുത്തവുമില്ല. ഒരു വിദ്യാർത്ഥിക്കും അപ്രാപ്യമായിരുന്നില്ല പത്താം ക്ലാസ്സിലൊരു ഫസ്റ്റ് ക്ലാസ്. എന്നിരുന്നിട്ടും ഒരു സെക്കന്റ് ക്ലാസു മാത്രം ലഭിച്ച എനിക്ക് ഭാവിപഠനത്തെക്കുറിച്ച് എത്രവരെ പ്രതീക്ഷിക്കാൻ സാധിക്കുമെന്ന കാര്യത്തിൽ ഭയവുമുണ്ടായിരുന്നു. എന്റെ കൂടെ പഠിച്ചിരുന്ന പല വിദ്യാർത്ഥികൾക്കും പ്രതീക്ഷിച്ച മാർക്കു ലഭിച്ചില്ലെന്നറിഞ്ഞപ്പോൾ സമാധാനം തോന്നിയെങ്കിലും എന്റെ വീട്ടിൽ എസ്.എസ്.എൽ.സിക്ക് ഒരു ഫസ്റ്റ് ക്ലാസിന്റെ അവസാനത്തെ പ്രതീക്ഷ എന്റെ പരീക്ഷാഫലം വന്നതോടെ അവസാനിച്ചു.

എറണാകുളത്തെ മഹാരാജാസിലും, സെന്റ് ആൽബർട്ട്സിലും പ്രീഡിഗ്രിക്ക് അപേക്ഷ സമർപ്പിച്ചു കാത്തിരുന്നു. പത്താം ക്ലാസിൽ ഫസ്റ്റ് ക്ലാസില്ലാത്ത ഒരു വിദ്യാർത്ഥിക്ക് ഈ മാർക്കുമായി, രണ്ടു കോളേജിന്റേയും വരാന്തയിൽ കയറാൻ പോലും സാധിക്കില്ലായിരുന്നു എന്നറിഞ്ഞത് വളരെ വൈകിയിട്ടായിരുന്നു. മറ്റുകോളേജുകളിലപേക്ഷ സമർപ്പിക്കേണ്ടതായ അവസാന ദിവസവും കഴിഞ്ഞിരുന്നു. അപേക്ഷ സമർപ്പിച്ച രണ്ടു കോളേജുകളിലേയും ചാൻസ് കാർഡ് ഇന്റർവ്യൂപോലും കഴിഞ്ഞു. വ്യത്യസ്ത ഗ്രൂപ്പിനുള്ള ഇന്റർവ്യൂ കഴിഞ്ഞതും ഞാനറിയാതെ പോയി. എന്തു ചെയ്യണമെന്ന ഒരെത്തുംപിടിയുമില്ലാത്ത അവസ്ഥ. കുറേ നേരമിരുന്നു കരഞ്ഞു. തൃപ്പൂണിത്തുറക്കടുത്ത് എരൂരിൽ, മഹാരാജാസ് കോളേജിലെ ഒരു സൂപ്രണ്ട് താമസിച്ചിരുന്നു. അദ്ദേഹത്തിന്റെയടുത്തു പോയി കാര്യങ്ങൾ പറഞ്ഞു. അടുത്ത ദിവസം വരാൻ നിർദ്ദേശിച്ചപ്പോഴും അഡ്മിഷൻ പൂർണമായും കഴിഞ്ഞിരുന്നു എന്നു പറയാൻ അദ്ദേഹം മറന്നില്ല. അടുത്ത ദിവസം അതിരാവിലെ അദ്ദേഹത്തിന്റെ വീട്ടിലെ ഗേറ്റിൽ കുറേ നേരം കാത്തുനിന്നു. ഒരു മണിക്കൂർ കഴിഞ്ഞ്, എന്നെ അകത്തേക്കു വിളിച്ചു. നിസ്സംഗമായ ഭാഷയിൽ പറഞ്ഞു. "ഗോപാലകൃഷ്ണൻ എന്ന പേരിൽ ഒരു ആപ്ളിക്കേഷനേ അവിടെയില്ല... ഞാനെന്തു ചെയ്യാൻ... തനിക്കു പോകാം. ഞാൻ വിചാരിച്ചാൽ ഒരു നിവൃത്തിയുമില്ല..." ഞാൻ പൊട്ടിക്കരഞ്ഞു കൊണ്ട് തറയിൽ നമസ്കരിച്ച് കാലിൽ പിടിച്ചു പറഞ്ഞു. "ഇനി എനിക്ക്



Scanned with CamScanner

മറ്റൊന്നും ചെയ്യാൻ സാധിക്കില്ല സാർ. കാശുകൊടുത്ത് , മറ്റേതെങ്കിലും കോളേജിൽ അഡ്മിഷൻ വാങ്ങിക്കണമെങ്കിൽ നൂറു രൂപ പോലും എടുക്കാനില്ല.''

ശാന്തനായി അദ്ദേഹം പറഞ്ഞു. ''എനിക്കൊന്നും ചെയ്യാൻ സാധിക്കില്ല. തന്റെ അപേക്ഷ പോലും കോളേജിലില്ലടോ. പിന്നെ ഞാനെന്തു ചെയ്യും?''

കരയുകയല്ലാതെ എനിക്കെന്ത് സാധിക്കുമായിരുന്നു? അദ്ദേഹം എന്റെ അവസ്ഥ കണ്ട്, കുറേ സമയം കഴിഞ്ഞതിനുശേഷം പറഞ്ഞു. ''എന്റെ കയ്യിൽ ഒരു അപേക്ഷാഫോറം ഉണ്ട്. അതു പൂരിപ്പിച്ചു തരുക. എന്തെങ്കിലും പറ്റുമോ എന്നു നോക്കാം.'' കൃതജ്ഞത നിറഞ്ഞ കണ്ണുകളോടെ അദ്ദേഹത്തെ തൊഴുതിറങ്ങുമ്പോൾ അദ്ദേഹം പറഞ്ഞു. ''ഒരു മണിക്കൂറിനകം കിട്ടണം. ഇപ്പോ മണി എട്ടായി....ഒമ്പതു മണിക്ക് എനിക്ക് കോളേജിൽ പോകണം...'' ഒന്നും ചിന്തിക്കാതെ ശരിയെന്നു പറഞ്ഞിറങ്ങി. സൈക്കിളിൽ കയറി എനിക്കു നിയന്ത്രിക്കാൻ പറ്റാത്ത വേഗത്തിൽ സൈക്കിൾ ചവുട്ടി വീട്ടിനടുത്തെത്തി, സൈക്കിൾ തിരിഞ്ഞപ്പോൾ ഒരു പറ്റം ആടുകളുമായി ഒരാൾ വരുന്നു. സൈക്കിൾ നിയന്ത്രണം വിട്ട് ആടുകളേയും ഇടിച്ചു കയറി, മുന്നിൽ വന്ന ഒരു ലോറിയുടെ കീഴെ ഞാൻ വീണു കിടന്ന് മരണത്തെ മുഖാമുഖം കണ്ടു. എന്റെ കൈയ്യും കാലുമെല്ലാം പൊട്ടി ചോരയൊലിക്കുന്നുണ്ടായിരുന്നു. ഒന്നിനും സമയമില്ല. അതൊന്നും ശ്രദ്ധിച്ചതുമില്ല. വേദനയും നീറ്റലും സഹിക്കവയ്യാതെ ചോര പുരണ്ട അപേക്ഷാഫോറവും മാർക്ക്ലിസ്റ്റും രണ്ടുമണിക്കൂറിനകം പൂരിപ്പിച്ച് ആ ഉദ്യോഗസ്ഥന്റെ വീട്ടിലെത്തിച്ചു. അദ്ദേഹം കാര്യങ്ങളെല്ലാം തിരക്കി. വൈകി വന്നതിന് ദേഷ്യപ്പെടാതെ, ശാന്തനായി പറഞ്ഞു ''മറ്റന്നാൾ താനൊന്നു കോളേജിലേക്കു വരുക. എന്തെങ്കിലും ചെയ്യാൻ പറ്റുമോ എന്നു നോക്കട്ടെ. ഞാനൊരുറപ്പും തരുന്നില്ല.''

**മഹാരാജാസ് കോളേജിലേക്ക്..!**

പതിവുപോലെ പ്രാർത്ഥിച്ചു. പഠനം പത്താം ക്ലാസിലവസാനിപ്പിക്കേണ്ടിവരുകയോ പാരിൽ കോളേജിൽ തുടരേണ്ടിവരുകയോ ചെയ്യുന്നതിനെക്കുറിച്ച് ചിന്തിക്കാൻ വയ്യ. മറ്റൊരു കോളേജിലും അപേക്ഷ പോലും കൊടുക്കാത്ത ഞാൻ ചെയ്ത മഠയത്തരം ഇന്നും എനിക്കത്ഭുതം തോന്നുന്നു. 'ആരും മാർഗനിർദ്ദേശം തരുന്നില്ല സാർ' എന്നു ഞാൻ എന്റെ മനസ്സാക്ഷിയോടു പറയുകയല്ലാതെ എന്തു ചെയ്യാനെന്ന് സ്വയം സമാധാനിപ്പിച്ചു കാത്തിരുന്നു. തെറ്റു പൂർണമായും എന്റേതായിരുന്നതിനാൽ ആരേയും കുറ്റപ്പെടുത്താനുമില്ല. അടുത്ത ദിവസവും,

അതിന്റെയടുത്ത ദിവസം ആരോടും കോളേജിലേക്കു പോകാനുള്ള സമയം വരെയും സംസാരിക്കാൻ പോലും പറ്റാത്ത മാനസീകാവ സ്ഥ. രണ്ടാം ദിവസം മഹാരാജാസിലെത്തി. നോട്ടീസ് ബോർഡിലുള്ള അവസാനത്തെ വെയ്റ്റിങ് ലിസ്റ്റിൽ ഇടയ്ക്ക് എന്റെ പേര് മഷി കൊണ്ടെഴുതിച്ചേർത്തിരിക്കുന്നതു കണ്ടു. നീണ്ട ലിസ്റ്റിൽ ഇടക്കുള്ള എന്റെ പേര് എന്നെ തന്നെ ഭയപ്പെടുത്തിയിരുന്നു. മനസ് മന്ത്രിച്ചു. "നിനക്കഡ്മിഷൻ ലഭിക്കില്ല." അഡ്മിഷനും കാത്തു നിൽക്കുന്നവരുടെ കൂട്ടത്തിൽ ദേവികുളത്തുകാരൻ പീറ്റർ ജോസഫ് എന്ന വിദ്യാർത്ഥി യുടെ അടുത്തിരുന്നു. പീറ്ററിന് എന്നേക്കാൾ നാൽപതു മാർക്ക് കൂടു തലുണ്ട്. അച്ഛനുമമ്മയും കൂടെയുണ്ട്. എന്റെ കൂടെ ആരുമില്ല. എന്തെ ങ്കിലും ചോദ്യം വന്നാൽ പോലും വിറക്കുന്ന എനിക്ക് മറുപടി പറ യാൻ സാധിക്കുമായിരുന്നില്ല.

രണ്ടര മണിക്കൂർ കാത്തിരിപ്പിനുശേഷം എന്റെ പേരു വിളിച്ചു. 'തേഡ് ഗ്രൂപ്പിന് അഡ്മിഷൻ തരട്ടെ?' എന്നൊരു ചോദ്യം. മഹാരാ ജാസ് കോളേജിലെ പഠനത്തെക്കുറിച്ച് ഒരു കാര്യം മാത്രമേ എനിക്കറി യാമായിരുന്നുള്ളൂ. മഹാരാജാസിലെ തേഡ് ഗ്രൂപ്പ് കൊള്ളില്ല. ഉറച്ച സ്വരത്തിൽ ഞാൻ പറഞ്ഞു. "ഫസ്റ്റോ സെക്കന്റോ ഗ്രൂപ്പു മതി". ഒരു ഗ്രൂപ്പിലും അഡ്മിഷൻ കിട്ടിയില്ലെങ്കിൽ എന്തു സംഭവിക്കുമെന്ന് ചിന്തി ക്കാനുള്ള മനക്കരുത്തുണ്ടായിരുന്നില്ല.

ഒരു ക്ലാർക്ക് വന്ന് കയ്യിലുള്ള മാർക്ക്‌ലിസ്റ്റും, മറ്റെല്ലാ പേപ്പറും വാങ്ങി 'കൂടെ ആരുമില്ലേ?' എന്നൊരു ചോദ്യവും. എല്ലാം ശരിയാ ക്കുന്നതുപോലെ എന്റെ പേര് ലിസ്റ്റിൽ എഴുതുന്നതു ഞാൻ കണ്ടു. തൃപ്പൂണിത്തുറക്കാരനായ സൂപ്രണ്ട് ആ പ്രദേശത്തൊന്നും ഉണ്ടായി രുന്നില്ല. ഒരധ്യാപകൻ എന്നെ വിളിച്ച് ചോദിച്ചു "സെക്കന്റ് ക്ലാസു ലഭിച്ച തനിക്ക് സെക്കന്റ്ഗ്രൂപ്പിലെ പുസ്തകങ്ങൾ പഠിക്കാൻ സാധി ക്കുമോ?" ഞാനൊന്നും പറഞ്ഞില്ല. വീണ്ടും ചോദ്യമാവർത്തിച്ചപ്പോൾ ഞാൻ പറഞ്ഞു; "നന്നായി പഠിക്കാം സാർ". അദ്ദേഹം പറഞ്ഞു. "അതു മതി. നല്ലോണം പഠിക്കണം. ഇനിയും ഉയരാനുള്ളതാണ്... ആരും കൂടെ യില്ലേ? അവിടെ ഫീസടച്ച് പൊയ്ക്കോളൂ." ഞാൻ അതെല്ലാം ഒരു പാവയെ പോലെ കേട്ടനുസരിച്ചു. ഞാൻ ചിരിക്കുകയും കരയുകയും ചെയ്യുന്നുണ്ടായിരുന്നു. പീറ്റർ ജോസഫ് എന്ന വിദ്യാർത്ഥി അടുത്തു വന്നു ചോദിച്ചു "എന്താ താൻ ചിരിക്കുകയാണോ കരയുകയാണോ?" ഇനി മുതൽ നമ്മൾ തമ്മിൽ ഫ്രണ്ട്സാണ് കേട്ടോ?" ഞങ്ങ ളൊരുമിച്ചിറങ്ങി.

അടുത്ത ദിവസം സൂപ്രണ്ടിന്റെ വീട്ടിൽ പോയി ഒന്നും പറയാതെ,



Scanned with CamScanner

കസേരയിൽ പത്രം വായിച്ചിരുന്ന, അദ്ദേഹത്തിന്റെ അടുത്ത് തൊഴുതു കൊണ്ടു സാഷ്ടാംഗം കാലു തൊട്ടു നമസ്കരിച്ചു. തമിഴ് ബ്രാഹ്മണ നായിരുന്ന അദ്ദേഹം പറഞ്ഞു. "നന്നായി വരും. എല്ലാം ഈശ്വര കടാക്ഷം! നന്നായി പഠിക്കുക. കാപ്പി കുടിച്ചിട്ടു പോയാൽ മതി."

അങ്ങിനെ പ്രഗത്ഭന്മാർക്ക് ജന്മം നൽകിയ മഹാരാജാസിന്റെ മണ്ണിൽ വിദ്യാർത്ഥിയാകാൻ ഭാഗ്യം ലഭിച്ചു. സെക്കന്റ് ഗ്രൂപ്പ് ആയിരുന്നു ലഭിച്ചത്.

തൃപ്പൂണിത്തുറയിൽ നിന്നുള്ള യാത്ര, പഠിക്കാൻ ഫീസ്, പാന്റ്സ്, ഷർട്ട്, പുസ്തകങ്ങൾ, റെക്കോർഡ് ബുക്സ്, ഉച്ചഭക്ഷണം എല്ലാത്തിനുമുള്ള ചിലവുകൾ കണ്ടെത്തണം. അമ്പലത്തിലെ ശാന്തിപ്പണിക്ക് ബുദ്ധിമുട്ടുതോന്നിത്തുടങ്ങി. സമയമില്ല. കഴിഞ്ഞ മൂന്നു നാലുവർഷങ്ങളായി സ്വയം പഠിച്ച മന്ത്രങ്ങളും വേദപണ്ഢിതരുടെ കൂടെയിരുന്നു പഠിച്ച മന്ത്രങ്ങളുമെല്ലാം ചേർത്ത് സ്വയം പൂജ നടത്താനുള്ള കഴിവു നേടിയതു ഭാഗ്യമായി. ആരുടേയും മാർഗനിർദേശമോ സഹായമോ ഇല്ലാതെ പൂജ നടത്താമെന്നായപ്പോൾ ഓരോ സ്ഥലത്തു നിന്നും 5 രൂപ വരെ ദക്ഷിണയായി ലഭിച്ചു തുടങ്ങിയിരുന്നു. തൃപ്പൂണിത്തുറയിലെ പ്രസിദ്ധമായ പറമ്പാത്തും, പുൽപ്രയിലും, തൃക്കോവിൽ അച്ചുതവാര്യരുടെ കുടുംബത്തിലും, മഴുവന്നൂർവാര്യത്തും, മുടക്കോടി, മേച്ചേരി എന്നീ തറവാടുകളിലുമെല്ലാം പൂജക്കു പോയിത്തുടങ്ങി. കർക്കിടകത്തിലെ മഴയത്തും വഴിവിളക്കുകളില്ലാത്ത വഴികളിലൂടെയുമാണ് യാത്ര. പൂജക്കാകട്ടെ 6 മുതൽ രാത്രി 9 വരെ, കർമ്മങ്ങളുണ്ട്. പലപ്പോഴും കർക്കിടകമഴയിൽ കുറ്റാകൂരിരുട്ടത്തുള്ള യാത്ര വേദനിപ്പിക്കുന്നതായിരുന്നു. ഇതു കൂടാതെ ചക്കം കുളങ്ങര ക്ഷേത്രത്തിലെ പ്രധാന പൂജക്കും ചിലപ്പോൾ അടുത്തുള്ള നവഗ്രഹക്ഷേത്രത്തിലും പൂജക്കവസരം ലഭിക്കുമായിരുന്നു. ഇത് എന്റെ കോളേജ് വിദ്യാഭ്യാസത്തിന് വലിയ അനുഗ്രഹമായിരുന്നു. അച്ഛനെ കഴിയുന്നത്രയും ബുദ്ധിമുട്ടിക്കാതെ സ്വയം ചെറിയ തുകകൾ സമ്പാദിച്ച് സ്വയം പര്യാപ്തത നേടിയ മഹാരാജാസിലെ വിദ്യാർത്ഥിയായി പഠനം ആരംഭിച്ചു. എറണാകുളത്തെ ടി ഡി എം ഹാളിൽ പാചകത്തിനും വിളമ്പാനും പോകുമ്പോൾ കൂടെ പഠിക്കുന്ന വിദ്യാർത്ഥികളും അവരുടെ കുടുംബാംഗങ്ങളും അതിഥിമാരുടെ കൂട്ടത്തിലുണ്ടെങ്കിൽ അവരുടെ മുന്നിൽ പെടാതിരിക്കാൻ മറ്റു സഹപ്രവർത്തകർ എന്നെ സഹായിക്കുമായിരുന്നു. കോളേജിലെ സുഹൃത്തുക്കൾ എന്നെ അവഹേളിച്ചാലോ എന്ന് മനസ്സിലൊരു ഭയമുണ്ടാകാറുണ്ട്. പക്ഷേ ആരും എന്നെ മോശക്കാരനായി കണ്ടില്ല, കളിയാക്കിയുമില്ല. മഹാരാജാസിലെ വിദ്യാർത്ഥിയെന്നതിൽ ഒരു ആദ



Scanned with CamScanner

രവ് എല്ലാവരുടേയും മനസ്സിലുള്ളതിന് ഞാനും, ഈശ്വരാനുഗ്രഹത്താൽ, പാത്രമായി.

തൃപ്പൂണിത്തുറ നിന്നും എറണാകുളത്തേക്കുള്ള യാത്ര ഏറെ പ്രയാസമേറിയതായിരുന്നു. പ്രൈവറ്റ് ബസ്സിൽ തിരക്ക്, സർക്കാർ ബസ്സാണെങ്കിൽ തൃപ്പൂണിത്തുറയിൽ നിർത്താറുമില്ല. വിദ്യാർത്ഥികൾക്കു മാത്രമായി വരുന്ന സർക്കാർ ബസ്സിൽ കൺസഷൻ ടിക്കറ്റെടുത്താണ് യാത്ര. മഹാരാജാസിലെ പഠനം രസകരമായിരുന്നു. ഒരു കോളേജ് വിദ്യാർത്ഥിയായതിന്റെ അഭിമാനം കുറേയേറെ ആത്മവിശ്വാസം നൽകുകയും ചെയ്തു. സുഹൃത്തുക്കളോടും സഹപാഠികളോടുമെല്ലാം അഭിമാനത്തോടെ പറയാറുള്ള കുറേ വരികൾ ഞാനും പ്രയോഗിച്ചു തുടങ്ങി. Gentlemen of Maharajas, Sportsmen of St. Alberts, Butterflies of St. Teresas and .......... അവസാനത്തെ പറയാത്ത പേര് ചിലർക്ക് വേദനാജനകമാകുമെന്നതിനാൽ കാര്യമായിട്ടെടുക്കേണ്ടതില്ല.

**മഹാരാജാസിലെ പഠനം**

മഹാരാജാസിൽ ഞങ്ങൾക്ക് ക്ലാസെടുക്കാനുണ്ടായിരുന്ന ഒരു പോൾ സാർ ഇംഗ്ലീഷിന് കൂടുതൽ അഭിരുചിയുണ്ടാക്കി. ശാന്തമായി പദാനുപദം, ചിരിച്ച മുഖത്തോടെ ക്ലാസെടുക്കുന്ന സാറിന്റെ മുഖഭാവം ഏറെ സ്മരണീയമാണ്. വേഡ്സ് വർത്ത് കവിതകളിൽ എനിക്കു താൽപര്യമുണ്ടാക്കിയത് പോൾസാറായിരുന്നു. ഫിസിക്സിലെ രുദ്രവാര്യർ എന്ന ചെറുപ്പക്കാരനായ സാറിന്റെ ചടുലമായ ശാരീരിക ചലനങ്ങളും, പല പല ഉദാഹരണങ്ങൾ നിരത്തിയുള്ള വിവരണങ്ങളും വിദ്യാർത്ഥികളെ പിടിച്ചിരുത്തുന്നതായിരുന്നു. അദ്ദേഹത്തിന് ഡോക്ടറേറ്റുണ്ടായിരുന്നതുകൊണ്ട് പ്രത്യേക ആദരവാണ് ലഭിച്ചിരുന്നത്. പലപ്പോഴും അസാധാരണമായ മുഖഭാവത്തോടെ ക്ലാസെടുക്കുമ്പോൾ അദ്ദേഹം വിഷയത്തിൽ പൂർണമായും നിമഗ്നനാകുമായിരുന്നു. കെമിസ്ട്രി ക്ലാസിനും വളരെ പ്രഗത്ഭരായ അദ്ധ്യാപകരാണ് ഉണ്ടായിരുന്നത്. ശ്രീമതി. രാജലക്ഷ്മി, ശ്രീ ഗോപാലകൃഷ്ണൻ, അനേകവർഷങ്ങൾ മഹാരാജാസിൽ ഗവേഷണം നടത്തി അവിടെ നിന്നുതന്നെ ഡോക്ടറേറ്റെടുത്ത ശ്രീ അഷറഫ് എന്നിവർ സ്മരണയിലെന്നും നിൽക്കുന്നവരാണ്. പ്രീഡിഗ്രിക്ക് ഇവരായിരുന്നു പ്രധാനമായും കെമിസ്ട്രി പഠിപ്പിച്ചിരുന്നത്.

ബോട്ടണി എടുത്തിരുന്ന ഗൗഡസാരസ്വത ബ്രാഹ്മണ വിഭാഗത്തിൽപ്പെട്ട ശ്രീമതി സരസ്വതി സന്തോഷത്തോടെ ക്ലാസിലേക്കു വരുന്ന കാഴ്ച രസകരമാണ്. തന്റെ വിഷയത്തിൽ അഗാധ പാണ്ഡിത്യമുണ്ടായിരുന്ന സുവോളജി അദ്ധ്യാപകനായിരുന്ന ശ്രീ. പ്രസാദ് സാറും, അതുപോലെ കൊങ്കണി ഭാഷയുടെ സ്വാധീനത്തോടെ മലയാളത്തിൽ



Scanned with CamScanner

ബോട്ടണി ക്ലാസെടുക്കുന്ന സരസ്വതീ മേഡവും ആദരവർപ്പിക്കാൻ യോഗ്യതയുണ്ടായിരുന്നവരായിരുന്നു.

ഹിന്ദി പഠിപ്പിച്ചിരുന്നത് റാവു സാറായിരുന്നു. ഇക്കഴിഞ്ഞ വർഷം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജിന് തന്റെ ലൈബ്രറി പുസ്തകങ്ങളും പെൻഷൻ തുകയും സമർപ്പിച്ച അദ്ദേഹത്തിന്റെ ക്ലാസ് വിദ്യാർത്ഥികളെ അസാധാരണമായി സ്വാധീനിച്ചിരുന്നു. അക്ഷരസ്ഫുടത, പഠിപ്പിക്കാനുള്ള ചൈതന്യം, ചിന്താതീതമായ ഭാഷാപരിജ്ഞാനം ഇവയെല്ലാം ഗൗഡസാരസ്വത വിഭാഗത്തിൽപെടുന്ന സാഹിത്യകാരനായ റാവു സാറിനെ സ്മരണയിൽ നിലനിർത്തുന്നതായിരുന്നു.

ഇറച്ചിയും ചോരയും കണ്ടാൽ അറപ്പു തോന്നുന്ന എനിക്ക് സുവോളജി ക്ലാസിൽ തവളയെക്കീറുന്നത് വെറുപ്പായിരുന്നു. തവളയിൽ നിന്ന് പാറ്റയിലേക്കും, മണ്ണിരയിലേക്കും 'മുറിക്കൽ' കടന്നപ്പോൾ സുവോളജി കഠിനമായിത്തീർന്നു. ഈ വിഷയങ്ങളോടുള്ള അറപ്പു കാരണം ഫസ്റ്റ് ഗ്രൂപ്പ് ലഭിക്കാൻ പല പ്രാവശ്യം ശ്രമിച്ചിരുന്നു. അവസാനം വരെയുള്ള ശ്രമം പരാജയപ്പെടുകയും ചെയ്തു.

പ്രീഡിഗ്രി സെക്കന്റ് ഗ്രൂപ്പിൽ രണ്ടു ഡിവിഷനുണ്ടായിരുന്നതിൽ ഒന്നാം ഡിവിഷനിൽ നല്ല മാർക്കു വാങ്ങിയ കുട്ടികളും രണ്ടാം ഡിവിഷനിൽ മാർക്കു കുറഞ്ഞവരുമായിരുന്നു. അവസാനത്തെ അഡ്മിഷനിൽപ്പെട്ടവനായിരുന്നതിനാൽ രണ്ടാം ഡിവിഷനിലും അവസാനത്തെ വിദ്യാർത്ഥിയായിരുന്നു എന്ന അപകർഷതാബോധം കുറച്ചു കാലത്തേക്ക് മനസ്സിലുണ്ടായിരുന്നു. അതിനെയെല്ലാം കവച്ചുവെക്കാൻ നിരന്തരം ശ്രമം നടത്തുകയും ചെയ്തിരുന്നു. നല്ലവണ്ണം പഠിക്കുന്ന വിദ്യാർത്ഥീ വിദ്യാർത്ഥിനികൾ ധാരാളമുണ്ടായിരുന്നതിനാൽ ആരേയും ഇഷ്ടപ്പെടുന്നവരും, അഭിനന്ദിക്കുന്നവരുമുണ്ടായിരുന്നില്ല. എന്നിരുന്നാലും മഹാരാജാസിലെ വിദ്യാർത്ഥിയെന്ന പദവി മറ്റുള്ളവരിൽ കുറെ മതിപ്പുളവാക്കിയിരുന്നു.

## ഹോട്ടൽ സപ്ലയറായ വിദ്യാർത്ഥിയായി

1971-ൽ മഹാരാജാസിൽ പഠനമാരംഭിച്ച് കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ എറണാകുളത്തെ എം.ജി. റോഡിലുള്ള ദ്വാരക ഹോട്ടലിൽ അക്കൗണ്ട് സെക്ഷനിൽ എന്റെ ജ്യേഷ്ഠന് ജോലി ലഭിച്ചു. അച്ഛൻ നിർബന്ധിച്ചപ്പോൾ അതേ ഹോട്ടലിൽ സപ്ലയറായി പാർട്ട് ടൈം ജോലി എനിക്കും ലഭിച്ചു. ജീവിതത്തിലെ ദുഃഖത്തിന്റെ മറ്റൊരു മുഖം കണ്ടത് ഇക്കാലയളവിലാണ്. ദ്വാരക ഹോട്ടൽ ഉടമസ്ഥൻ ശ്രീനിവാസ റാവുവിന് എന്റെ അച്ഛനോടുള്ള ബഹുമാനത്തിന്റെ ഒരു ചെറിയ അംശം എനിക്കും സ്നേഹമായി അദ്ദേഹം നൽകിയിരുന്നു. ഹോട്ടൽ ഉടമ



Scanned with CamScanner

സ്നേഹിക്കുന്ന സപ്ലയർ എന്ന കാരണത്താൽ ഹോട്ടലിലെ ക്യാഷ്യർക്കും മാനേജർക്കും എന്നെ ഇഷ്ടമല്ലായിരുന്നു. ഞാൻ പാർട്ട് ടൈം ജോലിക്കാരനായതിനാലും, നാലര മുതൽ എട്ടരവരെ പ്രഭാത ഷിഫ്റ്റും വൈകുന്നേരം നാലര മുതൽ പത്തുമണിവരെ രണ്ടാം ഷിഫ്റ്റിലുമായിരുന്നു ജോലി. രാവിലത്തെ ഷിഫ്റ്റ് കഴിഞ്ഞാൽ മഹാരാജാസിലേക്ക് പഠിക്കാൻ പോകണം. വൈകുന്നേരം തിരിച്ചും! ശനി, ഞായർ ഫുൾടൈം! ഹോട്ടലിൽ ഒരു സീ ക്ലാസ് പെട്ടികടയുണ്ട്. മിഠായി, സിഗററ്റ്, പുസ്തകം, മാഗസിൻ തുടങ്ങി, ഹോട്ടലിൽ താമസിക്കുന്നവർക്ക് ആവശ്യമുള്ളതും അത്യാവശ്യം പുറത്ത് നിന്ന് വരുന്നവർക്കുള്ളതുമായ സ്റ്റേഷനറി വസ്തുക്കൾ. (കോളേജ് മുടക്ക ദിവസങ്ങളിൽ) ഉച്ചക്ക് മറ്റെല്ലാവർക്കും ഒരു മണിക്കൂർ വിശ്രമം ലഭിക്കുമ്പോൾ ഞാൻ ഈ കടയിൽ കച്ചവടത്തിനിരിക്കണം. ആസുരീകസ്വഭാവമുള്ള ഒരു വിശ്വനാഥനാണ് കടയുടമ. അയാളുടെ കടയിൽ ഞാൻ വിൽപനക്കു നിൽക്കണമെന്നത് ശ്രീനിവാസറാവുവിന്റെ (ഹോട്ടലുടമസ്ഥന്റെ) നിർദ്ദേശമായിരുന്നു. വിശ്വനാഥനെ കാണുന്നതും കടയിലേക്ക് കടന്നിരിക്കുന്നതും എനിക്കു ഭയമായിരുന്നു. അയാളുടെ ഈ കടയിൽ ഒരു സാധനത്തിനും വിലയെഴുതിയിട്ടില്ല. അതുകൊണ്ടുതന്നെ വിലമാറിക്കൊണ്ടിരിക്കുന്ന ഒന്നിന്റേയും വില എനിക്കോർമ്മിക്കാനും സാധിക്കാറില്ല. ഒരേ സാധനം പലർക്കും പലവിലക്ക് കൊടുക്കാറുണ്ട്. പലതിനും വില കുറച്ചും ചിലതിന് വില കൂട്ടിയുമെല്ലാം അയാൾ വിൽക്കാറുമുണ്ട്. ഇതൊന്നും അങ്ങിനെ വിൽക്കാൻ എനിക്കു സാധിക്കാറുമില്ല. അവ്യക്തമായ വിലയായതിനാൽ പലപ്രകാരം ചെയ്യേണ്ടിവന്നതിനാൽ വിശ്വനാഥൻ പറയുന്ന അശ്ലീലങ്ങൾ മുഴുവനും കേൾക്കേണ്ടിവന്നു. അയാളുടെ സുഹൃത്തുക്കൾ പലരും ഈ കടയിൽ നിന്നു സാധനങ്ങൾ വാങ്ങി, ഞാൻ പറയുന്ന വിലയും തന്ന്, ഞാൻ എടുത്ത വില കൂടുതലാണെന്നോ കുറവാണെന്നോ വിശ്വനാഥനോടു പറയുമ്പോൾ അന്ന് എനിക്ക് ശകാരവർഷമായിരിക്കും. അവിടെ നൂറുകണക്കിന് സാധനങ്ങൾ വിൽക്കാനായി വെച്ചിട്ടുണ്ട്. പലതും മാറിക്കൊണ്ടേയിരിക്കും. പലതിന്റേയും വിലയും മാറിക്കൊണ്ടിരിക്കും ഇതൊന്നും എനിക്ക് ഓർമ്മയിൽ നിൽക്കില്ല. അയാൾ ദൂരയാത്രക്കു പോകുമ്പോൾ രണ്ടു മൂന്നു ദിവസത്തെ വിൽപ്പനഭാരം എന്റെ തലയിലാണ് വരുക.

രാവിലത്തേയും വൈകുന്നേരത്തേയും ഷിഫ്റ്റിൽ കമ്പനി ദോശയും ഒരു സ്വാദും പോഷകവുമില്ലാത്ത അവശിഷ്ട ഭക്ഷണങ്ങളും കഴിച്ച് 80 രൂപ ശമ്പളത്തിന് സപ്ലയർ ജോലി ചെയ്യുന്നതിൽ കഠിനമായ ദുഃഖം തോന്നാറില്ല. ഈ കടയിൽ ഒരു മണിക്കൂർ കച്ചവടത്തിനിരിക്കുമ്പോൾ മാത്രം കടയുടമയെ ശപിച്ചുകൊണ്ടാണ് ഞാൻ ആ ദൗത്യം ചെയ്യാറുള്ളത്.



Scanned with CamScanner

ഹോട്ടലിലെ സപ്ലയർമാർ തമ്മിൽ കാര്യമായ വഴക്ക് നിത്യസംഭവമായിരുന്നു. ഹോട്ടലിലെ ക്യാഷ്യറാകട്ടെ അരോചകമായ രീതിയിൽ സംസാരിക്കുന്ന മംഗലാപുരത്തുകാരനായിരുന്നു. മലയാളം അറിയാത്ത അയാൾ ഓരോരുത്തരോടും അടിമകളോടെന്നപോലെയായിരുന്നു പെരുമാറിയിരുന്നത്. മാസശമ്പളം ഹോട്ടലുടമ നേരിട്ടു തന്നെ എല്ലാവർക്കും നൽകുകയാണ് പതിവ്. എനിക്ക് പ്രതിമാസം ലഭിച്ചിരുന്നത് 80 രൂപ. രണ്ടു ജോഡി വെളുത്ത സപ്ലയർ ഡ്രസാണ് ഒരു വർഷത്തേക്ക് അവിടുന്നു നൽകുക. ഓരോ ദിവസവും അത് അലക്കിയിടേണ്ടത്രയും മുഷിഞ്ഞു നാറുമായിരുന്നു. രാത്രി പത്തുമണിക്ക്, തൃപ്പൂണിത്തുറ വഴി പുത്തൻ കുരിശിലേക്ക് പോകുന്ന ട്രാൻസ്പോർട്ട് വണ്ടിയിൽ കയറി പതിനൊന്നിന് വീട്ടിലെത്തി, ഈ നാറിയ തുണികളലക്കിയിട്ട് വേണം ഉറങ്ങാൻ അടുത്ത ദിവസത്തെ ആദ്യത്തെ ഷിഫ്റ്റിന് ഹോട്ടലിലെത്തുകയും വേണം. വൈകിയാൽ, മറ്റൊരു മംഗലാപുരത്തുകാരൻ മാനേജർ ഹോട്ടലിന്റെ മുന്നിൽ നിൽക്കുന്നുണ്ടാകും. മുഖവും വീർപ്പിച്ച് ദ്വയാർത്ഥത്തിൽ തുളുവും മലയാളവും കലർന്ന ഭാഷയിൽ അയാൾ ദേഷ്യപ്പെടും.

ഹോട്ടലിൽ നിന്ന് തന്നെ ഭക്ഷണം കഴിക്കാം. പക്ഷേ ജോലിക്കാർക്കു നൽകുന്ന ഭക്ഷണത്തിന് 'കമ്പനി ഫുഡ്' എന്ന ഓമന പേരാണ്. എണ്ണയൊന്നും ഒഴിക്കാത്ത ദോശയും, മിച്ചംവരുന്ന ഭക്ഷണവുമെല്ലാം ചേർത്ത് തരും. അനുവദിച്ചിരിക്കുന്ന സമയത്ത് കഴിക്കണം. അതാണ് ഹോട്ടലിലെ നിയമം. കൂടുതലായി എന്തെങ്കിലും കഴിക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ മംഗലാപുരത്തുകാരായ ചാരന്മാരുണ്ട്. ഐസ്ക്രീം, പായസം, ഫ്രൂട്ട് സലാഡ്, ബിരിയാണി ഇവയിലേതെങ്കിലും തിന്നാൽ ശമ്പളത്തിൽ നിന്ന് ആ തുക ഈടാക്കാനും വ്യവസ്ഥയുണ്ടായിരുന്നു. ചിലപ്പോൾ ഒരു ഞായറാഴ്ച എനിക്ക് ഒഴിവു കിട്ടുമായിരുന്നു. അന്ന് എറണാകുളം കരയോഗത്തിലെ ടി ഡി എം ഹാളിൽ വിളമ്പാനായി പോകണം. ആ ജോലിയില്ലെങ്കിൽ വിശ്രമമോ പഠനമോ ആയിരിക്കും.

ഹോട്ടലിലെ ശമ്പളവും അവിടെനിന്ന് ലഭിക്കുന്ന ടിപ്പും ചേർത്ത്, ഒരു ഭാഗം അച്ഛന്റെ കയ്യിൽ കൊടുക്കും. ബാക്കിയിൽ ഒരംശം എറണാകുളം ശിവക്ഷേത്രത്തിനടുത്ത് കളക്ടറുടെ ഭവനത്തിനടുത്തുള്ള ചെറു ഹോട്ടലിൽ നിന്ന് ഉച്ചക്ക് ഭക്ഷണം കഴിക്കും. അമ്പതു പൈസക്ക് മസാല ദോശ ലഭിച്ചിരുന്നതിനാൽ, ഉച്ചക്കെന്നും ദോശയായിരുന്നു. ആ ചെറിയ ഹോട്ടലിൽ ഒരു മൂലക്കിരുന്ന് ഞാൻ ദോശ കഴിച്ചത് ഏതാണ്ട് 36 വർഷങ്ങൾക്കു മുമ്പാണെന്ന് ഈ വരിയെഴുതുന്ന 52-ാം



Scanned with CamScanner

വയസ്സിൽ എനിക്ക് ചിന്തിക്കാൻ പോലും വിഷമം തോന്നുന്നു. നിത്യവും ഒരു മൂലക്കിരുന്നു ഭക്ഷണം കഴിക്കുന്ന എന്നെ കണ്ടിട്ട് ഒരിക്കൽ ആ ഹോട്ടലുടമ എന്റെയെല്ലാ കാര്യങ്ങളും ചോദിച്ചറിഞ്ഞു. എന്നിട്ടു പറഞ്ഞു. "ഇവിടെനിന്നും മഹാരാജാസിലേക്ക് വളരെയടുത്താണല്ലോ. ഉച്ചക്ക് ഭക്ഷണത്തിനും ഇവിടെ വരാം. ഈ ഹോട്ടലിൽ സപ്ലയറായി നിന്നാൽ 90 രൂപ തരാം, ദ്വാരകയിൽ 80 രൂപയല്ലേ ഉള്ളൂ." ഞാനൊന്നും പറഞ്ഞില്ല. ദ്വാരക ഹോട്ടൽ ഒരു വലിയ ഹോട്ടലല്ലേ. ഇതൊരു പെട്ടിക്കട എന്നു മാത്രം ചിന്തിച്ചു. അടുത്ത ദിവസം മുതൽ അയാൾ പത്തു പൈസ കുറച്ചാണ് ഭക്ഷണത്തിന് വില ഈടാക്കിയത്.

മറ്റിടങ്ങളിൽ ഭക്ഷണം എത്തിക്കേണ്ടിവരുമ്പോൾ ദ്വാരകയിൽ നിന്ന് പാത്രത്തിൽ ഭക്ഷ്യവിഭവങ്ങളെടുത്ത്, സദ്യാസ്ഥലത്തേക്ക് പ്രത്യേകതരം ഡ്രസ്സിട്ടുവേണം കൊണ്ടുപോകാൻ. അങ്ങിനെയുള്ള ഡ്രസ്സിട്ട് ചിലസ്ഥലത്ത് ഞാൻ നിൽക്കുന്നതുകണ്ടിട്ട് ചിലരെന്നോടു ചോദിക്കാറുണ്ട്. ഇത്ര ചെറുപ്പത്തിലെ "ഡ്രൈവറായിട്ടു ജോലി കിട്ടിയോ?" എന്ന്. ആ ഡ്രസ് ഡ്രൈവർമാർ സാധാരണയായിട്ടുപയോഗിക്കുന്ന ഡ്രസ്സായിരുന്നു.

മഹാരാജാസിൽ പഠിച്ചിരുന്ന കാലത്ത് ഭയാനകമാം വിധത്തിലുള്ള രാഷ്ട്രീയ പകപോക്കലിന്റെ കളിയരങ്ങായിരുന്നു കോളേജ് കാമ്പസ്. എസ് എഫ് ഐയും കെ എസ് യു വും തമ്മിലായിരുന്നു അടിപിടി. മാരകായുധങ്ങളും കൊണ്ട് കോളേജിലേക്ക് വരുന്ന അനവധി വിദ്യാർത്ഥി നേതാക്കളുണ്ട്. കോളേജ് യൂണിയൻ ഇലക്ഷനായാൽ കോളേജിൽ കത്തിക്കുത്തും ചങ്ങലക്കടിയും സർവസാധാരണമാണ്. മോട്ടോർ സൈക്കിളിന്റെ ചെയിനും, മലപ്പുറം കത്തിയും കൊണ്ടു നടന്നിരുന്ന അനവധി (അന്നത്തെ) നേതാക്കളെ ഇന്നും കാണാറുണ്ട്. അന്നവരെ കാണുമ്പോൾ ഭയമായിരുന്നു. അവരിലാരും ഇന്നത്തെ കമ്മ്യൂണിസ്റ്റുപാർട്ടിയിലില്ല. ഇന്നവരെ കാണുമ്പോൾ എനിക്ക് വെറുപ്പാണ്. പ്രത്യേകിച്ചും ഒരു ഷണ്മുഖനുണ്ട് എസ് എഫ് ഐ നേതാവ്. ചോര കൊണ്ടു കുളിക്കുന്ന നേതാവായിരുന്നു അയാൾ.

സ്കൂളിലേതു പോലെ കോളേജിലും എൻ സി സിക്ക് ഞാൻ പോകുമായിരുന്നു. മറ്റുള്ളവരേക്കാൾ മുമ്പനാകാൻ എന്തെല്ലാം ചെയ്യണമോ അതെല്ലാം ചെയ്യുക എന്നതായിരുന്നു മാർഗവും ലക്ഷ്യവും. ഒരു വർഗീസ് സാറായിരുന്നു എൻ സി സിയുടേയും, ഫിസിക്കൽ എഡ്യുക്കേഷന്റേയും ചാർജ്ജ്. ഒരിക്കലെങ്കിലും അദ്ദേഹത്തിന്റെ പല്ല് പുറത്തു ചിരിക്കാനായിട്ട് കാണിച്ചിട്ടില്ല. എൻ സി സി ലീഡേഴ്സായി പലരുമുണ്ടായിരുന്നു. അവരെല്ലാം മിക്കവാറും നല്ല സമ്പന്നകുടുംബ

ത്തിൽപ്പെട്ടവരുമായിരുന്നു. വേനലവധിക്കും ചിലപ്പോൾ ക്രിസ്മസ് അവധിക്കും എൻ സി സി ക്യാമ്പ് ഉണ്ടാകും. അതിലെല്ലാം പങ്കെടുത്തിരുന്നത്, മറ്റുള്ളവരേക്കാൾ വ്യത്യസ്ഥനാകണം എന്ന ആഗ്രഹത്തിന്റെ പ്രതിഫലനത്താലായിരുന്നു. എറണാകുളത്തെ സെന്റ് ആൽബർട്ട്സ് സ്കൂളിൽ നടന്ന എൻ സി സി ക്യാമ്പിൽ നിന്നും ധാരാളം അനുഭവങ്ങൾ ലഭിച്ചു.

ആൾ ഇന്ത്യ ക്യാമ്പിൽ പങ്കെടുക്കാനുള്ള അവസരവും ലഭിച്ചു. എറണാകുളം നേവൽ ബേസിനടുത്തുള്ള എസ് ആർ ബി എച്ച് എസ് സ്കൂളിലായിരുന്നു ഒരു മാസം നീണ്ടു നിന്ന ദേശീയ ക്യാമ്പ്. കേരളത്തിൽ നിന്ന് രണ്ടു പേർക്കായിരുന്നു സെലക്ഷൻ ലഭിച്ചത്. അതികഠിനമായിരുന്നു ക്യാമ്പിലെ ചട്ടങ്ങളെങ്കിലും. പതിനഞ്ചോളം ദിവസം കഠിനമായ മഴയായിരുന്നതിനാൽ ഞങ്ങൾക്ക് വിഷമം കൂടാതെ ക്യാമ്പ് തീർക്കാൻ സാധിച്ചു. ഈ ക്യാമ്പിൽ ഒരു ഓം പ്രകാശ് എന്ന നേവൽ ഓഫീസറുണ്ടായിരുന്നു. അയാൾ എന്നും വിദ്യാർത്ഥികൾക്ക് നല്ല നല്ല ഉപദേശങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുന്ന പതിവുണ്ട്. അയാൾ പറഞ്ഞു തന്ന ചില വരികൾ ഇന്നും മനസ്സിലുണ്ട്. Never smoke for the first time. You can smoke for the second or third time. Love എന്നതിനും അയാൾ ചില വിവരണം നൽകിയിരുന്നു. Lake of sorrow, occean of tears, valley of happiness and end of life. പല പല ഉപദേശങ്ങളും അനുഭവങ്ങളും, കഥകളും കേൾക്കാൻ എൻ സി സി കാഡറ്റ്സ് ഇയാളുടെ ചുറ്റും കൂടുമായിരുന്നു.

വളരെ തടിയനായ ഒരു എൻ സി സി ഓഫീസർ ഷോണി എന്ന സർദാർജിക്കു എന്നെ കുറെ ഇഷ്ടമായിരുന്നു. ഒരു ദിവസം രാവിലെ പത്തു കിലോമീറ്റർ ദൂരം ഓടിക്കിതച്ച്, തളർന്ന് ലൈനിൽ ഞാൻ നിൽക്കുന്ന സമയത്ത്, ഷൂ പോളിഷ് ചെയ്തിട്ടില്ല എന്ന് പറഞ്ഞ് രണ്ടു കയ്യും ചേർത്ത് എന്റെ രണ്ടു കവിളിലും അടിച്ചു. ഇഷ്ടവും അൽപം ശിക്ഷാഭാവവും ചേർത്തുള്ള ആ അടി കവിളുകളിൽ നിന്ന് അല്പം പുറകോട്ടു പോയതിനാൽ ചെവികൾക്കേറ്റ ആഘാതം പോലെ ഞാൻ തലച്ചുറ്റി വീണു. രണ്ടു ദിവസം ചികിത്സയിലും കഴിഞ്ഞു.

ഈ എൻ സി സി ക്യാമ്പിലായിരുന്നു, ഐ എൻ എസ് ഗോദാവരി എന്ന യുദ്ധക്കപ്പലിൽ രണ്ടു ദിവസം കടലിലേക്കു പോകാനുള്ള അവസരം ലഭിച്ചത്. 90 പേർ പങ്കെടുത്ത യാത്രയിൽ 89 പേരും കപ്പലിൽ ഛർദ്ദിച്ചു. എനിക്കു മാത്രം ഭാഗ്യവശാൽ ഒന്നും സംഭവിച്ചില്ല. യുദ്ധ വേളയിൽ ഉപയോഗിക്കുന്ന പല ആയുധങ്ങളുടേയും പ്രകടനവും ഉണ്ടായിരുന്നു. ഈ യാത്രയിൽ, കപ്പലിൽ നിന്ന് വഞ്ചിയിറക്കി



Scanned with CamScanner

ഞങ്ങളോട് തുഴയാൻ പറഞ്ഞു. ശക്തമായ ഒഴുക്കുണ്ടായിരുന്നതിനാൽ ഞങ്ങളുടെ നേവൽ വഞ്ചി ആഫ്രിക്കൻ പായലിൽ കുടുങ്ങി. ഞങ്ങൾ ആറുപേരാണ് ഈ വഞ്ചിയിലുണ്ടായിരുന്നത്. ഭയന്നു വിറച്ചുപോയ ഞങ്ങളെ കപ്പലിൽ നിന്ന് മറ്റൊരു മെഷിൻ ബോട്ടിറക്കിയാണ്, രക്ഷിച്ചു തിരികെ കൊണ്ടുവന്നത്.

ആൾ ഇന്ത്യാക്യാമ്പായിരുന്നതിനാൽ, ഒരു ലോങ്ങ് മാർച്ച് പതിവുണ്ട്. കൊച്ചിയിലെ വെല്ലിങ്ങ്ടൺ ഐലൻറിൽ നിന്ന് തൃപ്പൂണിത്തുറ ഗവ. ബോയ്സ് ഹൈസ്കൂൾ വരെയായിരുന്നു മാർച്ച്. അവിടെചെന്ന് എനിക്ക് എന്റെ വീട്ടിലേക്കു പോകാനനുവാദം ലഭിച്ചു. ഞാനൊറ്റക്കാണ് മടങ്ങിയത്. യാത്രയിൽ ഞാൻ പാന്റിട്ടുകൊണ്ടാണ് വൈകുന്നേരം ക്യാമ്പിലെത്തിയത്. ചെരിപ്പിടാനില്ലാത്തതിനാൽ ചെരിപ്പോ ഷൂസോ ഇടാതെ പാന്റിട്ട് തൃപ്പൂണിത്തുറയിൽ നിന്ന് ബസ്സു കയറി, എറണാകുളം ബോട്ടുജെട്ടിയിൽ നിന്ന് വെല്ലിങ്ങ്ടൺ ഐലന്റിലേക്ക് ബോട്ടിൽ യാത്ര ചെയ്തപ്പോഴാണ്, ചെരിപ്പിടാതെ പാന്റിട്ട എന്റെ വേഷം കണ്ട് ക്യാമ്പിലുള്ള കാഡറ്റുകൾ കളിയാക്കിച്ചിരിച്ചത്. ആവേശത്തോടെയൊന്നുമല്ലായിരുന്നെങ്കിലും, മറക്കാൻ കഴിയാത്തത്രയും വാക്കുകളിലൂടെ ഇംഗ്ലീഷിലും ഹിന്ദിയിലും അവർ കളിയാക്കിയപ്പോൾ ഞാൻ നിന്നു ദഹിച്ചുപോയി. എൻ സി സി യിലൂടെ സ്വാതന്ത്ര്യദിന പരേഡിലും റിപ്പബ്ലിക് ദിന പരേഡിലുമെല്ലാം പങ്കെടുക്കുമ്പോഴും മറ്റെല്ലാവരേക്കാളും മോശമായ എൻ സി സി യൂണിഫോമായിരുന്നു എന്റേത്. കഴുകാനോ മറ്റുള്ളവരെപോലെ തേച്ചുമിനുക്കിയണിയാനോ ഉള്ള സമയമുണ്ടായിരുന്നില്ല എന്നതായിരുന്നു കാരണം.

പ്രിഡിഗ്രി പഠിക്കുന്ന കാലയളവിൽ എന്നിൽ ഉദയം ചെയ്ത ഒരു വിനോദമായിരുന്നു: പഠിച്ചതെല്ലാം ഏറ്റു പറയുക. ആരുമില്ലാത്ത വേളയിൽ സ്വയം പ്രസംഗിക്കുക. പഠിച്ചത് വേദമന്ത്രങ്ങളായിരുന്നാലും കെമിസ്ട്രിയായിരുന്നാലും ഇപ്രകാരം പറയുന്നതും ഓർമ്മിച്ചാവർത്തിക്കുന്നതും ജീവിതത്തിലൊത്തിരി പ്രയോജനപ്പെടുകയുണ്ടായി.

### ഒരു ശാപത്തിന്റെ അനുഗ്രഹം

എന്റെ ജീവിതത്തെ മാറ്റിമറിച്ച ഒരു ചെറിയ സംഭവം ഇന്നും വലിയൊരു സംഭവമായി മനസ്സിൽ തളംകെട്ടി നിൽക്കുന്നു. എന്റെ പ്രഭാഷണങ്ങളിൽ അതു ഞാൻ വിവരിക്കാറുമുണ്ട്. ദ്വാരകയിലെ പ്രഭാത സായാഹ്ന ഷിഫ്റ്റുകൾക്കിടക്ക്, ക്ലാസ് മുറിയിൽ വളരെ ക്ഷീണിതനായിട്ടാണ് പലപ്പോഴും ഇരിക്കാറുള്ളത്. ചില ക്ലാസിൽ അറിയാതെ ഉറങ്ങുമായിരുന്നു.



Scanned with CamScanner

എന്നെ കെമിസ്ട്രി പഠിപ്പിച്ച ടീച്ചർ വളരെ ശ്രദ്ധയോടെ പദാനുപദം, എല്ലാനിലവാരത്തിലുള്ള വിദ്യാർത്ഥികൾക്കും മനസ്സിലാകുന്ന വിധത്തിലാണ്, ക്ലാസ് എടുക്കാറുള്ളത്. ഒരു വിദ്യാർത്ഥിക്കും മനസ്സിലാകാതിരിക്കരുത് എന്ന ഒറ്റലക്ഷ്യത്തോടെയാണ് ക്ലാസിലെ വിവരണങ്ങൾ. ടീച്ചറുടെ കണ്ണ്, കെമിസ്ട്രി ഗാലറി ക്ലാസിലെ 80 വിദ്യാർത്ഥികളുടെ മുഖത്തു കൂടെയും ഇടക്കിടക്ക് കടന്നുപോകും. അശ്രദ്ധയോടെ ഇരിക്കുന്നവരേയും സംസാരിക്കുന്നവരേയുമെല്ലാം ക്ലാസിലെ വിവരണം നടക്കുമ്പോൾ തന്നെ ടീച്ചർ കണ്ടുപിടിച്ചിട്ടുണ്ടാകും. അതേ കണ്ണുകൾ എന്റെ മുഖത്തും പതിച്ചു. ഹൈഡ്രജൻ ക്ലോറൈഡ്, ലാബറട്ടറിയിൽ നിർമ്മിക്കുന്നതിനെക്കുറിച്ചായിരുന്നു വിവരണം നൽകികൊണ്ടിരുന്നത്. പല പ്രാവശ്യം അതാവർത്തിക്കുന്നുണ്ടായിരുന്നു. തുടർന്ന് ഹൈഡ്രജൻ ബ്രോമൈഡ് നിർമ്മാണത്തിന്റെ വിവരണം നൽകി. ഈ സമയത്ത് ഞാൻ നല്ല ഉറക്കമായിരുന്നു. ആദ്യത്തെ വിവരണം ശ്രദ്ധയോടെ കേട്ടിരുന്ന്, സാവധാനത്തിൽ എന്റെ കണ്ണുകൾ അടയുന്നത് എനിക്കുമറിയാമായിരുന്നു. ടീച്ചർ വളരെ കാര്യമായി ശ്രദ്ധിക്കുന്നുണ്ടായിരുന്നു. നല്ല ഉറക്കത്തിലേക്ക് വഴുതിവീണ എന്നെ നോക്കി, കെമിസ്ട്രി ടീച്ചർ ഹൈഡ്രജൻ ബ്രോമൈഡ് നിർമ്മാണത്തെക്കുറിച്ച് രണ്ടു മൂന്നു പ്രാവശ്യം ആവർത്തിച്ചിരിക്കണം. പെട്ടെന്ന് അതിനെക്കുറിച്ച് തന്നെ എന്നോടൊരു ചോദ്യം ചോദിച്ചു. എന്റെ മുഖത്തു നോക്കിക്കൊണ്ട് How can you prepare hydrogen bromide in the laboratory? ചോദ്യമേ കേൾക്കാത്ത എന്നെ അടുത്തിരുന്ന സുഹൃത്ത്, തൊട്ടുവിളിച്ചു. ചാടിയെഴുന്നേറ്റ് ഞാൻ ഉത്തരം പറഞ്ഞത് (ഉറങ്ങുന്നതിനു മുമ്പ് കേട്ടതായ) ഹൈഡ്രജൻ ക്ലോറൈഡ് നിർമ്മിക്കുന്നതിന്റെ വിവരണമായിരുന്നു. അതെല്ലാം കേട്ട് ഒരു കമന്റും പറയാതെ ടീച്ചർ ക്ലാസു തുടർന്നു. ഏകദേശം 60 പെൺകുട്ടികളും 20 ആൺകുട്ടികളുമുണ്ടായിരുന്ന ക്ലാസിൽ 40 മിനിറ്റു സമയം എനിക്ക് ഇരിക്കാനനുവാദം തരാത്തതിനാൽ നിൽക്കേണ്ടി വന്നു. പല കുട്ടികളും സഹതാപത്തോടെ എന്നെ നോക്കുന്നുണ്ടായിരുന്നു. ഉത്തരം പറയാത്ത വിദ്യാർത്ഥികളെ എഴുന്നേൽപ്പിച്ചു നിർത്തുക എന്ന ശിക്ഷ ഒരിക്കലും ആ ടീച്ചർ ആർക്കും കൊടുത്തതായി കേട്ടിട്ടു പോലുമില്ല. ക്ലാസു കഴിയാറാകുമ്പോൾ ടീച്ചർ എല്ലാവരും കേൾക്കേ പറഞ്ഞു. "ഇങ്ങിനെപോയാൽ പത്തുവർഷം പഠിച്ചാലും ഗോപാലകൃഷ്ണൻ കെമിസ്ട്രി പാസ്സാകില്ല". ദുഃഖം സഹിച്ച് തന്റേടത്തോടെ ഗാലറിയിൽ നിന്നിറങ്ങി വന്ന് ടീച്ചറിന്റെ മുന്നിൽ സത്യപ്രതിജ്ഞ ചെയ്യുന്ന പോലെ ഞാൻ പറഞ്ഞു. "ഈ കെമിസ്ട്രി പഠിച്ച്, അതിന്റെ അവസാനത്തെ ഡിഗ്രിയുമെടുത്ത്, ലോകത്തിലെ പ്രസിദ്ധ

മായ യൂണിവേഴ്സിറ്റിയിൽ പഠിച്ച്, നാൽപതു വയസ്സിനുള്ളിൽ ഭൂമിയുടെ ഇപ്പുറത്തുകൂടി പോയി അപ്പുറത്തു കൂടെ ഞാൻ വരും..." ഇത് കേട്ട ഉടനെ ടീച്ചർ പറഞ്ഞു. "എങ്കിൽ സൂര്യൻ പടിഞ്ഞാറുദിക്കും" ഉടനെ ഞാനും പ്രതികരിച്ചു. "അന്നു ഞാൻ മേഡത്തിന്റെ മുന്നിൽ വരും. നേരെ വന്നു നിൽക്കും."

ഈ ഒരു സംഭവം എന്റെ ജീവിതത്തെ മാറ്റി മറിച്ചതായിരുന്നു, ഒരു പ്രതിജ്ഞപോലെ. അത്രക്കൊന്നും ക്ലാസിൽ സംസാരിക്കാത്ത ഞാൻ എങ്ങിനെ ഈ വരികൾ പറഞ്ഞു എന്നറിയില്ല. ടീച്ചറും പിന്നീട് മറ്റുള്ളവരോട് പറഞ്ഞുവത്രെ. "ഗോപാലകൃഷ്ണൻ ഇങ്ങിനെ പ്രതികരിക്കുമെന്ന് ഒരിക്കലും പ്രതീക്ഷിച്ചില്ല. എത്ര ശക്തമായിരുന്നു, ആ കുട്ടിയുടെ വാക്കുകൾ..." എന്ന്. ഞാൻ ക്ലാസിൽ ഒരിക്കലും ഉറങ്ങാറില്ല. കരഞ്ഞു കാലുപിടിച്ചു കിട്ടിയ അഡ്മിഷന്റെ വിലയെനിക്കറിയാം. രണ്ടു മൂന്നു ദിവസങ്ങളായി ദ്വാരകാ ഹോട്ടലിൽ രാത്രി വരെ എനിക്ക് ജോലിയുണ്ടായിരുന്നു. വിശ്രമമില്ലാത്ത അവസ്ഥയായിരുന്നതിനാലാണ് ഉറങ്ങിയത്, എന്ന് ആഴ്ചകൾക്കു ശേഷം ഞാൻ ടീച്ചറോട് പറയുകയും ചെയ്തു. ടീച്ചർ അതിന് മറുപടിയൊന്നും പറഞ്ഞുമില്ല. കുറേക്കഴിഞ്ഞതിനുശേഷം നിസ്സംഗമായി സൂചിപ്പിച്ചു. "കോളേജിലേക്കു വരുന്നത് പഠിക്കാനാണ് ഉറങ്ങാനല്ല."

എന്റേയും ടീച്ചറുടേയും ഈ ചെറിയ സംഭാഷണം കെമിസ്ട്രി ഡിപ്പാർട്ടുമെന്റിലെ എല്ലാ അദ്ധ്യാപകരും അറിഞ്ഞിരുന്നു. ഈ ടീച്ചറുൾപ്പെടെ ആർക്കും എന്നോട് ഒരു ദേഷ്യവും അന്നും പിന്നീടും ഉണ്ടായിട്ടില്ല. അതാണ് മഹാരാജാസ് കലാലയത്തിന്റെ പ്രത്യേകതയെന്ന് എനിക്ക് തോന്നാറുണ്ട്. ടീച്ചർ ഈ സംഭാഷണം അടുത്ത ദിവസം തന്നെ മറന്നുകാണണം. അടുത്ത ആഴ്ച നടന്ന കെമിസ്ട്രി ക്ലാസ് ടെസ്റ്റിൽ ഏറ്റവും കൂടുതൽ മാർക്ക് എനിക്കായിരുന്നു. അന്നുമുതൽക്ക് എനിക്ക് കെമിസ്ട്രിയിൽ നല്ല മാർക്കു ലഭിക്കുകയും ചെയ്തിരുന്നു. പത്തിൽ ഒമ്പതര വരെ! പക്ഷെ പത്തിൽ പത്ത് ലഭിക്കാറില്ല.

പ്രീഡിഗ്രി പഠിക്കുന്ന വേളയിൽ ഏറ്റവും അടുത്ത സുഹൃത്തുക്കളായി കൂടെയുണ്ടായിരുന്നത് ശ്രീ. പീറ്റർ ജോസഫും, തൃപ്പൂണിത്തുറക്കടുത്ത് തൈക്കൂട്ടത്തുള്ള ശ്രീ ജോർജ്ജുമായിരുന്നു. ജീവിതത്തിൽ യൗവനത്തിലെത്തിയതിനുശേഷമുള്ള സുഹൃത്ബന്ധം എന്നത് അറിയാൻ തുടങ്ങിയതും ഇക്കാലയളവിലാണ്. പീറ്റർ, മഹാരാജാസ് കോളേജ് ഹോസ്റ്റലിലായിരുന്നു താമസിച്ചിരുന്നത്. അതുകൊണ്ടു തന്നെ സമയം ലഭിച്ചാൽ കുറേ നേരം പീറ്ററിന്റെ കൂടെ ചിലവഴിച്ചിരുന്നു. പഠിക്കാൻ അവരോടൊപ്പമെത്തില്ലെങ്കിലും പഠിക്കണമെന്ന മോഹം നിറഞ്ഞു നിന്നു.



Scanned with CamScanner

അന്നാണ് ഒരു ഡോക്ടറാകണം എന്ന തോന്നൽ മനസ്സിൽ ഉടലെടു ത്തത് ഉൽക്കടമായ ആഗ്രഹമൊന്നുമുണ്ടായിരുന്നില്ല. എനിക്ക് ഡോക്ടാ റാകാൻ സാധ്യമല്ലെന്നറിഞ്ഞിട്ടും ശ്രമിക്കണമെന്ന് മനസ്സ് മന്ത്രിച്ചു. അല്ലെ ങ്കിൽ പിന്നെയെന്തായിത്തീരണമെന്നൊന്നും അറിഞ്ഞുകൂടായിരുന്നു.

ഹോട്ടലിലെ പണിയും, വിവാഹത്തിനു വെച്ചുവിളമ്പലും, ഇട ക്കിടക്ക് പൂജാകർമ്മങ്ങളും, ശാന്തിപ്പണിയും മാറിചെയ്തുള്ളൊരു ജീവി തത്തിന്, മഹാരാജാസിൽ ചേർന്നതിന് ശേഷവും, വലിയ മാറ്റമൊന്നു മുണ്ടായിരുന്നില്ല. ഹോട്ടൽ സപ്ലയർ ജോലി കൂടി ചേർന്നു എന്നു മാത്രം.

**ബാവർച്ചിയിലെ സർവകലാവല്ലഭനായ വേലക്കാരൻ**

ഒന്നാം വർഷ പ്രീഡിഗ്രി പരീക്ഷയില്ലാതിരുന്ന കാലഘട്ടമായിരു ന്നതിനാൽ വേനലവധി ദേവികുളത്തെ പീറ്ററിന്റെ വീട്ടിലേക്ക് പോകാ മെന്നും പീറ്ററിനെ അറിയിക്കാതെ തന്നെ പോകണമെന്നു വിചാരിച്ചു. അതുകൊണ്ട് കോതമംഗലം വഴി ആദ്യം അടിമാലിയിലെത്തി. അവിടെ ഒരു സുഹൃത്തിന്റെ വീട്ടിൽ തങ്ങി. അടുത്ത ദിവസം രാവിലെ ദേവികു ളത്തേക്കുള്ള വണ്ടിയിൽ കയറി ഉച്ചയോടെ വീട്ടിലെത്തി. ഇത്തരത്തി ലുള്ള യാത്ര ആദ്യമായിട്ടായിരുന്നുതാനും. അത്യത്ഭുതകരവും, സുന്ദര വും, പ്രകൃതി കനിഞ്ഞനുഗ്രഹിച്ചതുമായ ദേവികുളവും മൂന്നാറും 17 വയസ്സുകാരനായ എന്റെ ജീവിതത്തെ പിടിച്ചു നിർത്തിയ ദൃശ്യങ്ങളായി രുന്നു. തുറന്ന ലോകത്തേക്ക് ഒറ്റക്കുള്ള ആദ്യ യാത്രയായിരുന്നു ഇത്. തേയിലത്തോട്ടങ്ങളും, പഴയദേവികുളത്തേക്കുള്ള യാത്രാ വിസ്മയവും, അവിടെ ആരാക്കു സ്വാമി എന്ന ഒരാളുടെ സഹായത്തോടെ സീതാ ദേവി കുളിച്ച ദേവികുളത്തിൽ ഇംഗ്ലീഷുകാരുപയോഗിച്ച ബോട്ടിലൊരു യാത്രയും, എല്ലാം ഇന്നലത്തെ സംഭവമായി മനസ്സിൽ നിറയുന്നു. പീറ്റ റിന്റെ വീട് ഒരു ഓലക്കൂരപോലെയായിരുന്നതിനാൽ ഞങ്ങൾ മൂന്നാ റിൽ വന്ന് ഒരു ചെറിയ ലോഡ്ജിൽ 15 രൂപ കൊടുത്ത് മുറിയെടുത്ത് താമസിച്ചു. രാത്രിയിൽ ഉറങ്ങാൻ മാത്രം തടിക്ക്ഷണം കൊണ്ടുണ്ടാ ക്കിയ ഈ ലോഡ്ജിൽ വരും, ബാക്കി സമയം ചുറ്റിക്കറങ്ങലായിരുന്നു.

കാൽനടയായി പല പല തേയില തോട്ടങ്ങൾ സന്ദർശിച്ച് അനു ഭവങ്ങളാസ്വദിച്ച്, അനുഭവങ്ങളുണ്ടാക്കി, തലയോട്ടി ക്ലബ്, ടാറ്റാ ക്ലബ്, മാട്ടുപെട്ടി ഡാം, ഇന്തോ സോവിയറ്റ് പ്രോജക്റ്റ് ഇതെല്ലാം സ്വതന്ത്ര നായി സുഹൃത്തിന്റെ കൂടെ സ്വയം ചുറ്റിക്കറങ്ങി കണ്ടു.

നല്ലതണ്ണിയെന്ന സ്ഥലത്ത്, കൂടെ പഠിച്ചിരുന്ന ഒരു ശശിയുണ്ടാ യിരുന്നു. പഠിക്കാൻ അതിസമർത്ഥനായിരുന്ന ശശി ശാന്തനും കുലീന സ്വഭാവമുള്ളവനുമായിരുന്നു. ശശിക്ക് ജീവിതത്തിൽ വളരെ ഉയരങ്ങ ളിലേക്ക് പോകാൻ സാധിക്കുമെന്ന് ഞങ്ങൾക്കെല്ലാവർക്കുമറിയാമാ



Scanned with CamScanner

യിരുന്നു. പ്രീഡിഗ്രിക്കു ശേഷം ശശിയെ കണ്ടത് 2008 ഡിസംബറിൽ നാഗ്പൂരിൽ നാഷണൽ അക്കാദമി ഓഫ് ഡയറക്ട് ടാക്സസിൽ, ക്ലാസെടുക്കാനായി ഞാൻ പോയപ്പോളായിരുന്നു. അദ്ദേഹം 1982 ബാച്ചിലെ ഐ ആർ എസ് ഓഫീസറായി ഇൻകം ടാക്സ് കമ്മീഷണറായി ഇപ്പോൾ പ്രവർത്തിക്കുന്നു. അദ്ദേഹം നാഗ്പൂരിലെ ക്ലാസിലുണ്ടായിരുന്നു എന്നത് ഏറെ അത്ഭുതകരമായി തോന്നി. കൂടെ സന്തോഷവും തോന്നി. കുറച്ചു സമയമേ പരസ്പരം കണ്ടിരുന്നുള്ളൂവെങ്കിലും കുറേ പഴയ കാര്യങ്ങൾ പങ്കുവെക്കാൻ ലഭിച്ച സമയം ഞങ്ങളുപയോഗിച്ചു

നല്ലതണ്ണിയിലേക്കുള്ള യാത്രയിൽ, ഒരു പഴയ ഓലകെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന സിനിമാതീയേറ്ററും ശ്രദ്ധയിൽപ്പെട്ടു. ഞങ്ങൾക്കൊരു സിനിമ കാണണമെന്ന ആശയം തോന്നി. ഒട്ടും വൈകിയില്ല ഞങ്ങൾ തീയറ്ററിൽ എന്താണ് സിനിമയെന്നുപോലും അറിയാതെ ടിക്കറ്റെടുത്ത് കയറിയിരുന്നു. അപ്പോഴാണ് മനസ്സിലായത് ബാവർച്ചി എന്ന ഹിന്ദി സിനിമയെന്ന്. ആ സിനിമയാണ് എന്നെ ഇപ്പോഴത്തെ ഞാനാക്കിയത് എന്ന് ഞാൻ എന്റെ പ്രഭാഷണങ്ങളിൽ പറയാറുണ്ട്. മഹാരാജാസിലെ കെമിസ്ട്രി ക്ലാസിലെ ഉറക്കത്തിലെ വെല്ലുവിളിയും അതിനെ കുറേകൂടി ഫലവത്താക്കുന്ന വിധത്തിലുള്ള ഈ സിനിമാ ദർശനവും ഇഴുകിച്ചേർന്നു. പരസ്പരം ബന്ധമില്ലാത്തതാണെങ്കിലും എന്നിൽ ഈ രണ്ടു കാര്യങ്ങളും വലിയ സ്വാധീനമുണ്ടാക്കി. സർവകലാവല്ലഭനായി പ്രശോഭിക്കുന്ന ഹീറോ ആയിരുന്നു സിനിമയിൽ. എല്ലാ വിഷയത്തിലും അസാധാരണ പാണ്ഡിത്യം തുളുമ്പുന്ന ഹീറോ. ശാന്തൻ, പ്രൗഢ ഗംഭീരൻ, മനം മയക്കുന്ന സൗന്ദര്യം, വശ്യമായ ഭാഷാപ്രയോഗം, ഗണിതം, സംഗീതം, നൃത്തം, ഭക്ഷണം പാകം ചെയ്യൽ, ഗൃഹകാര്യങ്ങൾ നോക്കൽ, അത്യാധുനിക വിഷയം മുതൽ അതിപുരാതന വിഷയങ്ങൾ വരെ ഒരേ താളത്തിൽ കൈകാര്യം ചെയ്യുന്ന 'ബാവർച്ചി' എന്ന 'വേലക്കാരൻ'. ഞാൻ ജീവിതത്തിൽ സ്വയം അയാളായി മാറുകയായിരുന്നു. മറിച്ചു പറഞ്ഞാൽ 'ബാവർച്ചി' എന്ന വേലക്കാരനായി മാറണമെന്ന "ഉൾവിളി"യുണ്ടായത് അന്നായിരുന്നു. പലതും പഠിക്കണം. ഒരേ സാധനയോടെ അതെല്ലാം കൈകാര്യം ചെയ്യണം. ശാന്തനായി അതെല്ലാം പ്രയോഗത്തിൽ വരുത്തണം. ജനങ്ങൾക്കതു പറഞ്ഞു കൊടുക്കുമ്പോഴും ഇതെല്ലാം എനിക്കറിയാമെന്ന ഭാവം മുഖത്തുണ്ടാകരുത്. ആ ബാവർച്ചിയെ പോലെ. സിനിമയിൽ അയാൾ മഞ്ഞിന്റെ പുകയിൽ നിന്നു വരുന്നതായിട്ടാണ് കഥാരംഭം. എല്ലാം കഴിഞ്ഞ് മഞ്ഞിലേക്കു തന്നെ മറയുന്നു. അതുപോലെ ഞാൻ എന്നോടു പറഞ്ഞു. "ഒന്നുമില്ലാത്തതിൽ നിന്ന് നീ വന്നു. എല്ലാവരുടേയും മനസ്സ് നിറച്ചുകൊണ്ട് ചെയ്തു



Scanned with CamScanner

തീർക്കാനുള്ളതെല്ലാം ചെയ്തു തീർത്ത് പ്രേക്ഷകരുടെ മനസിൽ പ്രകാശം പരത്തി നീയും മറയണം." ആ സിനിമ എന്നിലുണ്ടാക്കിയ സ്വാധീനം അതായിരുന്നു.

മൂന്നു നാലു ദിവസത്തെ മൂന്നാർ ദേവികുളം സന്ദർശനം കഴിഞ്ഞ് ഞാൻ ആ പ്രദേശത്തെ സൗന്ദര്യവും ബാവർച്ചിയുടെ അനുഭവവും ഉള്ളിലാക്കി, 9 രൂപ 50 പൈസക്ക് ബസ് ടിക്കറ്റെടുത്ത്, എറണാകുള ത്തെത്തി. കൂടുതൽ പഠിക്കണം, വളരണം എന്റേതായ ഒരു വ്യക്തിത്വ മുണ്ടാകണം. മറ്റുള്ളവരിൽ നിന്നു വ്യത്യസ്ഥനാകണം. എന്നെ അവ ഹേളിച്ചവരേയും എന്നിലപകർഷതയുണ്ടാക്കിയവരേയും സാക്ഷി നിർത്തി ഉയർന്ന് പറക്കണം. നിമിത്ത ഗുരുവിനെ പോലെ രണ്ടനുഭവ ങ്ങൾ ജഗദീശ്വരൻ തന്നു.

ഈ യാത്രക്കു ശേഷം കൂടുതൽ ലോകാനുഭവങ്ങൾ നേടണമെ ന്നാഗ്രഹമുണ്ടായി. പല പല മത്സരങ്ങളിലും പങ്കെടുക്കുവാൻ തുടങ്ങി യതിക്കാലത്താണ്. പ്രസംഗമത്സരങ്ങളിൽ പങ്കെടുക്കുന്നത് വളരെ ഇഷ്ട മായിത്തുടങ്ങി. കുറച്ചു മാസങ്ങൾ ബുൾബുൾ പഠിക്കാനും ശ്രമിച്ചു. ഒരു അലക്സ് സാറിന്റെ കീഴിലായിരുന്നു ബുൾബുൾ പഠനം. പാട്ടിലും അതുമായി ബന്ധപ്പെട്ട ഒരു കാര്യത്തിലും ഒരു വാസനയുമില്ലാതിരുന്ന ഞാൻ ബുൾബുൾ ഉപയോഗിച്ച് ലൗ ഇൻ ടോക്യോവിലെ 'സയനാരാ' എന്ന പാട്ടുപാടിയിരുന്നു. കൂടാതെ 'സംഗമം സംഗമം'..., അതു പോലെയുള്ള കഠിനമല്ലാത്ത ചില പാട്ടുകളും വശത്താക്കി. ചക്കംകുള ങ്ങര അമ്പലത്തിലെ കൃഷ്ണകുമാർ എന്ന ഇടക്കവിദ്വാനാണ് പത്തുരൂ പക്ക് ഒരു സെക്കന്റ് ഹാൻഡ് ബുൾബുൾ എനിക്കു തന്നത്. മഹാരാ ജാസ് കോളേജിന്റെ വാർഷിക പരിപാടികളിൽ സയനോരാ പാട്ട് ബുൾബുളിൽ വായിക്കുകയും ചെയ്തു. വളരെ രസകരമായി എന്നു തോന്നുന്ന നിലയിലെത്തിയപ്പോൾ, സദസ്സിലെ എല്ലാ വിദ്യാർത്ഥികളും ബുൾ ബുൾ ആസ്വദിച്ചുകൊണ്ടിരുന്ന വേളയിൽ, ഒരാൾ ഇത് റെക്കോഡ് ചെയ്യാനായി, ഒരു റെക്കോർഡർ കൊണ്ടു വന്ന് എന്റെ ബുൾബുളിന്റെ തൊട്ടടുത്ത് വെച്ചു. അയാൾ വരുന്നതും റെക്കോർഡർ വെക്കുന്നതും കണ്ടപ്പോൾ പെട്ടെന്ന് എന്റെ ശ്രദ്ധ മാറി. പിന്നെ ബുൾ ബുൾ വായിച്ച തെല്ലാം തെറ്റായിരുന്നു. എങ്കിലും എപ്പോഴും എല്ലാത്തിനും കൂവാറുള്ള മഹാരാജകീയന്മാർ എന്റെ ബുൾബുൾ വായനയിൽ കൂവിയില്ല. എന്റെ സംഗീത പഠനവും അവതരണവും ആരംഭിച്ചിടത്തുനിന്നും അധികം മുന്നോട്ട് പോയില്ല. എന്റെ ബന്ധു നടത്തിയിരുന്ന തൃപ്പൂണിത്തുറയിലെ കലാലയ സ്കൂളിലായിരുന്നു ശ്രീ അലക്സ് എന്നെ ബുൾബുൾ പഠിപ്പി ച്ചത്. ആഴ്ചകളും മാസങ്ങളും കഴിഞ്ഞിട്ടും ബുൾ ബുൾ വായനയുടെ

താളം ഒരിക്കലും ശരിയായിട്ടുണ്ടായിരുന്നില്ല. മറ്റൊരു വഴിയുമില്ലാതിരുന്നതിനാൽ അഞ്ചാറു സിനിമാപ്പാട്ടുകൾ മാത്രം പഠിച്ച് ബുൾബുൾ വിദ്വാനാകാനുള്ള ആഗ്രഹം അവസാനിപ്പിച്ചു എന്നെഴുതുന്നതായിരിക്കുംശരി.

## ഹോട്ടലിലെ 'അവിസ്മരണീയ' അനുഭവം

ദ്വാരകയിലെ ഹോട്ടൽ പണി എടുത്തിരുന്ന കാലത്ത്, ജീവിതത്തിൽ മറക്കാൻ സാധിക്കാത്ത അനുഭവങ്ങളുണ്ടായിട്ടുണ്ട്. എന്നും ഓർമ്മിക്കാറുള്ള ഒരനുഭവം ഇവിടെക്കുറിക്കട്ടെ. ഒരു ഞായറാഴ്ച വൈകുന്നേരം 7 മണിക്ക് നേവൽ ബേസിൽ നിന്ന് ഒരു സർദാർജിയും അയാളുടെ കുടുംബവും കൊച്ചുമക്കളുമായി ഏഴെട്ടുപേർ ഹോട്ടലിൽ വന്ന്, എ.സി.മുറിയിൽ ഭക്ഷണം കഴിക്കാനിരുന്നു. അവർ ഇരുന്ന ടേബിളിൽ സർവ്വീസ് നടത്തേണ്ടത് ഞാനായിരുന്നു. വലിയ ഭക്ഷണ പട്ടിക തന്നെ സർദാർജി നിരത്തി. സ്റ്റുവേർഡ് അതൊക്കെ എഴുതിയെടുത്ത് എനിക്ക് തന്നു. ഓരോന്നായി ഞാൻ ടേബിളിൽ കൊണ്ടുവന്നു വെച്ചു. വീണ്ടും വീണ്ടും അയാൾ ഓരോന്നായി പറഞ്ഞു കൊണ്ടേയിരുന്നു. ആ ടേബിളിലെ ഓരോ അറ്റത്തുമുള്ള പല വിഭവങ്ങളും ആവശ്യമുള്ളവരുടെ അടുത്തേക്ക് നീക്കിവെക്കാനും എന്നോടയാൾ നിർദ്ദേശിച്ചു. എന്റെ പേരിൽ എന്തെങ്കിലും ഒരു കുഴപ്പം കണ്ടു പിടിക്കാൻ കാത്തിരുന്ന മാനേജർ വളരെ സൂക്ഷ്മമായി ഞാൻ ചെയ്യുന്നതെല്ലാം നിരീക്ഷിക്കുന്നുണ്ടായിരുന്നു. ഒരറ്റത്തുനിന്ന് കടലക്കറി സർദാർജിയുടെ അടുത്തേക്ക് മാറ്റിവെക്കുവാൻ അയാൾ നിർദ്ദേശിച്ചതനുസരിച്ച്, അതെടുത്തുയർത്തിയതും, സർദാർജിയുടെ കൊച്ചുമകൻ എഴുന്നേറ്റു നിന്നതും ഒരുമിച്ചായിരുന്നു. കറിയുടെ പ്ലേറ്റ്, മകന്റെ തലയിൽ തട്ടി മേശയിലത് തെറിച്ചു വീണു. സർദാർജിയുടെ വെളുത്ത ഷർട്ടിൽ കറി തെറിച്ചു. അയാൾ എഴുന്നേറ്റു നിന്ന് എന്നെ അടുത്തേക്കു വിളിച്ച്, എന്റെ ചെകിടത്ത് ഒരടി! അടിക്കുന്നത് കണ്ടവരെല്ലാം അന്ധാളിച്ചു നിൽക്കുന്നുണ്ടായിരുന്നു.

മാനേജർ വന്ന് സർദാർജിയോട് മാപ്പു പറഞ്ഞു. എന്നെ അവിടെനിന്ന് മാറ്റി. സർദാർജിയും മറ്റുള്ളവരും കേൾക്കേ എന്നെ പത്തുമിനിട്ട് സമയം മാനേജർ 'ഫയർ' ചെയ്തു. ആത്മാഭിമാനക്ഷതത്തിന്റെ അടിത്തട്ടിലെത്തിയ വേളയിൽ, ചെറുപ്പത്തിലെന്നും കരയാറുള്ള ഗോപാലകൃഷ്ണൻ കരഞ്ഞു. അടിയുടേയും അവഹേളനത്തിന്റേയും വേദനയായിരുന്നു അത്. ഇന്നും എറണാകുളത്തു പോകുമ്പോൾ ദ്വാരകയിലേക്ക് പോയി എയർ കണ്ടീഷൻ ചെയ്ത മുറിയുടെ അറ്റത്ത് ഞാനിരുന്നു ചായ കുടിക്കും. സർദാർജി എന്റെ ചെകിടത്തടിച്ച അതേ സ്ഥല



Scanned with CamScanner

ത്തായിരിക്കും ഞാനിന്നു പോയാലും ഭക്ഷണം കഴിക്കാനായിട്ടിരിക്കുക. ഇന്നവിടെയുള്ളവരെല്ലാം പുതുമുഖങ്ങളായതിനാൽ ചായ കുടിച്ച് ബില്ലും കൊടുത്ത്, എന്റെ പഴയജീവിതം ഓർമ്മിക്കാനവസരമുണ്ടാക്കി, ഞാൻ തിരുവനന്തപുരത്തേക്ക് മടങ്ങും.

**ഒരു ടീച്ചറുടെ ഹൃദയസ്പർശിയായ അഭിനന്ദനം**

എന്നെ മഹാരാജാസിൽ ഇംഗ്ലീഷ് പഠിപ്പിച്ചിരുന്ന ഒരദ്ധ്യാപിക ഒരിക്കൽ ഹോട്ടലിൽ വന്നു. അവർ ഭക്ഷണം കഴിച്ചു പോകുന്ന വേളയിൽ എന്നെ കണ്ടു. അവർ കാണാതെ ഒഴിഞ്ഞു മാറാനും ഒളിഞ്ഞിരിക്കാനും ഞാൻ ശ്രമിച്ചുവെങ്കിലും അറിയാതെ അവരുടെ ശ്രദ്ധയിൽപ്പെട്ടു. കുറേ നല്ല വാക്കുകൾ പറഞ്ഞ് അഭിനന്ദിച്ച് അവർ പോകുകയും ചെയ്തു. അടുത്ത ദിവസം അവരുടെ ക്ലാസിൽ ഞാനിരുന്നത് ജാള്യതയോടെയായിരുന്നു. ആ ക്ലാസ് തീരാറാകുമ്പോൾ ടീച്ചർ എന്നെക്കുറിച്ച് വളരെ പ്രശംസിച്ച് ക്ലാസിൽ പറഞ്ഞു. “കേരളത്തിലെ പല കോളേജുകളിലും ഞാൻ പഠിപ്പിച്ചിട്ടുണ്ട്. പല തരത്തിലുള്ള വിദ്യാർത്ഥികളും അക്കൂട്ടത്തിലുണ്ടായിട്ടുണ്ട്. പക്ഷേ ഇന്നലെ ഞാൻ ഈ ക്ലാസിൽ പഠിക്കുന്ന ഒരു സ്റ്റുഡന്റിനെ ഒരു ഹോട്ടലിൽ വെച്ചു കണ്ടു. സപ്ലയറുടെ വെളുത്ത യൂണിഫോമിട്ട് ജോലി ചെയ്യുന്നു. എന്റെ സന്തോഷവും ആ കുട്ടിയോടുള്ള ബഹുമാനവും വാക്കുകൾ കൊണ്ടു പറഞ്ഞറിയിക്കാൻ ബുദ്ധിമുട്ടാണ്. അത്രക്കും മഹത്വമേറിയ തൊഴിൽ മാഹാത്മ്യം ഇത്ര ചെറുപ്പത്തിലേ എന്നെ കാണിച്ചുതന്ന ഗോപാലകൃഷ്ണനെന്ന നിങ്ങളുടെ സുഹൃത്ത് ഈ കോളേജിനു തന്നെ മാതൃകയാകട്ടെ. നിങ്ങൾക്കഭിമാനിക്കാം ഗോപാലകൃഷ്ണൻ ഈ ക്ലാസിലാണ് പഠിക്കുന്നതെന്നതിൽ.”

അതൊരു സന്തോഷാനുഭവമായിരുന്നുവെങ്കിലും ഞാനൊരു ഹോട്ടൽ സപ്ലയറാണെന്ന് എല്ലാവരുമറിഞ്ഞു. എന്റെ സുഹൃത്തുക്കളുടെ മുഖത്ത് എന്നെ കാണുമ്പോൾ ഇനി ഒരു സിംപതിയുടെ വികാരമുണ്ടാവുമോ എന്നെനിക്ക് തോന്നിയിരുന്നു.

**എന്നുമെന്നും പരാജയം**

രണ്ടാംവർഷ പ്രീഡിഗ്രിയിൽ നല്ലവണ്ണം പഠിക്കാൻ ശ്രമിച്ചു. ലഭിക്കുന്ന സമയമെല്ലാം വായിച്ചും എഴുതിയും പഠിച്ചിരുന്നു. ജ്യേഷ്ഠന്മാർക്ക് സയൻസുമായി ബന്ധമില്ലാത്തതുകൊണ്ട് ആരും മാർഗനിർദേശം നൽകാനില്ലായിരുന്നു. സാമ്പത്തികമായും മറ്റു ജോലി ഭാരത്താലും, എനിക്ക് ട്യൂഷൻ സാധിക്കുമായിരുന്നില്ല. കുറഞ്ഞത് ഫസ്റ്റ് ക്ലാസെങ്കിലും പ്രതീക്ഷിച്ച എനിക്ക് കൃത്യം സെക്കന്റ് ക്ലാസിനാവശ്യ

മായ മാർക്കു മാത്രമാണ് പ്രീഡിഗ്രിക്കു ലഭിച്ചത്. രാപ്പകലില്ലാതെ ഞാൻ പഠിച്ചിരുന്നു. വായിച്ചു പഠിച്ചതെല്ലാം എഴുതിയും പഠിച്ചിരുന്നു. എന്റെ പഠനത്തിൽ ഒരു തകരാറുമില്ലെന്നെനിക്കറിയാമായിരുന്നു. കെമിസ്ട്രി, ഫിസിക്സ്, ബയോളജി പ്രാക്റ്റിക്കൽസ് നഷ്ടപ്പെട്ടതാണോ എന്ന് എനിക്കറിഞ്ഞുകൂടാ. രണ്ടുവർഷത്തെ മഹാരാജാസിലെ സന്തോഷവും അനുഭവങ്ങളും കത്തിച്ചാമ്പലാകുന്നതുപോലെ ഞാൻ ദുഃഖിച്ചു. എന്നെത്തന്നെ ഞാൻ ശപിച്ചു. എന്തിനീ ജന്മം, തോൽക്കാൻ മാത്രമായിട്ടൊരു ജീവിതം...! പരാജയത്തേക്കാൾ ദുഃഖം തോന്നിയ സെക്കന്റ് ക്ലാസ് വിജയമായിരുന്നു അത്. എന്റെ കെമസ്ട്രി ടീച്ചറിന്റെ ശാപം ഫലിക്കുന്നപോലെ തോന്നി. മൂന്നു നാലുദിവസത്തോളം ഞാൻ ദുഃഖിച്ചു. റീവാല്യുവേഷനു കൊടുത്താൽ തന്നെ ഒരു പ്രയോജനവുമില്ലാ എന്നെല്ലാവരും പറഞ്ഞു. "മെഡിസിനു പോകാൻ വേണ്ട മാർക്കു കിട്ടി" എന്നു പറഞ്ഞു ചിലർ കളിയാക്കി. "ഹോട്ടൽ സപ്ലയർക്ക് ഇതിനേക്കാൾ കൂടുതൽ എങ്ങിനെയാണ് പ്രതീക്ഷിക്കാൻ സാധിക്കുക" എന്നും എന്റെ ക്ലാസിലെ ചില കുട്ടികൾ പറഞ്ഞു. "പൈസയുണ്ടാക്കാനുള്ള പരിപാടിക്കിടക്ക് പഠിക്കാനെവിടെയാണ് സമയം... പലരും പലതും പറഞ്ഞു.

തൃപ്പൂണിത്തുറ ആയുർവേദ കോളേജിൽ പഠിച്ചിരുന്ന ഒരു ജേക്കബും അദ്ദേഹത്തിന്റെ അയൽവാസിയായ എന്റെ ഒരു സുഹൃത്ത് സുബാഷും എന്നെ മെഡിസിനു പോകണമെന്നു നിർബന്ധിച്ചിരുന്നു. പ്രീഡിഗ്രി പരീക്ഷ കഴിഞ്ഞപ്പോൾ നല്ല രീതിയിൽ പരീക്ഷയെഴുതാൻ സാധിച്ചു എന്നും നല്ല മാർക്കു ലഭിക്കുമെന്നും ഉത്തമ ബോധ്യമുണ്ടായിരുന്നതിനാൽ എനിക്കു വേണ്ടി കോയമ്പത്തൂർ മെഡിക്കൽ കോളേജിൽ പോയി അപേക്ഷാഫാറം വാങ്ങിക്കൊണ്ടു വന്ന് പൂരിപ്പിച്ച് സമർപ്പിച്ചതുപോലും ശ്രീ ജേക്കബായിരുന്നു. കേരളായൂണിവേഴ്സിറ്റിയിൽ നിന്നും കോയമ്പത്തൂർ മെഡിക്കൽ കോളേജിലേക്ക്, റിസൾട്ടുവരുന്നതിനു മുമ്പുതന്നെ, എന്റെ മാർക്ക് അയച്ചുകൊടുക്കാനുള്ള അപേക്ഷ സമർപ്പിച്ചതും ജേക്കബിന്റെ സഹായത്താലാണ്. ഇത്രയെല്ലാം ചെയ്ത് കഴിഞ്ഞതിനുശേഷമാണ് അറിയുന്നത് പ്രീഡിഗ്രിക്ക് സെക്കന്റ് ക്ലാസുമാർക്കേയുള്ളു എന്ന്.

ഞാൻ ഭയപ്പെട്ടത് അടുത്ത അഡ്മിഷന് എവിടെ പോകുമെന്നായിരുന്നു. ആരുടെ കാൽപിടിക്കണം? പ്രീഡിഗ്രിക്ക് അഡ്മിഷനു വേണ്ടി ബുദ്ധിമുട്ടേണ്ടി വന്നതിനേക്കാൾ ദുഷ്കരമായ അവസ്ഥയുടെ പൂർണരൂപം മുന്നിലെനിക്കു കാണാം. എന്റെ എല്ലാ കൂട്ടുകാർക്കും ഫസ്റ്റ് ക്ലാസിനു വേണ്ടതിനേക്കാൾ മാർക്ക് ലഭിച്ചിരുന്നു. ക്ലാസിൽ വളരെ മോശമായ കുട്ടികൾക്കു പോലും എന്നേക്കാൾ മാർക്ക് ലഭിച്ചിരുന്നു.



Scanned with CamScanner

അമ്മ മാത്രം എന്റെ പഠനത്തെക്കുറിച്ചൊന്നും മനസ്സിലാക്കാൻ കഴിവില്ലാത്ത അവസ്ഥയിൽ പോലും എന്റെ ദുഃഖത്തിൽ കുറേയൊക്കെ ആശ്വസിപ്പിച്ചു. തൃപ്പൂണിത്തുറയിലെ പള്ളിപ്പറമ്പു കാവിനടുത്ത് എന്റെ സുഹൃത്തായിരുന്ന ഒരു പ്രേമചന്ദ്രനുണ്ട്. അദ്ദേഹത്തിന്റെ അമ്മ ഒരു ടീച്ചറായിരുന്നു. സമയം ലഭിക്കുമ്പോഴെല്ലാം അവിടെ പോയി പഠിക്കുമായിരുന്നു. ഈ പഠനം വളരെ ഫലവത്തായി തോന്നിയിരുന്നു. അതുകൊണ്ടൊന്നും ഫലമുണ്ടായില്ലല്ലോ എന്നുമോർത്തു.

ജീവിതത്തിൽ, തടസ്സങ്ങളും ദുഃഖങ്ങളും ഉണ്ടാകുമ്പോഴെല്ലാം, മുന്നോട്ടു പോയതിൽ നിന്ന് വ്യത്യസ്ഥമായ ഒരു തോന്നലുണ്ടായതാദ്യമായിട്ടാണ്. ജീവിതം തന്നെ അവസാനിപ്പിക്കണം. പരിശ്രമിച്ച് കഠിനാധ്വാനം ചെയ്ത് പഠിച്ചിട്ടും വിധി പ്രതികൂലമായതിന്റെ വേദനയിൽ നിന്നുള്ള മോചനം അതുമാത്രമാണെന്ന് ഏതാനും മണിക്കൂറുകളിൽ തോന്നിയിരുന്നു. എന്നാലും ഇന്നലെ ചെയ്തതോർത്ത് ഇന്ന് ദുഃഖിക്കേണ്ടി വരരുത് എന്ന് ഞാൻ ഇന്ന് പ്രഭാഷണങ്ങളിൽ പലവട്ടം പറയാറുണ്ട്. അതിന് തുടക്കം കുറിച്ച ചിന്തയും ഉദയം ചെയ്തത് ഈ അവസരത്തിലാണെന്ന് തോന്നുന്നു. തളരാതെ വളരാൻ മനസ്സ് ചില സമയങ്ങളിൽ ആഹ്വാനം ചെയ്തു. തൃപ്പൂണിത്തുറയിലെ പൂർണത്രയീശനേയും, ചക്കംകുളങ്ങരയിലെ മഹാദേവനേയും മനസാ സ്മരിച്ച് നിത്യപ്രാർത്ഥനയോടെ ചെയ്യേണ്ടതെല്ലാം ചെയ്താൽ മതിയെന്ന തത്വശാസ്ത്രം എന്നെ കിഴ്പ്പെടുത്തിയതുപോലെ തോന്നി.

### മഹാരാജാസിൽ നിന്ന് സെന്റ് ആൽബർട്സിലേക്ക്

ബി.എസ്സിക്കു പഠിക്കാനായി എല്ലാ കോളേജുകളിലും അപേക്ഷ സമർപ്പിച്ചു. എറണാകുളം, തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ കോളേജുകളിലും എന്റെ അപേക്ഷാഫോറം എത്തിയിരുന്നു. ഒരു കോളേജിൽ നിന്നും 'ചാൻസ് കാർഡു' പോലും ലഭിച്ചില്ല. പ്രീഡിഗ്രിയിൽ ഒപ്പമുണ്ടായിരുന്നവർക്കൊക്കെ അഡ്മിഷൻ ലഭിച്ചു. പല കോളേജുകളിലായി പലരും ചേർന്നുകഴിഞ്ഞിരുന്നു. ചിലർക്ക് എൻജിനീയറിങ്ങിനും, മെഡിസിനും കിട്ടി. എനിക്കൊരുകോളേജിൽ നിന്നും ചാൻസ് കാർഡു പോലും കിട്ടിയില്ല. കൂടെ പഠിച്ചവർ ചിലർ ഉപദേശിച്ചു "ഏതെങ്കിലും കോളേജിലെ അദ്ധ്യാപകരെ കണ്ട്, കാര്യം പറഞ്ഞു, മാനേജ്മെന്റ് സീറ്റിന് ശ്രമിക്കണം. വൈകിയാൽ ഒന്നും കിട്ടില്ല, ഇനി താമസിക്കരുത് ഉടനെ വേണ്ടതു ചെയ്യണം!"

തൃപ്പൂണിത്തുറ പള്ളിപ്പറമ്പ് കാവിനടുത്ത് സെന്റ് ആൽബർട്ട്സ് കോളേജിൽ കോമേഴ്സ് സബ്ജക്റ്റ് പഠിപ്പിക്കുന്ന പള്ളിക്കുന്നേൽ മത്തായി സാറിനെ കണ്ടു. എന്നും സുസ്മേരവദനനായി ആരേയും



Scanned with CamScanner

സ്വീകരിക്കുന്ന മത്തായി സാറു പറഞ്ഞു "ഇത്രയും കുറഞ്ഞ മാർക്കിന് എങ്ങനാടോ അഡ്മിഷൻ ശരിയാക്കുക. ഫസ്റ്റ് ക്ലാസുള്ളവർക്കു പോലും ചാൻസ് കാർഡാ അയച്ചിരിക്കുന്നത്. പിന്നെ ജസ്റ്റ് സെക്കന്റ് ക്ലാസ്. എനിക്കെന്തോ ചെയ്യാൻ പറ്റും. താനൊരു കാര്യം ചെയ്യ് നാളെയൊന്നു കോളേജിലേക്കു വാ..." ചിരിച്ചുകൊണ്ട് സ്വതസിദ്ധമായ ഭാവത്തോടെ സാറു പറഞ്ഞു.

എന്റെ ജ്യേഷ്ഠനെ വളരെയധികം സ്നേഹിച്ചിരുന്ന വ്യക്തി എന്ന നിലയിലാണ് ഞാൻ, ആ പരിചയത്തിന്റെ പേരിൽ മത്തായി സാറിനെ കാണാൻ പോയത്. പൂർണമായും നിസ്സഹായത പറയാത്തതിനാൽ കുറേ ആശ്വാസം തോന്നി. പിന്നീട് അറിഞ്ഞു മത്തായി സാറ് എല്ലാവരോടും ഇങ്ങിനെയാണ് പറയാറുള്ളതെന്ന്. ആരോടും പറ്റില്ല എന്നു പറയില്ല. നോക്കാം എന്നേ പറയാറുള്ളൂ. അടുത്ത ദിവസം തന്നെ സെന്റ് ആൽബർട്ട്സ് കോളേജിൽ പോയി കാത്തുനിന്നു. എന്റെ ജ്യേഷ്ഠന്റെ അടുത്ത സുഹൃത്ത് പുതിയ കാവുകാരനായ ശ്രീ അയ്യപ്പനും കൂടെയുണ്ടായിരുന്നു. അയ്യപ്പന് സ്കൂൾ വിദ്യാഭ്യാസമേയുള്ളൂ. മറ്റാരും കൂടെ വരാനില്ലാതിരുന്നതിനാൽ അയ്യപ്പനോടു ഞാൻ പറഞ്ഞതുകൊണ്ടാണ് അദ്ദേഹം വന്നത്. പ്രിൻസിപ്പലിന്റെ മുറിക്കു മുന്നിൽ രാവിലെ 8 മുതൽ കാത്തിരുന്നു. മനസ്സിലെ വികാരം ഇന്നും ഭയത്തോടെ മാത്രമേ വിവരിക്കുവാൻ സാധിക്കുകയുള്ളൂ. ഏതെല്ലാം വികാര വിക്ഷോഭങ്ങളോടെയാണോ ഞാൻ പ്രീഡിഗ്രി അഡ്മിഷനു വേണ്ടി അലഞ്ഞത്, അതേ വികാരത്തോടെയാണ് ഞാൻ പ്രൊഫ. മത്തായിയുടെ വീട്ടിലേക്ക് പോയതും, അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം സെന്റ് ആൽബർട്ട്സ് കോളേജിൽ വന്നതുമെല്ലാം. 11 മണിയായപ്പോൾ, പ്രൊഫ. മത്തായി സാറു വന്നു പറഞ്ഞു. ഞാൻ വൈസ് പ്രിൻസിപ്പാൾ, ഡോ: കൊളരിക്കലിനോടു പറഞ്ഞു. "ഒരു തരത്തിലും പറ്റില്ല എന്നാണയാൾ തീർത്തും പറഞ്ഞത്". മനസ്സൊന്നു കത്തി. ഡോ: കൊളരിക്കൽ കെമിസ്ട്രിക്കാരനാണ് അദ്ദേഹം പറ്റില്ല എന്നു പറഞ്ഞാൽ പിന്നെ മറിച്ചൊന്നും പ്രിൻസിപ്പാൾ പറയില്ല എന്നതുറപ്പാണ്.

കുറേ നേരം കാത്തുനിന്ന് വീണ്ടു മത്തായി സാറിനെ കാണാൻ പോയി. സാറു പറഞ്ഞു "ഞാനൊന്നു കൂടി നോക്കട്ടെ."

കുറേക്കഴിഞ്ഞപ്പോൾ ഡോ: കൊളരിക്കലിന്റെ അടുത്തേക്ക് ചെല്ലാൻ ഒരു പ്യൂൺ വന്നു പറഞ്ഞു. ളോഹയിട്ട, ഒത്ത ശരീരമുള്ള വെളുത്തു തുടുത്ത ഡോ: കൊളരിക്കലിനടുത്തെത്തി വിറച്ചുകൊണ്ട് നിന്നതുമാത്രം ഓർമ്മയുണ്ട്. ഈശ്വരനെ പ്രാർത്ഥിച്ച് തൊഴുതുകൊണ്ടു നിന്നു എന്നാണെന്റെ ഓർമ്മ.



Scanned with CamScanner

കൊളരിക്കൽ പറഞ്ഞു. "ഞാൻ കെമിസ്ട്രിയാണ് പഠിപ്പിക്കുന്നത്. താൻ കെമിസ്ട്രിയെടുത്താൽ വട്ടപൂജ്യമായിരിക്കും മാർക്ക്. ഈ കോളേജിന്റെ ചരിത്രത്തിൽ ഇന്നുവരെ ആരും തോറ്റിട്ടില്ല. താനായിരിക്കും ആദ്യം തോൽക്കുക. തനിക്കിവിടെത്തന്നെ പഠിക്കണമെങ്കിൽ ബോട്ടണി തരാം. നല്ല സബ്ജറ്റാണ്. ഭയങ്കര ഡിമാന്റുമാണ്. മാത്രമല്ല, കെമിസ്ട്രിക്ക് മാത്സുണ്ട്. സെക്കന്റു ഗ്രൂപ്പിന് മാത്സില്ലാത്തതിനാൽ താനെന്തു പറഞ്ഞാലും കെമിസ്ട്രി തരില്ല. പ്രൊഫ. മത്തായി പറഞ്ഞതുകൊണ്ട് ബോട്ടണി തരാം..."

ആരോ പറയിപ്പിച്ചതുപോലെ ഞാൻ പറഞ്ഞു. "കെമിസ്ട്രിയല്ലാതെ വേറൊന്നും എനിക്കു വേണ്ട. കെമിസ്ട്രി മാത്രം മതി."

ഡോ: കൊളരിക്കൽ ദേഷ്യത്തോടെ പറഞ്ഞു. ഒരു ട്യൂട്ടോറിയൽ കോളേജിൽ പോലും തനിക്ക് കെമിസ്ട്രിക്ക് അഡ്മിഷൻ കിട്ടില്ല. സെക്കന്റു ഗ്രൂപ്പിന് മാത്സില്ലാത്തതിനാൽ താനെന്തു പറഞ്ഞാലും കെമിസ്ട്രി തരില്ല. പ്രൊഫ. മത്തായി പറഞ്ഞതുകൊണ്ട് ബോട്ടണി തരാം.."

ഡോ: കൊളരിക്കൽ ദേഷ്യത്തോടെ വീണ്ടും പറഞ്ഞു "ഒരു ട്യൂട്ടോറിയൽ കോളേജിൽ പോലും തനിക്ക് കെമിസ്ട്രി കിട്ടില്ല. വേണമെങ്കിൽ ബോട്ടണി തരാം. ഇനി എന്നോടൊന്നും പറയണ്ട. ഞാൻ തന്നെ കെമിസ്ട്രിക്ക് റെക്കമെന്റ് ചെയ്യില്ല."

ഞാൻ ദുഃഖത്തോടെ പുറത്തു വന്നു. അയ്യപ്പൻ അടുത്തു വന്ന് ആശ്വസിപ്പിച്ചു ഞാൻ പ്രൊഫ. മത്തായിയെ വീണ്ടും ചെന്നു കണ്ടു കാര്യം പറഞ്ഞു. അദ്ദേഹം വീണ്ടും കൊളരിക്കലിന്റെ അടുത്തെത്തി, എന്തോ സംസാരിച്ച് തിരിച്ചെന്റെ അടുത്തു വന്നു പറഞ്ഞു. "ഗോപാലകൃഷ്ണൻ തൽക്കാലം ബോട്ടണിയെടുക്ക് പിന്നെ കെമിസ്ട്രിയിലേക്കു മാറ്റിത്തരാം എന്ന് അച്ചൻ പറഞ്ഞു. എന്താ അതുപോരേ" ഒരു നിമിഷം പോലും ഞാൻ ചിന്തിച്ചില്ല. ഉള്ളിൽ നിന്ന് ലഭിച്ച ധൈര്യം പോലെ ഞാൻ പറഞ്ഞു. "സാർ ഒരിക്കൽ ഞാൻ ബോട്ടണിയെടുത്താൽ പിന്നെ എനിക്കൊരിക്കലും കെമിസ്ട്രി കിട്ടില്ല. അവർ തരില്ല. അതുകൊണ്ട് ബോട്ടണി വേണ്ട സാർ." പ്രൊഫസർ, മത്തായി നേരെ പ്രിൻസിപ്പാളിന്റെ മുറിയിൽ ചെന്നു. കറുത്തിരുണ്ട അജാനുബാഹുവായ ഫാദർ അഗസ്റ്റിൻ കൊന്നുള്ളിയുടെ മുറിയിൽ കയറാൻ അസാധാരണ ധൈര്യം വേണം. പ്രത്യേക ശബ്ദത്തോടെ സംസാരിക്കുന്ന അദ്ദേഹത്തിന്റെ അടുത്ത് ഏതാണ്ട് പത്തു മിനിട്ട് ചിലവഴിച്ച് മത്തായി സാർ തിരിച്ചു വന്നു എന്നോടു പറഞ്ഞു.

"ഗോപാലകൃഷ്ണാ എനിക്കൊന്നും ഇനി ചെയ്യാൻ സാധിക്കില്ല



Scanned with CamScanner

ഞാൻ ചെയ്യാവുന്നതെല്ലാം ചെയ്തു. ഒരിക്കലും തരില്ല എന്ന് ഫാ. കൊന്നുള്ളി പറഞ്ഞു. അയാൾ മാത്തമാറ്റിക്സുകാരനാണ്. അയാൾക്കറിയാം സെക്കന്റ് ഗ്രൂപ്പിൽ മാത്സ് പഠിക്കാതെ ബി.എസ്സിക്ക് കെമിസ്ട്രിക്കുള്ള സബ്സിഡിയറി മാത്സ് പഠിക്കാൻ സാധിക്കില്ല എന്ന്. അതുകൊണ്ടു ഇനി എനിക്ക് ഒന്നും പറയാനില്ല. ആദ്യമായിട്ടാണ് ഞാൻ ഈ അച്ചനോട് ഇത്രക്കും താഴ്ന്ന് കാലു പിടിച്ചു സംസാരിക്കുന്നത് ഇനി വയ്യ...'' മത്തായി സാർ പറഞ്ഞു. എന്തുചെയ്യണമെന്നറിയാതെ ഞാൻ നിന്നു. വീണ്ടും സ്റ്റാഫ് മുറിയിലുണ്ടായിരുന്ന മത്തായി സാറിന്റെയടുത്ത് ചെന്നു ഞാൻ പറഞ്ഞു.

“സാർ ഞാൻ കെമിസ്ട്രിക്കും മാത്സിനും ഈ കോളേജിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങിച്ചു പാസ്സാകാമെന്നു വാക്കു തരുന്നു. എങ്ങിനെയെങ്കിലും സാറെനിക്കു കെമിസ്ട്രിയ്ക്കു അഡ്മിഷൻ തരണം.'' ഏറെ ദേഷ്യഭാവത്തോടെ ഉടുത്തിരുന്ന മുണ്ട് മടക്കിക്കുത്തി പ്രൊഫ. മത്തായി സാർ രൗദ്രഭാവത്തോടെ നേരെ പ്രിൻസിപ്പാൾ ഫാ. കൊന്നുള്ളിയുടെ മുറിയിൽ കയറി. എന്റെ അപേക്ഷക്കും വാക്കുകൾക്കും ഒരു മറുപടിയും പറയാതെയായിരുന്നു മത്തായി സാർ പോയത്. സത്യത്തിൽ ഞാൻ ഭയന്നു പോയി.

രണ്ടു മൂന്നു മിനിറ്റുകൾക്കകം മത്തായി സാർ പുറത്ത് വന്ന് പ്രിൻസിപ്പാളിന്റെ മുറിയിലേക്ക് വരാൻ പറഞ്ഞു. മത്തായി സാറിന്റെ മുന്നിൽ വച്ച് ഫാ. കൊന്നുള്ളി എന്നെ കുറെ കളിയാക്കുന്ന വിധത്തിൽ സംസാരിച്ച്, തീവ്രമായി നോക്കി കൊണ്ടു പറഞ്ഞു. “ഒരിക്കലും ഒരു റെക്കമെന്റേഷനും കൊണ്ടുവരാത്ത ആളാണ് പ്രൊ. മത്തായി. ആദ്യമായിട്ടാണ് ഇങ്ങിനെയൊരു റെക്കമെന്റേഷനും കൊണ്ടു വരുന്നത്. താൻ പാസ്സാവില്ല എന്നറിഞ്ഞിട്ടും മാത്സിന് വട്ട പൂജ്യമായിരിക്കും തനിക്കു കിട്ടുന്നതെന്നറിഞ്ഞിട്ടും ഞാൻ തനിക്ക് അഡ്മിഷൻ തരുകയാണ്. തന്നെക്കാൾ അർഹതപ്പെട്ട 70% മാർക്കുകാർക്ക് കൊടുക്കാത്തത് 50% മാർക്കുകാരന് തരുകയാണ്.''

ഹൃദയം മന്ത്രിക്കുന്നുണ്ടായിരുന്നു, മഹാരാജാസിലെ കെമിസ്ട്രി ടീച്ചറിന്റെ മുന്നിലെടുത്ത പ്രതിജ്ഞ “കെമിസ്ട്രി വിഷയത്തിൽ അവസാനത്തെ ഡിഗ്രിയുമെടുത്ത് ലോകത്തിലെ പ്രശസ്ത യൂണിവേഴ്സിറ്റിയിൽ ഗവേഷണം നടത്തി ഭൂമിയുടെ ഇപ്പുറത്തു കൂടെ പോയി അപ്പുറത്തു കൂടെ വരുമെന്ന് പറഞ്ഞവന്, കേവലം ജസ്റ്റ് സെക്കന്റ് ക്ലാസുള്ളവന് സെന്റ് ആൽബർട്ട്സ് കോളേജിൽ ഈശ്വര തുല്യനായ പ്രൊഫ. പള്ളിക്കുന്നേൽ മത്തായി സാറിന്റെ ശുപാർശയോടെ, കോളേജ് പ്രിൻസിപ്പാൾ ഫാദർ അഗസ്റ്റിൻ കൊന്നുള്ളി, ഫാ. കൊളരിക്കലിന്റെ

എതിർപ്പിനെ അവഗണിച്ച്, ബി എസ്സി കെമിസ്ട്രിക്ക് അഡ്മിഷൻ തന്നു.'' പുറത്തിറങ്ങിയപ്പോൾ ശാന്തസ്വരത്തിൽ പ്രൊഫ. മത്തായി സാർ പറഞ്ഞു. ''നല്ലോണം പഠിക്കണം. എനിക്ക് ചീത്തപേരുണ്ടാക്കരുത്..'' ഒരു മിനിറ്റു കഴിഞ്ഞ് സാർ വീണ്ടും പറഞ്ഞു ''ഗോപാലകൃഷ്ണൻ നല്ലോണം പഠിക്കുമെന്നറിയാം. കെമിസ്ട്രിയുടെ ഹെഡ് പ്രൊഫ. ബഞ്ച മിൻ സാറിനെ പോയി കണ്ടുകൊള്ളൂ. ക്ലാസുകൾ ഏതാനും ദിവസ ങ്ങൾക്കു മുമ്പ് തുടങ്ങിയിട്ടുണ്ടാകും'' നിറഞ്ഞ ബഹുമാനത്തോടെയും കടപ്പാടോടെയും മത്തായി സാറിന്റെ മുന്നിൽ വണങ്ങി തൊണ്ടവറ്റി പോകുന്ന വിധത്തിലുള്ള വികാരത്തോടെ ബെഞ്ചമിൻ സാറിനെ കണ്ടു. അദ്ദേഹവും ലാഘവത്തോടെ പറഞ്ഞു. ''താനൊരിക്കലും മാത്സ് പാസ്സാകില്ല. സെക്കന്റ് ഗ്രൂപ്പെടുത്ത എല്ലാവരും മാത്സിന് തോൽക്കാ റാണ് പതിവ്. നിങ്ങളെപോലെയുള്ളവർക്ക് മാത്സ് പഠിക്കാൻ വളരെ ബുദ്ധിമുട്ടാണ്.''

ബെഞ്ചമിൻ സാറു വീണ്ടും പറഞ്ഞു. ''അച്ചനോടു പറഞ്ഞതാ ണ്, സെക്കന്റ് ഗ്രൂപ്പുകാർക്ക് കെമിസ്ട്രി കൊടുക്കരുതെന്ന്, ഞാന ച്ചനെ ഒന്നു കാണട്ടെ.'' എനിക്ക് വീണ്ടും ആശങ്കയായി. ബെഞ്ചിമിൻ സാർ അച്ചനോട് എന്തു പറയുമെന്നറിയാതെയുള്ള ടെൻഷൻ. ഉടനെ മത്തായി സാറിന്റെ അടുത്തെത്തി പ്രൊഫ. ബെഞ്ചമിൻ പറഞ്ഞതറിയി ച്ചു. മത്തായി സാർ പ്രിൻസിപ്പാളിന്റെ മുറിയിൽ ചെന്ന് രണ്ടു മൂന്നു മിനിറ്റു കഴിഞ്ഞ് പുറത്തു വന്നു പറഞ്ഞു. ''സാരമില്ല എന്തു സംഭവി ച്ചാലും ഞാൻ നോക്കിക്കൊള്ളാം. ഗോപാലകൃഷ്ണൻ ധൈര്യമായി പൊക്കോളൂ.''

ഞാനും അയ്യപ്പനും കോളേജിൽ നിന്നു പുറത്തു വന്നത് വൈകു ന്നേരം അഞ്ചു മണിക്കായിരുന്നു. നീണ്ട ഒമ്പതു മണിക്കൂർ, ജീവിത ത്തിലെ മറക്കാനാകാത്ത അനുഭവമായിരുന്നതുകൊണ്ടാണ് ഞാനി ത്രയും കാര്യമായിട്ടെഴുതിയത്. പുറത്തു വന്ന് ചായ കുടിച്ചു കഴിഞ്ഞ പ്പോൾ അയ്യപ്പന്റെ മുഖത്ത്, എന്റെ മുഖത്തു പ്രകടമായതിനേക്കാൾ സന്തോഷമുണ്ടായിരുന്നു. അയ്യപ്പനും പറഞ്ഞു ''നല്ലോണം പഠിക്കണം കേട്ടോ'' ഞാൻ തലയാട്ടി. മഹാരാജാസിലെ കാമ്പസ്സിൽ നിന്ന് സെന്റ് ആൽബർട്ട്സിലേക്കെത്തി. ജീവിതത്തിലെ വലിയൊരു മാറ്റമാണി വിടെയാരംഭിക്കുന്നതെന്ന് മനസ് മന്ത്രിക്കുന്നുണ്ടായിരുന്നു.

കൃഷിക്കാരനായ അയ്യപ്പൻ എന്റെ ചേട്ടന്റെ കൂട്ടുകാരനായിരു ന്നു. നന്മ മാത്രം ചിന്തിക്കാനറിയാവുന്ന ഒരു പാവപ്പെട്ട കുടുംബത്തിലെ അംഗം. എന്തും ആർക്കും സഹായം നൽകും. അതുകൊണ്ടുതന്നെ തൃപ്പൂണിത്തുറ നടക്കാവിലുള്ള അദ്ദേഹത്തിന്റെ കുടിലിലേക്ക് കാലം ഏറെക്കഴിഞ്ഞിട്ടും ഇടക്കിടക്ക് ഞാൻ പോകുമായിരുന്നു.



Scanned with CamScanner

ഡോ. കൊളരിക്കലിന്റേയും ഫാ. കൊന്നുള്ളിയുടേയും വാക്കുകൾ അശരീരി പോലെ മനസ്സിൽ എന്നെ സഹായിച്ചനുഗ്രഹിച്ചിരുന്നു. പ്രൊഫ. മത്തായി സാറിനോടു കൊടുത്ത വാക്ക്, ബാവർച്ചി സിനിമയിൽ കണ്ടത്, കെമിസ്ട്രി ടീച്ചറുടെ 'അനുഗ്രഹം', ഇവയിലേക്കെത്തൊനുള്ള ജീവിതമാറ്റം! സെന്റ് ആൽബർട്ട്സ് കോളേജ് അഡ്മിഷൻ കഴിഞ്ഞപ്പോൾ പ്രാർത്ഥനയോടെ ചിന്തിച്ചതിതൊക്കെയായിരുന്നു.

## ഗ്രാജ്വേഷൻ പഠനം

ബി എസ്സി പഠിക്കുന്ന കാലത്തും തുടർന്ന് ഇന്നുവരെയും പ്രൊഫ. മത്തായി സാറിനെ കാണാൻ പോകുമായിരുന്നു. ഏകദേശം ഒരു പതിറ്റാണ്ടു കഴിഞ്ഞപ്പോൾ മത്തായി സാർ എന്നെ ഫോണിൽ, തിരുവനന്തപുരത്തേക്കു വിളിച്ചു പറഞ്ഞു 'എനിക്കൊരുപകാരം ചെയ്തു തരണം. തിരുവനന്തപുരത്ത് ഏ.ജീസ് ഓഫീസിൽ എന്റെ പെൻഷന്റെ ഫയൽ എവിടേയോ തടഞ്ഞു കിടക്കുകയാണ്. ഗോപാലകൃഷ്ണന് സാധിക്കുമെങ്കിൽ അതൊന്നു ശരിയാക്കണം". എനിക്കത് ഒരു ഗുരു ദക്ഷിണ പോലെ തോന്നി. ദിവസങ്ങൾകൊണ്ട് ഞാൻ അദ്ദേഹത്തിന്റെ പെൻഷൻ പേപ്പറുകളെല്ലാം തിരുവനന്തപുരത്തെ ഏജീസ് ഓഫീസിൽ നിന്ന് ശരിയാക്കി കൊടുത്തു. ഇന്നും മത്തായി സാർ അതോർക്കുന്നുണ്ട്. എനിക്കു ചെയ്തു തന്ന വലിയ സഹായത്തേക്കാൾ അദ്ദേഹം ഓർമ്മിക്കുന്നത്, അദ്ദേഹത്തിന്റെ ഫയൽ മുന്നോട്ടു നീക്കാനായി ഞാൻ ചെയ്ത ചെറിയ കാര്യമാണ്. പ്രൊഫ. മത്തായി സാറിന്റെ ജീവിതമെല്ലാം അതേപ്രകാരമായിരുന്നു എന്ന് അദ്ദേഹത്തെ അറിയുന്ന പലരും പിന്നീടെന്നോടു പറയുകയുണ്ടായി.

പ്രീഡിഗ്രി അവസാനിച്ചതോടെ ദ്വാരകാ ഹോട്ടലിലെ ജോലിയുപേക്ഷിച്ചു. പിന്നെ പാചകത്തിനും, പൂജക്കും, ശാന്തിപ്പണിക്കും ലഭിക്കുന്ന ദക്ഷിണ, കോളേജ് പഠനത്തിനുപയോഗിക്കാനുള്ള അനുവാദവും അച്ഛൻ തന്നു. കോളേജ് ഫീസ്, റെക്കോഡുകൾ, പുസ്തകങ്ങൾ, ഡ്രസ്, യാത്രാചിലവ്, ഉച്ചഭക്ഷണം എന്നിവയെല്ലാം സ്വയം കണ്ടെത്തണം. പല വീടുകളിലും വിവാഹസദ്യയൊരുക്കുമ്പോൾ കൂടെ പഠിച്ചവരും വിരുന്നുകാരായിട്ടുണ്ടാകും. അത് അപകർഷതാബോധം തോന്നിക്കാറുണ്ടെങ്കിലും ഒരു സഹപാഠിയും ഞാൻ ചെയ്യുന്ന ജോലിയെ കളിയാക്കുകയോ അവഹേളിക്കുകയോ ചെയ്തിട്ടില്ല എന്നത് സന്തോഷകരമായ സത്യമായിരുന്നു. കോളേജിൽ ഈ വിഷയം കൂട്ടുകാരിലൊരാൾക്കും ചർച്ചാവിഷയമേ ആകാറില്ല എന്നതും വളരെ ആശ്വാസം തോന്നാറുള്ള കാര്യമായിരുന്നു. രാത്രി മുഴുവനും തീയിനടുത്തു നിന്ന് അർദ്ധരാത്രി കഴിയുമ്പോൾ നല്ല ഉറക്കം വരുമെങ്കിലും ഉറങ്ങാനുള്ള അനുവാദമു

ണ്ടായിരുന്നില്ല. ഒരിക്കൽ, ഉറക്കത്തിന്റെ കാഠിന്യം കാരണം, വിവാഹ വീട്ടിലെ കിണറ്റിൻ കരയിലിരുന്ന് നിമിഷങ്ങൾക്കകം ഉറങ്ങി കിണറ്റിൽ വീഴുകയും ചെയ്തിട്ടുണ്ട്. ചെറുപ്പത്തിലേ തുടങ്ങിയ ജോലിയാണെ ങ്കിലും അടുക്കളയിൽ ഏറ്റെടുക്കേണ്ടതായ ഉത്തരവാദിത്വവും, ഭക്ഷ്യ വിഭവങ്ങളുടെ ഗുണനിലവാരവും, ജനങ്ങൾ ഭക്ഷണം കഴിച്ചു തീരുന്ന തുവരെ സംഭവിക്കാവുന്ന പ്രതികരണങ്ങളെന്തും എന്നേയും ബാധി ക്കുന്ന അവസ്ഥയാണിപ്പോൾ. ശാരീരികവും മാനസീകവുമായ ഭാരം അതനുസരിച്ച് കൂടിക്കൊണ്ടേയിരുന്നു എന്നതായിരുന്നു അനുഭവം.

പല ശിവക്ഷേത്രങ്ങളിലും അഭിഷേകജലം കോരിക്കൊടുക്കുക എന്നൊരു വഴിപാടു കൂടുതലുള്ളത്. ശിവക്ഷേത്രങ്ങളിലാണിത് പതി വ്. ആയിരം കുടം വെള്ളം കൊണ്ടഭിഷേകം നടത്താൻ, ഒരു പ്രത്യേക ചിട്ടയോടെയാണ് അഞ്ചാറു പേർ പ്രവർത്തിക്കുന്നത്. ഏകദേശം ഒരു മണിക്കൂർ കൊണ്ട് ഇത്രയും കുടം വെള്ളം അഭിഷേകം നടത്തണം. രാവിലെ ഈ കഠിനാധ്വാനത്തിന് പത്തു രൂപ വരെ ലഭിക്കുമായിരുന്നു. ചിലപ്പോൾ പ്രാതലും ആ ക്ഷേത്രത്തിൽ നിന്ന് ലഭിക്കുമായിരുന്നു.

കോളേജിൽ പഠനമുള്ള ദിവസങ്ങളിൽ ഈ കർമ്മത്തിനു പോകു ന്നത് ടൈംടേബിൾ വെച്ചിട്ടായിരുന്നു. ജോലി ഏറ്റെടുക്കുന്നവർ അച്ഛ ന്റെയടുത്തു വന്നു പറയും, അച്ഛൻ ഞങ്ങളോട് (മക്കളോട്) പറയും. പാചകമായാലും, വിളമ്പലായാലും, ക്ഷേത്രപണിയായാലും അതിന്റെ ദക്ഷിണ/ശമ്പളം (കൂലി) അച്ഛനെ അവർ ഏൽപ്പിക്കും. കോളേജിലെ അഡ്മിഷൻ, വലിയ ഫീസ് ഇതെല്ലാം കൊടുക്കേണ്ടി വരുമ്പോൾ വല്യ ച്ഛനോട് ചോദിക്കാൻ അച്ഛൻ കൽപ്പിക്കും. വല്യച്ഛൻ 50 രൂപ തരും.

വലിയ ബുദ്ധിമുട്ടുകളില്ലാതെ സെന്റ് ആൽബർട്ട്സ് കോളേജിൽ പഠനം തുടർന്നു. ഇംഗ്ലീഷ് പഠിപ്പിക്കുന്ന ശ്രീ ജോൺ ചക്കാലക്കൽ സാറിന്റെ ക്ലാസ് വളരെ രസകരമായിരുന്നു. എങ്ങിനെയാണ് വിദ്യാർത്ഥി കളെ ശബ്ദസ്വാധീനത്താൽ പിടിച്ചിരുത്തേണ്ടതെന്നതിന് ഒരുത്തമ ആചാര്യനായിരുന്നു ചക്കാലക്കൽ സാർ. ശ്രീ ജനാർദ്ദനൻ സാർ വികൃ തമായ അമേരിക്കൻ സ്വരത്തോടെ ഇംഗ്ലീഷ് പഠിപ്പിക്കുമ്പോൾ അദ്ദേ ഹത്തിന്റെ ശബ്ദം വിദ്യാർത്ഥികൾ അതേപോലെ ആവർത്തിക്കുമായി രുന്നു. ഇദ്ദേഹത്തിന്റെ ക്ലാസിൽ നിന്നും ഞാൻ പഠിച്ച പാഠം: ക്ലാസിൽ പഠിപ്പിക്കുന്ന സമയത്തും പ്രഭാഷണം നടത്തുന്ന സമയത്തുമെല്ലാം എത്രത്തോളം ശ്രദ്ധിച്ചു വേണം പദപ്രയോഗം നടത്തേണ്ടത് എന്നതാ യിരുന്നു. ഒരിക്കൽ ജനാർദ്ദനൻ സാറിന്റെ ക്ലാസിൽ ആരോ ഒരു പഴം പൊരി കൊണ്ടുവന്ന് മേശപ്പുറത്തു വെച്ചു. ക്ലാസിൽ വന്ന ഉടനെ നിയ ന്ത്രണം വിട്ട്, ദേഷ്യത്തോടെ സാർ ചോദിച്ചു. Who has kept this 'പഴം



Scanned with CamScanner

പൊരി' here? അന്നു മുതൽക്ക് ആ സാറിനെ അറിയപ്പെട്ടിരുന്നത് പഴം പൊരി എന്നായിരുന്നു. ഇവിടേയും എനിക്കു പാഠം പഠിക്കാനുണ്ടായിരുന്നു. ആവശ്യമില്ലാത്ത കാര്യങ്ങളെ പ്രശ്നമുണ്ടാക്കാനുപയോഗിക്കരുത്. ഉപയോഗിച്ചാൽ നമുക്കു ലഭിക്കുന്നതാകട്ടെ ചീത്ത പേരും ഇരട്ട പേരുമായിരിക്കും. വിദ്യാർത്ഥികൾക്കൊരു തരംഗ ദൈർഘ്യമുണ്ട്. അവരെല്ലാവരും ഒത്തു ചേരുമ്പോൾ അവർക്കൊരു താളവുമുണ്ട്, ലയവുമുണ്ട്, ശ്രുതിയുമുണ്ട്. അതൊന്നും വകവെക്കാതെ ക്ലാസെടുത്താൽ പരിണതഫലം എത്ര അറിവുള്ള അദ്ധ്യാപകനാണെങ്കിലും, പൂർണ പരാജയമായിരിക്കും.

അതേ സമയം ഞങ്ങൾക്ക് ഹിന്ദി ക്ലാസെടുത്തിരുന്നത് ശ്രീ പോളികാർപ് എന്ന ഒരു സാധു സാറായിരുന്നു. ഹിന്ദി ഒട്ടും വശമില്ലാത്ത അദ്ദേഹം തപ്പിത്തടഞ്ഞാണ് ക്ലാസെടുത്തിരുന്നത്. പക്ഷേ ഹിന്ദി കാര്യമായിട്ടൊന്നും അറിഞ്ഞു കൂടെന്ന് സ്വയം അദ്ദേഹം പറയുമായിരുന്നു. അതുകൊണ്ടു തന്നെ വലിയ പ്രശ്നങ്ങളൊന്നും വിദ്യാർത്ഥികളുണ്ടാക്കിയിരുന്നില്ല.

പ്രൊഫ. മത്തായി സാറിനു കൊടുത്ത വാക്കു പാലിക്കുന്നുണ്ടോയെന്ന് സാർ പരിശോധിക്കുമെന്നറിയിച്ചിരുന്നു. ഫാ. കൊന്നുള്ളിയാണെങ്കിൽ ഒരിക്കൽ പറഞ്ഞത് ഒരു ദശാബ്ദമെങ്കിലും ഓർത്തിരിക്കും. അതുകൊണ്ടു തന്നെ പ്രീഡിഗ്രിക്കു സംഭവിച്ചത് ഡിഗ്രിക്ക് സംഭവിക്കാതിരിക്കാൻ ഓരോ നിമിഷവും ഞാൻ ശ്രദ്ധിച്ചിരുന്നു. എന്നെ വളരെയധികം സ്വാധീനിച്ചത്; ആൽബർട്ട്സിലെ ഒരദ്ധ്യാപകനും വിദ്യാർത്ഥിയോട് ഒരിക്കൽ പോലും ദ്വേഷ്യപ്പെട്ട് സംസാരിക്കുന്നതോ ശിക്ഷിക്കുന്നതോ കണ്ടിട്ടില്ല എന്നതാണ്. കെമിസ്ട്രി ക്ലാസ് ഞങ്ങൾക്ക് ഒരു കുടുംബമായിരുന്നു.

ഗണിതശാസ്ത്രമെടുത്തിരുന്നത് തമിഴനായ വിൻസന്റ് സാറായിരുന്നു. നല്ല ക്ലാസായിരുന്നു. പക്ഷേ പ്രീഡിഗ്രിക്ക് ഗണിതമില്ലാതിരുന്നതിനാൽ ഗണിതം അൽപം പോലും മനസ്സിലാക്കാൻ എനിക്കു സാധിച്ചിരുന്നില്ല. ശക്തമായ ശബ്ദവും വ്യക്തമായ അവതരണവും കാരണം എല്ലാവരും ശ്രദ്ധയോടെ ക്ലാസിലിരിക്കുമായിരുന്നു. ഫിസിക്സ്, പനയപ്പിള്ളി അച്ചനാണെടുത്തിരുന്നത്. തളർന്ന സ്വരത്തിലാണ് ക്ലാസെടുക്കുക. വിദ്യാർത്ഥികൾ ക്ലാസിലിരുന്നാലും ഇല്ലെങ്കിലും ഒരു വിരോധവുമില്ലാത്ത വ്യക്തിയാണദ്ദേഹം. കർത്താവിൽ മാത്രം ശ്രദ്ധിച്ച് അറിയാവുന്ന എന്തൊക്കെയോ ക്ലാസിൽ പറഞ്ഞിട്ടുപോകും. ഞാനെന്നും മുന്നിലെ സീറ്റിലായിരുന്നു ഇരിക്കാറ്. ഞാൻ ശ്രദ്ധിച്ചിരിക്കുന്നതുകൊണ്ട് എന്നെ കുറെയൊക്കെ അദ്ദേഹത്തിനിഷ്ടമായിരുന്നു. ഒരു ദിവസം

അച്ചൻ ചോദിച്ചു ഗോപാലകൃഷ്ണൻ സെക്കന്റ് ഗ്രൂപ്പാണല്ലേ? "പത്തു കൊല്ലം പഠിച്ചാലും മാത്സ് കിട്ടില്ല കേട്ടോ". ദേഷ്യത്തിലല്ലെങ്കിലും അതൊരു പ്രത്യേക അറിയിപ്പായിരുന്നു. തമാശയ്ക്കാണെങ്കിലും ക്ലാസ്സിൽ മുന്നിലിരുന്ന എന്റെ തലയിൽ തൊട്ടു കൊണ്ട് (അനുഗ്രഹിക്കുന്നതുപോലെ) പറഞ്ഞതാണീ വരികൾ. പക്ഷേ, അതെന്നെ അൽപം പോലും മാനസീകമായി വേദനിപ്പിച്ചില്ല. പനയപ്പള്ളി അച്ചൻ അടുത്തെവിടെയോ ഉള്ള നിർമ്മലാഭവൻ എന്ന അനാഥാലയത്തിന്റെ ഡയറക്ടറാണെന്നു കേട്ടിട്ടുണ്ട്. കുറെ കഴിഞ്ഞപ്പോൾ ഞങ്ങളറിഞ്ഞു പനിയപ്പള്ളി അച്ചൻ നിർമ്മലാഭവനിലെ ഒരു പെൺകുട്ടിയുമായി മദ്രാസിലേക്കു പോയി കുടുംബജീവിതം നയിക്കുകയാണെന്ന്. ഇതൊന്നും അവിടത്തെ വിദ്യാർത്ഥികളെ സ്വാധീനിച്ചിരുന്നില്ല. പഠിക്കാനും പഠിക്കാതിരിക്കാനുമുള്ള സ്വാതന്ത്ര്യം വിദ്യാർത്ഥികൾക്കുണ്ടായിരുന്നു. പക്ഷേ ഡോ. കൊന്നുള്ളിയുടെ കണ്ണ് എത്താത്ത സ്ഥലമില്ല. എവിടെയെങ്കിലും വെച്ച് ഏതെങ്കിലും വിദ്യാർത്ഥി കുഴപ്പം കാണിക്കുന്നത് അദ്ദേഹം കണ്ടാൽ, എന്നെങ്കിലും എവിടെയെങ്കിലും വെച്ച് അതിനു ശിക്ഷ ഉറപ്പാണ്.

**അപ്രാപ്യമായ ഗണിത ശാസ്ത്ര പഠനം**

ഗണിതശാസ്ത്രം എനിക്ക് അതികഠിനമായിരുന്നു. എത്ര ശ്രമിച്ചിട്ടും പഠിക്കാൻ ബുദ്ധിമുട്ടു തോന്നിയിരുന്നു. തൃപ്പൂണിത്തുറയിൽ ശ്രീ വരദരാജയ്യർ എന്ന വ്യക്തിയുടെ ഒരു അദ്ധ്യാപക കുടുംബം തന്നെ ട്യൂഷൻ എടുക്കുന്നുണ്ടായിരുന്നു. അവിടെ കുറേക്കാലം ട്യൂഷനു പോയി. പക്ഷേ ഒരു തരത്തിലും ഗണിതം ദഹിക്കുന്നില്ലായിരുന്നു. അഡ്മിഷൻ സമയത്ത് കൊടുത്ത പ്രതിജ്ഞയാണ് ഓർക്കാറുള്ളത്. മലയാളികൾ പറയുന്ന പല്ലവിപോലെ 'കണക്കാർക്കും ഇഷ്ടമല്ല'. ഒരെത്തും പിടിയും കിട്ടാത്ത വസ്തുതകൾ. ഡിഫറൻസ്യേഷനും, ഇൻഡഗ്രേഷനുമെല്ലാം വിൻസന്റ് സാറിന്റെ താളത്തിലുള്ള അവതരണം ഇപ്പോഴും ഒന്നും മനസ്സിലാകാതെ, ചെവിയിൽ അലയടിക്കുന്നു. First function into differentiation of the second function..... The whole divided by the first function into second function. ഇത് കൈ രണ്ടും ചേർത്ത് വിൻസന്റ് സാർ താളത്തിൽ പറയുന്ന രീതി ശ്രദ്ധേയമായിരുന്നുവെങ്കിലും എനിക്കതിന്റെ അർത്ഥം ഒന്നും മനസ്സിലായിരുന്നില്ല. ഇതുപോലെയായിരുന്നു ഗണിതത്തിലെ വെക്റ്റർ പഠനവും. ഒന്നും മനസ്സിലാകാതെ മനഃപാഠം പഠിക്കുക. ഇതല്ലാതെ ഒരുവഴിയും ഞാൻ കണ്ടില്ല. അതുകൊണ്ട് ഗണിതം മനഃപാഠം പഠിക്കാൻ തുടങ്ങി. അറിയാതെ പഠിക്കുമ്പോഴും കൂടെയുണ്ടായിരുന്ന രണ്ടു നല്ല വിദ്യാർത്ഥി



Scanned with CamScanner

കളായ റെജിക്കും ഗോപീകൃഷ്ണനും പോലും വ്യക്തമായി അതു മനസ്സിലാക്കാൻ സാധിച്ചിരുന്നോ എന്നെനിക്കറിഞ്ഞുകൂടായിരുന്നു. ഇന്നും ഞാൻ പലരോടും ചോദിക്കാറുണ്ട് ഈ ഗണിതമൊക്കെ ലളിതമായി മനസ്സിലാക്കാൻ സാധിക്കുന്ന വിധത്തിൽ പറഞ്ഞു കൊടുത്തു കൂടെ? എല്ലാവരും ഗണിതത്തിന്റെ ലോകത്തിലെ മായാവലയത്തിൽപ്പെട്ടവരെ പോലെയാണ് മറുപടി പറയുക. “പഠിപ്പിക്കുന്നവർക്കും അതിന്റെ ആന്തരാർത്ഥമൊന്നുമറിഞ്ഞിട്ടല്ല പഠിപ്പിക്കുന്നതെ”ന്ന്.

മറ്റെല്ലാ വിഷയങ്ങളും നല്ലപോലെ പഠിക്കാൻ നിരന്തരം ശ്രമിച്ചു. ഗണിതം മനഃപാഠമാക്കിത്തുടങ്ങി. അൽപം പോലും മനസ്സിലാകാതെയും ഉൾക്കൊള്ളാതെയും ജീവിതത്തിൽ പഠിച്ച വിഷയമിതാണ്. ഒന്നാം വർഷവും രണ്ടാം വർഷവും പരീക്ഷയിൽ ഗണിതമുണ്ടായിരുന്നു. മനപാഠം പഠിച്ചതിന്റെ അക്കങ്ങളും അക്ഷരങ്ങളും മാറ്റിച്ചോദിച്ചുകൊണ്ടുള്ള പത്തു ചോദ്യങ്ങളാണു പരീക്ഷക്കു വന്നത്. അതിനെല്ലാം ഉത്തരമെഴുതി. പരീക്ഷയിൽ എനിക്ക് ഗണിതത്തിന് 200 ൽ 214 മാർക്ക് ലഭിച്ചു. അഞ്ചു ചോദ്യങ്ങളാണ് ഉത്തരമെഴുതേണ്ടത്. പത്തു ചോദ്യങ്ങളാണുള്ളത്. ഓരോന്നിനും 40 മാർക്കു വീതം. ഭാഗീകമായി ശരിയായാലും, സാധിക്കാവുന്നത്രയും ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ അതിനൊക്കെ മാർക്കു ലഭിക്കും. അതുകൊണ്ടാണ് ഗണിതത്തിൽ ഫുൾ മാർക്ക് ലഭിച്ച മൂന്നു വിദ്യാർത്ഥികളിലൊരുവനാകാൻ എനിക്കു സാധിച്ചത്. ഞാനിന്നും പറയാറുണ്ട് ബി എസ്സിക്കു പഠിച്ച ഗണിതം ഒന്നും എനിക്കറിഞ്ഞുകൂടാ. അന്നുമറിഞ്ഞുകൂടാ ഇന്നുമറിഞ്ഞുകൂടാ. പ്രീഡിഗ്രിക്കു ഗണിതമില്ലാത്തതുകൊണ്ടാണോ അല്ലയോ എന്നും എനിക്കറിഞ്ഞുകൂടാ. പക്ഷേ ഗണിതത്തിന്റെ ലോകത്തോട് ബി.എസ്സി രണ്ടാം വർഷം കഴിഞ്ഞതോടെ യാത്ര പറഞ്ഞു.

ഇവിടെ ഞാൻ ഓർമ്മിക്കാറുള്ള ഒരു ഈശ്വരാനുഗ്രഹമുണ്ട്. കെമിസ്ട്രിക്ക് നല്ല ഡിമാന്റാണെങ്കിൽ ഫിസിക്സ് മതിയെന്നു പറയാത്തത് എത്ര ഭാഗ്യമായിരുന്നു. ഇത് മനസ്സിലായത് ഈ ഗണിത കോലാഹലത്തിന്റെ പ്രശ്നം അനുഭവിച്ചറിഞ്ഞപ്പോഴായിരുന്നു. നല്ല രീതിയിൽ സബ് ഫിസിക്സും പാസ്സായി. കൊളരിക്കലച്ചനെ ചെന്നു കണ്ടു. “രക്ഷപ്പെട്ടുവല്ലേ” എന്നൊരു കമന്റ് മാത്രമാണ് അച്ചൻ പറഞ്ഞത്. കൊന്നുള്ളിയച്ചൻ കണ്ണടയുടെ മുകളിൽ കൂടെ ഒന്നു നോക്കി “മത്തായി പറഞ്ഞാളല്ലേ. പാസ്സായിയല്ലേ....?” എന്നൊരു കമന്റു മാത്രം. മത്തായി സാറിനെ സന്തോഷത്തോടെയും ആത്മവിശ്വാസത്തോടെയുമാണ് അഭിമുഖീകരിച്ചത്. തോളത്തു തട്ടിക്കൊണ്ടു സാറു പറഞ്ഞു. “വാക്കു പാലിച്ചു! നന്നായി! ഇനിയെനിക്ക് കൊന്നുള്ളിയച്ചനെ കണ്ടു ചോദിക്കണം.”



Scanned with CamScanner

സന്തോഷത്തോടെയുള്ള മത്തായി സാറിന്റെ വരികൾ എനിക്ക് ഹൃദയസ്പർശിയായിരുന്നു. കുറേനേരം മത്തായി സാർ എന്നോടു സംസാരിച്ചു വീണ്ടും വീണ്ടും അഭിനന്ദനങ്ങൾ അറിയിച്ചു.

കളിയിലും കലയിലും ഒരു താൽപര്യവുമില്ലായിരുന്ന ഞാൻ സുഹൃത്തുക്കളുമായി അൽപ സമയം മാത്രമേ ചിലവഴിച്ചിരുന്നുള്ളൂ. വാർഷികാഘോഷങ്ങൾക്കോ, പ്രസംഗമത്സരത്തിനൊഴികെ, കലാ, കായിക പരിപാടികൾക്കോ ഒന്നും പങ്കെടുത്തിരുന്നില്ല. ഞാൻ ആ കോളേജിൽ വെറും ഒരു കെമിസ്ട്രി വിദ്യാർത്ഥി മാത്രമായിരുന്നു.

ഇനിയുള്ള ജൈത്രയാത്ര ബി എസ് സി കെമിസ്ട്രിയുടെ മൂന്നാം വർഷത്തേക്കായിരുന്നു. പഠിക്കാൻ കെമിസ്ട്രി മാത്രമേയുള്ളൂ. ബെഞ്ചമിൻ സാറിന്റെ ക്ലാസ് വിരസമായിരുന്നുവെങ്കിലും ഡിവിഷൻ ഹെഡ് ആയതിനാൽ ഒന്നും പറയാതെ എല്ലാവരും ശ്രദ്ധിച്ചിരിക്കുമായിരുന്നു. കുറെ വീരവാദം മുഴക്കുന്നതിനിടക്ക് കുറച്ചെന്തെങ്കിലും പഠിപ്പിക്കും. ചിലതു മനസ്സിലാകും ചിലത് ഒന്നു മനസ്സിലാകില്ല. അപ്പുക്കുട്ടൻ സാർ ഫിസിക്കൽ കെമിസ്ട്രിയെടുക്കുമ്പോൾ വ്യക്തമായി വിഷയം പറഞ്ഞു തരും. ഗണിതത്തിന്റെ പിൻബലമില്ലാതെ മനസ്സിലാക്കാൻ സാധിക്കാത്ത വിഷയം മനസ്സിലായത്രയും ഉൾക്കൊള്ളും. പ്രഭുസാറിന്റെ ശാന്തമായ ക്ലാസ് ശ്രദ്ധയോടെയിരുന്നു കേട്ടുപഠിച്ചിരുന്നു. അടുത്തകാലത്ത് ശ്രീ അപ്പുക്കുട്ടൻ സാറിന്റെ വീട്ടിൽ പോയി അദ്ദേഹത്തിനെ കാണാനുള്ള ഭാഗ്യമുണ്ടായി. 'എന്റെ കുട്ടീ എന്റെ കുട്ടീ' എന്നു പറഞ്ഞ് എന്നെ കെട്ടിപിടിച്ചു. രാവിലെ അമൃതാ ടീവിയിലെ പൈതൃക സന്ദേശം അദ്ദേഹം കേൾക്കുമ്പോഴെല്ലാം "എന്റെ കുട്ടിയാണ് ഗോപാലകൃഷ്ണൻ" എന്നു പറഞ്ഞു കൊണ്ടിരിക്കുമത്രെ.

പലപ്പോഴും 'വിഷയം പഠിപ്പിക്കുന്നവർക്ക് വിഷയമറിഞ്ഞുകൂടെങ്കിൽ' വിദ്യാർത്ഥികളുടെ അവസ്ഥാവിശേഷമെന്തായിരിക്കുമെന്നിവിടെ നിന്ന് മനസ്സിലായി. എങ്കിലും നല്ലതുപോലെ പഠിക്കാൻ ശ്രമിച്ചുകൊണ്ടേയിരുന്നു. അദ്ധ്യാപകരും അവരുടെ അറിവിന്റെ പരിധിക്കുള്ളിലിരുന്നുകൊണ്ട് കെമിസ്ട്രി പഠിപ്പിച്ചിരുന്നു. ഇന്ന് ഞാൻ വിദ്യാർത്ഥികൾക്ക് ക്ലാസെടുക്കുമ്പോൾ ചിന്തിക്കാറുണ്ട്, ഞാൻ മനസ്സിലാക്കി ഉൾക്കൊള്ളാത്തത് വിദ്യാർത്ഥികളെ പഠിപ്പിക്കാൻ ശ്രമിച്ചാൽ അതു വിദ്യാർത്ഥികൾക്ക് അൽപം പോലും മനസ്സിലാകില്ല. പുസ്തകത്തിനകത്തുള്ളത് മനസ്സിനകത്താക്കിവേണം 'മനസ്സിൽ ആയതിൽ' നിന്ന് പുറത്തെടുത്ത് വിദ്യാർത്ഥികളുടെ മനസ്സിൽ ആക്കിപ്പിക്കാൻ. എനിക്കു മനസ്സിലാകാത്ത ഒരു വിഷയവും ഞാൻ പഠിപ്പിക്കാൻ ശ്രമിക്കാറില്ല.

ക്ലാസിൽ നല്ല അന്തരീക്ഷം, പഠിക്കുന്നവനും പഠിക്കാത്തവനും



Scanned with CamScanner

തമ്മിൽ വലിയ അകൽചയില്ലായ്മ, അദ്ധ്യാപകർക്ക് എല്ലാവരോടും ഒരേ ബന്ധം, ഇതായിരുന്നു ആൽബർട്ട്സിലെ കെമിസ്ട്രി ഡിവിഷൻ. കെമസ്ട്രി പരീക്ഷയും നല്ലതുപോലെ പഠിച്ചെഴുതി. വായിച്ചും എഴുതിയും ഓർമ്മിച്ചും ചർച്ച ചെയ്തുമാണ് കെമിസ്ട്രി പഠിച്ചത്. നല്ല രീതിയിൽ പഠിക്കാൻ ശ്രമിച്ചു. പത്താം ക്ലാസിലും പ്രീഡിഗ്രിക്കും സംഭവിച്ചത് ഇനി സംഭവിക്കരുത്. സംഭവിച്ചാൽ എറണാകുളം ജില്ലയിൽ മഹാരാജാസിലും തേവരകോളേജിലും മാത്രമേ എം എസ്സി കെമിസ്ട്രിയുള്ളൂ. അവിടെ റെക്കമെന്റേഷനിലൂടെ എം എസ്സി ലഭിക്കില്ലെന്ന് ഞാനോർമ്മിച്ചുകൊണ്ടേയിരുന്നു. അതുകൊണ്ട് തന്നെ വളരെ ആത്മവിശ്വാസത്തോടെ പഠിച്ച് കെമിസ്ട്രി പരീക്ഷയെഴുതി. കോളേജ് ഫസ്റ്റാവുകയും ചെയ്തു. ജില്ലാതലത്തിൽ, എറണാകുളം ജില്ലയിൽ ഞാൻ ആദ്യത്തെ അഞ്ചു പേരിലൊരുവനാണെന്ന് പിന്നീട് ബെഞ്ചമിൻ സാറു പറഞ്ഞു. അങ്ങിനെ ബി എസ്സി കെമിസ്ട്രിയിൽ തരക്കേടില്ലാത്ത റിസൽട്ടോടെ സെന്റാൽബർട്ട്സിൽ നിന്ന് പുറത്തിറങ്ങി.

സെന്റാൽബർട്ട്സിൽ കെമിസ്ട്രി പഠിപ്പിച്ച അപ്പുക്കുട്ടൻ സാർ പറഞ്ഞു. "ഗോപാലകൃഷ്ണൻ ഇവിടെ അദ്ധ്യാപകനായി വരണം" എന്റെ അനുഗ്രഹമുണ്ടായിരിക്കും. സെന്റ് ആൽബർട്ട്സ് കോളേജിൽ കെമിസ്ട്രിക്ക് പോസ്റ്റ് ഗ്രാജ്വേഷൻ ഇല്ലാതിരുന്നതിനാൽ അടുത്ത പടിക്കുള്ള കോളേജ് അന്വേഷിക്കുക തന്നെ വേണം. അതുകൊണ്ടു തന്നെ യാത്രയയപ്പിന്റെ മംഗളാനുഗ്രഹങ്ങളൊന്നും ഹൃദയസ്പർശിയായി തോന്നിയില്ല.

കർമ്മമണ്ഡലത്തിൽ പുതിയ അദ്ധ്യായം എഴുതിച്ചേർക്കുന്നതായിരുന്നു എന്റെ ഗ്രാജ്വേഷൻ കാലം. തൃപ്പൂണിത്തുറയിൽ എന്റെ ഒരു പരിചയക്കാരൻ രാധാകൃഷ്ണൻ ഒരു ടൂട്ടോറിയൽ കോളേജ് തുടങ്ങിയിരുന്നു. പേര് പ്രിയദർശിനി ടൂട്ടോറിയൽ കോളേജ്. അവിടെ രാവിലെയും വൈകിട്ടുമുള്ള ട്യൂഷൻ ക്ലാസെടുക്കാനുള്ള അവസരമാണ് അദ്ധ്യാപക വൃത്തിയുടെ ആരംഭം കുറിച്ചത്. വിദ്യാർത്ഥികളെ പഠിപ്പിക്കുന്നത് എനിക്കൊരു ഹരമായിരുന്നു. പല പ്രഗത്ഭരായ റിട്ടയർ ചെയ്ത അദ്ധ്യാപകരും ഈ ടൂട്ടോറിയൽ കോളേജിൽ ആദ്യകാലങ്ങളിൽ പഠിപ്പിച്ചിരുന്നു. അവിടെത്തന്നെയായിരുന്നു എന്റെ ആരംഭവും. ഒരു യഥാർത്ഥ അദ്ധ്യാപകന്റെ നന്മകൾ, പഠിപ്പിക്കുന്നതിലുണ്ടാകണം എന്ന് ഞാനാഗ്രഹിച്ചിരുന്നു. പ്രിയദർശിനി ടൂട്ടോറിയൽ കോളേജ് അതിനവസരം നൽകി. ഏകദേശം രണ്ടുവർഷം അവിടെ പാർട്ട് ടൈം അദ്ധ്യാപകനായി പ്രവർത്തിച്ചു.



Scanned with CamScanner

മറ്റുപല കർമ്മ മണ്ഡലങ്ങളിലുമുള്ള പ്രതിബദ്ധത ഞാൻ കുറച്ചു. ഇടക്കു മാത്രം പൂജക്കും പാചകത്തിനും വിളമ്പാനും പോകും. ചക്കംകുളങ്ങര ക്ഷേത്രത്തിൽ ഇടക്ക് മേൽശാന്തി (പ്രധാന പൂജാരി)യായിട്ടും പോകേണ്ടി വരാറുണ്ട്. വലിയ ക്ഷേത്രങ്ങളിലെ ലക്ഷാർച്ചനയും കോടിയർച്ചനയും സാമ്പത്തീക നേട്ടമുണ്ടാക്കിത്തന്നിരുന്നു. മന്ത്രങ്ങൾ സ്ഫുടമായി ഉച്ചരിക്കാൻ കഴിവുണ്ടായിരുന്നതിനാൽ അർച്ചനകൾക്ക് ഞാൻ വരണമെന്ന് എന്റെ സുഹൃത്തുക്കൾ നിർബന്ധിക്കുന്നുണ്ടായിരുന്നു. ജ്യേഷ്ഠന്മാർക്ക് രണ്ടു പേർക്കും ജോലി ലഭിച്ചത് ഈ കാലഘട്ടത്തിലായിരുന്നതിനാൽ കുടുംബത്തിലെ സാമ്പത്തീക ഭാരം സാവധാനത്തിൽ കുറയുന്നുണ്ടായിരുന്നു. മൂത്തജ്യേഷ്ഠന് നേവൽ ബേസിലും രണ്ടാമത്തെയാൾക്ക് മീററ്റിൽ ഇൻഷ്വറൻസ് കമ്പനിയിലുമായിരുന്നു ജോലി ലഭിച്ചത്.

ഇക്കാലയളവിൽ സുഭാഷുമായും അയാളിലൂടെ ആയുർവേദ കോളേജ് വിദ്യാർത്ഥിയായിരുന്ന ജേക്കബുമായുമുണ്ടായിരുന്ന ബന്ധം ഉറച്ചതായിത്തീർന്നു. ബാഹ്യലോകത്തിലെ പല കാര്യങ്ങളും മനസ്സിലാക്കാൻ എനിക്ക് ഈ ബന്ധത്തിലൂടെ സാധിച്ചു. പലപ്പോഴും സുഭാഷിന്റെ വീട്ടിൽ നിന്ന് ഭക്ഷണം കഴിച്ച്, കൂടുതൽ കാര്യങ്ങൾ ചർച്ച ചെയ്ത് അറിവിലേക്കുള്ള പാഠങ്ങൾ പഠിച്ചിരുന്നു. പല പ്രഗത്ഭരേയും പരിചയപ്പെടാനും, സുബാഷ് പ്രവർത്തിച്ചിരുന്ന എറണാകുളത്തെ ഇംഗ്ലീഷ് അക്കാഡമിയിൽ ഇംഗ്ലീഷ് സംസാരിക്കുന്ന രീതിയെക്കുറിച്ചും മറ്റും നല്ല അറിവുകൾ നേടാനും ഈ ബന്ധത്തിലൂടെ എനിക്കു അവസരം ലഭിച്ചു.

സുബാഷും, എന്റെ മറ്റൊരു പരിചയക്കാരൻ ശ്രീ രാമചന്ദ്രനും, ഞാനും ചേർന്ന് ഒരു ബിസിനസ് തുടങ്ങാൻ ആഗ്രഹിച്ചു. മൂന്നാളുടെയും പേരുകളുടെ ആദ്യഭാഗം ഉപയോഗിച്ചു സുരാഗ് ഇൻഡസ്ട്രീസ് എന്ന് ലെറ്റർപാടുമടിച്ചു. കാര്യമായിട്ടൊന്നും ഞങ്ങൾക്ക് ചെയ്യാൻ സാധിച്ചില്ലെങ്കിലും ശ്രീരാമചന്ദ്രൻ ഇന്ന് വലിയ ഒരു പെയിന്റ് കമ്പനിയുടെ ഉടമയാണ്. ഇക്കാലത്ത്, ജ്യേഷ്ഠൻ കളമശ്ശേരിയിലെ പോളിടെക്നിക് പഠിക്കാൻ പോകാനായി ഒരു ലാമ്പ്രട്ട സ്കൂട്ടർ വാങ്ങിച്ചിരുന്നത് ഞാൻ ഓടിച്ചിരുന്നു. ഇതിലാണ് തൃപ്പൂണിത്തുറയിൽ നിന്ന് ഏകദേശം മൂന്നു കിലോമീറ്റർ ദൂരത്തേക്കുള്ള സുബാഷിന്റെ വീട്ടിലേക്കുള്ള യാത്ര. ഓരോന്നും പഠിക്കുമ്പോഴും പ്രയോഗിക്കുമ്പോഴും, മൂന്നാറിലെ സിനിമാത്തീയേറ്ററിൽ കണ്ടതായ ബാവർച്ചിയായിട്ട് ഞാനുയരുകയായിരുന്നു.

വേദമന്ത്രങ്ങളും, പൂജാവിധികളും, ഉപനിഷത്തുകളിലെ സന്ദേശങ്ങളും കാര്യമായി പഠിക്കാൻ സമയം കണ്ടെത്തിത്തുടങ്ങിയത് ഗ്രാജ്വേ

ഷന് ശേഷമായിരുന്നു. പാചകകലയിൽ കൂടുതൽ കൂടുതൽ അറിവു നേടാനും അവസരം ലഭിച്ചു. ക്ഷേത്രത്തിൽ പ്രധാന പൂജാരിയാകാനും (മുട്ടുശാന്തിയായി മാത്രം) സാധിച്ചു. കൂട്ടത്തിൽ ടൂട്ടോറിയൽ കോളേജധ്യാപകനായും പ്രവർത്തിച്ചിരുന്നു.

ബി എസ്സി കഴിഞ്ഞ ഉടനെ, ബോംബേയിലെ ബാബാ ആറ്റമിക് റിസർച്ച് സെന്ററിൽ ഗ്രാജ്വേഷൻ ട്രെയിനിയായുള്ള ഇന്റർവ്യൂവിന് ഒറ്റക്ക് പോയപ്പോൾ കേരളത്തിന് പുറമേയുള്ള ലോകവും പരിചയപ്പെട്ടു തുടങ്ങി. പ്രീഡിഗ്രിക്ക് മറ്റൊരു ഡിവിഷനിൽ ഒരുമിച്ചുണ്ടായിരുന്ന ഇരുമ്പനത്തുകാരൻ പരമേശ്വരനുമായി അടുത്ത ബന്ധമുണ്ടാക്കാനും സാധിച്ചു. ഇരുമ്പനത്തിന്നടുത്ത് പെരുന്നിനാകുളം അമ്പലത്തിനു മുന്നിലുള്ള വീട്ടിൽ വസിക്കുന്ന പരമേശ്വരൻ ജീവിതത്തിൽ പല മണ്ഡലങ്ങളിലും പ്രവർത്തിച്ചതിനുശേഷം ഏതാണ്ട് രണ്ടു ദശാബ്ദങ്ങൾക്കു മുമ്പ് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യനോഗ്രഫിയിൽ സയിന്റിസ്റ്റായി ചേർന്നു. ശാന്തസ്വഭാവിയും ചെറുപ്പത്തിലേ തന്നെ കുടുംബപ്രാരബ്ധങ്ങൾ ചുമലിലേറ്റി നടന്ന വ്യക്തിയും തികഞ്ഞ ഈശ്വരഭക്തനല്ലെങ്കിലും ഒരിടതുപക്ഷ ചിന്താഗതിക്കാരനായി അറിയപ്പെടാനാഗ്രഹിച്ചിരുന്ന വ്യക്തിയുമായിരുന്നു. ഇന്നും അപ്രകാരം തന്നെയാണ്. മണിക്കൂറുകളോളം പരമേശ്വരന്റേയും സുഹൃത്തുക്കളുടേയും കൂട്ടത്തിൽ ചിലവഴിക്കാനുള്ള സമയം ചില ദിവസങ്ങളിൽ ലഭിച്ചിരുന്നു. ഏതു കാര്യത്തിലും ഭാഗ്യദേവത അസാധാരണമായി കടാക്ഷിച്ചിരുന്ന പരമേശ്വരനെക്കാണുമ്പോൾ ചിലപ്പോൾഎനിക്കസൂയ തോന്നിയിരുന്നു.

പരമേശ്വരന്റെ വീട് എനിക്ക് സ്വന്തം വീടുപോലെയായിരുന്നു. എനിക്ക് അദ്ദേഹം എന്നും താങ്ങും തണലുമായിരുന്നു. ആർക്കു വേണ്ടിയും സഹായം ചെയ്യാനും അതിന് കീർത്തിയോ, പേരോ, പ്രതിഫലമോ ഒന്നും പ്രതീക്ഷിക്കാതെ സമർപ്പണഭാവത്തോടെ കർമ്മനിരതനാകുന്ന ഇടതുപക്ഷക്കാരനായ പരമേശ്വരൻ എന്നെ സ്വാധീനിച്ചിരുന്നു.

**ഒരൽപം രാഷ്ട്രീയം**

അൽപാൽപമായി പൊതുപ്രവർത്തന രംഗത്തും പ്രഭാഷണരംഗത്തും വന്നു തുടങ്ങിയതും ഗ്രാജ്വേഷനുശേഷമായിരുന്നു. സനാതന ധർമ്മവുമായി ബന്ധപ്പെട്ട സംഘടനകളുമായി ബന്ധമുണ്ടാക്കാനും അവിടെ ചിലപ്പോൾ ക്ലാസെടുക്കാനും, പൊതുപരിപാടികളിൽ ആശംസകളർപ്പിക്കാനുമെല്ലാം പരിശീലനം ലഭ്യമായത് ഇക്കാലത്താണ്.

അടിയന്തിരാവസ്ഥക്കാലത്ത് അറസ്റ്റ് വരിക്കാൻ എന്നെയും നിയോഗിച്ചിരുന്നുവെങ്കിലും ഞാൻ പോയില്ല. അടിയന്തരാവസ്ഥക്കു ശേഷം ജനതാപാർട്ടിയുണ്ടായപ്പോൾ അതിൽ ഞാൻ തൃപ്പൂണിത്തുറ



Scanned with CamScanner

യിലെ കൺവീനറായിരുന്നു. ഇലക്ഷൻ പ്രചാരണത്തിൽ ശക്തിയായി പങ്കെടുത്ത എന്റെ പേര് നൂറുവട്ടമെങ്കിലും സി ബി ഐ കേന്ദ്രത്തിലെത്തിയിട്ടുണ്ടാകും. രാത്രിയും പകലും ഒളിഞ്ഞും തെളിഞ്ഞും അടിയന്തിരാവസ്ഥക്കെതിരെ ഇലക്ഷൻ പരിപാടിയിൽ പ്രവർത്തിച്ചിട്ടുണ്ട്. ആദ്യമായും അവസാനമായും രാഷ്ട്രീയം കൈകാര്യം ചെയ്തത് ഇലക്ഷന്, ശ്രീ. ടി. കെ. രാമകൃഷ്ണനെ ജയിപ്പിക്കാനായിരുന്നു, ജനതാപാർട്ടിയുടെ, പ്രവർത്തകനായിട്ട്.

**സെന്റ് ആൽബർട്ട്സിൽ നിന്ന് സേക്രഡ് ഹാർട്ട്സ് കോളേജിലേക്ക്**

എന്റെ അടുത്ത യാത്ര എം എസ്സി പഠനമായിരുന്നു. എറണാകുളത്ത് തേവരയിലെ സേക്രഡ് ഹാർട്ട്സ് കോളേജിലും മഹാരാജാസിലുമാണ് കെമിസ്ട്രിക്ക് എം എസ്സി ഉണ്ടായിരുന്നത്. രണ്ടു കോളേജുകളിലും 12 സീറ്റുകൾ വീതമേ ഉണ്ടായിരുന്നുള്ളൂ. എനിക്ക് അഡ്മിഷൻ ലഭിച്ചത് തേവര കോളേജിലായിരുന്നു. അഡ്മിഷൻ ലഭിച്ചവരിൽ താരതമ്യേന 8–ാം സ്ഥാനത്തോ മറ്റോ ആയിരുന്നു ഞാൻ. അഡ്മിഷൻ ലഭിക്കാൻ വിഷമമുണ്ടായില്ല.

നേരത്തേ പഠിച്ച രണ്ടു കോളേജുകളിലുമില്ലാത്ത മുൻവിധിയോടുകൂടിയ ഇടപെടലുകൾ തേവരയിൽ കാണുവാൻ സാധിച്ചു. ബെഞ്ചിലിരുന്നു പഠിച്ചതിന്റെ സുഖം മാറി. ഇരുമ്പു കസേരയിലിരുന്നുള്ള പഠനം ദുഃസ്സഹമായി തോന്നി. രാവിലെ 8 മുതൽ ക്ലാസും, സ്പെഷ്യൽ ക്ലാസും ആരംഭിക്കുമായിരുന്നു. വൈകുന്നേരം അഞ്ചു മണിവരെ അതുണ്ടായിരിക്കും. ഒരു മിനിറ്റു പോലും വിശ്രമമില്ലാത്ത പഠിപ്പിക്കലാണവിടെ. ക്ലാസിൽ ഇരുന്നനങ്ങിയാൽ അദ്ധ്യാപകർ ശ്രദ്ധിക്കും; കാരണം 10 പേർ മാത്രം വിദ്യാർത്ഥികളായുള്ള ഇടുങ്ങിയ ക്ലാസ് മുറിയും, അനങ്ങിയാൽ ശബ്ദിക്കുന്ന ഇരുമ്പു കസേരയും. മഹാരാജാസിലും സെന്റ് ആൽബർട്ട്സിലും ലഭിച്ചിരുന്ന സ്വാതന്ത്ര്യത്തിന്റെ ഒരംശം പോലും ലഭിക്കാതെ വന്നപ്പോളുണ്ടായ ശ്വാസം മുട്ടൽ വിവരണാതീതമായിരുന്നു. പോസ്റ്റ് ഗ്രാജ്വേഷൻ തലത്തിൽ പ്രൈമറി ക്ലാസിലെ വിദ്യാർത്ഥികളെ ഇരുത്തി പഠിപ്പിക്കുന്നതുപോലെയുള്ള സ്പെഷ്യൽ ക്ലാസ്, ഹോംവർക്ക്, അതികഠിനമായ അച്ചടക്കം പോലെയുള്ള എന്തൊക്കെയോ പ്രത്യേകതകൾ അവിടെ അഡ്മിഷൻ ലഭിച്ചവരിൽ ഒന്നോരണ്ടോ സ്ഥാനത്തുണ്ടായിരുന്നവർക്കു ലഭിച്ചിരുന്ന ആദരവ് താഴേക്ക് പോകുന്നതനുസരിച്ച് ഇല്ലായിരുന്നു. ഓരോ വിദ്യാർത്ഥിയേയും പ്രത്യേക രീതിയിലാണ് അദ്ധ്യാപകർ കണ്ടിരുന്നത്. വളരെ സ്വാതന്ത്രത്തോടെയും ഒരു കുടുംബത്തിലെ അംഗങ്ങളെപോലെയും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്ന മറ്റു രണ്ടു കോളേജുകളിൽ നിന്ന് തേവരയിലേക്കുള്ള യാത്ര അസഹനീയമായിരുന്നു.

എങ്ങിനെയെങ്കിലും തേവരക്കോളേജിൽ നിന്ന് രക്ഷപ്പെടണം. തേവര കോളേജിലെ അദ്ധ്യാപകരറിയാതെ ഞാൻ മഹാരാജാസിലെ കെമിസ്ട്രിയിലെ പ്രധാനാദ്ധ്യാപകൻ (ഡിവിഷൻ ഹെഡ്) ശ്രീ പഞ്ച നാഥൻ സാറിനെ കണ്ടു. വളരെ സൗഹാർദ്ദത്തിലുള്ള കൂടിക്കാഴ്ചയായിരുന്നു. മഹാരാജാസിൽ പ്രീഡിഗ്രി പഠിച്ചിരുന്നതിനാൽ അവിടത്തെ അദ്ധ്യാപകർക്ക് എന്നെ അറിയാമായിരുന്നു. ശ്രീ പഞ്ചനാഥൻ സാറിനോട് കാര്യങ്ങൾ പറഞ്ഞു. "ഒരു വാക്കൻസി ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. വെയിറ്റിങ് ലിസ്റ്റ് ഒന്നുമില്ല. ഞാൻ ശ്രമിക്കാം. ഉറപ്പു പറയുന്നില്ല." എന്ന് തമിഴ് കലർന്ന മലയാളത്തിൽ പാലക്കാട് (കോയമ്പത്തൂർ?) കാരനായ അദ്ദേഹം പറഞ്ഞു.

തേവരക്കോളേജിലെ പഠനം അസഹനീയമായിത്തോന്നി. ചില അദ്ധ്യാപകർ എന്നെ പ്രത്യേകം 'നോട്ടമിട്ടിരി'ക്കുന്നതു പോലെ എനിക്കു തോന്നിത്തുടങ്ങി. ചിലരെന്നെക്കാണുമ്പോഴും ക്ലാസിൽ വെച്ചും പറയുമായിരുന്നു. "തനിക്കെന്തോ കുഴപ്പമുണ്ട്... അനങ്ങാതെ ക്ലാസിലിരിക്കാൻ പോലും തനിക്കു സാധിക്കുന്നില്ല." ഒരു തരത്തിൽ കുറ്റപ്പെടുത്തലുപോലെയായിരുന്നു എല്ലാ കമന്റുകളും. കെമിസ്ട്രി പ്രാക്റ്റിക്കലിന് പോകുമ്പോൾ ഓരോ കെമിക്കലിനും സ്പെഷ്യൽ ഫീസും കൊടുക്കണം/അതിന്റെ വിലയും കൊടുക്കണം. ഏതു ഗ്ലാസ് ഉപകരണം പൊട്ടിയാലും ഉടനെ അതിന്റെ ഇരട്ടി വില കൊടുക്കണം. ലാബറട്ടറിയിൽ എന്റെ അടുത്തുകൂടെ കടന്നു പോകുന്ന അദ്ധ്യാപകർ എന്നെ നോക്കിയിരുന്നത് എനിക്കെന്തോ മാനസീക കുഴപ്പമുള്ളതുപോലെയായിരുന്നു. ഇടക്കിടക്ക് എനിക്കുമാത്രമായി അടുത്തു വന്ന് അവർ ചില നിർദ്ദേശം നൽകിയിരുന്നു. അതിന് താങ്ക്സ് പറഞ്ഞാൽ ഉടനെ അവർ പറയും "താനെന്തിനാ താങ്ക്സ് പറയുന്നത്. തനിക്കെന്തോ കുഴപ്പമുണ്ട്..." അതിസുന്ദരവും തണുത്ത കാറ്റ് നിരന്തരം അടിക്കുന്നതുമായ അന്തരീക്ഷമുണ്ടെങ്കിലും തേവരകോളേജിന്റെ ഗേറ്റിനകത്തു കാൽ വെച്ചാൽ എന്റെ ശരീരം വിറക്കാൻ തുടങ്ങും. ഓരോ ദിവസവും എങ്ങിനെയെങ്കിലും ഒന്നവസാനിച്ചു കിട്ടിയാൽ മതി എന്നായിരുന്നു പ്രാർത്ഥന.

ഒരു ദിവസം ക്ലാസ് മുറിയിൽ ഉച്ചയൂണു കഴിഞ്ഞ് ഞങ്ങൾ കുറേ വിദ്യാർത്ഥികൾ ഒരുമിച്ചിരുന്ന വേളയിൽ ഞാൻ തേവരകോളേജിലെ കെമിസ്ട്രി ഡിപ്പാർട്ടുമെന്റിനെ അടിമുടി വിമർശിച്ചു. ഞാൻ പറഞ്ഞ കാര്യങ്ങൾ ഇന്നും ഓർമ്മയിൽ തങ്ങി നിൽക്കുന്നു. "ഇതെന്തൊരു കോളേജാണ്. ഇതിന് കോളേജിന്റെ ഒരു ലക്ഷണവുമില്ല. ഒരു ബോട്ടിൽ ഈതറിന് അമ്പതു രൂപ വാങ്ങിക്കും. എന്തെങ്കിലും ഗ്ലാസുപകരണങ്ങൾ പൊട്ടിയാലും ഇല്ലെങ്കിലും പിഴകൊടുക്കണം. ഓരോ ലെക്ചററു

ടേയും ധാരണ അവര് കെമിസ്ട്രി വിഷയം സ്വയം തന്നെ ഉണ്ടാക്കിയ വരാണെന്നാണ്. ഈ സ്ഥാപനത്തിൽ നിന്ന് പോയാൽ മതിയായി എന്നെ നിക്കു തോന്നുന്നു...'' ഇങ്ങിനെ തമാശയായി വേദന കലർന്ന ഭാഷയി ലായിരുന്നു എന്റെ വിമർശനം. ഞാൻ പറഞ്ഞ കാര്യങ്ങളെല്ലാം തൊട്ട ടുത്ത മുറിയിലിരുന്ന് ഡിപ്പാർട്ടുമെന്റിലെ എല്ലാ അദ്ധ്യാപകരും കേൾക്കു ന്നുണ്ടായിരുന്നു. ഡിവിഷൻ ഹെഡ് ശ്രീ ഗോപാലകൃഷ്ണൻ സാറും, അരവിന്ദാക്ഷൻ എന്നു പേരുള്ള രണ്ട് അദ്ധ്യാപകരും, ഞാനിഷ്ടപ്പെട്ടി രുന്ന ബാബുസാറും മറ്റുള്ളവരുമെല്ലാം അപ്പുറത്തുണ്ടാകുമെന്ന ധാര ണയേയില്ലായിരുന്നു. അപ്പുറത്ത് അദ്ധ്യാപകർ ഭക്ഷണം കഴിക്കുന്ന മുറി യായിരുന്നു. ഞാൻ പറയുന്നത് കേട്ട ഏതോ ഒരദ്ധ്യാപകൻ മറ്റുള്ള അദ്ധ്യാപകരെയെല്ലാം വിളിച്ചു കൊണ്ടുവന്ന് കേൾപ്പിക്കുകയായിരുന്നു ചെയ്തത് എന്ന് പിന്നീട് ഒരദ്ധ്യാപകൻ എന്നോടു പറയുകയുണ്ടായി.

പത്തുമിനിറ്റിനുള്ളിൽ ഒരു അറ്റൻഡൻറു വന്ന് എന്നോട് ഹെഡ് ഓഫ് ഡിവിഷനെ കാണാൻ പറഞ്ഞു. എന്താണു കാര്യം എന്നു ഞാൻ തിരക്കി. ''ഇത്രയും നേരം ഇവിടെയിരുന്നു പറഞ്ഞതെല്ലാം അവർ കേൾക്കുന്നുണ്ടായിരുന്നു'' എന്നു മാത്രം അയാൾ പറഞ്ഞു. ഞാൻ വിയർത്തു കുളിച്ചുപോയി. തൊണ്ടയിടറുന്നതുപോലെ തോന്നി. എന്താണു ചെയ്യുക. വെളുത്തു വിളറിയ മുഖവുമായി ഞാൻ എച്ച് ഒ ഡിയുടെ മുറിയിലെത്തിയപ്പോൾ എല്ലാ അദ്ധ്യാപകരും അവിടെയുണ്ടാ യിരുന്നു. ഒന്നരമണിക്കൂർ സമയം എന്നെ ഭസ്മമാക്കാൻ ഓരോരുത്ത രായി മാറി മാറി 'ഫയറിങ്' ആയിരുന്നു. ''താനിവിടെ തുടരണമെന്നില്ല തനിക്കെപ്പോൾ വേണമെങ്കിലും പോകാം. ഇപ്പോൾ ടി സി എഴുതിത്ത രാൻ പ്രിൻസിപ്പാളിനോടു പറയാം'' എന്നും കൂടി എച് ഒ ഡി പറഞ്ഞ പ്പോൾ ഞാനാകെ തകർന്നുപോയി. തലകുനിച്ച് ഞാൻ ക്ലാസിലേക്കു മടങ്ങി. ക്ലാസിലെ ഓരോരുത്തരും എന്നെ അവജ്ഞയോടെ നോക്കു ന്നതായിട്ടെനിക്കനുഭവപ്പെട്ടു. ഇപ്പോൾ എറണാകുളം മഹാരാജാസ് കോളേജിൽ കെമിസ്ട്രി ഡിപ്പാർട്ട്മെന്റിന്റെ എച് ഒ ഡി യായി പ്രവർത്തി ക്കുന്ന എന്റെ കൂടെ പഠിച്ചിരുന്ന ശ്രീ കാർത്തികേയൻ എന്നെ കുറേ ഉപദേശിച്ചു. ചെയ്തതു ശരിയായില്ലെന്നു പറയുകയും ചെയ്തു.

പ്രീഡിഗ്രിക്ക് അഡ്മിഷൻ ലഭിക്കാനായിരുന്നു വിഷമം. പിന്നീട് എല്ലാം സുഖമായിരുന്നു. ബി എസ്സിക്കും അഡ്മിഷൻ ലഭിക്കാൻ കുറെ ദുഃഖിച്ചു. പിന്നീടെല്ലാം ശരിയായി. എം എസ്സി ക്ക് അഡ്മി ഷൻ ലഭിക്കാൻ ബുദ്ധിമുട്ടുണ്ടായില്ല. പക്ഷേ ഈ കോളേജിൽ പ്രവേ ശിച്ച ദിവസം മുതൽ ഒരു ശ്വാസംമുട്ടലായിരുന്നു. കൂടാതെ സ്വയംകൃ തമായ ഈ വിമർശനവും അതിന്റെ പരിണിതഫലമായി അദ്ധ്യാപകരും,



Scanned with CamScanner

അവരുടെ സഹകരണമുണ്ടെങ്കിലേ കെമിസ്ട്രി പ്രാക്റ്റിക്കലിനു മാർക്കു ലഭിക്കൂ എന്നറിയാമായിരുന്നതുകൊണ്ട് വിദ്യാർത്ഥികളും ഒരു വശത്തും ഞാൻ മാത്രം മറുവശത്തും. അദ്ധ്യാപകരുടെ മനസ്സിൽ ഒരിക്കൽ വെറുപ്പെന്ന വികാരമുണ്ടായാൽ അതു ശാശ്വതമായി നിലനിർത്തുന്നവരല്ലായിരുന്നു, മറ്റു രണ്ടു കോളേജുകളിലുമുള്ള അദ്ധ്യാപകർ. ഇവിടെ അതല്ലാ സ്ഥിതി. വാശിയും, വിദ്വേഷവും, പകയുമുള്ള അദ്ധ്യാപകരായിരുന്നു.

തുടർന്നുള്ള ഓരോ ദിവസവും ഓരോ അദ്ധ്യാപകൻ ക്ലാസിൽ വരുമ്പോഴും എന്നെ അതിനിശിതമായി വിമർശിച്ചതിനുശേഷമായിരുന്നു ക്ലാസ് ആരംഭിച്ചിരുന്നത്. എല്ലാവരും എന്നെ ഒറ്റപ്പെടുത്തിയപ്പോഴും ബാബുസാർ എന്നൊരദ്ധ്യാപകൻ മാത്രം എന്നെ ആശ്വസിപ്പിക്കാനെത്തി. ഞാൻ ചെയ്തത് തെറ്റാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. "കഴിഞ്ഞതു കഴിഞ്ഞു ഇനി നല്ല രീതിയിൽ പഠിച്ചാൽ മതി. ഇതൊക്കെ സാധാരണമാണ്. ഗോപാലകൃഷ്ണന് നല്ല വ്യക്തിത്വമുള്ളതുകൊണ്ടാണ് ഈ വിഷമം. അതൊക്കെ താനേ മാറും".

ഓരോ അദ്ധ്യാപകനും ബി എസ്സി കെമിസ്ട്രി ക്ലാസുകളിലും എം എസ്സി രണ്ടാം വർഷ ക്ലാസിലും ഞാൻ ചെയ്തതിനെക്കുറിച്ചു വിവരിച്ചു പറയുന്നുണ്ടായിരുന്നു. എനിക്കനുകൂലമായി സംസാരിച്ച അവിടത്തെ ബി.എസ്.സി. വിദ്യാർത്ഥിയും, തൃപ്പൂണിത്തുറക്കാരനും, എന്റെ ചിരകാല സുഹൃത്തുമായ ശ്രീ. വേണുഗോപാൽ എന്ന വിദ്യാർത്ഥിയെ ഒറ്റപ്പെടുത്താൻ ശ്രീ അരവിന്ദാക്ഷൻ സാറും ശ്രീ. ഗോപാലകൃഷ്ണൻ സാറും ആ ക്ലാസിൽ ആഹ്വാനം ചെയ്തതായും ഞാനറിഞ്ഞു.

**വീണ്ടും മഹാരാജകീയ കലാലയത്തിലേക്ക്**

ഈ സംഭവം കഴിഞ്ഞ് രണ്ടാം ദിവസം ഞാൻ മഹാരാജാസിൽ ചെന്ന് പ്രൊഫ. പഞ്ചനാഥൻ സാറിനെ കണ്ട് തേവരകോളേജിൽ നടന്നതെല്ലാം പറഞ്ഞു. ഇതു കേട്ടുകഴിഞ്ഞപ്പോൾ സഹതാപത്തോടെ സാറു പറഞ്ഞു. "താൻ പോയി തന്റെ ടി സി കൊണ്ടു വരിക. തനിക്ക് ഞാനിവിടെ അഡ്മിഷൻ തരാം." എന്റെ ഹൃദയം സന്തോഷത്തിന്റെ പരമകാഷ്ടയിലെത്തി. ഭയത്തോടെയും സന്തോഷത്തോടെയും ദേഷ്യക്കാരനായ പ്രൊഫ. പഞ്ചനാഥൻ സാറിനോട് ഞാൻ ചോദിച്ചു. "സാർ ടി.സി ഒരിക്കൽ വാങ്ങിച്ചാൽ ഞാൻ അവിടേയും ഇവിടേയും ഇല്ലാതാകുമോ? എനിക്ക് പഠിക്കണം. ഏതു നരകത്തിലാണെങ്കിലും പഠിക്കണം."

ചിരിച്ചുകൊണ്ടായിരുന്നു സാറിന്റെ മറുപടി. "തനിക്കെന്നെ വിശ്വാസമില്ലേ. ഞാൻ ടി സി കൊണ്ടുവരാൻ പറഞ്ഞാൽ ഞാൻ അഡ്മിഷൻ തരും." പിന്നെ ഞാൻ കാത്തുനിന്നില്ല. നേരെ തേവരാകോളേജിലേക്കു പോയി. അപേക്ഷയെഴുതി എച് ഒ ഡി യെ കൊണ്ട് ഒപ്പിടുവിച്ചു, പ്രിൻസി

പ്പാളിനു സമർപ്പിച്ചു. എച്. ഒ.ഡി ശ്രീ ഗോപാലകൃഷ്ണൻ സാർ ഇങ്ങിനയൊന്നും സംഭവിക്കുമെന്നു പ്രതീക്ഷിച്ചിരുന്നില്ല. അതുകൊണ്ട് തന്നെ അദ്ദേഹം കുറച്ചുപദേശിച്ചു. "താൻ ഇവിടെനിന്നും പോകണമെന്ന് ഞാൻ ഉദ്ദേശിച്ചിട്ടില്ല. നന്നാവണം എന്നു മാത്രമേ ഉദ്ദേശിച്ചിരുന്നുള്ളൂ.." അദ്ദേഹം പറഞ്ഞു തീരുന്നതിനു മുമ്പ് ഞാൻ പറഞ്ഞു. "ഈ സ്ഥാപനത്തിൽ പഠിച്ചാൽ ഞാൻ ശ്വാസം മുട്ടി ചത്തുപോകും സാർ. ഇനി ഒരു നിമിഷം ഇവിടെ തുടരാൻ സാധ്യമല്ല സാർ."

അപേക്ഷ പ്രിൻസിപ്പലിനെ ഏൽപ്പിക്കാൻ പോകുന്ന സമയത്ത് വരാന്തയിൽ വച്ച് ശ്രീ അരവിന്ദാക്ഷൻ സാറിനെ കണ്ടു. എന്നെ ഏറ്റവും വെറുത്തിരുന്നതു പോലെ സംസാരിച്ച അദ്ധ്യാപകനായിരുന്നു അദ്ദേഹം. എന്നെ കണ്ടയുടനെ അദ്ദേഹം പറഞ്ഞു. "താനിവിടുന്നു പോകുകയാണോ? അതുനന്നായി. താനിവിടുന്നു പോകുന്നതാ നല്ലത്. തനിക്കും ഞങ്ങൾക്കും അതാണ് നല്ലത്." സാറിന്റെ അടുത്തു ചെന്ന് ഞാൻ പറഞ്ഞു... "ഞാൻ താങ്കളോട് ആശംസയൊന്നും ചോദിച്ചില്ലല്ലോ. യാത്രയയപ്പും ചോദിച്ചില്ല. താങ്കൾക്ക് താങ്കളുടെ കാര്യം നോക്കിയാൽ പോരെ. താങ്കൾ ഇടക്കിടക്ക് പറയാറുള്ള കുഴപ്പം എനിക്കല്ല. താങ്കൾക്കാണ്. ഇനി കൂടുതലെന്തെങ്കിലും പറഞ്ഞാൽ ഒരദ്ധ്യാപകനോട് അപമര്യാദയായി പെരുമാറിയതിൽ ഞാൻ പിന്നീട് ദുഃഖിക്കേണ്ടിവരും. സാറിന് ആ സ്റ്റാറ്റസ് ഇല്ലെങ്കിലും, ഞാൻ സാറിനോട് സംസാരിക്കുമ്പോൾ ശ്രദ്ധിക്കണമല്ലോ."

പ്രിൻസിപ്പലിന്റെ അടുത്തുചെന്ന് യാത്ര പറഞ്ഞ് ഞാൻ ടി സിയുമായി തേവര കോളേജ് വിട്ടിറങ്ങി. അവിടെയടച്ച അഡ്മിഷൻ ഫീസും, കോഷൻ ഡെപ്പോസിറ്റും ഒന്നും സ്വീകരിക്കാതെ! ഒറ്റപ്രാർത്ഥന ഇനി ഇവിടെ വരേണ്ടിവരരുതേ ഈശ്വരാ... എന്നു മാത്രമായിരുന്നു. പിന്നെ ഞാനങ്ങോട്ടു പോയിട്ടില്ല.

**മഹാരാജാസിലെ നന്മനിറഞ്ഞ പഠനം**

ഒരു ബുദ്ധിമുട്ടുമില്ലാതെ എനിക്ക് ശ്രീ പഞ്ചനാഥൻ സാർ മഹാരാജാസിൽ അഡ്മിഷൻ തന്നു. ഒരു തരത്തിൽ സാറിന്റെ ഏറ്റവും ഇഷ്ടപ്പെട്ട വിദ്യാർത്ഥിയായിരുന്നു ഞാൻ. എല്ലാ കാര്യത്തിലും സാർ ഇടപ്പെട്ട് നല്ല ഉപദേശം നൽകുമായിരുന്നു. പെട്ടെന്നു ദേഷ്യം വരുമായിരുന്നുവെങ്കിലും സ്നേഹം നിറഞ്ഞ മനസ്സായിരുന്നു.

മഹാരാജാസിൽ ക്ലാസെടുത്തിരുന്ന പ്രൊഫ. രാമൻ, പ്രൊഫ. രാമസ്വാമി, പ്രൊഫ. പഞ്ചനാഥൻ, ശ്രീ അഷറഫ്, ശ്രീമതി. രാജലക്ഷ്മി പ്രൊഫ. ഗംഗാദേവി തമ്പുരാട്ടി, പ്രൊഫ. രാധാതമ്പുരാൻ, പ്രൊഫ.



Scanned with CamScanner

സുബ്രഹ്മണ്യം ഇവരെയൊന്നും ജീവിതത്തിലൊരിക്കലും മറക്കാൻ സാധിക്കില്ല. ആജന്മബന്ധമായിരുന്നു, അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിൽ. എനിക്ക് അവരുമായിട്ടുണ്ടായിരുന്നത്, കുടുംബത്തിലെ രക്ത ബന്ധം പോലെയായിരുന്നു. പ്രൊഫ. ഗംഗാദേവി തമ്പുരാട്ടിയുടേയും, പ്രൊഫ. രാധാതമ്പുരാട്ടിയുടെയും കോവിലകങ്ങളിൽ എന്റെ അച്ഛൻ പൂജക്കു പോകാറുണ്ടായിരുന്നു. ഞാനും പൂജക്കും വിശേഷ ദിവസ ങ്ങളിൽ പാചകത്തിനും പോകുമായിരുന്നു. അദ്ധ്യാപക വിദ്യാർത്ഥി ബന്ധത്തിന്റെ പുണ്യബന്ധം നില നിർത്തിക്കൊണ്ടു തന്നെ ഇതും സാധിച്ചു.

രണ്ടാം വർഷ എം എസ്സി ക്കു പഠിക്കുമ്പോൾ ഞാൻ കോളേജ് യൂണിയനിൽ കെമിസ്ട്രിയുടെ പ്രതിനിധിയായിരുന്നു. എല്ലാ വിദ്യാർത്ഥി കളുടേയും സഹായത്തോടെ കോളേജ് സെന്റിനറിയുടെ ഭാഗമായി നടന്ന എല്ലാ പരിപാടികളും വിജയിപ്പിക്കാനായി മുന്നിൽ നിൽക്കാൻ എനിക്കു സാധിച്ചു. ദശാബ്ദങ്ങൾക്കു മുമ്പ് വൃത്തിയാക്കിയ എല്ലാ ലാബററ്ററികളും, ലാബററ്ററികളിലെ ഓടകളും പൂർണമായും വൃത്തി യാക്കാൻ സാധിച്ചത് വലിയൊരു നേട്ടമാണെന്ന് എല്ലാ അദ്ധ്യാപകരും വാഴ്ത്തി. വിദ്യാർത്ഥികൾക്ക് സാമൂഹ്യ പ്രവർത്തനത്തിൽ നേതൃത്വം കൊടുക്കാനുള്ള കഴിവും എനിക്കു ലഭിച്ചു തുടങ്ങി. മഹാരാജാസ് സെന്റിനറി സെലിബ്രേഷന്റെ ഭാഗമായി ഏറ്റവും നല്ല കർമ്മ പരിപാടി കൾ ആവിഷ്കരിച്ചത് കെമിസ്ട്രി ഡിപ്പാർട്ട്മെന്റായിരുന്നു.

കൂടാതെ കെമിസ്ട്രി ഡിപ്പാർട്ട്മെന്റിന്റെ വകയായി ഒരു സോവ നീർ പ്രസിദ്ധീകരിച്ച് അന്നത്തെക്കാലത്ത് (1978) ഏകദേശം 15,000 രൂപ ലാഭമുണ്ടാക്കി. പല പരിപാടികളും, സെന്റ് ഓഫ് പരിപാടികളും മറ്റും ശ്രദ്ധേയമായി നടത്തി, കോളേജ് മുഴുവനും അറിയപ്പെടുന്നവനായി ത്തീർന്നു. എന്നെ ഈ കർമ്മത്തിലെല്ലാം അകമഴിഞ്ഞ് സഹായിച്ചിരു ന്നത് ശ്രീ രവി ദിവാകരനായിരുന്നു. ഇന്നദ്ദേഹം സെന്റ് ആൽബർട്ട്സ് കോളേജിലെ കെമിസ്ട്രി അദ്ധ്യാപകനാണ്. ശ്രീ രവി ദിവാകരൻ പ്രസി ദ്ധമായ രവികരുണാകരന്റെ കയർ കമ്പനിയിലെ വളരെ ഉയർന്ന ഉദ്യോ ഗസ്ഥന്റെ മകനായിരുന്നു. സ്ഥിരോത്സാഹവും, മന്ദസ്മിതത്തോടെയുള്ള ഇരുത്തം വന്ന പ്രകൃതവും, വളരെയേറെ ആത്മവിശ്വാസവും, എന്തിനും ഏതിനും തന്റേടവുമുള്ള വ്യക്തിയായിരുന്നതിനാൽ കുറേയധികം സേവ നപ്രവർത്തനങ്ങൾ ഞങ്ങൾക്കെല്ലാവർക്കും കൂടി കോളേജിൽ നട ത്താൻ സാധിച്ചു.

ഡോ. പി. എസ്. രാമൻസാർ, എനിക്ക് പിതൃതുല്യമായ മാർഗ നിർദ്ദേശമാണ് നൽകിയിരുന്നത്. എന്തിനും ഏതിനും ഉപദേശത്തിന്നായി ഞങ്ങളെല്ലാവരും രാമൻ സാറിനേയാണ് കാണുക പതിവ്.



Scanned with CamScanner

എം. എസ്സി ക്കു റാങ്കു നേടണം ഇതായിരുന്നു മനസ്സിൽ. പ്രിയ ദർശിനിയിലെ ട്യൂഷൻ കൂടാതെ. മൂന്നു ബെഞ്ചും ഡെസ്കും വാങ്ങി ഞാൻ എന്റെ വീട്ടിൽ ട്യൂഷൻ ക്ലാസും തുടങ്ങി. പഠിക്കലും പഠിപ്പി ക്കലും മറ്റുകർമ്മങ്ങളും നന്നായി പോയിരുന്നു. പല പല ക്ഷേത്രങ്ങ ളിലും ലക്ഷാർച്ചനകളും കോടിയർച്ചനകളും വരുമ്പോൾ മൈക്കിന്റെ മുന്നിലിരുന്ന് അക്ഷരസ്ഫുടതയോടെ മന്ത്രം പറയുവാൻ സാധിക്കു മായിരുന്നതിനാൽ എനിക്ക് കുറേ ആരാധകരുണ്ടായി. തുടങ്ങി നമ്പൂ തിരിമാരുടെ ഇടയിലും ക്ഷേത്രഭക്തരുടെ ഇടയിലും ഞാൻ അറിയപ്പെ ടുന്നവനായി. എറണാകുളം ക്ഷേത്രം, വളഞ്ഞമ്പലം, രവിപുരം, ചോറ്റാ നിക്കര, ക്ഷേത്രങ്ങളിലെല്ലാം ഇടക്കിടക്കുണ്ടാകാറുള്ള ലക്ഷാർച്ചനകളും കോടിയർച്ചനകളും സാമ്പത്തീകമായി പ്രയോജനപ്രദമായിരുന്നുതാനും.

എല്ലാ ക്ലാസിലും നല്ല രീതിയിൽ പഠിക്കാനും, ഓരോ വിഷയ ത്തിലും നല്ല മാർക്ക് വാങ്ങിക്കാനും സാധിച്ചതിനു കാരണം വിഷയം പഠിക്കണമെന്ന ആഗ്രഹത്തോടൊപ്പം പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ ചൈതന്യവുമായിരുന്നു.

മഹാരാജാസിലെ പഠനം, സ്വന്തം കാലിൽ നിൽക്കാൻ സാധി ക്കുന്ന വിധത്തിൽ സാമ്പത്തീക വരവും, ക്ലാസിലെ സഹപാഠികൾക്ക് നല്ല സ്നേഹവും ബഹുമാനവുമുണ്ടാകാൻ കാരണമായിത്തീർന്നു. നല്ല മാർക്കോടു കൂടിയാണ് എം എസ്സി പാസ്സായതെങ്കിലും ഒന്നാം റാങ്കു ലഭിച്ചില്ല. എന്റെ കൂടെ പഠിച്ച ഭാഗ്യശാലിയായ പരമേശ്വരനാണ് ഒന്നാം റാങ്കു ലഭിച്ചത്. എം എസ്സി അപ്ലൈഡ് കെമിസ്ട്രി എന്ന ശാഖയായി രുന്നതിനാൽ പഠിക്കാൻ വളരെ ബുദ്ധിമുട്ടുണ്ടായിരുന്നില്ല. മാത്രമല്ല, കാര്യമായി പഠിക്കാനുള്ള അവസരം ലഭിക്കുന്നതൊന്നും പാഴാക്കിയി രുന്നുമില്ല. ഓരോ അദ്ധ്യാപകന്റേയും ക്ലാസും ഹൃദയസ്പർശിയായി രുന്നു. അദ്ധ്യാപകവൃത്തിയുടെ സർവചൈതന്യവും നിറച്ചുകൊണ്ട് മക്ക ളോട് വിഷയം വിവരിക്കുന്ന രീതിയിലായിരുന്നു അദ്ധ്യാപകർ പഠിപ്പി ക്കാറുള്ളത്. വിഷയം കാര്യമായി പഠിപ്പിക്കാനറിയാത്തവരുണ്ടെങ്കിൽ അവർ പോലും 'ഞങ്ങൾ കെമിസ്ട്രി പഠിപ്പിക്കാൻ ജന്മമെടുത്തവരാ ണെന്നഭിമാനിക്കാറുമില്ലായിരുന്നു.' അതായിരുന്നു മഹാരാജാസിന്റെ മനോഹാരിത.

എം എസ്സി പഠിക്കുന്ന കാലത്ത് ആഴ്ചയിലൊന്നോ രണ്ടോ ദിവസം തൃപ്പൂണിത്തുറയിലെ ക്ലോറോഫാം എന്ന ഒരു കമ്പനിയിൽ 200 രൂപക്ക് പാർട്ട് ടൈം ജോലിയും ചെയ്തിരുന്നു. അവിടെ കീടനാ ശിനിയുടെ ഫോർമുലേഷനാണ് ഉണ്ടാക്കിയിരുന്നത്. അത് പരിശോ ധിച്ച് നിലവാരം വിലയിരുത്തണം. ഭയങ്കര വിഷമുള്ളതാണെങ്കിലും ഒരു



Scanned with CamScanner

കെമിസ്റ്റ് എന്ന പേരിൽ അറിയപ്പെടാൻ അതു സഹായിച്ചു. കെമിസ്ട്രി ക്ലാസിൽ പഠിക്കുന്ന പ്രാക്റ്റിക്കലുകൾ ഈ കമ്പനിയിൽ പകർത്താൻ അവസരം ലഭിച്ചു. ആഴ്ചയിൽ രണ്ടോ മൂന്നോ ദിവസമാണ് ഇവിടെ കെമിസ്റ്റായി എനിക്ക് പണിയുണ്ടായിരുന്നത്.

ഇക്കാലയളവിൽ തന്നെ എക്കൗണ്ടന്റ് ജനറൽ ഓഫീസിൽ ഓഡിറ്റർമാരുടെ പോസ്റ്റിലേക്ക് ടെസ്റ്റിനും ഇന്റർവ്യൂവിനും പോയി. തിരുവനന്തപുരത്ത് ഏജീസ് ഓഫീസിൽ ജോലിക്ക് ചേരാനുള്ള നിർദ്ദേശവും ലഭിച്ചിരുന്നെങ്കിലും അതു സ്വീകരിച്ചില്ല. ആയിടക്ക് ഫെഡറൽ ബാങ്കിൽ ടെസ്റ്റും ഇന്റർവ്യൂവും നടന്നതിൽ വിജയിച്ചുവെങ്കിലും ജോലി സ്വീകരിക്കേണ്ടന്നു വെക്കുവാൻ വിഷമമൊന്നും തോന്നിയില്ല.

**മഹാരാജാസിൽ രണ്ടാമത്തെ പോസ്റ്റ് ഗ്രാജ്വേഷന്**

മഹാരാജാസിൽ എം എസ്സി കഴിഞ്ഞ ഉടനെ അവിടത്തന്നെ മറ്റൊരു എം എസ്സി യെടുക്കണമെന്നാഗ്രഹം തോന്നി. ഒരു എം എസ്സി ഉള്ളതിനാൽ മറ്റൊന്ന് ഒരു വർഷം കൊണ്ട് എടുക്കാമെന്നറിയാമായിരുന്നു. എനിക്കുമുമ്പ് ഒരാൾ രണ്ടു എം എസ്സി എടുത്തിട്ടുണ്ട്. അതനുസരിച്ച് ഞാൻ മഹാരാജാസിൽ രണ്ടാമത്തെ എം. എസ്സിക്ക് അപേക്ഷിച്ചു. കേരള യൂണിവേഴ്സിറ്റിയുടെ അംഗീകാരമുണ്ടെങ്കിലേ അഡ്മിഷൻ സാധിക്കൂ എന്ന് പ്രൊഫ. പഞ്ചനാഥൻ സാർ അറിയിച്ചു. "വാക്കൻസിയുണ്ട്, പക്ഷേ ഓർഡറില്ലാതെ അഡ്മിഷൻ സാധ്യമല്ലല്ലോ?" യൂണിവേഴ്സിറ്റി ചിലപ്പോൾ ഓർഡർ തരില്ല എന്നും പഞ്ചനാഥൻ സാർ പറഞ്ഞു. കാരണം റാങ്കിന്റെ പ്രശ്നം വന്നാൽ പരിഹരിക്കാൻ നിയമത്തിൽ ധാരാളം നൂലാമാലകളുണ്ടാകും. ഒരു എം.എസ്സി. യുള്ളവൻ രണ്ടാമത്തെ എം എസ്സി യെടുത്താൽ ആ വർഷം പുതിയതായി എം എസ്സി യെടുക്കുന്നവർക്ക് ലഭിക്കേണ്ട റാങ്ക്, ഒരു എം എസ്സിയുള്ളവനുലഭിച്ചാൽ പ്രശ്നമാകുമെന്നാണ് യൂണിവേഴ്സിറ്റിയുടെ നിലപാട്.

**ട്യൂട്ടോറിയലാദ്ധ്യാപകനായി**

എം. എസ്സി കഴിഞ്ഞ ഉടനെ രണ്ടാമത്തെ എം എസ്സിക്കു ചേരുന്നതിനു മുമ്പു തന്നെ എറണാകുളത്തെ ക്ലോത്ത് ബസാർ റോഡിലുള്ള ഔവർ കോളേജിൽ അദ്ധ്യാപകനായി ജോലി ലഭിച്ചു. രാവിലേയും വൈകുന്നേരവും ഔവറിൽ പഠിപ്പിക്കാൻ പോകും. സ്കൂൾ ക്ലാസുകളും പ്രീഡിഗ്രി ക്ലാസുകളും ഇടക്ക് ബി എസ്സി ക്ലാസുകളും കൈകാര്യം ചെയ്യണം. രാവിലെ 6 മുതൽ 9 വരെയും വൈകുന്നേരം 4.30 മുതൽ 9.30 വരെയുമായിരുന്നു ഔവർ കോളേജിലെ പഠിപ്പിക്കൽ.



Scanned with CamScanner

അടക്കവും ഒതുക്കവുമുള്ള വിദ്യാർത്ഥികൾ, നിഷ്ഠയും അച്ചടക്കവും കഠിനമായി പാലിക്കപ്പെടുന്ന രീതിയിലുള്ള മാനേജ്മെന്റ്. ശ്രീ അച്ചുതൻനായരും ശ്രീ ബാലകൃഷ്ണൻ നായരും അതിന്റെ ഉടമസ്ഥരും പ്രിൻസിപ്പാൾമാരുമായിരുന്നു. ക്ലാസെടുക്കുന്ന ഓരോ അദ്ധ്യാപകനേയും അവരറിയാതെ വിലയിരുത്താൻ അവിടെ 'ചാരന്മാരു'ണ്ടായിരുന്നു. ഓരോ ക്ലാസുമുറിയിലും ചെറിയ സുഷിരങ്ങളുണ്ടാക്കി, അതിലൂടെ നിരന്തരം അദ്ധ്യാപകരറിയാതെ നിരീക്ഷിക്കുന്ന പ്യൂൺമാർ റിപ്പോർട്ട് പ്രിൻസിപ്പാൾമാരെ അറിയിച്ചുകൊണ്ടിരിക്കും. അദ്ധ്യാപകർ വരുന്ന സമയം, ക്ലാസിൽ കയറുന്നത്, പഠിപ്പിക്കുന്നത്, പെൺകുട്ടികളോടു പെരുമാറുന്നത്, ക്ലാസിലെ അച്ചടക്കം, ഇവയെല്ലാം അതാതു നിമിഷം ശ്രീ അച്ചുതൻ നായരുടേയോ ബാലകൃഷ്ണൻനായരുടേയോ അടുത്തെത്തും. എല്ലാവരേയും സുഖിപ്പിക്കുന്ന താളത്തിൽ സംസാരിക്കാനുള്ള ശ്രീ ബാലകൃഷ്ണൻ നായരുടെ കഴിവ് അസാധാരണമായിരുന്നു. ഇടതുപക്ഷത്തിന്റെ പൂർണപിന്തുണയുണ്ടായിരുന്നതിനാൽ ഏതു പ്രശ്നത്തിലും ഏതുവരേയും പോകാനും ശ്രീ ബാലകൃഷ്ണൻനായർക്ക് ഒരു പ്രയാസവുമുണ്ടായിരുന്നില്ല. ഓരോ അദ്ധ്യാപകനും കുറഞ്ഞത് പ്രതിദിനം 8 മണിക്കൂർ ക്ലാസുണ്ടാകും. ചിലർക്ക് 12 ഉം 14 ഉം മണിക്കൂറായിരിക്കും. അദ്ധ്യാപകർ രാജിവെച്ചു പോകുന്ന ഒഴിവിലെ ക്ലാസും രാജിവെക്കാത്തവരെടുക്കണം. കുറഞ്ഞത്, 400 രൂപ ശമ്പളം! അത് കൃത്യസമയത്ത് ലഭിക്കും. അച്ചടക്കം പാലിക്കാത്ത വിദ്യാർത്ഥികളേയും അവരെ ന്യായീകരിക്കുന്ന അദ്ധ്യാപകരേയും അവരുടെ കൂടെ നിൽക്കുന്നവരേയും ചിരിച്ചുകൊണ്ടുതന്നെ ശക്തമായി ശ്രീ ബാലകൃഷ്ണൻനായർ കൈകാര്യം ചെയ്യുമായിരുന്നു. ബാലകൃഷ്ണൻനായരുടെ സൂക്ഷ്മ ദൃഷ്ടിയും കൂർമ്മബുദ്ധിയും കാര്യങ്ങൾ മുൻകൂട്ടി കണ്ട് കൈകാര്യം ചെയ്യാനുള്ള സാമർത്ഥ്യവും ഏവരേയും അതിശയിപ്പിക്കുന്നതായിരുന്നു. മിത്രമെന്നോ ബന്ധുവെന്നോ വേണ്ടപ്പെട്ടവനെന്നോ വേണ്ടാത്തവനെന്നോ ഒന്നുമില്ല. പുകഞ്ഞ കൊള്ളി പുറത്ത്. യാതൊരു വികാര വിക്ഷോഭങ്ങളുമില്ലാതെ അതിസങ്കീർണങ്ങളായ പ്രശ്നങ്ങൾ മധുരമാണെന്നുതോന്നുന്ന വാക്കുകൾ കൊണ്ടു തന്നെ പരിഹരിച്ച് പ്രശ്നങ്ങളുണ്ടാക്കുന്നവന്റെ അവസാനത്തെ വേരും പിഴുതെറിയേണ്ടതെങ്ങിനെയെന്ന് മറ്റിടങ്ങളിലെ മാനേജർമാർ പഠിക്കേണ്ടത് ഇദ്ദേഹത്തിൽ നിന്നാണ്. ഔവർ കോളേജിൽ അദ്ധ്യാപകനായി പ്രവർത്തിക്കാൻ സാധിച്ചതുകൊണ്ട് ജീവിതത്തിൽ കയ്പും മധുരവും അക്ഷരാർത്ഥത്തിൽ അനുഭവിച്ചറിയാൻ അവസരം ലഭിച്ചു. ഔവർ കോളേജദ്ധ്യാപകനായി മൂന്നുവർഷം എറണാകുളത്തും തിരുവനന്തപുരത്തും പ്രവർത്തി



Scanned with CamScanner

ച്ചത്, ഒരു പത്തുവർഷത്തെ അനുഭവപാഠങ്ങളാണ് സമ്മാനിച്ചത്. അതു കൊണ്ടു തന്നെ ഞാൻ സി എസ് ഐ ആറിൽ ജോലി ലഭിച്ചതിനുശേഷവും കുറച്ചുകാലം തിരുവനന്തപുരത്തെ ഔവറിൽ അദ്ധ്യാപകനായി പ്രവർത്തിച്ചിരുന്നു.

ഔവർ കോളേജിൽ പഠിപ്പിക്കുന്ന കാലത്ത് മലയാളം അദ്ധ്യാപകനായ ശ്രീ മന്മഥൻ സാറിനേയും, ഇംഗ്ലീഷധ്യാപകൻ ശ്രീ ഷേണായിയേയും, കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ ഡോ. ഗോപാലകൃഷ്ണൻ സാറിനെയും, ഹിന്ദി പഠിപ്പിച്ചിരുന്ന എന്റെ സുഹൃത്തായിട്ടുള്ള (രെജിസ്ട്രാർ ഓഫീസിലെ ഉദ്യോഗസ്ഥനായ) രാജുവിനേയും മറക്കുക സാദ്ധ്യമല്ല. ഏതു തരത്തിലുള്ളവരേയും ഏതു തരത്തിലുള്ള വിദ്യാർത്ഥികളേയും ലാഘവത്തോടെ കൈകാര്യം ചെയ്യാനുള്ള പാഠം ഞാൻ പഠിച്ചതും പ്രയോഗിക്കുവാൻ ഉതകുന്ന വിധത്തിൽ സാധിക്കുന്നതും ഈ സ്ഥാപനത്തിലെ പരിചയംകൊണ്ടാണ്. അതികഠിനമായ അച്ചടക്കത്തിന്റെ പാഠവും അതിമധുരമായ സംഭാഷണത്തിന്റെ പിന്നിലുള്ള രണ്ടു തരം ഭാവങ്ങളും ഞാനിവിടുന്നറിഞ്ഞു. അകലെ മാറിനിന്നുള്ള മാനേജ്മെന്റ് ഈ മൊബൈൽ ഫോൺ യുഗത്തിൽ ഏറ്റവും പ്രയോജന പ്രദമാണെന്നു കൂടി ഞാൻ മനസ്സിലാക്കി. അദ്ധ്യാപക സംഘടനയുണ്ടാക്കാനോ, പഠിപ്പിക്കുന്നതിന്റെ ഭാരക്കൂടുതൽ കൊണ്ട് ദുഃഖം പങ്കുവെക്കാനോ അദ്ധ്യാപകർ ഒരുമിച്ചു കൂടുകയാണെങ്കിൽ ആ നിമിഷം അത് ശ്രീ ബാലകൃഷ്ണൻ നായരറിയും. ഇരുചെവിയറിയാതെ ആ പ്രശ്നങ്ങൾ അവിടെ പരിഹരിക്കപ്പെടും. അതിന്റേതായ രീതിയിലാണെന്നു മാത്രം.

മഹാരാജാസ് കോളേജിൽ നിന്നും സെന്റ് ആൽബർട്ട്സ് കോളേജിൽ നിന്നും പരീക്ഷാ വേളയിൽ കെമിസ്ട്രി പ്രാക്റ്റിക്കലിനു കൊടുക്കുന്ന അനാലിസിസിന്റെ സോൾട്ട്, മിനിറ്റുകൾ കൊണ്ട് ഔവർ കോളേജിൽ അനലൈസ് ചെയ്ത് ഉത്തരം അതാതു കോഘളജുകളിലേക്ക് എത്തിക്കാനുള്ള സംവിധനമുണ്ടായിരുന്നു. അതിനെ ഞാനെതിർത്തു. ഇടനിലക്കാർക്കെല്ലാം അതിന്റെ പങ്കുമുണ്ടായിരുന്നു. ഇതു ഞാൻ കോളേജദ്ധ്യാപകർക്ക് റിപ്പോർട്ടു ചെയ്ത് തടയുകയും ചെയ്തു. പിന്നീട് അത് എത്രത്തോളം ഫലപ്രദമായി തടയാൻ സാധിച്ചു എന്നറിയില്ല.

ഔവർ കോളേജിലെ അതികഠിനമായ ക്ലാസുകളുടെ ദൈർഘ്യം പലപ്പോഴും എന്നെത്തളർത്തിയിട്ടുണ്ട്. ഔവർ കോളേജിന്റെ മുന്നിലുള്ള ഒരു ഹോട്ടലിലെ പത്തിരിയും കടലക്കറിയും അല്ലെങ്കിൽ അതിനടുത്തുള്ള കൊങ്ങിണിയുടെ ഹോട്ടലിലെ ദോശയും കിഴങ്ങുകറിയും കഴിച്ചാണ് വിദ്യാർത്ഥികളുടെ പൊതുപരീക്ഷക്കു തൊട്ടുമുമ്പുള്ള ദിവസം



Scanned with CamScanner

പോലും അർദ്ധരാത്രി വരെ നീണ്ടു നിൽക്കുന്ന (ഔവറിലെ) ക്ലാസെടു ക്കേണ്ടി വരുക. മൂന്നു വർഷത്തെ ബി എസ്സി സിലബസും, മൂന്നു മാസം കൊണ്ടു തീർക്കുമ്പോൾ, യൂണിവേഴ്സിറ്റിയിലും മറ്റു ഗവേഷ ണശാലകളിലും പഠിപ്പിക്കുന്ന അദ്ധ്യാപകർ ഔവറിൽ പാർട്ട് ടൈം ആയി പഠിപ്പിക്കുമ്പോൾ അവരുടെ ക്ലാസുകൾ കഴിഞ്ഞുള്ള സമയ ത്താണ്, എനിക്ക് ക്ലാസ് എടുക്കാനുള്ള സമയം ലഭിക്കുക. അതു പല പ്പോഴും രാത്രി 8 മുതൽ അർദ്ധരാത്രി 12 വരെയായിരിക്കും. സിലബസ് തീർക്കുക എന്നതാണ് ലക്ഷ്യവും മാർഗവും. അനുമോദിക്കാനും അഭി നന്ദിക്കാനുമൊന്നും ആരുമില്ല. ചെയ്തില്ലെങ്കിൽ ചോദിക്കാനാളുണ്ടു താനും. ഒരിക്കൽ അർദ്ധരാത്രിയിൽ ക്ലാസെടുത്തു കൊണ്ടിരിക്കുമ്പോൾ ക്ലാസിൽ ഞാൻ തലകറങ്ങി വീഴുകയും ഛർദ്ദിക്കുകയും ചെയ്തു. അടുത്ത ദിവസത്തെ ക്ലാസ് ഒരു കാരണവശാലും മുടങ്ങരുതെന്നായി രുന്നു അർദ്ധരാത്രിയിൽ തലകറങ്ങി വീണ എനിക്ക് പ്രിൻസിപ്പാൾ നൽകിയ നിർദേശം.

ജീവിതാനുഭവങ്ങൾ എഴുതാനായി വീണ്ടും ഞാൻ മഹാരാജാ സിലേക്ക് വരുകയാണ്. രണ്ടാമത്തെ എം എസ്സിക്ക് യൂണിവേഴ്സിറ്റി യിൽ നിന്ന് അനുവാദം ലഭിക്കാൻ വൈകിയപ്പോൾ ഞാൻ മഹാരാജാ സിലെ പ്രിൻസിപ്പാളിനേയും പ്രൊഫ. പഞ്ചനാഥനേയും കണ്ട് എനിക്ക് അഡ്മിഷൻ തരണമെന്നും, അതിനാവശ്യമായ ഏതു വ്യവസ്ഥയും മുദ്ര പത്രത്തിൽ എഴുതിത്തരാൻ തയ്യാറാണെന്നും അറിയിച്ചു. പ്രൊഫ. പഞ്ച നാഥൻ സാറിന്റെ അനുഗ്രഹത്തോടെയും അനുവാദത്തോടെയും ഞാൻ മഹാരാജാസിൽ വീണ്ടും ചേർന്നു. യൂണിവേഴ്സിറ്റി അനുവാദം തന്നി ല്ലെങ്കിൽ സ്വയം പിൻമാറിക്കോളാം എന്ന് മുദ്രപ്പത്രത്തിൽ എഴുതിക്കൊ ടുത്താണ് രണ്ടാമത്തെ എം.എസ്സി ക്കു ചേർന്നത്.

## പല കർമ്മമണ്ഡലങ്ങളും കൊച്ചിൻ യൂണിവേഴ്സിറ്റി ഗവേഷണവും

ആയിടക്ക് എന്റെ സുഹൃത്ത് ശ്രീ പരമേശ്വരൻ കൊച്ചിൻ യൂണി വേഴ്സിറ്റിയിൽ ഗവേഷണത്തിന് ചേർന്നിരുന്നു. ഹിന്ദുസ്ഥാൻ ലിവറിൽ പ്രവർത്തിച്ചിരുന്ന പ്രൊഫ. വടക്കഞ്ചേരി, കൊച്ചിൻ യൂണിവേഴ്സിറ്റി യിലെ അപ്ലൈഡ് കെമിസ്ട്രിയിൽ തലവനായി ചേർന്ന ഉടനെയായി രുന്ന ഗവേഷണത്തിനായി പല വിദ്യാർത്ഥികളും അവിടെ ചേർന്നത്. പ്രൊഫ. ഫ്രാൻസിസും പ്രൊഫ. മാധവൻപിള്ളയും അവിടത്തെ അദ്ധ്യാ പകരായിരുന്നു. എല്ലാവരോടും പ്രൊഫ. വടക്കഞ്ചേരിക്കു പുച്ഛമായി രുന്നു. എല്ലാവരും ശുദ്ധ യൂസ്‌ലെസ് എന്ന ഭാവത്തിലാണ് വടക്ക ഞ്ചേരി വിദ്യാർത്ഥികളോട് സംസാരിക്കാറുള്ളത്. കൊച്ചിൻ യൂണിവേ ഴ്സിറ്റിയിലെ കെമിസ്ട്രി ഡിപ്പാർട്ടുമെന്റിനെ ലോകോത്തര ഗവേഷണ



Scanned with CamScanner

കേന്ദ്രമാക്കുമെന്നെല്ലാം പ്രചരിപ്പിച്ചിരുന്നതിനാൽ കുറേ വിദ്യാർത്ഥികൾ അദ്ദേഹത്തോടൊപ്പം ഗവേഷണത്തിനുചേർന്നു. എന്നേയും പ്രൊഫ. വടക്കഞ്ചേരി ഗവേഷണത്തിനായി ചേരാൻ ക്ഷണിച്ചു. ശ്രീ പരമേശ്വരനാണ് പ്രൊഫ. വടക്കഞ്ചേരിയെ പരിചയപ്പെടുത്തിയത്.

ഔവർ കോളേജിലെ പഠിപ്പിക്കൽ, മഹാരാജാസ് കോളേജിലെ പഠിത്തം, പിന്നെയിടക്ക് പൂജ, പാചകം, വിളമ്പൽ, വീട്ടിലെ ട്യൂഷൻ, സമയം ലഭിക്കുമ്പോളെല്ലാം കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ ഗവേഷണം, ഗവേഷണ പ്രബന്ധങ്ങൾ വായിക്കൽ. ഇങ്ങിനെ ഓരോ ദിവസവും ഭാരം നിറഞ്ഞതായിരുന്നു. ഒരു നിമിഷം പോലും വിശ്രമമില്ലാത്ത ഈ ജീവിതചര്യ സ്വയം സ്വീകരിച്ചതാണ്.

മഹാരാജാസ് കോളേജിലെ അദ്ധ്യാപകർക്ക് എന്നെ പണ്ടത്തെ പോലെതന്നെ സ്നേഹവും ബഹുമാനവുമായിരുന്നു. ഒരു വിദ്യാർത്ഥിയായിട്ടുമല്ല ട്യൂട്ടോറിയൽ കോളേജിൽ പഠിപ്പിക്കുന്ന ഒരുവനായിട്ടുമല്ല അവർ എന്നെകണ്ടിരുന്നത്, മഹാരാജാസിലെത്തന്നെ ഒരദ്ധ്യാപകനായിട്ടായിരുന്നു. അവിടത്തെ രണ്ടാമത്തെ എം എസ്സി വിദ്യാർത്ഥിയായ ഞാൻ വളരെ വിരളമായിട്ടേ ക്ലാസിൽ കയറിയിരുന്നുള്ളൂ. എല്ലാ വ്യാഴാഴ്ചയുമുള്ള ഡോ. രാമൻ സാറിന്റെ ക്ലാസിൽ ഇരിക്കുമായിരുന്നു. മറ്റുള്ളവരോട് അറ്റന്റൻസ് തരണമെന്നഭ്യർത്ഥിക്കുകയും ചെയ്തു. വിരളമായി മാത്രം കോളേജിൽ, വരുന്ന എനിക്ക് എല്ലാവരും അറ്റന്റൻസ് തന്നിരുന്നു. ചിലപ്പോൾ ചില ക്ലാസിൽ ഇരിക്കുമെങ്കിലും ക്ലാസ് തുടങ്ങി പത്തുമിനിറ്റിനകം ഞാനുറങ്ങും. അദ്ധ്യാപകരാരും എന്നെ വഴക്കു പറഞ്ഞിട്ടില്ല. പ്രൊഫ. രാധാതമ്പുരാട്ടിയും, പ്രൊഫ. ഗംഗാദേവി തമ്പുരാട്ടിയും പറയാറുണ്ട്. "ഗോപാലകൃഷ്ണൻ പുറകിലത്തെ ബഞ്ചിലിരുന്നോളൂ. പത്തു പേർക്കിരിക്കാവുന്ന ക്ലാസല്ലേ. താനുറങ്ങുന്നത് മറ്റുള്ളവർ കാണണ്ട". ഇത് ആത്മാർത്ഥമായ ഉപദേശമായിരുന്നു. അവർക്കറിയാമായിരുന്നു, ഔവർ കോളേജിൽ രാവിലത്തെയും വൈകുന്നേരം രാത്രി വരേയുമുള്ള ക്ലാസുകൾ കഴിഞ്ഞാണ് മഹാരാജാസിൽ വരുന്നതെന്ന്. ക്ലാസിൽ കയറാത്ത ഞാൻ പാസ്സാകുമോ എന്നു പോലും ചില അദ്ധ്യാപകർ സംശയിച്ചിരുന്നു.

ഒരു ദിവസം ഞാൻ ഡോ.പി.എസ്. രാമൻ സാറിനോടു ചോദിച്ചു. "സാർ ഞാൻ രണ്ടാമത്തെ എം എസ്സി എടുക്കുമ്പോൾ ഏറ്റവും ഉയർന്ന മാർക്കു വാങ്ങിയാൽ എനിക്ക് ഫസ്റ്റ് റാങ്ക് സർട്ടിഫിക്കറ്റ് ലഭിക്കുമോ? യൂണിവേഴ്സിറ്റി അത് തരാൻ സമ്മതിക്കുമോ?" ഡോ: രാമൻ സാർ ചിരിച്ചു..... കുറേക്കഴിഞ്ഞു മറുപടി പറഞ്ഞു. "ഗോപാലകൃഷ്ണന്റെ അഡ്മിഷൻ യൂണിവേഴ്സിറ്റി ഇതുവരെ അംഗീകരിച്ചിട്ടില്ല.



Scanned with CamScanner

അംഗീകരിച്ചാൽ തന്നെ മിക്കവാറുമുള്ള ഒരു ക്ലാസിലും കയറാത്ത ഗോപാലകൃഷ്ണന് ജയിക്കാൻ പറ്റുമോ എന്നല്ലേ ചോദിക്കേണ്ടത്? പിന്നീടല്ലേ റാങ്കിന്റെ കാര്യം''. എം.എസ്സി യിലെ സിലബസ് നോക്കി പല പല പുസ്തകങ്ങളും റഫർ ചെയ്ത് അതിഗഹനമായി, ശരിക്കും ഉൾക്കൊണ്ടു തന്നെയുമായിരുന്നു ഞാൻ കെമിസ്ട്രി പഠിച്ചിരുന്നത്. അതുകൊണ്ടു തന്നെ ഞാൻ ക്ലാസിലിരുന്നാൽ അദ്ധ്യാപകർ എന്റെ സംശയങ്ങൾക്കും കമന്റിനും നല്ല ആദരവ് കൽപിക്കുന്നതായിട്ട് എനിക്കു തോന്നിയിട്ടുണ്ട്. കൂടാതെ ആദ്യത്തെ ഒരു എം.എസ്സി ഉള്ള തുകൊണ്ട് ഞാൻ മറ്റുള്ളവരിൽ നിന്നും ക്ലാസ്സിൽ ഭിന്നനാണുതാനും.

**പോസ്റ്റ് ഗ്രാജ്വേഷനിൽ നിന്ന് ഗവേഷണത്തിലേക്ക്**

ഒന്നാമത്തെ എം എസ് സി കഴിഞ്ഞ ഉടനെ കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ കെമിസ്ട്രി ഡിപ്പാർട്ട്മെന്റിലെ ഡോ. പോൾ വടക്കഞ്ചേരി എന്നെക്കൊണ്ട് അവിടെ ചേരാനുള്ള അപേക്ഷാഫാറം പൂരിപ്പിച്ചു മേടിച്ചിരുന്നു. അവിടത്തെ ഗവേഷണ വിദ്യാർത്ഥിയെ പോലെ ചെറിയ പ്രോജക്റ്റും ചെയ്യിക്കാൻ തുടങ്ങിയിരുന്നു. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ പാർട്ട് ടൈം ആയി ഔവർ കോളേജിൽ നിന്നു ലഭിക്കുന്ന ശമ്പളമുപയോഗിച്ച്, ഞാൻ ഗവേഷണം തുടങ്ങി. ആലുവായിലുള്ള യൂക്കാലിപ്റ്റസ് ഗവേഷണ സ്ഥാപനത്തിന്റെ വാഹനത്തിൽ ഹൈറേഞ്ചുകളിൽ പോയി പല തരത്തിലുള്ള യൂക്കാലിപ്റ്റസ് മരങ്ങളുടെ ഇലകൾ പറിച്ചുകൊണ്ട് വന്ന്, കെമിസ്ട്രി ഡിപ്പാർട്ടുമെന്റിൽ അത് വെള്ളത്തിലിട്ട് തിളപ്പിച്ച്, ഡിസ്റ്റിൽ ചെയ്ത്, എണ്ണ വാറ്റിയെടുത്ത് ജി എൽ സി എന്ന ഉപകരണത്തിലൂടെ പരിശോധിക്കലായിരുന്നു പഠനം. മറ്റുവിധ കർമ്മപരിപാടികളിൽ പങ്കെടുക്കുന്ന കൂട്ടത്തിൽ ഇടക്കിടക്കുള്ള കഠിനമായ ഹൈറേഞ്ചു യാത്രയും കൂടിയായി. എന്തിനാണീ യൂക്കാലി ഗവേഷണം എന്നതിന് ഉത്തരം കിട്ടായ്കയും, കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ തുടരണമോ എന്ന സംശയവുമെല്ലാം നിറഞ്ഞു നിൽക്കേ 1979 ജൂൺ മാസത്തിൽ മഹാരാജാസിൽ പഠിച്ചും, ഔവറിൽ പഠിപ്പിച്ചും കൊണ്ടിരിക്കേ, കൊച്ചിയിലുള്ള കൊച്ചിൻ കോളേജിലെ ശ്രീ കൃഷ്ണൻ എന്ന അദ്ധ്യാപകനുമായി പരിചയപ്പെട്ടു. അദ്ദേഹം കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ പാർട്ട് ടൈം ഗവേഷണ വിദ്യാർത്ഥിയും, അതേ സമയം കൊച്ചിൻ കോളേജിലെ അദ്ധ്യാപകനുമായിരുന്നു.

**മഹാരാജാസിലും - കൊച്ചിൻ യൂണിവേഴ്സിറ്റിയും കൊച്ചിൻ കോളേജിലും**

ശ്രീ കൃഷ്ണൻ സാറുമായി ഞങ്ങൾ പലരും സുഹൃത്തുക്കളായി. ഒരു ദിവസം അദ്ദേഹം പറഞ്ഞു ''ഗോപാലകൃഷ്ണാ ഡോ. പോൾ വട



Scanned with CamScanner

ക്കഞ്ചേരിയുടെ കീഴിൽ ആർക്കും പി.എച്ച്.ഡി കിട്ടില്ല. ആ മനുഷ്യൻ തരുന്ന പ്രോജക്ട് അമേരിക്കയിലുള്ള സൗകര്യമുപയോഗിച്ചു പോലും ചെയ്യാൻ പറ്റില്ല. ഇവിടത്തെ ഡിപ്പാർട്ട്മെന്റിൽ ടെസ്റ്റ്ട്യൂബ് പോലുമില്ല. ഇല്ല. ജീവിതം വെറുതേ നശിപ്പിക്കണ്ട. ഞാൻ നല്ല ഒരു കാര്യം പറയാം. ശ്രദ്ധയോടെ കേൾക്കണം. എന്റെ കോളേജിൽ കെമിസ്ട്രിയിൽ ഒരു വാക്കൻസിയുണ്ട്. ഞാൻ പ്രൊഫ. ടോമിസാറിനോട് പറഞ്ഞാൽ കോഴ കൊടുക്കാതെ ആ ജോലി കിട്ടും. വേണോ വേണ്ടയോ എന്ന് രണ്ടു ദിവസത്തിനകം പറയണം.''

മാസങ്ങൾ കഴിഞ്ഞാലും വർഷങ്ങൾ കഴിഞ്ഞാലും ഒരു പക്ഷേ കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ കെമിസ്ട്രി ഡിപ്പാർട്ട്മെന്റിൽ ഗവേഷണം പോലും സാധ്യമാകില്ല എന്ന്, അറിയാവുന്നവരെല്ലാം എന്നെ ഉപദേശിച്ചു. ഡോ. പോൾ വടക്കഞ്ചേരിയുടെ കീഴിൽ ഫലപ്രദമായി ഗവേഷണം നടത്താൻ സാധിക്കുമോ, സൗകര്യങ്ങൾ മെച്ചപ്പെടുമോ, അദ്ദേഹത്തിന്റെ കൂടെ ഗവേഷണം നടത്തുന്നവരുടേയും ആ ഡിപ്പാർട്ടു മെന്റിലെ മറ്റു അദ്ധ്യാപകരുടെ കൂടെ ഗവേഷണം നടത്തുന്നവരുടേ യുമെല്ലാം ഭാവിയെക്കുറിച്ചും, അവർക്ക് പിഎച്ച്.ഡി ലഭിക്കാനുള്ള സാധ്യതയെക്കുറിച്ചും, സ്റ്റൈപ്പന്റ് ലഭിക്കാനുള്ള അവസരവുമെല്ലാം വ്യക്തമായി ഞാൻ അന്വേഷിച്ചുകൊണ്ടേയിരുന്നു. അതേ സമയം ഞാൻ മഹാരാജാസിലും ഇടക്കിടക്ക് ക്ലാസുകളറ്റന്റു ചെയ്തുമിരുന്നു, ഔവ റിൽ പഠിപ്പിക്കലും തുടർന്നു.

കൃഷ്ണൻ സാറിന്റെ നിർദ്ദേശവും സ്നേഹത്തോടെയുള്ള ഉപ ദേശവും നിർബന്ധവും കൊണ്ട് ഒരു ദിവസം കൊച്ചിൻ കോളേജിൽ പോയി, കെമിസ്ട്രിയിലെ ഡിവിഷൻ ഹെഡ് പ്രൊഫ. ടോമിസാറിനെ കണ്ടു. അസാധാരണ വ്യക്തിത്വമുള്ള സാറിന്റെ വരികൾ എന്നെ വള രെയധികം സ്വാധീനിച്ചു. ഞാൻ അന്നു തന്നെ ലെക്ചറർ പോസ്റ്റിനുള്ള അപേക്ഷ സമർപ്പിച്ചു. ഏതാനും ദിവസങ്ങൾക്കകം കൊച്ചിൻ കോളേ ജിൽ ഇന്റർവ്യൂ നടന്നു. നല്ല അദ്ധ്യാപകരും, കൊച്ചിൻ കോളേജിലെ മാനേജ്മെന്റ് പ്രതിനിധികളും, പ്രിൻസിപ്പാൾ ശ്രീ കിളിക്കാരും, കൂടാതെ എന്റെ പ്രൊഫസറായിരുന്ന ഡോ.പി.എസ്. രാമൻ സാറും, പ്രൊഫ. ടോമിയും ഇന്റർവ്യൂ കമ്മിറ്റിയിലുണ്ടായിരുന്നു. മറ്റാരെ സെലക്റ്റു ചെയ്യു കയാണെങ്കിലും മൂന്നു മുതൽ അഞ്ചു ലക്ഷം രൂപ വരെയായിരുന്നു കോളേജ് സ്വീകരിക്കാറുള്ളത്. എനിക്ക് അദ്ധ്യാപകനായി ചേരാൻ സമ്മ തമാണെങ്കിൽ ഒന്നും നൽകേണ്ടതില്ല എന്നാണ് ഞാൻ അറിഞ്ഞത്. എറണാകുളത്ത് എനിക്കൊരു ബന്ധവുമില്ലാത്ത കോളേജായിരുന്നെ ങ്കിൽ പോലും പ്രൊഫ. ടോമിസാറിന്റെ നിർബന്ധം കൊണ്ടാണ്



Scanned with CamScanner

എന്നോട് രൂപ ചോദിക്കാത്തത് എന്നെനിക്കറിയാമായിരുന്നു. പ്രൊഫ. ടോമിയുമായിപോലും, അരമണിക്കൂർ സമയം, ഏതാനും ആഴ്ചകൾക്കു മുമ്പ് കണ്ടിട്ടുണ്ടെന്നതല്ലാതെ മറ്റൊരു ബന്ധവും എനിക്കില്ലായിരുന്നു. എങ്കിലും ഇന്റർവ്യൂവിൽ ഒന്നാമനാകാൻ സാധിച്ചു. കൊച്ചിൻ കോളേജ് എന്നെ അദ്ധ്യാപകനായി സ്വീകരിച്ചു. കോഴയൊന്നും കൊടുക്കാതെ അവിടെ നിയമനവും ലഭിച്ചു. അന്ന് കേരള യൂണിവേഴ്സിറ്റിയിലെ നിയമപ്രകാരം, കോളേജുകളിൽ നിയമനം ലഭിക്കുന്ന അദ്ധ്യാപകർക്ക് അതിന്റെ എല്ലാ പടവുകളും കടന്ന് ശമ്പളം ലഭിച്ചു തുടങ്ങാൻ കുറഞ്ഞത് ഒരു വർഷമെങ്കിലുമെടുക്കും. ഇത് യൂണിവേഴ്സിറ്റി അഫിലിയേറ്റഡ് പ്രൈവറ്റ് കോളേജുകൾക്കെല്ലാം ബാധകമായിരുന്നതിനാൽ എന്റെ ചിലവിന് വീണ്ടും ഔവർ കോളേജിലെ ശമ്പളം തന്നെ ആശ്രയിക്കേണ്ടി വന്നു.

എന്റെ ഊർജ്ജത്തേയും സമയത്തേയും ഞാൻ അഞ്ചായിത്തിരിച്ചു. ഒരു പക്ഷേ ലോകത്തിലിങ്ങിനെയൊരു ഭാഗ്യം എനിക്കു മാത്രമേ ലഭിച്ചിട്ടുണ്ടാകുകയുള്ളൂ. കൊച്ചിൻ കോളേജിൽ പൂർണസമയം പ്രവർത്തിക്കുന്ന കെമിസ്ട്രി അദ്ധ്യാപകൻ, ഔവർ കോളേജിൽ രാവിലെയും വൈകുന്നേരവും പഠിപ്പിക്കുന്ന അദ്ധ്യാപകൻ, ഇടക്കിടക്കെങ്കിലും മഹാരാജാസിൽ പോകുന്ന എം.എസ്സി വിദ്യാർത്ഥി, ഗവേഷണത്തിന് കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ പോകുന്ന സ്റ്റൈപ്പെന്റില്ലാത്ത വിദ്യാർത്ഥി, പിന്നെ പതിവുപോലെ ഇടക്കിടക്കുള്ള പൂജ, ശാന്തി, പാചകം! എന്റെ മനസ്സും ശരീരവും ഈ ജോലിയെല്ലാം ചെയ്യാൻ എന്റെ കൂടെയുണ്ടായിരുന്നു.

## രണ്ടാം എം.എസ്സിയുടെ പ്രശ്നം

ഇതിനിടക്ക് മഹാരാജാസ് കോളേജിലെ പഠിത്തം പൂർണമായും തകരാനിടയായ സംഭവവുമുണ്ടായി. 1978 ഡിസംബറിലാണ് കേരള യൂണിവേഴ്സിറ്റി, മഹാരാജാസിൽ രണ്ടാമത്തെ എം.എസ്സി ക്ക് ചേർന്ന് ഫുൾടൈം വിദ്യാർത്ഥിയായി തുടരാനുള്ള അനുവാദമെനിക്കു നൽകിയത്. എം.എസ്സി ആയതുകൊണ്ട് ഫുൾ ടൈം വേണം, പ്രാക്ടിക്കലും വേണം പാർട്ട് ടൈം എന്ന പരിപാടിയില്ല. 180 ദിവസത്തെ അറ്റന്റൻസു വേണം. ഇതെല്ലാമുണ്ടെങ്കിലേ കേരളാ യൂണിവേഴ്സിറ്റിയുടെ അപ്ലൈഡ് കെമിസ്ട്രി ബ്രാഞ്ച് 2 പരീക്ഷയെഴുതാൻ അനുവദിക്കുള്ളൂ. അതനുസരിച്ചായിരിക്കണം പഠനം തുടരേണ്ടത്. അനുവാദ പത്രികയിൽ ഒരു കണ്ടീഷനുണ്ടായിരുന്നു; 180 ദിവസത്തെ അറ്റന്റൻസ് വേണമെന്നത് നിർബന്ധം. കേരള യൂണിവേഴ്സിറ്റിയിലെ, തിരുവനന്തപുരത്തെ ഓഫീസിലെ ബുദ്ധിരാക്ഷസന്മാർക്ക് അറിയാമായിരുന്നു, ഡിസംബർ മുതൽ



Scanned with CamScanner

പരീക്ഷ നടക്കേണ്ട മാർച്ച് വരെ എങ്ങിനെയെണ്ണിയാലും 180 ദിവസമുണ്ടാകില്ലെന്ന്. അപ്പോൾ ഗോപാലകൃഷ്ണന് 90 ദിവസത്തിൽ കൂടുതൽ അറ്റന്റൻസുണ്ടാവില്ല. അതുകൊണ്ട് അയാൾക്ക് (എനിക്ക്) പരീക്ഷ നടത്തേണ്ട ഗതികേട് അവർക്കുണ്ടാവില്ല. ഓൾഡ് സ്കീമിൽ എനിക്കൊരുവനു മാത്രമായും മറ്റുള്ളവർക്ക് ന്യൂ സ്കീമിലുമായിട്ട് പരീക്ഷ നടത്തേണ്ടതായ പൊല്ലാപ്പ് ഒഴിവാക്കിക്കിട്ടാൻ ഒരു പക്ഷേ കേരള യൂണിവേഴ്സിറ്റി കണ്ടുപിടിച്ച മാർഗമായിരുന്നിരിക്കാം ഇത്. അപേക്ഷ സമർപ്പിച്ച് ആറുമാസം കഴിഞ്ഞ്, കോളേജിൽ ചേർന്നുകൊള്ളാനുള്ള ഉത്തരവും 180 ദിവസത്തെ അറ്റന്റൻസുണ്ടെങ്കിലേ പരീക്ഷയെഴുതാനാകൂ എന്ന കണ്ടീഷനും ലഭിച്ചാൽ എനിക്കൊന്നും ചെയ്യാൻ സാധിക്കില്ലെന്ന് അവരിൽ ഏതോ ഒരുവൻ ചിന്തിച്ചുകാണും. ഓരോ വിദ്യാഭ്യാസ കാര്യം നേടാനും ഏറെ പ്രതിബന്ധങ്ങൾ അനുഭവിക്കേണ്ടി വന്നതിനാൽ പ്രീഡിഗ്രിയുടേയും, ബി എസ്സി യുടേയും, ഒന്നാം എം എസ്സി യുടേയും കയ്പുനിറഞ്ഞ അനുഭവങ്ങൾ മനസ്സു നിറഞ്ഞു നിൽക്കുമ്പോൾ രണ്ടാം എം എസ്സി ക്കും കടമ്പയുണ്ടാകാതിരിക്കില്ലെന്ന 'വിശ്വാസവും' ഭയവും എനിക്കുണ്ടായിരുന്നു. വളരെ നേരത്തെ തന്നെ, ഏതാണ്ട് ജൂലൈ മാസത്തിൽ തന്നെ, യൂണിവേഴ്സിറ്റി രെജിസ്ട്രേഷൻ തന്നില്ലെങ്കിൽ എന്നെ പറഞ്ഞയക്കാൻ പ്രിൻസിപ്പാളിന് സ്വാതന്ത്ര്യമുണ്ടെന്ന അണ്ടർടേക്കിങ്ങും എഴുതികൊടുത്ത് മഹാരാജാസിൽ (ജൂലൈയിൽ തന്നെ) ഞാൻ ചേർന്നിരുന്നു. അദ്ധ്യാപകർ അറ്റന്റൻസ് തന്നുമിരുന്നു. അതുകൊണ്ട് 180 ദിവസത്തെ അറ്റന്റൻസ് ഒരു പ്രശ്നമേ ആയിരുന്നില്ല.

യൂണിവേഴ്സിറ്റിയിൽ നിന്നും ഡിസംബറിൽ ഓർഡർ ലഭിച്ച ഉടനെ പ്രിൻസിപ്പാളിന്റേയും, എച് ഓഡിയുടേയും സർട്ടിഫിക്കറ്റുമായി ഞാൻ തിരുവനന്തപുരത്തേക്ക് തിരിച്ചു. നേരത്തെ തന്നെ കണ്ടീഷനെഴുതിക്കൊടുത്ത് മഹാരാജാസിൽ ചേർന്നിരുന്നതിനാൽ 180 ദിവസത്തിൽ കൂടുതൽ അറ്റന്റൻസുണ്ടാകും എന്ന സാക്ഷ്യപത്രവുമായി അർദ്ധരാത്രി എറണാകുളത്തു നിന്നും പുറപ്പെടുന്ന കെ എസ് ആർ ടി സി യുടെ ന്യൂസ്പേപ്പർ വണ്ടിയിൽ യാത്രതിരിക്കാനുദ്ദേശിച്ചു. അർദ്ധ രാത്രിയോടടുത്തു വീട്ടിൽ നിന്നിറങ്ങിയ വേളയിൽ വീടിനു ചുറ്റും രണ്ടുമൂന്നു കാലൻ കോഴികൾ ഉച്ചത്തിൽ കൂവുന്നുണ്ടായിരുന്നു. ഇതു കേട്ട് എന്റെ അച്ഛൻ പറഞ്ഞു. "ബാലകൃഷ്ണാ (അങ്ങിനെയാണെന്നെ വിളിക്കാറുള്ളത്) ഇന്ന് പോകണോ? ശകുനം വളരെ മോശമാണ്. അർദ്ധരാത്രിക്ക് തെക്കുവശത്താണ് കാലൻ കോഴി കൂവുന്നത്...." അച്ഛൻ വീണ്ടും പറഞ്ഞു. " ഇനി നിന്റെയിഷ്ടം പോലെ ചെയ്യ്." ഞാൻ രണ്ടും കൽപിച്ച്

പുറപ്പെട്ടു. അതിരാവിലെ തിരുവനന്തപുരത്ത് ജ്യേഷ്ഠന്റെ വീട്ടിലെത്തി കുളിക്കുന്നതിനു മുമ്പ് തൃപ്പൂണിത്തുറയിൽ നിന്ന് ഫോൺ വിളിയുണ്ടായി. "അച്ഛന്റെ ജ്യേഷ്ഠൻ (വലിയച്ഛൻ) അന്ത്യശ്വാസം വലിക്കുന്നു, അത്യാസന്നനിലയിലാണെ"ന്ന്. വലിയച്ഛനോട് ഞങ്ങൾക്ക് വളരെയധികം കടപ്പാടുണ്ടായിരുന്നു എന്നു മാത്രമല്ല, ഞങ്ങളെ വളരെയധികം അദ്ദേഹം സ്നേഹിച്ചുമിരുന്നു. അതുകൊണ്ടു തന്നെ യൂണിവേഴ്സിറ്റിയിൽ പോയി കാര്യങ്ങൾ ശരിയാക്കുന്നതിനേക്കാൾ വലിയച്ഛനെ അവസാനമായി ഒരു നോക്കു കാണുന്നതാണ് അപ്പോഴത്തെ ആവശ്യമെന്ന് തോന്നി. ഞാനും ജ്യേഷ്ഠനും, തിരുവനന്തപുരം എയർപോർട്ടിലേക്ക് വിളിച്ച് ഒരു മണിക്കൂറിനുള്ളിൽ പുറപ്പെടുന്ന വിമാനത്തിൽ 89 രൂപ ടിക്കറ്റെടുത്ത് കൊച്ചിയിലിറങ്ങി, അവിടെ നിന്നും തൃപ്പൂണിത്തുറയിൽ വലിയച്ഛന്റെ കട്ടിലിനടുത്തുമെത്തിയപ്പോൾ അച്ഛൻ മന്ത്രിച്ചു. "ഇന്നലെ രാത്രി ഞാൻ പറഞ്ഞതാണ് ശകുനം ശരിയല്ലെന്ന്." അന്ത്യശ്വാസം വലിച്ചിരുന്ന വലിയച്ഛന്റെ അരികിലിരുന്ന് ഗംഗാജലം കൊടുത്ത് അന്ത്യയാത്രയാക്കി തിരിച്ചപ്പോൾ എന്റെ എം എസ്സി പ്രശ്നം അതേ പോലെ നിൽക്കുന്നു എന്ന ദുഃഖവും മുന്നിലുണ്ടായിരുന്നു. പിന്നീട് അനവധി കടമ്പകൾ കടന്നാണത് ശരിയായത്.

**മഹാരാജാസിലെ സാമൂഹ്യപ്രവർത്തനം**

രണ്ടാമത്തെ എം എസ് സി പഠിക്കുന്ന വേളയിൽ എന്നെ ഒരു അദ്ധ്യാപകനെ പോലെയും സഹപ്രവർത്തകനെപോലെയും മഹാരാജാസിലെ അദ്ധ്യാപകർ കണ്ടിരുന്നു. ആദരവും ബഹുമാനവും നിലനിർത്താൻ ഓരോ നിമിഷവും ഞാനും ശ്രദ്ധിച്ചിരുന്നു. എന്റെ വാക്കുകളും പെരുമാറ്റവും അടുക്കും ചിട്ടയുമുള്ളതാക്കുവാനും ഒരു വിദ്യാർത്ഥിയേക്കാളും ഉയർന്ന നിലവാരം സദാ ഉണ്ടാകുവാനും ശ്രദ്ധിച്ചിരുന്നു.

ഇടക്കിടക്ക്, വ്യത്യസ്ഥമായ വിഷയങ്ങളിൽ ക്ലാസെടുക്കുക, പ്രഭാഷണങ്ങൾ സംഘടിപ്പിക്കുക, പുറമേ നിന്നുള്ള പ്രഗത്ഭരെ കൊണ്ടുവന്ന് ക്ലാസെടുപ്പിക്കുക, വിദ്യാർത്ഥികൾ തന്നെ നൂതനാശയങ്ങൾ അവതരിപ്പിക്കുക, എന്നതെല്ലാം മഹാരാജാസിൽ നടത്തുന്നതിന് ഞാൻ മുൻകൈയെടുത്തിരുന്നു. ഈ നൂതനാശയങ്ങൾ ഒരെതിർപ്പുമില്ലാതെ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും സഹകരണത്തോടെ നടപ്പിലാക്കുവാനും സാധിച്ചു എന്നത് എനിക്കഭിമാനം തോന്നുന്ന കാര്യമായി. 'അദ്ധ്യാപകരിൽ നിന്ന് വിദ്യാർത്ഥികൾ എങ്ങിനെയുള്ള പഠനരീതിയും ക്ലാസുകളുമാണ് പ്രതീക്ഷിക്കുന്നത്' എന്ന വിഷയത്തിൽ

സുദീർഘമായ ഒരു ചർച്ചയും സംഘടിപ്പിച്ചു. പ്രൊഫ. പി. എസ്. രാമൻ സാറായിരുന്നു അദ്ധ്യക്ഷൻ. ഓരോ അദ്ധ്യാപകനിൽ നിന്നും പ്രതീക്ഷിക്കുന്നതെന്താണെന്നും ആ നിലവാരത്തിലേക്ക് അദ്ധ്യാപകർ എത്താത്തതുകൊണ്ടാണ് വിദ്യാർത്ഥികൾ ക്ലാസിൽ കയറാത്തതെന്നും, അഥവാ ഉറങ്ങുന്നതെന്നും ഞാൻ ഉദാഹരണ സഹിതം വിവരിച്ചു. വിദ്യാർത്ഥികളിൽ നിന്നും നല്ല കയ്യടി ലഭിച്ചു. എങ്കിലും അദ്ധ്യാപകരിൽ ചിലർക്ക് ഞാനത്രക്കും പച്ചയായി പറയേണ്ടിയിരുന്നില്ല എന്നഭിപ്രായമുണ്ടായിരുന്നു. ആരുടേയും പേരെടുത്തു പറഞ്ഞില്ലെങ്കിലും, ആരെയെല്ലാമാണ് ലക്ഷ്യമിടുന്നത് എന്ന് എന്റെ വാക്കുകളിൽ നിന്ന് ചിലർക്ക് വ്യക്തമായിരുന്നു.

ഇതുപോലെയുള്ള പരിപാടി ഇനിയും നടത്തണമെന്നും, എല്ലാ കോളേജുകളിലും ഇതു പ്രചരിപ്പിക്കണമെന്നും അതിന് സ്വയം മുൻകൈയെടുക്കാൻ തയ്യാറാണെന്നും പ്രൊഫ. രാമൻസാർ വ്യക്തമാക്കി. പ്രധാന അദ്ധ്യാപകരിൽ ചിലർ പറഞ്ഞു "വിദ്യാർത്ഥികൾ ഞങ്ങളിൽ നിന്ന് ഇതെല്ലാമാണ് പ്രതീക്ഷിക്കുന്നതെന്ന് മനസ്സിലാക്കാൻ സാധിച്ചതിൽ സന്തോഷമുണ്ട്. ഇന്നത്തെ പരിപാടിയിൽ ഉരുത്തിരിഞ്ഞ ആശയങ്ങളെല്ലാം ക്രോഡീകരിച്ച് എഴുതിത്തന്നാൽ ഈ ക്ലാസിൽ പങ്കെടുക്കാത്ത അദ്ധ്യാപകർക്കും അതു പ്രയോജനപ്പെടുത്താ"മെന്നും അവർ പറഞ്ഞു. ഒരദ്ധ്യാപകൻ പറഞ്ഞു. "ഇങ്ങിനെയുള്ള അഭിപ്രായങ്ങൾ വിദ്യാർത്ഥികൾക്ക് ഞങ്ങളോടു നേരിട്ടു പറയാമല്ലോ ഇങ്ങിനെയൊരു സെമിനാറിന്റെ ആവശ്യമുണ്ടായിരുന്നില്ലല്ലോ" എന്ന്. എന്റെ ക്ലാസ് മറ്റൊരു രീതിയിലും പ്രയോജനപ്പെട്ടു. ചില വിദ്യാർത്ഥികൾക്ക്, ഒരു ധാരണയുണ്ടായിരുന്നു; ഞാൻ അദ്ധ്യാപകരെ സ്വാധീനിക്കുന്ന വ്യക്തിയാണെന്നും, അവരുടെ മുന്നിൽ ഷൈൻ ചെയ്യാൻ ശ്രമിക്കുന്നു എന്നും. അദ്ധ്യാപകരുടെ ഗുഡ് സർട്ടിഫിക്കറ്റിനായി പെറ്റായി നടക്കുന്നു എന്നും ഈ ധാരണ ഈ ചർച്ചയോടുകൂടി ഇല്ലാതാക്കാനും സാധിച്ചു. ഇതുപോലുള്ള പല കാര്യങ്ങളും ജീവിതത്തിൽ പിന്നീട് പ്രയോജനപ്പെട്ടതിനെല്ലാം ആരംഭം കുറിച്ചത് മഹാരാജാസ് കോളേജിലായിരുന്നു.

രണ്ടാമത്തെ എം എസ്സിക്കുള്ള പരീക്ഷാവേളയിൽ ഞാൻ കാര്യമായിത്തന്നെ നല്ലരീതിയിൽ പരീക്ഷക്ക് തയ്യാറെടുത്തു. ഓരോ പരീക്ഷ കഴിഞ്ഞപ്പോഴും, ഡോ. രാമൻ സാറിന്റെയടുത്തു ചെന്ന് ചോദിക്കുമായിരുന്നു. "എനിക്ക് ഏറ്റവും കൂടുതൽ മാർക്ക് കിട്ടിയാൽ റാങ്കു സർട്ടിഫിക്കറ്റ് തരുമോ, അത് യൂണിവേഴ്സിറ്റി അംഗീകരിക്കുമോ" എന്നെല്ലാം. അതിനെല്ലാം രാമൻ സാർ മറുപടി പറഞ്ഞിരുന്നത്. "ആദ്യം റിസൾട്ടു വരട്ടെ പരീക്ഷയെല്ലാം തീർന്നില്ലല്ലോ, ഇനി പേപ്പർ ഇവാലേ

ഷൻ കഴിഞ്ഞ് റിസൾട്ടും മാർക്കുമെല്ലാം അറിയുന്നതിനു മുമ്പ് എന്തു സംഭവിക്കുമെന്നൊന്നും അറിഞ്ഞുകൂടല്ലോ.?"

## റാങ്കില്ലാതെ റാങ്കിനേക്കാൾ കൂടുതൽ മാർക്കു നേടി

റാങ്കിനുള്ള മാർക്ക് ലഭിക്കുമെന്ന് ഉത്തമബോധ്യമുണ്ടായിരുന്നതിലാണ് ഈ ചോദ്യമെന്ന് ഡോ. രാമൻ സാറിനറിയാം. ഡോ. രാമൻ സാറുതന്നെയായിരുന്നു എം എസ്സി എക്സാമിനേഷന്റെ ചെയർമാനും, ചോദ്യപേപ്പർ തയ്യാറാക്കിയതുമെല്ലാം. ഇവാലേഷനും അദ്ദേഹം തന്നെയായിരിക്കും ചെയ്യുക. നൂറുശതമാനം സത്യസന്ധതയും, ധാർമ്മീക ബോധവും ഉള്ള സാറിനെ എല്ലാവരും, അദ്ധ്യാപകർ പോലും, പൂജാവിഗ്രഹമായിട്ടാണ് കണ്ടിരുന്നത്. അതുകൊണ്ടു തന്നെ സാറിന്റെയടുത്തു പോയി ഏതു രീതിയിൽ ബഹുമാനത്തോടെ സംസാരിച്ചാലും അതൊന്നും പരീക്ഷയുടെ രഹസ്യ സ്വഭാവത്തേയോ ഉത്തരക്കടലാസ് പരിശോധനയേയോ ബാധിക്കില്ലെന്നും എല്ലാവർക്കുമറിയാം. എനിക്ക് ഒരു എം എസ്സി യുടെ പിൻബലവും വിഷയസ്വാധീനവും ഉണ്ടായിരുന്നതിനാൽ മാർക്കു കൂടുതൽ ലഭിക്കാൻ സാധ്യതയുണ്ടെന്ന് വിദ്യാർത്ഥികളിൽ ചിലർക്കറിയാമായിരുന്നു. പക്ഷേ അദ്ധ്യാപകർക്കുണ്ടായിരുന്ന സംശയം ഞാൻ വളരെ വളരെ വിരളമായി മാത്രമേ ക്ലാസിൽ കയറിയിട്ടുള്ളു, "നാലഞ്ചു കർമ്മമണ്ഡലങ്ങളിൽ ഒരുമിച്ചു പ്രവർത്തിക്കുന്ന ഗോപാലകൃഷ്ണനെവിടെ പഠിക്കാൻ സമയം?" എന്നൊരു ചോദ്യം അവരിൽ പലരും മുന്നോട്ടുവെച്ചിരുന്നു. അവരിൽ ചിലരെങ്കിലും ഞാൻ തോൽക്കുമെന്നുവരെ സംശയിച്ചു. റിസൾട്ട് വന്നപ്പോൾ മറ്റെല്ലാ വിദ്യാർത്ഥികളേക്കാളും കൂടുതൽ മാർക്കുണ്ടായിരുന്നു. എന്നേക്കാൾ തൊട്ടുതാഴെയുള്ള വിദ്യാർത്ഥിനിയുടെ മാർക്കും എന്റെ മാർക്കും തമ്മിൽ വലിയ അന്തരവുമുണ്ടായിരുന്നു. റാങ്ക് സർട്ടിഫിക്കറ്റ് കിട്ടുമോ ഇല്ലയോ എന്നൊന്നും ചിന്തിക്കാതെ ഞാൻ എന്റെ ഫോട്ടോ മാതൃഭൂമിയിലും മനോരമയിലും പ്രസിദ്ധീകരിക്കാനായി കൊടുത്തു. ഏറ്റവും കൂടുതൽ മാർക്കെനിക്കായിരുന്നതുകൊണ്ട് ഫോട്ടോയും വാർത്തയും പ്രസിദ്ധീകരിക്കുകയും ചെയ്തു. റാങ്കു സർട്ടിഫിക്കറ്റിനായി യൂണിവേഴ്സിറ്റിയിൽ പലപ്രാവശ്യം കയറിയിറങ്ങിയെങ്കിലും അവസാനം അതു ലഭിച്ചില്ല.

എനിക്ക് രണ്ടാമത്തെ എം എസ്സിക്ക് അഡ്മിഷൻ നൽകുന്ന വേളയിൽ യൂണിവേഴ്സിറ്റി അധികൃതർ പ്രതീക്ഷിച്ചതുപോലെ എനിക്ക് അഡ്മിഷൻ നൽകിയാൽ ഒന്നാമത്തെ എം എസ്സി എഴുതുന്നവരിൽ ഏറ്റവും കൂടുതൽ മാർക്കു ലഭിക്കുന്ന വിദ്യാർത്ഥിക്ക് റാങ്കിനുള്ള അർഹത നഷ്ടപ്പെടുമെന്നറിയാമായിരുന്നതിനാൽ അവർ എനിക്കുള്ള



Scanned with CamScanner

ചോദ്യപേപ്പറിൽ ഓൾഡ് സ്കീമെന്നും മറ്റെല്ലാവർക്കുമുള്ള ചോദ്യപേപ്പറിൽ ന്യൂ സ്കീമെന്നും പ്രിന്റ് ചെയ്തിരുന്നു. ഒരേ ചോദ്യപേപ്പർ, ഒരേ മാനദണ്ഡം എല്ലാം ഒന്നായിരുന്നിട്ടും, എനിക്ക് റാങ്ക് സർട്ടിഫിക്കറ്റ് ലഭിക്കാതെ പോയത് ഇന്നും മനസ്സിൽ വേദനയായി നിൽക്കുന്നു. വർഷങ്ങളോളം യൂണിവേഴ്സിറ്റിയുമായി കത്തിടപാടുകൾ നടത്തിയെങ്കിലും ഒരു പ്രയോജനവുമുണ്ടായില്ല.

യൂണിവേഴ്സിറ്റിയിലെ സർവകാല റെക്കോർഡും തിരുത്തിക്കുറിച്ചുകൊണ്ട് മാർക്കു ലഭിച്ചുവെങ്കിലും കേരള യൂണിവേഴ്സിറ്റിയുടെ റാങ്ക് ഹോൾഡർ എന്ന പദവി എനിക്കു ലഭിച്ചില്ല. അങ്ങനെ ഞാൻ രണ്ട് എം എസ് സിക്കാരനായി. കൊച്ചിൻ കോളേജിലെ അദ്ധ്യാപകനും, കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ പാർട്ട് ടൈം ഗവേഷണ വിദ്യാർത്ഥിയും, ഔവർ കോളേജദ്ധ്യാപകനും കൂടാതെ പതിവു പണികളുമുള്ള ജീവിതത്തിലേക്കുയർന്നു. ഇടക്കിടക്ക് ഡോ. രാമൻ സാറിനെ വന്നു കാണുമായിരുന്നു. പല കാര്യങ്ങളും ചർച്ച ചെയ്യും. ഒരദ്ധ്യാപകനെന്നതിലുപരി ആത്മ മിത്രമായും രക്ഷാധികാരിയായും എന്റെ മനസ്സിൽ രാമൻ സാർ നിറഞ്ഞു നിന്നിരുന്നു. ഇന്നും ഇഹലോകവാസം വെടിഞ്ഞ അദ്ദേഹം നിറഞ്ഞു നിൽക്കുന്നു.

തൃപ്പൂണിത്തുറ നിന്ന് രണ്ടു ബസ്സു കയറി കൊച്ചിൻ കോളേജ് വരെ പോകുന്ന യാത്ര ക്ലേശകരമായിരുന്നു. വെണ്ടുരുത്തി പാലവും തോപ്പും പടിപാലവും, വാഹനങ്ങളുടെ നീണ്ട നിരയും കടന്ന് കൊച്ചിൻ കോളേജിലെത്തുകയെന്നത് വിഷമമായിരുന്നു. അതേ വഴി തിരിച്ചും വരണം വീട്ടിലേക്കും, കൊച്ചിൻ യൂണിവേഴ്സിറ്റിയിലേക്കും, ഔവർ കോളേജിലേക്കും. യാത്രയും മടക്കയാത്രയും വേണം. ആയിടക്ക് സെന്റ് ആൽബർട്ട്സ് കോളേജിൽ കെമിസ്ട്രിയിൽ ഒരദ്ധ്യാപകന്റെ വാക്കൻസിയുണ്ടായി. അതുകൊണ്ട് തന്നെ എല്ലാ നന്മകളും നിറഞ്ഞ പ്രൊഫ. ടോമിസാറും സഹപ്രവർത്തകരും, നല്ല സാമൂഹ്യപ്രവർത്തനവും എല്ലാം കൊച്ചിൻ കോളേജിൽ സാധ്യമായിരുന്നിട്ടും, സെന്റ് ആൽബർട്ട്സ് കോളേജിലെ വാക്കൻസിക്ക് അപേക്ഷ കൊടുത്തു. തൃപ്പൂണിത്തുറയിൽ നിന്നും ആൽബർട്ട്സിലേക്ക് പോയി വരാൻ വളരെക്കുറച്ചു സമയം മാത്രം മതി.

ജീവിതത്തിലെല്ലായിടത്തും കഴിയുന്നത്രയും അടുക്കും ചിട്ടയുമുണ്ടായിരുന്നതിനാൽ, കൊച്ചിൻ കോളേജിൽ ആദ്യ ഷിഫ്റ്റ് രാവിലെ എട്ടുമണിക്ക് തുടങ്ങിയാൽ ഞാൻ 7.45 ന് എത്തുമായിരുന്നു, 9 മണിക്കുള്ള ക്ലാസാണെങ്കിൽ ഞാൻ 8.45 ന് എത്തുമായിരുന്നു. തൃപ്പൂണിത്തുറയിൽ നിന്ന് എറണാകുളം വഴി കൊച്ചിൻ കോളേജിലെത്തുന്ന



Scanned with CamScanner

വഴി വളരെ തിരക്കുള്ളതാണ്. വാഹനങ്ങളും ജനങ്ങളും മത്സരിച്ചു നീങ്ങുന്ന റോഡുകളാകട്ടെ ഇടുങ്ങിയതുമായിരുന്നു. അതുകൊണ്ടു തന്നെ 8 മണിക്ക് കോളേജിലെത്താൻ തൃപ്പൂണിത്തുറ നിന്ന് 6 മണിക്ക് പുറപ്പെടണം.

### ആൽബർട്ട്സ് അദ്ധ്യാപകനാകാൻ സാധിക്കാതെ

ആൽബർട്ട്സ് കോളേജിലെ എല്ലാ കെമിസ്ട്രി അദ്ധ്യാപകരും ഐകകണ്ഠ്യേന പറയുകയുണ്ടായി. "വാക്കൻസി ഗോപാലകൃഷ്ണനുള്ളതാണ്. ഇവിടെ പഠിച്ച് ഇവിടെ നിന്നും ഉന്നത നിലയിൽ പാസ്സായ വ്യക്തിയെ ഇവിടെത്തന്നെ അദ്ധ്യാപകനായി ലഭിക്കുക എന്നാൽ ഞങ്ങൾക്കത് സന്തോഷമാണ്." എനിക്കും സെന്റ് ആൽബർട്ട്സിൽ വരുന്നത് സന്തോഷമായിരുന്നു. എന്റെ കൂടെ പഠിച്ച പരമേശ്വരനും, (ആ സമയത്ത് കനറാബാങ്കിൽ ജോലിയായിരുന്നു) ഈ വാക്കൻസിക്കായി അപേക്ഷിച്ചിരുന്നു. ഡോ. പി. എസ്. രാമൻ സാർ തന്നെയായിരുന്നു ഇന്റർവ്യൂ ബോർഡ് ചെയർമാൻ. ഇന്റർവ്യൂ കഴിഞ്ഞ് അപ്പോയിന്റ്മെന്റ് ലെറ്ററും കൊണ്ടു പോയാൽ മതി എന്നുവരെ സെന്റ് ആൽബർട്ട്സിലെ കെമിസ്ട്രിയിലെ എച്ച് ഒ ഡിയും ഓഫീസിലെ സ്റ്റാഫും എന്നോട് പറയുകയുണ്ടായി. നല്ല രീതിയിൽ തന്നെ ഇന്റർവ്യൂ നടക്കുകയും ചെയ്തു. എല്ലാവരുടേയും ഇന്റർവ്യൂ കഴിഞ്ഞ്, ഡോ. രാമൻസാർ പുറത്തുവന്നപ്പോൾ ഞാൻ ചോദിച്ചു. "റിസൾട്ട് എന്താണ് സാർ." വളരെയധികം ആത്മവിശ്വാസത്തോടെയും എനിക്കതു ലഭിക്കുമെന്നുറച്ച വിശ്വാസത്തോടെയുമായിരുന്നു എന്റെ ചോദ്യം. അവിടെ ബി എസ്സിക്ക് പഠിച്ചിരുന്നപ്പോൾ 'ഇവിടേക്ക് അദ്ധ്യാപകനായി തിരിച്ചു വരണം' എന്നു പറഞ്ഞ ആൽബർട്ട്സിലെ എന്റെ അദ്ധ്യാപകൻ ശ്രീ അപ്പുക്കുട്ടൻ സാറിന്റെ വരികൾ മനസ്സിൽ വെച്ചു കൊണ്ടു തന്നെയാണ് ഞാൻ രാമൻസാറിനോട് ചോദിച്ചത്. ചിരിച്ചുകൊണ്ട് രാമൻ സാർ പറഞ്ഞു. "ഇന്റർവ്യൂ ബോർഡിലെ എല്ലാവർക്കും ഗോപാലകൃഷ്ണൻ ഇവിടെ വരണമെന്നാണ് താൽപര്യം. അത് പ്രിൻസിപ്പാൾ എടുത്തു പറയുകയും ചെയ്തു. ഇന്റർവ്യൂവിലെ മാർക്കു പ്രകാരവും ഗോപാലകൃഷ്ണൻ തന്നെയാണ് മുന്നിൽ. പക്ഷേ ഗോപാലകൃഷ്ണന് ഇപ്പോൾ കൊച്ചിൻ കോളേജിൽ ഇതേ ജോലിയാണല്ലോ ഉള്ളത്. അതുകൊണ്ട് പരമേശ്വരന് സെലക്ഷൻ കിട്ടി". വലിയ ദുഃഖമൊന്നും തോന്നിയില്ലെങ്കിലും പ്രതീക്ഷിച്ചിരുന്നതും ആഗ്രഹിച്ചിരുന്നതും ലഭിക്കാതെ പോയപ്പോൾ ഒരു നിരാശ തോന്നി. കൂടുതലൊന്നും പറയാതെ ഞാൻ വീട്ടിലേക്കു മടങ്ങുകയും ചെയ്തു.

**കർമ്മോന്മുഖമായ അദ്ധ്യാപകവൃത്തി**

കൊച്ചിൻ കോളേജിലെ എന്റെ കർമ്മമണ്ഡലം വളരെ സന്തോഷകരമായിരുന്നു. എല്ലാ വിദ്യാർത്ഥികളേയും സഹകരിപ്പിച്ചു കൊണ്ടു പോകുക എന്നത് അത്ര എളുപ്പമുള്ളകാര്യമായിരുന്നില്ല. എ ബി വി പിയും എസ് എഫ് ഐയും തുല്യശക്തിയുള്ള കോളേജിൽ കുറേ വിദ്യാർത്ഥി നേതാക്കൾ മലപ്പുറം കത്തിയും, സൈക്കിൾ ചെയി നും, വടിവാളും കൊണ്ടാണ് നിത്യവും കോളേജിലെത്താറുള്ളത്. ഏതു നിമിഷവും ഏതു തരത്തിലുള്ള പ്രശ്നവുമുണ്ടായേക്കാം. ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും പ്രശ്നമുണ്ടാകാതിരിക്കില്ല.

പ്രൊഫ. കിളിക്കാർ അസാധാരണ കഴിവുള്ള പ്രിൻസിപ്പാളായി രുന്നു ഓരോ അദ്ധ്യാപകനേയും പൂർണമായി അറിയാവുന്ന അദ്ദേ ഹം, ചില ക്ലാസിൽ അദ്ധ്യാപകനില്ലെങ്കിൽ എന്നോട് ക്ലാസെടുക്കാൻ സാധിക്കുമോ എന്നാണാദ്യം ചോദിക്കാറുള്ളത്. ക്ലാസെടുക്കുന്നത് എനിക്കും താൽപര്യമുള്ളതിനാൽ ചിലപ്പോൾ ബീ കോം ക്ലാസുവരെ എടുക്കാൻ ഞാൻ പോയിട്ടുണ്ട്. കോളേജിൽ പൊതുവെ അംഗീകാര മുള്ള ഒരദ്ധ്യാപകനായി രണ്ടു മൂന്നു മാസങ്ങൾ കൊണ്ടു തന്നെ എനി ക്കുയരാൻ സാധിച്ചു. കോഴയൊന്നും വാങ്ങിക്കാതെ എന്നെ സെലക്റ്റ് ചെയ്തതിൽ എല്ലാവരും പിന്നീട് സന്തോഷിക്കുന്നുണ്ടായിരുന്നു. വിദ്യാർത്ഥികൾക്കായി സയൻസ് ക്ലബുകളും നേച്ചർ ക്ലബുകളുമെല്ലാം ഉണ്ടാക്കാനും സാധിച്ചു. കൊച്ചിൻ കോളേജിൽ ഇലക്ഷൻ നടത്തുക യെന്നത് ഒരു സങ്കീർണ്ണ പ്രശ്നമായിരുന്നു. കത്തിക്കുത്തും മറ്റെല്ലാ വിധ പ്രശ്നങ്ങളും, ബസ്സിനുകല്ലേറും, മറ്റുവിധ നശീകരണപ്രവർത്തന ങ്ങളും കൊച്ചിൻ കോളേജിലെ ഇലക്ഷന്റെ ഭാഗമാണ്. ടോമി സാറി ന്റെയും മറ്റു പല അദ്ധ്യാപകരുടേയും റെക്കമെന്റേഷൻ കൊണ്ട് ഇല ക്ഷൻ നടത്താനുള്ള ചുമതല എന്നിൽ വന്നു. പലരും പറഞ്ഞു "പരീക്ഷക്ക് ചോദ്യപേപ്പറിനു മുകളിൽ മലപ്പുറം കത്തിവെച്ച് പരീ ക്ഷയെഴുതുന്ന പിള്ളേരാണ്. വെറുതേ ആവശ്യമില്ലാത്തതിനൊന്നും പോകേണ്ട. ഇലക്ഷൻ ചാർജ് പറ്റില്ല എന്നു എഴുതിക്കൊടുത്തേക്ക്..."

ഞാൻ തീരുമാനിച്ചു രണ്ടിലൊന്ന് അറിഞ്ഞിട്ടുതന്നെ. പഠിപ്പിക്കാൻ മാത്രം പഠിച്ചാൽ പോരല്ലോ. വിദ്യാർത്ഥികളെ കൈകാര്യം ചെയ്യാനും പഠിക്കണം. വെള്ളത്തിലിറങ്ങാതെയെങ്ങിനേയാ നീന്താൻ പഠിക്കുക. ഞാനെന്നോടു തന്നെ പറഞ്ഞു. ടോമിസാർ എല്ലാ സഹായവും വാഗ്ദാനം ചെയ്തു. കിളിക്കാർ സാറാകട്ടെ "ഇതൊക്കെ കോളേജ ദ്ധ്യാപക വൃത്തിയുടെ ഭാഗമാണ് എന്നു മാത്രമല്ല ഗോപാലകൃഷ്ണനെ പോലെയുള്ളവർക്ക് ഇതൊന്നും ഒരു വലിയ കാര്യമേയായിരിക്കില്ല"



Scanned with CamScanner

എന്നും പറഞ്ഞു. എല്ലാ നല്ലകാര്യങ്ങളും പ്രോത്സാഹിപ്പിക്കുകയെന്നത് പ്രൊഫ. കിളിക്കാറുടെ സ്വഭാവമാണ്.

എല്ലാവിഭാഗം വിദ്യാർത്ഥി നേതാക്കളേയും വിളിച്ചുവരുത്തി വ്യക്തമായ ഭാഷയിൽ അവരോടെല്ലാം ഞാൻ പറഞ്ഞു. "നിങ്ങളിലാരു ജയിച്ചാലും തോറ്റാലും എനിക്കൊന്നുമില്ല. ഞാൻ നിങ്ങളിലാരുടേയും പക്ഷത്തല്ല. നിഷ്പക്ഷത്തായിരിക്കും. ഒരു ഹിഡൺ അജണ്ടയുമെനിക്കില്ല... ഒരു കാര്യം നിങ്ങളെല്ലാവരും അംഗീകരിച്ചാൽ ഇലക്ഷൻ കഴിഞ്ഞ് രണ്ടു മണിക്കൂറിനുള്ളിൽ റിസൾട്ട് എല്ലാവരുടേയും അംഗീകാരത്തോടെ പ്രഖ്യാപിക്കാം. ഒരു നിബന്ധന മാത്രം. എന്തു പ്രശ്നമുണ്ടായാലും എന്റെ തീരുമാനമായിരിക്കും അവസാനത്തേത്. അതിലപ്പുറത്തേക്ക് പ്രശ്നങ്ങൾ ഒന്നും പോകില്ല."

ഒരു വികാരവുമില്ലാതെ ഞാൻ ഇത്രയും പറഞ്ഞു നിർത്തി. അത്ഭുതകരമായ പ്രതികരണമാണുണ്ടായത്. ഒറ്റസ്വരത്തിൽ എല്ലാവരും അതംഗീകരിച്ചു. വളരെ ശാന്തമായി ഇലക്ഷൻ നടന്നു. പോലീസ് സംരക്ഷണമോ സാന്നിദ്ധ്യമോ ഇല്ലാതെ കൊച്ചിൻ കോളേജിന്റെ ചരിത്രത്തിൽ നടന്ന ആദ്യത്തെ കോളേജ് ഇലക്ഷനായിരുന്നു അതെന്ന് ഞാനറിഞ്ഞു. അന്ന് ഞാൻ പഠിച്ച പാഠം ഇന്നും വിദ്യാലയങ്ങളിൽ പോയി ക്ലാസെടുക്കുമ്പോഴും എനിക്കു മാർഗദർശകമെന്നപോലെയുണ്ട്. വിദ്യാർത്ഥികളെ കൈകാര്യം ചെയ്യുമ്പോൾ അതിന് യോഗ്യതയുള്ളവനാണിവനെന്ന് അവർക്കു തോന്നണം. വിദ്യാർത്ഥികളുടെ മനസ്സിൽ നന്മയുടെ ഒരു ചിത്രം അദ്ധ്യാപകനെക്കുറിച്ച് വളരെ നേരത്തേ തന്നെ സൃഷ്ടിച്ചിരിക്കണം. നിഷ്പക്ഷമതിയാണെന്ന് സ്വയം തോന്നണം, മറ്റുള്ളവർക്ക് അതു ബോധ്യപ്പെടുകയും, അവരെ ബോധ്യപ്പെടുത്തുകയും വേണം. ഒരു തരത്തിലും ചഞ്ചലനല്ലെന്നും ദൃഢചിത്തനാണെന്നും സ്വന്തമായി ഒന്നും നേടാനുദ്ദേശമില്ലെന്നും, ഏറ്റെടുത്തത് ചെയ്തിട്ടേ മടങ്ങൂ എന്നും ബോധ്യപ്പെടുത്തണം. എല്ലാവരോടും ഒരേ നിലയിൽ സ്നേഹമുണ്ടെന്നും, എന്നെങ്കിലും ആരോടെങ്കിലും ദ്വേഷ്യമോ അനിഷ്ടമോ തോന്നിയിട്ടുണ്ടെങ്കിൽ അത് അന്നുതന്നെ അവസാനിച്ചിട്ടുണ്ടെന്നും, ബോധ്യപ്പെടുത്തണം. വിദ്യാർത്ഥി ജീവിതം എന്നത് കുസൃതി നിറഞ്ഞു നിൽക്കുന്ന കാലഘട്ടമാണെന്നും വീണ്ടു വിചാരമില്ലാതെ പലതും ചെയ്യുന്ന പ്രായമാണെന്നും, എല്ലാ അദ്ധ്യാപകർക്കും അറിഞ്ഞിരുന്നാൽ ഏതു കൊലകൊമ്പൻ വിദ്യാർത്ഥിയേയും നിയന്ത്രിക്കാനും നേരിടാനും സാധിക്കുമെന്നും ഞാൻ പഠിച്ചു. ഇന്നുവരെ സ്കൂളുകളിലും കോളേജുകളിലും ക്ലാസെടുക്കാൻ പോകുമ്പോൾ അവിടത്തെ വിദ്യാർത്ഥികളുടെ പെരുമാറ്റം തീവ്രമായാൽ എന്റെ മനസ്സിൽ



Scanned with CamScanner

ആദ്യമുദിക്കുന്നത് മലപ്പുറം കത്തിയും വടിവാളും സൈക്കിൾ ചെയി നുമായി വരുന്ന കൊച്ചിൻ കോളേജിലെ വിദ്യാർത്ഥികളുടെ ഇലക്ഷൻ കൈകാര്യം ചെയ്ത രീതിയാണ്.

കോളേജിലെ എല്ലാ വിഭാഗം വിദ്യാർത്ഥികളുടേയും കർമ്മപരി പാടികളിലും എന്നെ പങ്കെടുപ്പിച്ചിരുന്നു. മൂല്യങ്ങളെക്കുറിച്ച് ക്ലാസെടു ക്കാനും ഓരോ അസോസിയേഷനും ഉദ്ഘാടനം ചെയ്യാനും, ഉദ്ഘാ ടനത്തിലാശംസകളർപ്പിക്കാനും എനിക്ക് ഒരു സ്ഥാനമുണ്ടായിരുന്നു. ഫിസിക്സിലെ രാജേന്ദ്രൻ സാറിനും, രാധാകൃഷ്ണൻ സാറിനും ആന്റണി സാറിനും എന്നോട് ഏറെ ബഹുമാനമായിരുന്നു. കോമേ ഴ്സിലെ മൂക്കൻ സാർ ധാരാളം ഉപദേശങ്ങൾ ചൊരിയുമായിരുന്നു. ടോമിസാർ ജീവിതാനുഭവങ്ങൾ ധാരാളമായി വിളമ്പുമായിരുന്നു. ഇടക്ക് ടോമിസാറിന്റെ വീട്ടിൽ ചെന്ന് ഭക്ഷണം കഴിക്കുകയും ചെയ്തിരുന്നു. കൊച്ചിൻ കോളേജ്, നല്ല രീതിയിൽ പുറത്തറിയപ്പെടാൻ തുടങ്ങിയിരു ന്നു. കൊച്ചിൻ കോളേജ് ശാന്തമായി, നന്മയുടെ പ്രതീകമായി, എല്ലാ അദ്ധ്യാപകരുടേയും നിരന്തര ശ്രമഫലമായി വളർന്നു.

ഔവർ കോളേജിലെ പഠിപ്പിക്കലിനിടക്ക് സമയം ലഭിക്കുമ്പോ ഴെല്ലാം മഹാരാജാസിൽ പോയി രാമൻസാറിനെക്കാണുമായിരുന്നു. കുറേ സമയം ഔവർ കോളേജിലെ ഹിന്ദി അദ്ധ്യാപകനായ രാജുവു മൊത്ത് എറണാകുളത്ത്, മറൈൻ ഡ്രൈവു പാർക്കിലൂടെ നടന്ന്, പല കാര്യങ്ങൾ പലപ്പോഴായി ചർച്ച ചെയ്യാറുമുണ്ട്. എന്റെ ക്ലാസിനെക്കു റിച്ചു മറ്റുള്ളവർ പറയുന്ന നല്ല കമന്റും ചീത്ത കമന്റുമെല്ലാം രാജു എന്നോടു പറയുമായിരുന്നു. എന്നിലുദയം ചെയ്ത ആത്മവിശ്വാസ വും, നീങ്ങിത്തുടങ്ങിയ അപകർഷതാബോധവും മുഖത്തും, വാക്കി ലും, പ്രവർത്തിയിലും നിറഞ്ഞു നിന്നിരുന്നു. ചിലപ്പോൾ അത് അഹ ങ്കാരമാണോ എന്നു ചിലർക്ക് തോന്നിയിരുന്നു. അങ്ങിനെ മറ്റുള്ളവർക്കു തോന്നുന്ന എന്തെങ്കിലും സംഭവമോ വാക്പ്രയോഗമോ ഉണ്ടായാൽ, അവരെക്കണ്ട് ഞാൻ തെറ്റ് ഏറ്റുപറയുകയും മാപ്പു പറയുകയും ചെയ്തി രുന്നു. എന്നിൽ നിന്ന് മറ്റുള്ളവർക്ക് വേദനയുണ്ടാകരുത് എന്ന് മാത്രമേ ചിന്തിക്കാറുണ്ടായിരുന്നുള്ളു. ഈ വീക്ഷണം ജീവിതത്തിൽ നന്മകളു ണ്ടാക്കാനും തിന്മകൾ കുറക്കാനും ഉപകരിച്ചു എന്ന് ഇന്നു തോന്നുന്നു.

എന്നെ പഠിപ്പിച്ച ചില അദ്ധ്യാപകരുടെ മക്കളെയും പഠിപ്പിക്കാ നുള്ള ഭാഗ്യവും ഔവർ കോളേജിലെനിക്കു ലഭിച്ചിരുന്നു. എന്റെയൊപ്പം സെന്റ് ആൽബർട്ട്സിൽ പഠിച്ചുതോറ്റ ആന്റണി, ബെൻസിൽ, പെരേര എന്നീ സഹപാഠികളേയും ഞാൻ ഔവറിൽ ബി എസ്സിക്ക് പഠിപ്പിച്ചി രുന്നു. കൂടാതെ തൃപ്പൂണിത്തുറയിലെ കുറേ പരിചയക്കാരുടെ മക്ക

ളേയും തൃപ്പൂണിത്തുറയിൽ, എന്റെ വീട്ടിലെ ട്യൂഷൻ സെന്ററിൽ വെച്ച് പഠിപ്പിച്ചിരുന്നു. ഇക്കൂട്ടത്തിൽ സി എ ഐ ഐ ബി പഠിക്കുന്ന ഒരു ബാങ്കുദ്യോഗസ്ഥനെ ഗണിതം പഠിപ്പിച്ചിരുന്നതും ഓർമ്മയിലുണ്ട്. കാര്യ മായി ഗണിതം ഉൾക്കൊള്ളാതെ തന്നെ ഗണിതം പഠിപ്പിച്ചപ്പോൾ യഥാർത്ഥത്തിൽ ഞാൻ ഗണിതം പഠിക്കുകയായിരുന്നു. ആ ബാങ്കു ദ്യോഗസ്ഥനെ ഏകദേശം 27 വർഷങ്ങൾക്കു ശേഷം അടുത്ത കാലത്ത് കാണുകയുണ്ടായി. എട്ടാം ക്ലാസിൽ മലയാളം രണ്ടാം ഭാഗം പഠിപ്പിച്ച ശ്രീ അരവിന്ദാക്ഷൻ സാറിന്റെ മകളെ പഠിപ്പിക്കേണ്ടി വന്നതും ഔവ റിൽ ആ കുട്ടിയുടെ രക്ഷാകർത്താവായി തന്നെ ഉയരേണ്ടി വന്നതും ഒരനുഭവമായി. അരവിന്ദാക്ഷൻ സാർ അദ്ധ്യാപകനായ എന്നോട് കാണി ച്ചിരുന്ന ബഹുമാനം എനിക്ക് നേരിട്ടനുഭവിക്കാൻ സാധിച്ചതപ്പോഴായി രുന്നു. ഇതിനുശേഷം കഴിഞ്ഞ 30 വർഷങ്ങളിൽ തൃപ്പൂണിത്തുറയിൽ വരുമ്പോഴെല്ലാം അരവിന്ദാക്ഷൻ സാറിന്റെ പുതിയകാവിലെ വീട്ടിൽ പോയി അദ്ദേഹത്തെ നമസ്കരിക്കുമായിരുന്നു. ഇന്നും ഈ യാത്ര തുട രാറുണ്ട്. ജീവിതത്തിലെ നേട്ടങ്ങളും കോട്ടങ്ങളും റിപ്പോർട്ട് ചെയ്യാ നുള്ള ഒരു കേന്ദ്രമായി അരവിന്ദാക്ഷൻ സാർ ഇന്നും എന്റെ മുമ്പി ലുണ്ട്.

### ഡോ. പി.എസ്. രാമൻ സാറിന്റെ ഉപദേശങ്ങളിലൂടെ

ഡോ. രാമൻസാറിന്റെ അടുത്ത് കുറേസമയം ചിലവഴിക്കണ മെന്നും ഭാവി ജീവിതം എങ്ങിനെയായിരിക്കണമെന്നതിനെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാകണമെന്നും തീരുമാനിച്ചു. കൊച്ചിൻ കോളേ ജിൽ നിന്ന് ക്ലാസുകഴിഞ്ഞ്, 1980 ജനുവരി 20-ാം തീയതി, രാമൻ സാറി ന്റെയടുത്തുവന്നു. മഹാരാജാസിലെ പഴയ മുറിയിലെ പഴയ കസേര യിലിരിക്കുന്നുണ്ടായിരുന്നു സാർ. കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ ഗവേ ഷണത്തെക്കുറിച്ചും, പോൾ വടക്കഞ്ചേരി സാറിന്റെ പ്രത്യേക പെരു മാറ്റത്തെക്കുറിച്ചും മറ്റും രാമൻ സാറിനോടു പറഞ്ഞു. ഗവേഷണത്തി നുള്ള ഫെല്ലോഷിപ്പിനായി സി എസ് ഐ ആറിലേക്ക് ആപ്ലിക്കേഷൻ കൊടുത്തിട്ടുള്ളതിനെക്കുറിച്ചും വിവരിച്ചു. ഏകദേശം ഒന്നരമണിക്കൂർ സംഭാഷണം കഴിഞ്ഞ് ഞാൻ യാത്ര പറഞ്ഞിറങ്ങുമ്പോൾ സാറും എന്റെ കൂടെ മുറിയിൽ നിന്ന് പുറത്തേക്കിറങ്ങി, അൽപദൂരം കൂടെ നടന്നു. വളരെ ലാഘവത്തോടെ സാറു പറഞ്ഞു. "ഗോപാലകൃഷ്ണൻ ഒരു കോളേജ് ലക്ചററായി ഒതുങ്ങി കൂടിയാൽ മതിയോ? കൊച്ചിൻ യൂണി വേഴ്സിറ്റിയിൽ ഗവേഷണം നടത്തുകയെന്നത് ഒരു സ്വപ്നം പോലെയ ല്ലേ? കുറേ കൂടി സൗകര്യമുള്ളിടത്ത്......" ഇത്രയേ സാറു പറഞ്ഞുള്ളൂ.



Scanned with CamScanner

ഈ സന്ദേശം അല്ലെങ്കിൽ ഇതുപോലെയൊരു ഉപദേശത്തിനു വേണ്ടി നിരന്തരം രാമൻ സാറിനെക്കാണാൻ പോയിരുന്ന എനിക്കപ്ര തീക്ഷിതമായി ലഭിച്ച ഒരു മാർഗദർശനം പോലെ തോന്നി. ഞാൻ സാറി നോടു ചോദിച്ചു. "സാർ ഞാനെന്തു ചെയ്യണം? ബാഹ്യലോകവുമായി വലിയ ബന്ധമൊന്നുമില്ലാത്ത ഒരു സാധാരണ വിദ്യാർത്ഥി മാത്രമാണ് ഞാൻ. എനിക്ക് ഒരുലോകപരിചയവുമില്ല." ഞാൻ പറഞ്ഞു നിർത്തി. സാറ് പറഞ്ഞു... "ഇല്ല ഒന്നുമില്ല. ഒരു ജോലി കിട്ടുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. അതും നല്ല ഒരു കോളേജിൽ, കോളേജ് ലെക്ച ററായി.. ഞാൻ വെറുതേ പറഞ്ഞു എന്നുമാത്രം." സാറ് പെട്ടെന്നു നിർത്തി. "ജീവിതത്തെ ഏതു പാളത്തിലൂടെ നയിക്കണമെന്ന നിർദേശം സാറിൽ നിന്നു മാത്രമേ സ്വീകരിക്കു" എന്ന് പറഞ്ഞു. "ഈ ജോലിക ളയണ്ട..." എന്നു മാത്രം പറഞ്ഞ് എന്നെ യാത്രയാക്കി രാമൻസാർ മുറിയിലേക്ക് പോകുകയും ചെയ്തു. ഞാനും വീട്ടിലേക്ക് പോയി. ഞാൻ ബസ്സിലിരുന്നു ചിന്തിച്ചതുമുഴുവനും രാമൻ സാർ പറയാനാരംഭിച്ച് മുഴു മിപ്പിക്കാത്ത വരികളായിരുന്നു. "ഗോപാലകൃഷ്ണൻ ഒരു കോളേജ് ലെക്ചററായി ഒതുങ്ങിക്കൂടിയാൽ മതിയോ..." സിനിമയിൽ ചിലരുടെ ചില വരികൾ ചെവിയിലലയടിക്കുന്നതു പ്രദർശിപ്പിക്കുന്നതുപോലെ സാറിന്റെ വരികൾ ഇന്നും ഞാൻ കേൾക്കുന്നു. അത് എന്റെ മസ്തി ഷ്കത്തിലലയടിക്കുന്നു. ഈ ദിവസമായിരുന്നു എന്റെ ജീവിതം പൂർണ മായും മാറ്റി മറിച്ച ദിവസം.

അടുത്ത ദിവസം രാവിലെ 8 മണിക്ക് ഞാൻ മഹാരാജാസിൽ പോയി രാമൻ സാറിനേയും കാത്തുനിന്നു. പതിവുപോലെ 8.50 നു തന്നെ സാറെത്തി. എന്നെ കണ്ടയുടനെ വളരെ സന്തോഷത്തോടെ ചോദിച്ചു. "എന്താ ഗോപാലകൃഷ്ണൻ... എന്തെങ്കിലും ചോദിക്കാ നാണോ വന്നത്..?". "സാർ ഇന്നലെ പറഞ്ഞ് പൂർത്തിയാക്കാത്ത വരി കൾ പൂർത്തിയാക്കണം. ഞാൻ സാറിന്റെയടുത്ത്, എവിടേക്ക് യാത്ര തുടരണമെന്നറിയാനാണ് വന്നത്. ഇന്നലെ ചോദിച്ച ചോദ്യത്തിൽ എനി ക്കാവശ്യമായ ഉത്തരമുണ്ട്. അല്ലെങ്കിൽ ആ ചോദ്യത്തിലൂടെ മുന്നോട്ടു പോയാൽ സാറിൽ നിന്നു തന്നെ എനിക്കുത്തരം ലഭിക്കുമെന്ന് എന്റെ മനസ്സു പറയുന്നുണ്ടായിരുന്നു."

രാമൻ സാർ പറഞ്ഞു "ഞാൻ പറഞ്ഞു എന്നുള്ളതു കൊണ്ടു് ഒന്നും സ്വീകരിക്കരുത്. ഗോപാലകൃഷ്ണനെ എനിക്കു നല്ലവണ്ണം അറി യാം. നല്ല ഒരു ഭാവിയുണ്ട്. ചിലതെല്ലാം ത്യജിച്ചാലെ മറ്റു ചിലത് നേടാൻ സാധിക്കുകയുള്ളൂ. അതെല്ലാം ആലോചിച്ചുകൊണ്ടാണ് ഇന്നലെ ഞാൻ പറഞ്ഞത്. കുറേക്കാലമായി ചിന്തിച്ചുകൊണ്ടിരിക്കുന്നകാര്യമാണത്.



Scanned with CamScanner

താൽപര്യമുണ്ടെങ്കിൽ മാത്രം എടുത്താൽ മതി. നല്ല ഒരു ജോലി അതും സ്ഥിരമായ ജോലിയാണ്. കാശൊന്നും കൊടുക്കാതെ കിട്ടിയതുമാണ് അതുകളഞ്ഞാൽ ഉണ്ടാകുന്ന ബുദ്ധിമുട്ട് അനുഭവിക്കാൻ തയ്യാറാകണം..''

"ഇത്രയെല്ലാം പറഞ്ഞിട്ടും കാര്യത്തിലേക്ക് സാർ കടന്നില്ല" എന്നു ഞാൻ പറഞ്ഞു. "ഞാൻ ഇടക്ക് ഹൈദരാബാദിലെ ആർ ആർ എല്ലിൽ പോകാറുണ്ട്. അവിടെ നടക്കാറുള്ള ഇന്റർവ്യൂവിൽ ഞാൻ കമ്മിറ്റി മെമ്പറാകാറുണ്ട്. കഴിഞ്ഞ മാസവും അവിടെ പോയിരുന്നു. ഇവിടെ പഠിച്ച ഒന്നു രണ്ടു സയിന്റിസ്റ്റുമാർ അവിടെയുണ്ട്. ഒരു കൈമൾ, പൗലോസ്, നല്ല പൊസിഷനിലാണവർ, അവിടെ റിസർച്ച് ചെയ്യാൻ താൽപര്യമുണ്ടെങ്കിൽ സൗകര്യപ്പെടുത്തിത്തരാം. റിസർച്ചിന് എല്ലാ സൗകര്യങ്ങളുമുണ്ടവിടെ. സബ്ജക്റ്റും അത്ര കോംപ്ലിക്കേറ്റഡ് ആവില്ല. മൂന്നു വർഷം കൊണ്ട് പിഎച്ച്.ഡി കിട്ടുകയും ചെയ്യും. അവിടെ കൈമൾ എന്നൊരു സയിന്റിസ്റ്റുണ്ട്. വളരെ ഹാർഡ് വർക്കിംഗാണ്. കൈമൾ പറഞ്ഞിരുന്നു, താൽപര്യമുള്ള സ്റ്റുഡന്റ്സുണ്ടെങ്കിൽ അയക്കാൻ. കൈമളിന്റെ ഒരു കത്ത് എന്റെ കയ്യിലുണ്ട്. അതു ഞാൻ തരാം. ഞാൻ കത്തെഴുതുകയും ചെയ്യാം. വേണമെങ്കിൽ ഗോപാലകൃഷ്ണനും ബന്ധപ്പെട്ടോളൂ.'' ഒരിടത്തും നിർത്താതെ രാമൻസാർ പറഞ്ഞു തീർത്തു.

"സാറിന്റെ അഭിപ്രായത്തിൽ ഇതു നല്ലതാണെങ്കിൽ ഒരു സംശയവും എനിക്കില്ല. ഞാൻ കൊച്ചിൻ കോളേജിൽ നിന്ന് രാജിവെക്കുകയാണ്.'' അന്നുതന്നെ അച്ഛന്റെയടുത്ത് ഞാൻ കാര്യമെല്ലാം പറഞ്ഞു. ഞാൻ ചെയ്യുന്നതിനെ അച്ഛൻ ഒരിക്കലും എതിർക്കാറില്ല. കാരണം പഠിക്കാനുള്ള മാർഗവും പ്രയത്നവും ഞാൻ സ്വയം തെരഞ്ഞെടുക്കുന്നതാണെന്നച്ഛനറിയാം. എന്റെ തീരുമാനങ്ങളും ഉറച്ചതായിരിക്കുമെന്നും അച്ഛനറിയാം. എന്നാലും എല്ലാവരും അച്ഛനോടു ചോദിക്കാറുണ്ട്. "മകനിപ്പോൾ കോളേജ് ലക്ചററാണ് അല്ലേ?'' അഭിമാനത്തോടെയാണ് അച്ഛൻ മറുപടി പറയാറുള്ളത്. വെറും പൂജാരിയും പാചകക്കാരനുമായ അക്ഷരജ്ഞാനമില്ലാത്ത അച്ഛന്റെ മകൻ കോളേജ് അദ്ധ്യാപകനാകുക.എന്നതിൽ അത്യധികം ആഹ്ളാദിക്കുന്ന വേളയിലാണ് ഞാൻ അതു രാജിവെയ്ക്കുന്ന കാര്യവുമായി അച്ഛന്റെയടുത്തെത്തുന്നത്. വളരെ ദുഃഖത്തോടെ രാജിവെക്കരുതെന്നു ആദ്യം പറഞ്ഞെങ്കിലും, പിന്നെ നിന്റെയിഷ്ടം പോലെ ചെയ്തുകൊള്ളാനുള്ള അനുവാദവും അനുഗ്രഹവും തന്നു.

### കേരളത്തോടും കർമ്മമണ്ഡലങ്ങളോടും വിടപറയൽ

അമ്മയോടും ഞാൻ രാജിവെക്കുന്നതിനെക്കുറിച്ചു പറഞ്ഞു കോളേജദ്ധ്യാപകന്റേയോ ഗവേഷണത്തിന്റേയോ പ്രത്യേകതകളൊന്നും

അറിയാത്ത, കഷ്ടിച്ച് മലയാളം വായിക്കാൻ മാത്രം അറിയുന്ന അമ്മയ്ക്ക് ഒരു ദുഃഖമേ ഉണ്ടായിരുന്നുള്ളൂ. മകൻ വീടുവിട്ടു പോകുന്നു എന്നറിഞ്ഞപ്പോഴുള്ള ദുഃഖം. വളരെ ദൂരെയൊന്നുമല്ലല്ലോ എന്നു പറഞ്ഞു ഞാൻ സമാധാനിപ്പിച്ചു. മനസ്സില്ലാ മനസ്സോടെയാണ് അമ്മ അനുവാദം തന്നത്. മറ്റാരുടേയും അനുവാദത്തിനായി ഞാൻ കാത്തു നിന്നില്ല. എന്നെ ജീവനു തുല്യം സ്നേഹിച്ച എന്റെ അച്ഛന്റെ സഹോദരി ഇക്കാലത്ത് പറവൂരിലായിരുന്നു താമസം. അവിടെ പോയി അവരെ നിറഞ്ഞ ഹൃദയത്തോടെ നമസ്കരിച്ചു യാത്രപറഞ്ഞിറങ്ങി. അച്ഛന്റെ സഹോദരിമാരുടെ കുടുംബാംഗങ്ങളിൽ ചിലരേയും കണ്ടു. എന്റെ സമുദായത്തിൽ പോസ്റ്റ് ഗ്രാജ്വേഷൻ പഠിക്കുന്നവർ വളരെക്കുറവാണ്. പോസ്റ്റ് ഗ്രാജ്വേഷൻ ഡിഗ്രിയുള്ള വ്യക്തി എന്ന നിലയിൽ സമുദായത്തിൽ കുറച്ചൊക്കെ അറിയപ്പെടുന്നവനായിത്തീർന്നിട്ടുണ്ടായിരുന്നു ഞാൻ. അതുകൊണ്ടു തന്നെ ബന്ധുക്കളെ കാണുക എന്നത് സന്തോഷകരമായ കാര്യമായിരുന്നു. എന്റെ ഉയർച്ചയിൽ അവരെല്ലാം എന്നെ ഹൃദയം നിറഞ്ഞ് ആശീർവദിക്കാറുമുണ്ടായിരുന്നു.

**ഔവർ കോളേജിനോട് വിട**

നേരെ ഔവർ കോളേജിൽ പോയി ബാലകൃഷ്ണൻനായർ സാറിനെ കണ്ട്, കാര്യങ്ങൾ പറഞ്ഞു. ബാഹ്യമായ സന്തോഷത്തോടെ സാർ അനുമോദിച്ചു. കുറെ വെണ്ണപുരട്ടിയ വാക്കുകളും പ്രകീർത്തിക്കലും നടന്നു. സാറിന്റെ വാക്കുകളൊന്നും ഹൃദയത്തിൽ നിന്നല്ലാത്തതിനാൽ എന്റെ ഹൃദയത്തിലും സ്പർശിച്ചിരുന്നില്ല. അച്ചുതൻ നായർ സാറിനെ കണ്ടു. 'നിനക്കു പറ്റിയത് അതാണ്'' എന്നു മാത്രം സാറു പറഞ്ഞു.

രണ്ടാമത്തെ എം എസ്സി എടുക്കാൻ കേരള യൂണിവേഴ്സിറ്റിയിൽ രെജിസ്ട്രേഷന് വൈകിയപ്പോൾ ഔവർ കോളേജ് പ്രിൻസിപ്പാൾ, ശ്രീ ബാലകൃഷ്ണൻ നായർ എന്നോട് വാഗ്ദാനം ചെയ്തിരുന്നത് ''എന്തുവന്നാലും ഗോപാലകൃഷ്ണന് ഞാൻ രെജിസ്ട്രേഷൻ വാങ്ങിത്തന്നിരിക്കും. ഗോപാലകൃഷ്ണൻ പഠിച്ചുയരേണ്ടത് എന്റേയും കൂടി ആവശ്യമാണ്. ഔവർ കോളേജിന് അതൊരഭിമാനമാണ്. എന്റെ അടുത്തബന്ധു കേരളയൂണിവേഴ്സിറ്റിയിലെ രെജിസ്ട്രാറാണ്. അതുകൊണ്ട് ഒരുബുദ്ധിമുട്ടുമില്ലാതെ എന്റെ മകനെപ്പോലെയുള്ള ഗോപാലകൃഷ്ണന് ഞാൻ യൂണിവേഴ്സിറ്റിയിലെല്ലാം ശരിയാക്കിത്തരാ''മെന്നായിരുന്നു. കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് രണ്ടാമത്തെ ഒരു എം എസ്സി കൂടി എടുക്കാനായി ഉണ്ടായിരുന്ന തടസ്സങ്ങൾ നീക്കിക്കിട്ടാൻ ഞാൻ അവിടത്തെ പല പ്രഗത്ഭരേയും കണ്ടിരുന്നു. ഇതുപോ

ലൊരു ഇഷ്യു (സയൻസ് സബ്ജറ്റിൽ രണ്ടു എം എസ് സി എടുക്കുക എന്നത്) യൂണിവേഴ്സിറ്റിയിൽ വളരെ അപൂർവമായി മാത്രമേ വരാറുള്ളൂ. അതുകൊണ്ട് ഫയൽ നീക്കാൻ വളരെ ബുദ്ധിമുട്ടാണ്. ശ്രീ ബാലകൃഷ്ണൻ നായർ തിരുവനന്തപുരത്തുകാരനാണ്. രാഷ്ട്രീയത്തിൽ നല്ല പിടിപാടുള്ള വ്യക്തിയാണെന്ന് പലരും പറഞ്ഞു കേട്ടിട്ടുണ്ട്. അതുകൊണ്ട് എന്റെ എം എസ്സി ഫയൽ തിരുവനന്തപുരത്ത്, ഒന്നു നീങ്ങിക്കിട്ടാൻ ഇതുപോലൊരു റെക്കമെന്റേഷൻ നന്നായിരിക്കുമെന്നു വിചാരിച്ചാണീ അഭ്യർത്ഥന, ശ്രീ ബാലകൃഷ്ണൻ നായരോട് പണ്ട് നടത്തിയത്. അദ്ദേഹം അതു ചെയ്തുതരില്ല എന്ന് ഏകദേശം വ്യക്തമായിത്തന്നെ അറിയാമായിരുന്നു. ബാലകൃഷ്ണൻനായർ എനിക്കു തന്നത് വെറും പൊള്ളയായ വാഗ്ദാനമായിരുന്നു എന്ന് അനുഭവത്തിന്റെ വെളിച്ചത്തിൽ മനസ്സിലായിരുന്നു. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ പോകുന്നതോ ഗവേഷണത്തിനുള്ള ഫെല്ലോഷിപ്പിനായി സി എസ് ഐ ആറിലേക്ക് എഴുതിയതോ ഒന്നും ഞാൻ ശ്രീ ബാലകൃഷ്ണൻ നായരോടു പറഞ്ഞിരുന്നില്ല. ചിലപ്പോൾ അവിടെയെല്ലാം തടസ്സങ്ങളുണ്ടാകാൻ അദ്ദേഹം വിചാരിച്ചാൽ സാധിക്കും.

ഹൈദരാബാദിലെ ആർ ആർ എല്ലിലേക്ക് പോകുന്നു എന്നു പറയുന്ന കൂട്ടത്തിൽ രണ്ടാമത്തെ എം എസ്സി ക്ക് യൂണിവേഴ്സിറ്റിയിൽ ഏറ്റവും ഉയർന്ന മാർക്കുണ്ട് എന്നും സൂചിപ്പിച്ചു. ശ്രീ ബാലകൃഷ്ണൻനായരുടെ മുഖത്ത് വളരെയധികം കൃത്രിമ സന്തോഷം പ്രകടമായിരുന്നു. വളരെ വലിയ വാക്കുകളുപയോഗിച്ചു ശ്രീ നായർ പുകഴ്ത്തിയതിന്റെ നൂറിരട്ടി സംതൃപ്തി തോന്നിയത് ഔവറിൽ പഠിപ്പിച്ചിരുന്ന ക്ലാസിലെ വിദ്യാർത്ഥികളോടും അദ്ധ്യാപകരോടും യാത്ര പറഞ്ഞപ്പോഴായിരുന്നു. രണ്ടു മൂന്നു ദിവസം കൂടി ഞാൻ വരുമെന്നും ചിലപ്പോൾ ജനുവരി അവസാനം വരെയുണ്ടാകുമെന്നും പറഞ്ഞ് ഔവർ വിട്ടിറങ്ങി. അപ്പോൾ തന്നെ ഔവറിൽ പഠിപ്പിച്ചതിന്റെ ശമ്പളവും ബാലകൃഷ്ണൻ നായർ തന്നു. ഹൈദരാബാദിലേക്ക് ടിക്കറ്റെടുക്കാനും കുറെ അത്യാവശ്യ ഡ്രസ്സുകൾക്കുമായും അതുപയോഗിച്ചു.

**കൊച്ചിൻ കോളേജിനോടും വിട**

നേരെ ഞാൻ പോയത് കൊച്ചിൻ കോളേജിലേക്കാണ്. എന്നെ കൊച്ചിൻ കോളേജിൽ കൊണ്ടുവന്ന കൃഷ്ണൻ സാറിനോടും, ഫിസിക്സിലെ രാജേന്ദ്രൻ സാറിനോടും കാര്യങ്ങൾ സൂചിപ്പിച്ചു. അവർ ടോമി സാറിനെ അറിയിക്കുകയും ചെയ്തു. ടോമി സാറിന്റെ അടുത്ത് ഞാനെത്തും മുമ്പ്, ഈ വിവരം അദ്ദേഹത്തിനു ലഭിച്ചിരുന്നു. സാറൊരിക്കലും അതു പ്രതീക്ഷിച്ചിരുന്നില്ല. "ഇതുകേട്ടപ്പോൾ എനിക്ക് വിശ്വ

സിക്കാൻ സാധിക്കുന്നില്ല. എന്താണ് ഗോപാലകൃഷ്ണൻ ഇവിടുന്ന് പോകുന്നത്. എന്തിനാ ഇത്ര നല്ല ജോലി വേണ്ടെന്നു വെക്കുന്നത്. റിസർച്ച് കഴിഞ്ഞാലും ഇതൊക്കെയല്ലേ കിട്ടാനുള്ളൂ..." എന്നിങ്ങനെ കുറേ കാര്യങ്ങൾ ടോമി സാർ പറഞ്ഞു. അതെല്ലാം കേട്ടുകൊണ്ടിരുന്നപ്പോൾ തന്നെ സാറിനും എനിക്കും കരച്ചിൽ വന്നു. ഞാൻ സാറിനോടു പറഞ്ഞു. "ജീവിതത്തിലിന്നുവരെ എന്നെ ആരെങ്കിലും ഇത്രയധികം സ്നേഹിക്കുന്നുണ്ടെന്ന് എനിക്കു തോന്നിയിട്ടില്ല. അച്ഛനുമമ്മയുമുൾപ്പെടെ ഇത്രയും സ്നേഹത്തോടെ എന്നോടെന്തെങ്കിലും പറഞ്ഞിട്ടുള്ളതായിട്ട് എനിക്കോർമ്മയുമില്ല. അതുകൊണ്ടു തന്നെ കൊച്ചിൻ കോളേജിലെ വിദ്യാർത്ഥികളിൽ നിന്നും സാറിൽ നിന്നും ലഭിച്ച സ്നേഹത്തിന്റെ മുന്നിൽ ഞാൻ തലകുനിക്കുന്നു. എന്റെ എല്ലാമെല്ലാമായ ഡോ. പി.എസ്. രാമൻസാർ പറഞ്ഞത്, ഞാൻ അനുസരിക്കുകയാണ്..." പിന്നെയൊന്നും പറയാനെനിക്കു സാധിച്ചില്ല. ഞാൻ കരയുകയായിരുന്നു. കുറച്ചു നേരം കൂടി ടോമിസാറിന്റെ മുന്നിലൊന്നും മിണ്ടാതിരുന്ന് ഞാൻ എഴുന്നേറ്റ് വീട്ടിലേക്കു മടങ്ങി. അന്ന് രാത്രി എനിക്കു ഭയമായിരുന്നു. ഹൈദരാബാദിലേക്ക് പൊയ്ക്കോളൂ അത് നല്ലതാണെന്ന്, രാമൻ സാറൊഴികെ മറ്റാരും എന്നോട് പറഞ്ഞില്ലല്ലോ? പോയാൽ തിരിച്ചു വരുമ്പോഴുള്ള അവസ്ഥയെന്തായിരിക്കും! എല്ലാവരും കയ്യൊഴിഞ്ഞാൽ....! അച്ഛനു വയസ്സായി വരുന്നു. ഞാൻ അവർക്കൊരു ഭാരമാകുമോ? അനവധി ചിന്തകൾ മനസ്സിലൂടെ കടന്നുപോയി. വീട്ടിലാരും ഒന്നും പറഞ്ഞതുമില്ല. ആരോടും ഒന്നും ചോദിക്കാനുമില്ലായിരുന്നു.

അടുത്ത ദിവസം രാവിലെ ഞാൻ കൊച്ചിൻ കോളേജിൽ പോയി. മേശയിൽ തല വെച്ച് ദുഃഖത്തോടെ കുറേ നേരം ഇരുന്നു. അപ്പോഴാണ് അസിസ്റ്റന്റ് ഒരു കത്ത് കൊണ്ടുവന്നുതന്നത്. വായിച്ചു നോക്കി. "എനിക്ക് അനിയന്മാരില്ല. അതുകൊണ്ടുതന്നെ ഒരനിയനെ ആശ്വസിപ്പിക്കേണ്ടതെങ്ങിനെയെന്നും എനിക്കറിയില്ല. എങ്കിലും എന്റെ അനിയൻ വരൂ. ഞാനെന്നും കൂടെയുണ്ടാകും. ഒരു കെമിസ്ട്രി അദ്ധ്യാപകനായിട്ടല്ല. ഒരു ചേട്ടനായി". ടോമി സാറിന്റെ കയ്യെഴുത്തിൽ ഒരു പേപ്പർ കഷണമായിരുന്നു അത്. ഏതാനും മാസങ്ങൾ കൊണ്ട് സഹപ്രവർത്തകർ എന്ന നിലയിൽ നിന്ന് ജ്യേഷ്ഠാനുജന്മാരുടെ നിലയിലുയർന്ന ബന്ധം. ഞാൻ സാറിന്റെയടുത്തെത്തി, കുറേ നേരം, ഓരോന്നായി അയവിറക്കി സംസാരിച്ചു.

കഴിഞ്ഞ കാര്യങ്ങൾ ഒരു വെള്ളിത്തിരയിൽ കാണിക്കുന്ന പോലെയായിരുന്നു ആ വിവരണങ്ങളെല്ലാം. കൊച്ചിൻ കോളേജിൽ ഞങ്ങളൊരുമിച്ചു ചെയ്ത മഹത്തായ കാര്യങ്ങളെല്ലാം ഞങ്ങളൊരുമിച്ചിരു



Scanned with CamScanner

ന്നോർത്തു. ആ കോളേജിൽ ചെയ്തുതീർത്ത എല്ലാ കാര്യങ്ങളിലും ടോമി സാറിന്റെ അസാധാരണമായ ദീർഘദൃഷ്ടിയും മുൻ കരുതലുകളുമുണ്ടായിരുന്നു. അദ്ദേഹം ഒരു കാര്യവും ചെയ്യണമെന്നു നിർബന്ധിച്ചിട്ടില്ല. ചെയ്താൽ ഉണ്ടാകുന്ന ഗുണങ്ങളും ദോഷങ്ങളും മുമ്പിൽ വെച്ചു നിരത്തും. എന്തു പ്രശ്നം വന്നാലും സ്വയം അഭിമുഖീകരിക്കണമെന്നുപറഞ്ഞാലും ഒരു ജ്യേഷ്ഠനെ പോലെ കൂടെയുണ്ടാകും. നന്മകൾക്കെല്ലാം വാരിക്കോരി അനുമോദനങ്ങൾ ചൊരിഞ്ഞ് മറ്റുള്ളവരെയെല്ലാം സന്തോഷം അറിയിക്കും. തെറ്റു പറ്റിയാലോ തിന്മ ചെയ്താലോ എനിക്കതിൽ ഒന്നും ചെയ്യാൻ സാധ്യമല്ലെന്നു പറയുമ്പോഴും നമ്മുടെ രക്ഷക്കുകുടെയുണ്ടാകുമായിരുന്നു. കൊച്ചിൻ കോളേജിൽ, അന്ന് മലപ്പുറം കത്തി സംസ്കാരമായിരുന്നതിനാൽ ഈ സഹകരണത്തിലൂടെ എല്ലാ കാര്യങ്ങളും ഏറ്റെടുക്കാനുമുള്ള ചങ്കൂറ്റം എനിക്കുലഭിച്ചിരുന്നു.

ഓരോ അദ്ധ്യാപകനും സ്റ്റാഫും എന്റെ തീരുമാനം അറിഞ്ഞു. ഞാൻ പോകുന്ന കാര്യങ്ങളന്വേഷിക്കാനെത്തി. എല്ലാവരോടും എന്റെ തീരുമാനമറിയിച്ചു. കോളേജിലെ പ്രിൻസിപ്പാൾ കിളിക്കാറിനേയും അറിയിച്ചു. എന്റെ തീരുമാനത്തെ ന്യായീകരിക്കുകയാണദ്ദേഹം ചെയ്തത്. "ഗോപാലകൃഷ്ണന്റെ ജീവിതത്തിലെ ഓരോ പടിയും കാൽവെപ്പും ശ്രദ്ധിച്ചിരുന്ന എനിക്കറിയാമായിരുന്നു, താനൊരിക്കലും ഇവിടെ തുടരില്ലെന്ന്. കൃത്യനിഷ്ഠയും, സത്യസന്ധതയും പാലിക്കുന്ന ഗോപാലകൃഷ്ണന് കുറേക്കഴിയുമ്പോൾ കോളേജിലെ ജോലി വിരസമാവും. അന്ന് റിസർച്ചിന് താൽപര്യമുണ്ടാകണമെന്നില്ല. അതുകൊണ്ട് ഇപ്പോഴെടുത്ത ഈ തീരുമാനം ദുഃഖത്തോടെയാണെങ്കിലും ശരിയാണെന്നു മാത്രമേ എനിക്കു പറയാനുള്ളൂ." എന്ന് വ്യക്തമായ ഭാഷയിൽ ശ്രീ കിളിക്കാർ പറഞ്ഞു. ഫെബ്രുവരി ഒന്നാം തീയതി (1980) രാജി വെക്കുകയാണെന്ന് ഞാൻ കോളേജധികൃതരെ അറിയിച്ചു. തുടർന്നുള്ള എട്ടു ദിവസങ്ങൾ കൊച്ചിൻ കോളേജിൽ നിന്നെനിക്കു ലഭിച്ച യാത്രയയപ്പും സ്നേഹസമ്മാനങ്ങളും ജീവിതത്തിലാകെ ലഭിച്ചതിന്റെ മുക്കാൽ ഭാഗമെങ്കിലും വരുമെന്നു പറഞ്ഞാൽ അത് ഒരതിശയോക്തിയാവില്ല. ഓരോ ഡിപ്പാർട്ടുമെന്റും എനിക്ക് പ്രത്യേകം പ്രത്യേകം ആശംസകളർപ്പിച്ചു! അവിടെ നിന്നും ജൈത്രയാത്രക്കായി ഞാൻ ഇറങ്ങി.

ഇത്രയും ചുരുങ്ങിയ കാലം കൊണ്ട് അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും ഹൃദയത്തിലിറങ്ങാൻ ഈശ്വരാനുഗ്രഹമുണ്ടായ ഗോപാലകൃഷ്ണന്, കൊച്ചിൻ കോളേജ് മാനേജ്മെന്റും, കോളേജ് യൂണിയനും, അദ്ധ്യാപകസംഘടനകളും, കെമിസ്ട്രി ഡിപ്പാർട്ട്മെന്റും, സയൻസ് ക്ലബും എല്ലാവരും അനുമോദനങ്ങൾ ചൊരിഞ്ഞു. കഷ്ടിച്ച്



Scanned with CamScanner

8 മാസം മാത്രം പഠിപ്പിച്ച എനിക്ക് ദശാബ്ദങ്ങൾ പ്രവർത്തിച്ചവന് ലഭിച്ചതു പോലെയായിരുന്നു, വിടപറയൽ കർമ്മം നടന്നത്. കോളേജിൽ നിന്ന് വിടപറയൽ പാർട്ടിയായിരുന്നില്ല, വിടപറയൽ സദ്യയായിരുന്നു.

ഹൈദരാബാദിലെ ഡോ. കൈമൾ സാറിന്റെ കത്തു കിട്ടിയിരുന്നു. രാമൻ സാറിനെ ഫോൺ വിളിച്ചും ഡോ. കൈമൾ എനിക്കു സ്വാഗതമരുളിയിരുന്നു. അതുകൊണ്ടുതന്നെ 1980 ഫെബ്രുവരി 3-ാം തീയതി ഹൈദരാബാദിലേക്കുള്ള യാത്രക്കു തയ്യാറായി. എല്ലാ പ്രാരബ്ധങ്ങളും അഞ്ചാറു തരത്തിലുള്ള ജോലികളും ദൗത്യങ്ങളും കർമ്മങ്ങളും ധർമ്മങ്ങളുമെല്ലാം ഒന്നിലേക്ക് സമന്വയിക്കുന്നതായിട്ടനുഭവപ്പെട്ടു. കേരളത്തിൽ നിന്നകലെ ശാന്തിപണി, പഠിപ്പിക്കൽ, പാചകം, ഒന്നുമില്ലാതെ പഠനവും ഗവേഷണവും മാത്രമായിരിക്കും. നാടുവിട്ടുപോകുന്നതിൽ കുറച്ചു വേദനയുണ്ടാകുമോ എന്ന ഭയം തോന്നിയെങ്കിലും, ശാശ്വതമായിട്ട് അവിടെക്കൂടാനല്ലല്ലോ എന്നു സമാധാനിച്ചു. ആർ ആറെല്ലിൽ പിഎച്ച്.ഡി ലഭിച്ചാൽ തൊട്ടടുത്തുള്ള ലോകോത്തര (പുതിയ) ലാബറട്ടറിയായ സി സി എം ബി യിൽ സയിന്റിസ്റ്റായിട്ട് അല്ലെങ്കിൽ ആർ ആറെല്ലിൽ (ഹൈദരാബാദ്) തന്നെ ജോലിക്കുള്ള അവസരങ്ങളുണ്ടായിരിക്കുമെന്ന് ഡോ. കൈമളും, ഡോ. രാമനും എന്നോട് സൂചിപ്പിച്ചിരുന്നു. ഓർമ്മകൾ കാടുകയറുമ്പോൾ തോന്നിയിരുന്നു, ഇനി ഞാനാഗ്രഹിക്കാതെ ഹൈദരാബാദിൽ തന്നെ കുടിയിരിക്കേണ്ടി വരുമോ? എന്തായാലും ആദ്യം പി എച്.ഡി, ബാക്കിയെല്ലാം പിന്നീട് ചിന്തിക്കാം. ചിന്തകൾക്കു കടിഞ്ഞാണിട്ടു.

### കൊച്ചിൻ യൂണിവേഴ്സിറ്റിയോട് വിട

ജനുവരി 31 ന് എല്ലാം വിട്ടൊഴിഞ്ഞ് പോരുന്നതിനുമുമ്പു, കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ വടക്കഞ്ചേരിസാറിനെ കാണാൻ പോയിരുന്നു. കാര്യങ്ങൾ പറയുകയും ചെയ്തു. എല്ലാ നിയന്ത്രണവും വിട്ട് അദ്ദേഹമെന്നോടുക്ഷോഭിച്ചു. "ഗോപാലകൃഷ്ണൻ എന്നെ വഞ്ചിക്കുമെന്ന് വിചാരിച്ചില്ല. ഇവിടെ റിസർച്ചിന് ചേരുമെന്ന് പറഞ്ഞ് ഇപ്പോൾ ഹൈദരാബാദിലേക്ക് പോകുകയാണല്ലേ? എന്നോട് ഈ ചതിവേണ്ടായിരുന്നു. ഞാൻ ഗുഡ് കോണ്ടക്റ്റ് സർട്ടിഫിക്കറ്റ് തരില്ല. തന്റെ ഈ പെരുമാറ്റത്തെക്കുറിച്ച് ഹൈദരാബാദിൽ ഞാനറിയിക്കുകയും ചെയ്യും. എനിക്ക് ആർ ആർ എല്ലിൽ നല്ല ഹോൾഡുണ്ട്." വളരെ വാശിയിലായിരുന്ന ഡോ. വടക്കഞ്ചേരി, ഹിന്ദുസ്ഥാൻ ലിവറിൽ പ്രവർത്തിച്ചിരുന്ന ആളാണ്. അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ചിരുന്ന ഒരു ശാസ്ത്രജ്ഞൻ ഡോ. വി വി എസ് മണി, ഡോ. കൈമളിന്റെ സഹപാഠിയും, ആർ ആർ എല്ലിലെ

ഡോ. ലക്ഷ്മീനാരായണ എന്ന ശാസ്ത്രജ്ഞന്റെ ഗവേഷണ വിദ്യാർത്ഥിയുമായിരുന്നു. ഡോ. ലക്ഷ്മീനാരായണയുടെയും ഡോ. കൈമളിന്റേയും കീഴിലാണ് ഞാൻ ഗവേഷണത്തിനു പോകുന്നതും. അതുകൊണ്ട് വടക്കഞ്ചേരി എന്തെങ്കിലും പ്രശ്നമുണ്ടാക്കുമോ എന്ന് ഭയം തോന്നിയിരുന്നു. കൊച്ചിൻ യൂണിവേഴ്സിറ്റിയിലുണ്ടായിരുന്നവർ വ്യക്തമായി മുന്നറിയിപ്പു നൽകുകയും ചെയ്തു. "ഏതറ്റം വരേയും പോകാൻ മടിയില്ലാത്തയാളാണ് വടക്കഞ്ചേരി, സൂക്ഷിക്കണം." കൂടുതലൊന്നും ആലോചിക്കാതെ ഡോ. രാമൻ സാറിനെ കണ്ടു കാര്യങ്ങൾ പറഞ്ഞു. "കൊച്ചിൻ കോളേജിൽ നിന്ന് ഞാൻ രാജിവെക്കുകയാണെന്നറിയിച്ചു. ഔവർ കോളേജിൽ നിന്ന് വിടുകയും ചെയ്തു. ഇനി ആർ ആർ എല്ലിൽ എന്തെങ്കിലും പ്രശ്നമുണ്ടായാൽ എന്താണ് ചെയ്യേണ്ടതെന്നറിഞ്ഞുകൂടാ." രാമൻ സാർ എന്നെ ആശ്വസിപ്പിച്ചു, "ഇതൊന്നും അത്രക്ക് കാര്യമാക്കേണ്ടതില്ല." (പിന്നീട് ഞാൻ ഹൈദരാബാദിൽ ചെന്നപ്പോൾ എന്നെക്കുറിച്ച് വളരെ മോശമായി, വടക്കഞ്ചേരി എഴുതിയ കത്ത് ഞാൻ കാണുകയുണ്ടായി. എന്നെ ഒരു കാരണവശാലും അവിടെ ഗവേഷണം നടത്താൻ അനുവദിക്കരുതെന്ന് കത്തിന്റെ അവസാനഭാഗത്തിൽ മുന്നറിയിപ്പു നൽകിയുട്ടുമുണ്ടായിരുന്നു)

### കേരളത്തോട് വിടയും ഹൈദരാബാദിലേക്കുള്ള യാത്രയും

അങ്ങിനെ ഔവറിൽ നിന്നും, കൊച്ചിൻ കോളേജിൽ നിന്നും, എന്റെ വീട്ടിൽ ട്യൂഷൻ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും, ചക്കംകുളങ്ങരയിലെ താൽക്കാലിക പൂജാരിയായ ശാന്തിക്കാരനെന്ന നിലയിൽ നിന്നും എല്ലാവരോടും 1980 ഫെബ്രുവരി 1, 2 തീയതികളിൽ പ്രത്യേകം പ്രത്യേകമായി യാത്ര പറഞ്ഞു. അമ്മയോടും അച്ഛനോടും യാത്രാമൊഴി ചൊല്ലി. എല്ലാവരേയും അറിയിച്ച്, അന്നുവരെയുള്ള ജീവിതത്തിൽ ആരെല്ലാം സ്നേഹവും സന്തോഷവും ബഹുമാനവും തന്നിട്ടുണ്ടോ അവരെയെല്ലാം അവരവരുടെ വീട്ടിൽ ചെന്നു കണ്ടനുഗ്രഹം വാങ്ങി ഫെബ്രുവരി 3 ന് ഹൈദരാബാദിലേക്ക് യാത്ര തിരിച്ചു. അന്ന് എറണാകുളത്ത് നിന്ന് പോകുന്ന ട്രെയിനിൽ ഒരു കമ്പാർട്ടുമെന്റ് മാത്രമേ ഹൈദരാബാദിലേക്കുള്ളൂ. അടുത്ത ദിവസം രാവിലെ അത് മദ്രാസിൽ എത്തിയാൽ പിന്നെ വൈകുന്നേരമാണ് അവിടെനിന്നും മദ്രാസ് ഹൈദരാബാദ് എക്സ്പ്രസിൽ ചേർത്ത് യാത്രയാകുക. മദ്രാസിൽ മാമ്പലത്തുള്ള ബന്ധുവീട്ടിൽ വൈകുന്നേരം വരെ ചിലവഴിച്ച്, 4-ാം തീയതി വൈകുന്നേരം ഹൈദരാബാദിലേക്ക് ഞാൻ യാത്ര തുടർന്നു.



Scanned with CamScanner

ജീവിതം മാറ്റി മറിച്ചുകൊണ്ടുള്ള യാത്രയായിരുന്നു അത്. പിഎച്ച്.ഡി ക്കു വേണ്ടിയുള്ള യാത്ര. ദുഃഖവും കുറച്ചു സന്തോഷവും ആത്മവിശ്വാസമില്ലായ്മയും ചേർന്നൊരു യാത്ര. ജീവിതത്തിൽ ബന്ധവും ബന്ധനവും എന്തെന്നു മനസ്സിലായി യാത്ര!.

**അജ്ഞാതമായ ഹൈദരാബാദ്**

കൊച്ചിൻ കോളേജിൽ പഠിപ്പിച്ചിരുന്ന വേളയിൽ സമരം നടത്തി സ്വയം ക്ലാസിൽ നിന്നിറങ്ങിപോയ ഒരു വിദ്യാർത്ഥിയെ ഞാൻ അന്ന് കാര്യമായി ദേഷ്യപ്പെട്ടിരുന്നു. പിന്നീട് കുറേ ഉപദേശിക്കുകയും ചെയ്തുവെങ്കിലും ആ വിദ്യാർത്ഥി എന്നെ ക്ലാസിൽ പരസ്യമായി അവഹേളിക്കുകയാണ് ചെയ്തത്. ആ ഒരു വിദ്യാർത്ഥി മാത്രമാണ് എറണാകുളം റെയിൽവേ സ്റ്റേഷനിൽ, എന്നെ ഹൈദരാബാദിലേക്ക് യാത്രയാക്കാനായി എത്തിയത്. കേരളം വിട്ട് കാര്യമായി പുറത്തുപോകാത്ത ഗോപാലകൃഷ്ണൻ എത്രമാസം കഴിഞ്ഞിട്ടാണിനി കേരളത്തിലേക്ക് തിരിച്ചു വരുക എന്ന ഒരു ചോദ്യവും ആരും ചോദിച്ചില്ല. എന്നെ യാത്രയാക്കാൻ എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ ആരും വന്നിരുന്നുമില്ല എന്നതിലും ചെറിയൊരു ദുഃഖം തോന്നിയിരുന്നു. ഇതെല്ലാമാണ് ട്രെയിനിൽ മദ്രാസു വരെയുള്ള യാത്രയിൽ ചിന്തിച്ചത്. അവിടുന്നങ്ങോട്ടുള്ള യാത്രയിലാകട്ടെ ഹൈദരാബാദിലെ ഏകാന്തതയെക്കുറിച്ചായിരുന്നു ചിന്തിച്ചത്. ഹൈദരാബാദിലെത്തിയതാകട്ടെ ഒരു ചൊവ്വാഴ്ച രാവിലേയും. ഹൈദരാബാദിനെക്കുറിച്ച് കേട്ടറിവല്ലാതെ എനിക്കവിടെ ബന്ധുക്കളൊ, സുഹൃത്തുക്കളോ, എന്റെ കോളേജിൽ പഠിച്ച സീനിയേഴ്സോ ആരുമില്ലായിരുന്നു. ഡോ. കൈമൾ എന്ന ഒരു ശാസ്ത്രജ്ഞൻ മാത്രം! അതും നേരിട്ടു കാണുകയോ സംസാരിക്കുകയോ. ബന്ധപ്പെടുകയോ ചെയ്യാത്ത, (ഡോ. പി. എസ്. രാമൻ സാർ പരിചയപ്പെടുത്തിയ) ഒരുവ്യക്തിയെ മാത്രമാണ് കേട്ടറിവുള്ളത്. എന്താണു ചെയ്യുക എന്നൊരു പിടുത്തവുമില്ല. ഇങ്ങിനെയൊരു കാര്യം ചിന്തിക്കാതെയാണല്ലോ ഈശ്വരാ വണ്ടി കയറിയതെന്നു തോന്നി. ഉള്ളിലൊരു ഭയമുണ്ടായിരുന്നു. ഡോ. കൈമളിനോട് റെയിൽവേ സ്റ്റേഷനിൽ വരാനും പറഞ്ഞിരുന്നില്ല. എനിക്കവിടെ പരിചയക്കാരോ ബന്ധുക്കളോ ഇല്ലെന്നും അറിയിച്ചിരുന്നില്ല. വണ്ടിയിലെ യാത്രക്കാരോട് ഹൈദരാബാദിനെക്കുറിച്ച് വിശദമായി ചോദിച്ചറിഞ്ഞു. ആർക്കും കാര്യമായിട്ടൊന്നുമറിഞ്ഞുകൂടാ. കൂട്ടത്തിൽ ഒരു ചെറുപ്പക്കാരനുണ്ടായിരുന്നു. റാഫി എന്നായിരുന്നു പേര്. അയാൾ എന്റെ മുഖത്തെ ഭയം കണ്ട് അടുത്തുവന്ന് കുറേ കാര്യങ്ങൾ ചോദിച്ചു. എനിക്ക് പരിചയക്കാരോ



Scanned with CamScanner